

അധികാരം ജനങ്ങളിലേക്ക്



സമഗ്ര വികസന റിപ്പോർട്ട്

കാരശ്ശേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല


ജനകീയാസൂത്രണം കേരളത്തിൽ



"മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുകയും അന്യന്റെ
വാക്കുകൾ സംഗീതം പോലെ ആസ്വദിക്കുകയും
ചെയ്യുന്ന ഒരു കാലം വരും"


- മാക്സിം ഗോർക്കി


നവീകരണം ജനങ്ങളിലേക്ക്



ACCUPATE MUKKOM

കാരശ്ശേരി ഗ്രാമപഞ്ചായത്ത് സമഗ്രവികസന രേഖ





എഡിറ്റോറിയൽ ബോർഡ്

P.K. ചന്ദ്രിക,

✦

ടി.വിശ്വനാഥൻ,

✦

V.K. വിനോദ്

✦

V. മുഹമ്മത് മാസ്റ്റർ

✦

C.P. സുബൈർ മാസ്റ്റർ

✦

K.മുഹമ്മദ് മാസ്റ്റർ,

✦

V.M. ഉസ്സൻകുട്ടി

✦

ഷിബു മുഹമ്മദ്

✦

അനിൽ കുരുടത്ത്.

വികസനരേഖ തയ്യാറാക്കിയത്;
വി. കെ. വിനോദ് - കൺവീനർ

❐

കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യ ബന്ധനം

സി.പി.സുബൈർ മാസ്റ്റർ,
വി.കെ.നാരായണൻ നായർ,
എം.ഗോവിന്ദൻകുട്ടി,
അബ്ദുള്ള,
ജോസ് കാട്രാത്ത്
ഡോ. നീനാ കുമാർ,
രാമചന്ദ്രൻ നമ്പൂതിരി,
കെ.കെ.ഹംസ മാസ്റ്റർ

❐

വിദ്യാഭ്യാസം

സലാം കാരമൂല
കെ.മുഹമ്മദ് മാസ്റ്റർ
ബി.ബീരാൻകുട്ടി മാസ്റ്റർ
കെ.വി.ജോസ് മാസ്റ്റർ
പി. അബ്ദു മാസ്റ്റർ
സരോജിനി അമ്മ

❐

പൊതുജനാരോഗ്യം, കുടിവെള്ളം

ടി. വിശ്വനാഥൻ,
കിലത്ത് വഹീദ
ഡോ. ഹബീബ് മുഹമ്മദ്
ഡോ. ഇസ്മയിൽ
ഡോ. വേലായുധൻ
പി.എൻ.ഉണ്ണിരി
പി.കെ.സി.മുഹമ്മദ് മാസ്റ്റർ,
പി.ചാത്തുകുട്ടി
ജി. റഷീദ് മാസ്റ്റർ

❐

വൃവസായം

വി.എം.ഉസ്സൻകുട്ടി,
ജോയ് നെടങ്കനാൽ
വി.ബാലകൃഷ്ണൻ,
സി.പി.മുഹമ്മദ് ഹനീഫ
കെ. അബൂബക്കർ
മുഹമ്മദ്മോൻ ഹാജി
വാസുദേവൻ നമ്പൂതിരി

❐

ഊർജ്ജം, റോഡ്, മാർക്കറ്റ്

വി.കെ.വിനോദ്,
നടുക്കണ്ടി അബൂബക്കർ
യൂനുസ് പുത്തലത്ത്,
സജി കള്ളിക്കാട്ട്
അക്ബർ, അബൂബക്കർ

❐

ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം

കെ.പി.ദേവകി,
കെ.ശ്രീധരൻ
കെ.പി.ഉണ്ണിമോയിൻകുട്ടി,
ശങ്കരൻകുട്ടി
കുമാരൻനായർ

❐

സംസ്കാരം, കലാകായികരംഗം

വി.മുഹമ്മദ് മാസ്റ്റർ,
സലാം നടുക്കണ്ടി
വി.മോയി,
വി.എൻ.അജയൻ
ബാബു മാസ്റ്റർ

❐

വനിതാക്ഷേമം

ടി.ടി.ഇത്താലുട്ടി
ടി.കെ.തങ്കമണി
ഹബീബ ടീച്ചർ
സുഭാഷിണി
ലക്ഷ്മി എ.ആർ
പാർവ്വതി .പി.
ത്രേസ്യാമ്മ ജോർജ്
റാബിയമണി
മണി എം.കെ.

❐

സഹകരണം

പി.കെ.ചന്ദ്രിക
ടി.പി.മുരളീധരൻ
നൗഷാദ്
കണിച്ചിമ്മൽ ശ്രീനിവാസൻ
കെ.ഗോപാലൻ

❐


ഹരിജന ക്ഷേമം

പി.രാജൻ
പി.കൃഷ്ണകുമാർ

❐

വിഭവ സമാഹരണം

മുക്കം മുഹമ്മദ്
എം.പി.രാജൻ
പി.ടി.അബ്ദുൾ കരീം



Layout, Computer Typesetting and Photoscaning
Julius Jacob, Indian Social Poster Offsetworks, Thamarassery-673 573


കാരശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

(പ്രസിഡന്റ്)



പി. കെ. ചന്ദ്രിക

(വൈ. പ്രസിഡന്റ്)




ടി. വിശ്വനാഥൻ

ചെയർമാൻ
(സ്റ്റാൻഡിംഗ് കമ്മിറ്റി)




വി. കെ. വിനോദ്

സെക്രട്ടറി



എം. പി.രാജൻ




കീലത്ത് വഹീദ
(മെമ്പർ)




പി. എൻ. ഷീബ
(മെമ്പർ)



ടി.കെ. രുഗ്മിണി
(മെമ്പർ)



മാർട്ടിൻ വർക്കി
(മെമ്പർ)




ടി. ടി. ഇത്താലുട്ടി
(മെമ്പർ)



വി. എം. ഉസ്സൻകുട്ടി
(മെമ്പർ)



നടുക്കണ്ടി അബൂബക്കർ
(മെമ്പർ)



സലാം കാരമൂല
(മെമ്പർ)

ഉള്ളടക്കം

		പേജ്
1	ആമുഖം	10
2	പഞ്ചായത്ത് പൊതുവിവരണം	11
3	സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം	14
4	ഭൂ-ജന-ജല പ്രകൃതി	16
5	സാമൂഹിക സാമ്പത്തിക മേഖലകൾ	19
5.1	കൃഷി ജലസേചനം	20
5.2	മൃഗ സംരംക്ഷണം മത്സ്യബന്ധനം	28
5.3	വിദ്യാഭ്യാസം	33
5.4	ആരോഗ്യം കുടിവെള്ളം പരിസര ശുചിത്വം	41
5.5	വ്യവസായം	49
5.6	ഗതാഗതം, ഊർദം, മാർക്കറ്റ്	54
5.7	ഭവന നിർമ്മാണം സാമൂഹിക ക്ഷേമം	68
5.8	സംസ്കാരം കല കായിക	77
5.9	വനിത	83
5.10	സഹകരണമേഖല	86
5.11	പട്ടിജാതി പട്ടികവർഗക്ഷേമം	92
5.12	വിഭവ സമാഹരണം	95
6	ഉപസംഹാരം	96

ആമുഖം



"എല്ലാവരുടെയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ടത്ര വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടെയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ല താനും"

- ഗാന്ധിജി.

സ്വാതന്ത്ര്യത്തിന്റെ അമ്പതാം പിറന്നാൾ ആഘോഷിക്കുന്ന ഈ സന്ദർഭത്തിലെങ്കിലും കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ വികസനരേഖ പൊതുജന സമക്ഷം സമർപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. എട്ട് പഞ്ചവത്സരപദ്ധതി അവസാനിക്കുകയും ഒമ്പതാം പദ്ധതിക്ക് ആരംഭം കുറിക്കുകയും ചെയ്യുന്ന അവസരത്തിലും വികസനരംഗത്ത് കാര്യമായ മാറ്റം കുറിക്കാൻ കഴിയാത്ത സാമ്പത്തിക പിന്നോക്കാവസ്ഥ നിലനിൽക്കുന്ന ഈ ഗ്രാമപഞ്ചായത്തിന് പ്രശ്നങ്ങളുടെയും ഇല്ലായ്മയുടെയും ഒരുപാട് കഥകളാണ് പറയാനുള്ളത്.

'ഒമ്പതാം പദ്ധതി ജനകീയ പദ്ധതി' എന്ന സർക്കാർ നയത്തെ ഞങ്ങൾ സഹർഷം സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ പദ്ധതിക്കാലത്ത് വികസനം മുകളിൽനിന്നും താഴേ തട്ടിലേക്ക് അടിച്ചേൽപിക്കയായിരുന്നു. സർക്കാർ തലത്തിലുള്ള തീരുമാനവും വിനിയോഗിക്കുന്ന പണവും താഴെക്കിടയിലെത്തിക്കുന്നതിൽ പൂർണവിജയം കൈവരിക്കാൻ ഇക്കാലമത്രയുംനമുക്ക് സാധിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ പല പദ്ധതികൾക്കും നീക്കിവെച്ച പണം മുഴുവനായി വിനിയോഗിക്കാൻ നമ്മുടെ ആസൂത്രണ പ്രക്രിയക്ക് കഴിഞ്ഞില്ല. പല പദ്ധതികളും വഴിയിൽ മുടങ്ങിയത് ഇതിന് ഉദാഹരണമത്രെ.

സമൂഹത്തിന്റെ സമഗ്ര വികസനമാണ് ജനകീയാസൂത്രണം കൊണ്ടുദ്ദേശിക്കുന്നത്. വികസനം ത്വരിതഗതിയിലുള്ളതും സ്ഥായിയായതും നീതിപൂർവവുമായ ഒന്നാണ്. ചെലവഴിക്കുന്ന വിഭവം കൂടുതൽ ജനങ്ങളിലെത്തിക്കുകയാണിത് കൊണ്ടുദ്ദേശിക്കുന്നത്. ഈ വികസനം കൊണ്ട് താഴെക്കിടയിലുള്ള അടിസ്ഥാന വർഗ്ഗത്തിന്റെ കാതലായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വ്യക്തിയുടെ പ്രശ്ന പരിഹാരം എന്നതിലുപരി സമൂഹത്തിന്റെ പ്രശ്നപരിഹാരമാണ് ജനകീയാസൂത്രണം മുൻതൂക്കം നൽകുന്നത്. ഗ്രാമത്തിന്റെ വികസനമാണ് ഇന്ത്യയുടെ വികസനമെന്ന ഗാന്ധിജിയുടെ പരാമർശം ഇവിടെ സ്മരണീയമാണ്.

ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒട്ടുവളരെ വ്യക്തികളുടെ സഹായവും സഹകരണവും ഉണ്ടായിട്ടുണ്ട്.

കാരശ്ശേരിഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പ്രക്രിയക്ക് ആരംഭം കുറിച്ചത് 1996 മാർച്ച് 30ന് ചേർന്ന സ്റ്റാൻറിംഗ് കമ്മറ്റി യോഗത്തോട് കൂടിയാണ്. സമഗ്ര വിഭവ ഭൂപട നിർമാണം നടത്താൻ യോഗം തീരുമാനിക്കയുണ്ടായി. 1996 മെയിൽ ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണ സമിതിയോഗം ഈ തീരുമാനത്തിന് അംഗീകാരം നൽകി.

സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ സഹായത്തിന് വേണ്ട നടപടികൾ ആരംഭിച്ചെങ്കിലും പ്രതീക്ഷക്കനുസരിച്ചുള്ള പ്രതികരണം ലഭിക്കാത്തതുകൊണ്ട് ഈ പ്രക്രിയ തുടർന്ന് കൊണ്ട് പോകാൻ കഴിഞ്ഞില്ല. ഈ അവസരത്തിലാണ് സംസ്ഥാന സർക്കാർ ജനകീയാസൂത്രണം എന്ന പുതിയ ആശയവുമായി രംഗത്തെത്തിയത്. ഞങ്ങളതിനെ പൂർണമായി അംഗീകരിക്കുകയായിരുന്നു.

1996 സെപ്റ്റംബറിൽ മൂന്ന് ദിവസം നീണ്ടുനിന്ന ജില്ലാ റിസോഴ്സു പേർസൺ ക്യാമ്പിലേക്ക് ഗ്രാമ പഞ്ചായത്തിൽനിന്നും 8 പേർ പങ്കെടുത്തു. ഇതിൽ മൂന്ന് പേർ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളായിരുന്നു. തുടർന്നു നടന്ന പഞ്ചായത്ത് തല ഏകദിന പരിശീലനക്കളരിയിൽ അറുപതോളം പേർ പങ്കെടുത്ത് പരിശീലനം നേടി. ഇതിൽ പതിമൂന്ന് പേർ വനിതകളായിരുന്നു. എല്ലാ ഭരണസമിതി അംഗങ്ങളും ഈ പരിശീലനത്തിനെത്തിയിരുന്നു. ഒക്ടോബർ രണ്ടിന് തന്നെ ഗ്രാമപഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വിശേഷാൽ ഗ്രാമസഭ ചേരാൻ കഴിഞ്ഞു. ഈ ഗ്രാമസഭകളിൽ 2532 പേർ പങ്കെടുത്തു. ഇതിൽ 1887 പുരുഷൻമാരും 645 സ്ത്രീകളുമായിരുന്നു. ജനപങ്കാളിത്തത്തിൽ 10, 4, 9 വാർഡുകൾ മുന്നിട്ടുനിൽക്കുന്നു. ആറ് ഗ്രൂപ്പുകളായി തിരിയുകയും ഗൗരവ പൂർവമായ ചർച്ചകൾ ഗ്രാമസഭകളിൽനിന്ന് ഉയർന്നു വരികയും ചെയ്തു.

തുടർന്ന് ഒക്ടോബറിൽ നടന്ന രണ്ടാം ഘട്ട ജില്ലാതല പരിശീലന ക്യാമ്പിൽ ഗ്രാമപഞ്ചായത്തിൽനിന്നും പത്ത് പേർ സംബന്ധിച്ചു. പഞ്ചായത്ത് തലത്തിൽ രണ്ടാമത്തെ ഏകദിന പരിശീലനം ഒക്ടോബർ 29ന് ആനയാംകുന്ന് എൽ.പി.സ്കൂളിൽ നടന്നു. ക്യാമ്പിൽ ഉദ്യോഗസ്ഥരടക്കം 79 പേർ പങ്കെടുത്തു. പഞ്ചായത്ത് തല പഠന പര്യടനം മൂന്ന് മേഖലകളിലായി നടത്തുകയും വിഭവഭൂപടം നിർമ്മിക്കുകയും ചെയ്തു.

നൂറിലധികം വ്യക്തികളുടെ നിരന്തര പ്രവർത്തനഫലമായി തയ്യാറാക്കിയ ഈ പ്രവർത്തന റിപ്പോർട്ട് പൊതുജന സമക്ഷം സമർപ്പിക്കുന്നു. റിപ്പോർട്ടിൽ കാണാവുന്ന പോരായ്മകൾ ചർച്ചചെയ്തു നികത്തണമെന്നും അനുബന്ധം കാര്യമാത്ര പ്രസക്തവും വ്യക്തവുമായ രേഖയാക്കുന്നതിന് സഹായിക്കണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

കാരശ്ശേരി ഗ്രാമപഞ്ചായത്ത്

1 പഞ്ചായത്തിലെ വാർഡുകളുടെ എണ്ണം - 11

ഓരോ ഗ്രാമ സഭയിലും പങ്കെടുത്തവർ

വാർഡ് നമ്പർ	ചേർന്ന തിയ്യതി	പുരുഷന്മാർ	സ്ത്രീകൾ	ആകെ	ഓരോ ഗ്രാമ സഭയിലും പങ്കെടുത്ത ഉദ്യോഗസ്ഥർ	പങ്കെടുത്ത റിസോഴ്സ് പേർസൺസ്	
						ജില്ല	പഞ്ചായത്ത്
1	22.9.96	52	9	61	1	3	1
2	2.9.96	75	10	85	Nil	1	3
3	21.9.96	88	40	128	1	2	6
4	2.10.96	320	102	422	1	1	6
5	21.9.96	137	30	167	Nil	1	2
6	29.9.96	152	106	258	2	1	4
7	2.10.96	188	74	262	1	2	7
8	2.10.96	175	29	204	Nil	1	5
9	27.9.96	236	70	306	2	1	5
10	29.9.96	356	129	485	1	2	3
11	27.9.96	108	46	154	Nil	1	6



പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	കാരശ്ശേരി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	കുമാരനെല്ലൂർ, കക്കാട്, കൊടിയത്തൂർ വില്ലേജിന്റെ ഒരു ഭാഗം.
ബ്ലോക്ക് പഞ്ചായത്ത്	:	കുന്ദമംഗലം
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	കാരശ്ശേരി
താലൂക്ക്	:	കോഴിക്കോട്
അസംബ്ലി മണ്ഡലം	:	തിരുവമ്പാടി
പാർലമെന്റ് മണ്ഡലം	:	കോഴിക്കോട്
വിസ്തീർണ്ണം	:	*36 ച.കി.മി.
അതിരുകൾ	:	വടക്ക് - തിരുവമ്പാടി, കൂടരഞ്ഞി പഞ്ചായത്തുകൾ തെക്ക് - കൊടിയത്തൂർ പഞ്ചായത്ത് കിഴക്ക് - കൂടരഞ്ഞി, ഊർങ്ങാട്ടിരി പഞ്ചായത്തുകൾ പടിഞ്ഞാറ് - ഇരുവഞ്ഞിപ്പുഴ,
ജനസംഖ്യ	-	23659 (1991 ലെ സെൻസസ്)
സ്ത്രീകൾ	-	11996
പുരുഷന്മാർ	-	11663
പട്ടികജാതി ജനസംഖ്യ	:	2578
പട്ടിക വർഗ ജനസംഖ്യ	:	491
വാർഡുകൾ	:	11
പ്രസിഡണ്ട്	:	ശ്രീമതി പി.കെ.ചന്ദ്രിക
വൈസ് പ്രസിഡണ്ട്	:	ശ്രീ.ടി.വിശ്വനാഥൻ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ	:	ശ്രീ.വി.കെ.വിനോദ്

Note ചില രേഖകളിൽ പഞ്ചായത്തിന്റെ വിസ്തീർണ്ണം 28.54 ചി.കി.മി. എന്നു കാണുന്നു. ഇത് കക്കാട്, കുമാരനെല്ലൂർ വില്ലേജുകളുടെ മൊത്തം വിസ്തീർണ്ണമാണ്. ഇതിൽ കൊടിയത്തൂർ വില്ലേജിൽ നിന്നുള്ള 8.36 ച.കി.മി. കൂടി ചേർക്കണം. അങ്ങനെ മൊത്തം വിസ്തീർണ്ണം 36.9ചി.കി.മി.

പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങൾ

നമ്പർ	സ്ഥാപനത്തിന്റെ	വാർഡ്	സ്ഥലം
1	കാരശ്ശേരി പഞ്ചായത്ത് ആഫീസ്	8	നോർത്ത് കാരശ്ശേരി
2	കക്കാട് വില്ലേജാഫീസ്	8	നോർത്ത് കാരശ്ശേരി
3	കുമാരനെല്ലൂർ വില്ലേജാഫീസ്	3	കാരമൂല
4	വില്ലേജ് എക്സ്റ്റൻഷൻ ആഫീസ്	7	ആനയാംകുന്ന്
8	കൃഷിഭവൻ	4	തേക്കുംകുറ്റി
6	ഗവൺമെൻറ് മൃഗാശുപത്രി	4	തേക്കുംകുറ്റി
	ആരോഗ്യ സ്ഥാപനങ്ങൾ		
7	പ്രൈമറി ഹെൽത്ത് സെൻറർ	4	തേക്കുംകുറ്റി
8	ഗവൺമെൻറ് ആയുർവേദ ഡിസ്പൻസറി	9	കാരശ്ശേരി
9	ഗവ.ഹോമിയോ ഡിസ്പൻസറി	3	കാരമൂല
10	കുമാരനെല്ലൂർ കുടുംബക്ഷേമം ഇപകേന്ദ്രം	1	കുമാരനെല്ലൂർ
11	കുടുംബക്ഷേമ ഉപകേന്ദ്രം	6	തേക്കുംകുറ്റി
12	കുടുംബക്ഷേമ ഉപകേന്ദ്രം	10	സർക്കാർപറമ്പ്
	സഹകരണ സംഘങ്ങൾ		
13	കാരശ്ശേരി സർവീസ് സഹകരണ ബാങ്ക്	8	നോർത്ത് കാരശ്ശേരി
14	ക്ഷീരോൽപാദക സഹകരണ സംഘം	4	തേക്കുംകുറ്റി
15	ക്ഷീരോൽപാദക സഹകരണ സംഘം	9	കാരശ്ശേരി
16	സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്	5	മരഞ്ചാട്ടി
17	K.W.A പമ്പ് ഹൗസ്	7	ആനയാംകുന്ന്
	വിദ്യാഭ്യാസ സ്ഥാപനങ്ങൾ		
18	ഗവ.എൽ.പി.സ്കൂൾ	7	ആനയാംകുന്ന്
19	ഗവ എൽ.പി.സ്കൂൾ	10	കക്കാട്
20	ഗവ.എൽ.പി.സ്കൂൾ	3	കാരമൂല
21	സി.എച്ച്.എം.എൽ.പി.സ്കൂൾ	10	നെല്ലിക്കാപറമ്പ്
22	ഫാത്തിമമാതാ എൽ.പി.സ്കൂൾ	4	അള്ളി
23	ഐ.പി.എ.യു.പി.സ്കൂൾ	9	കാരശ്ശേരി
24	ആസാദ് മെമ്മോറിയൽ യു.പി.സ്കൂൾ	3	കാരമൂല
25	വി.എം.എച്ച്.എം.ഹൈസ്കൂൾ	7	ആനയാംകുന്ന്
26	മേരിഗിരി ഹൈസ്കൂൾ	5	മരഞ്ചാട്ടി
	അംഗനവാടികൾ		
27	പഞ്ചായത്ത് ശിശുമന്ദിരം	7	കളരിക്കണ്ടി
28	അംഗൻവാടി	1	തടപറമ്പ്

29	അംഗൻവാടി	3	കാരമൂല
30	അംഗൻവാടി	4	വല്ലത്തായ്പാറ
31	അംഗൻവാടി	4	തേക്കുംകുറ്റി
32	അംഗൻവാടി	5	തോട്ടക്കാട്
33	അംഗൻവാടി	7	ആനയാംകുന്ന്
34	അംഗൻവാടി	9	കാരശ്ശേരി
35	അംഗൻവാടി	9	നാഗേരികുന്ന്
36	അംഗൻവാടി	10	സർക്കാർ പറമ്പ്
37	അംഗൻവാടി	11	മലാംകുന്ന്
38	അംഗൻവാടി	11	മൈസൂർമല

പഞ്ചായത്തത് സാംസ്കാരിക നിയമങ്ങൾ


39	കുമാരനെല്ലൂർ സാംസ്കാരിക നിലയം	2	കുമാരനെല്ലൂർ
40	കാരമൂല മിനി സാംസ്കാരിക നിലയം	3	കാരമൂല
41	വല്ലത്തായ്പാറ മിനി സാംസ്കാരിക നിലയം	4	വല്ലത്തായ്പാറ
42	വൈക്കം മുഹമ്മദ് ബഷീർ സാംസ്കാരിക നിലയം	5	തോട്ടക്കാട്
43	പാറതോട് സാംസ്കാരിക നിലയം	6	മൈസൂർമല
44	ആനയാംകുന്ന് സാംസ്കാരിക നിലയം	7	ആനയാംകുന്ന്
45	വി.മൊയ്തീൻ കോയഹാജി മെമ്മോറിയൽ സാംസ്കാരിക നിലയം8		നോർത്ത് കാരശ്ശേരി
46	നാഗേരികുന്ന് സാംസ്കാരിനിലയം	9	നാഗേരികുന്ന്
47	വലിയപറമ്പ് സാംസ്കാരിക നിലയം	10	വലിയപറമ്പ്

നമ്പർ	കേന്ദ്രഗവൺമെൻറ് സ്ഥാപനങ്ങൾ	വാർഡ്	സ്ഥലം
1	കുമാരനെല്ലൂർ ബ്രാഞ്ച് പോസ്റ്റ് ഓഫീസ്	3	കാരമൂല
2	അള്ളിബ്രാഞ്ച് പോസ്റ്റ് ഓഫീസ്	6	തേക്കുംകുറ്റി
3	മൈസൂർമല ബ്രാഞ്ച് പോസ്റ്റ് ഓഫീസം	6	മൈസൂർമല
4	കാരശ്ശേരി ബ്രാഞ്ച് പോസ്റ്റ് ഓഫീസ്	9	കാരശ്ശേരി
5	നെല്ലിക്കാപറമ്പ് ബ്രാഞ്ച് പോസ്റ്റ് ഓഫീസ്	10	നെല്ലിക്കാപറമ്പ്

സ്വകാര്യമേഖലയിലെ പ്രധാന വ്യവസായ സ്ഥാപനങ്ങൾ

1	കാലിക്ക് എസ്റ്റേറ്റ്	4	അള്ളി
2	തിരുവമ്പാടി റബർ കമ്പനി	1	തിരുമ്പാടി
3	അസോസിയേറ്റസ് ലാറ്റക്സ് ഇന്ത്യ	6	പന്നിമുക്ക്
4	കെ.എം.എ.എസ്റ്റേറ്റ്	5	മരഞ്ചാട്ടി
5	പി.കെ.പ്ലാൻേറഷൻ	5	മരഞ്ചാട്ടി
6	ജോസ്കൊ ഫൂട്ട്ഒവെയർ കമ്പനി	9	കറുത്തപറമ്പ്
7	ആൽഫ ബ്രിക്സ് ആൻറ് മെറ്റൽസ്	9	കാരശ്ശേരി
8	കാസിനൊ റബർ ഫാക്ടറി	9	ഓടതെരുവ്
9	കെ.ടി.ബ്രിക്സം	9	കാരശ്ശേരി
10.	കെ.സി.കെ.സോമിൽ	8	നോർത്ത് കാരശ്ശേരി
11	തേലീരി വുഡ് ഇൻഡസ്ട്രിസ്	7	മുരിങ്ങംപുറായി
12	സരിഗമതിയേറ്റർ	8	നോർത്ത് കാരശ്ശേരി

കാരശ്ശേരി പഞ്ചായത്ത്



3 സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം

കോഴിക്കോട് താലൂക്കിൽ തെക്ക് മലപ്പുറം ജില്ലയോട് ചേർന്ന് സഹ്യ പർവത താഴ്വരയിലാണ് കാരശ്ശേരി ഗ്രാമ പഞ്ചായത്ത്. ഇരുവഴിഞ്ഞിപുഴ പഞ്ചായത്തിന് പടിഞ്ഞറ് അതിരിടുന്നു. ചെറുപുഴഗ്രാമത്തെ രണ്ടായി മുറിച്ച് ഇരുവഴിഞ്ഞിയിൽ പതിക്കുന്നു. ഈ നദീ തടങ്ങളിൽ മാത്രമായിരുന്നുമുമ്പ് ജനവാസ മുണ്ടായിരുന്നത്. കിഴക്ക് ഭാഗം വൻകാടുകളായിരുന്നു. ഭൂമി ജൻമിമാരായ നമ്പൂതിരിമാരുടെ അധീനതയിലായിരുന്നു

കാരശ്ശേരി എന്ന നാമത്തിന് ലിഖിതങ്ങളായ കാരണങ്ങളൊന്നും ഇല്ല തന്നെ. പഴമക്കാർക്കിടയിൽരണ്ട് തരത്തിലുള്ള അഭിപ്രായങ്ങളാണുള്ളത്. അന്ന് ഭരണം നടത്തിയിരുന്ന പതിമൂന്ന് നമ്പൂതിരി കുടുബങ്ങളിലെ കാരണവൻമാർ ഈ പ്രദേശത്ത് വെച്ചായിരുന്നു ഭരണ കാര്യങ്ങൾ ചർച്ച ചെയ്തിരുന്നത്. കാര്യങ്ങൾ ചർച്ച ചെയ്യുന്ന കാര്യ - കച്ചേരി പിന്നീട് കാരശ്ശേരിയായതാണെന്നാണൊരു നിഗമനം. ഈ പ്രദേശത്തെ പ്രധാന ക്ഷേത്രങ്ങളിൽ ഒന്നായ അടിത്യക്കോവിൽക്ഷേത്രത്തിലെ (അടിയറക്കൽ) പ്രധാന പ്രതിഷ്ഠ ബലരാമനായിരുന്നു. ബലരാമന്റെ ആയുധമായ 'കരി'യോട് ബന്ധപ്പെടുത്തി കരി + ചേരി പ്രദേശം കാരശ്ശേരി ആയതാകാം എന്നാണ് മറ്റൊരു നിഗമനം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കച്ചവടക്കണ്ണുള്ള ബ്രിട്ടീഷ്കാർ ഈ ഗ്രാമത്തിൽ ആയിരക്കണക്കിന് ഏക്കർ കാട് വെട്ടിത്തെളിയിക്കുകയും റബ്ബർ എസ്റ്റേറ്റുകൾ സ്ഥാപിക്കുകയും ചെയ്തു. തോട്ടം തൊഴിലിനായി അയൽ ജില്ലകളിൽ നിന്ന് കൂലിക്കാരെ ഇറക്കുമതി ചെയ്ത് ഗ്രാമത്തിന്റെ ജനസാന്ദ്രത വർദ്ധിപ്പിച്ചു.

1921ലെ മലബാർ കലാപത്തോടനുബന്ധിച്ചുള്ള ചേരിതിരിവ് ഈ പ്രദേശത്ത് ന്യൂനപക്ഷ നേതൃത്വത്തിന്റെ ബോധപൂർവമായി ഇടപെടൽ മൂലം കാര്യമായി ബാധിച്ചില്ല. കാലാപകാലത്ത് ഗ്രാമത്തിന്റെ ചിലഭാഗങ്ങളിൽ ബ്രിട്ടീഷ് പട്ടാളത്തിന്റെ പടയോട്ടം നടന്നതായി പറയപ്പെടുന്നു.

ദേശീയ പ്രസ്ഥാനവുമായി നേരിട്ട് ബന്ധം കാരശ്ശേരിയിലെ കാരണവൻമാർക്കില്ലെങ്കിലുംസ്വാതന്ത്ര്യ സമരത്തിന്റെ പ്രചരണ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരുന്ന ചിലരെങ്കിലുമുണ്ട് 1930കളിൽ കോൺഗ്രസ് അംഗങ്ങളായിരുന്ന കെ.ഉണ്ണ്യേപ്പൻ, പാലക്കടവത്ത് ഗോവിന്ദൻ, പാലിയിൽ അപ്പു, വടിഞ്ഞീരി അയ്യപ്പൻ, ലങ്കയിൽ അപ്പു തുടങ്ങിയവർ ഈ വിഭാഗത്തിൽ പെട്ടവരാണ്.

ഭൂമിയുടെ കൈവശാവകാശം നാട്ടുപ്രമാണിമാർക്ക് ലഭിച്ചതോട് കൂടി ജനങ്ങളുടെ പ്രധനതൊഴിൽ മരംവെട്ടായി. കണ്ണെത്താത്ത ദൂരം പരന്ന് കിടക്കുന്ന കാടുകളും ഒഴുക്കിക്കൊണ്ട് വരാൻരണ്ട് പുഴകളും ഈ തൊഴിലിനെ ആദയകരമാക്കി. വാരിക്കുഴികളുണ്ടാക്കുകയും കാട്ടാനകളെപിടിച്ച് മെരുക്കുകയും ചെയ്യുന്നത് അന്ന് സാധാരണമായിരുന്നു. ജില്ലയുടെ മറ്റു ഭാഗങ്ങളിൽ ധാരാളമായി വാഹന ഗതാഗതമില്ലാതിരുന്ന അക്കാലത്ത് നമ്മുടെ ഗ്രമത്തിൽ ലോറികളും അത് നന്നാക്കുന്നതിനുള്ള വർക്ക് ഷോപ്പുകളും ധാരാളമായിരുന്നു.

ഇക്കാലത്ത് തെക്കൻ കേരളത്തിൽ നിന്ന് കുടിയേറ്റക്കാർ നമ്മുടെ ഗ്രാമത്തിലും എത്തി. തുച്ഛമായ ഭൂവിലയും ഫലഭൂയിഷ്ടിയും കുടിയേറ്റക്കാരെ തൃപ്തരാക്കി. വളക്കൂറുള്ള മണ്ണിൽ വിവിധതരംകൃഷി വ്യാപകമായി ആരംഭിച്ചതും കർഷക വൃത്തിയുടെ ലാഭകരമായ നേട്ടത്തിനുള്ള സാധ്യത ഇവിടുത്തുക്കാർക്ക് ബോധ്യപ്പെടുത്തിയതും കർഷക കുടിയേറ്റക്കാരായിരുന്നു. ഇന്ന് ഗ്രാമത്തിൽ വിവിധ തരത്തിലുള്ള കൃഷി ഭംഗിയിലും ചിട്ടയിലും നടക്കുന്നു.

പഞ്ചായത്തുകളുടെ രൂപീകരണ കാലഘട്ടത്തിൽ ഇന്നത്തെ കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ കുമാരനെല്ലൂർ വില്ലേജ് കുമാരനെല്ലൂർ ഗ്രാമസമിതിക്ക് കീഴിലും കക്കാട് വില്ലേജ് പന്നിക്കോട് പഞ്ചായത്ത് സമിതിക്ക് കീഴിലും ആയിരുന്നു. 1963 നവമ്പർ മാസത്തെ തെരഞ്ഞെടുപ്പോടെ മേൽപറഞ്ഞ രണ്ട് സമിതികളും കൊടിയത്തൂർ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി.

ഈ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റ് വി. എം. ഉണ്ണിമോയിസാഹിബും വൈസ് പ്രസിഡന്റ് കെ. ഉണ്ണ്യേപ്പനുമായിരുന്നു.

ട്രേഡ്യൂണിയൻ രംഗത്ത് ഗ്രാമപഞ്ചായത്തിന് വേരു

കളുണ്ടാവുന്നത് അൻപതുകളിലാണ്. അള്ളി, തിരുവമ്പാടി എസ്റ്റേറ്റുകളിൽ AITUC ട്രേഡ് യൂനിയനുകൾ സ്ഥാപിക്കുകയും അവകാശ സമരങ്ങളിൽ തൊഴിലാളികൾ സജീവമാവുകയും ചെയ്തത് ടക്കാലത്താണ് കെ.കെ.ഉണ്ണിക്കുട്ടി, എ.എം.ഉസ്സൻ കുട്ടി, ടി.കുഞ്ഞൻ കെ.ഉസ്സൻ എ.ചന്തു, എ. കുഞ്ഞിരാമൻ പി. ആലി തുടങ്ങിയവർ പഞ്ചായത്തിൽ തൊഴിലാളി രംഗത്ത് സജീവമായി പ്രവർത്തിച്ച നേതാക്കളാണ്.

ആനയാത്ത് ശ്രീ കൃഷ്ണ ക്ഷേത്രത്തിൽ അവർണ്ണ ഹിന്ദുക്കൾക്കുണ്ടായിരുന്ന ഭ്രഷ്ടിനെതിരെ ഇവിടുത്തെ പുരോഗമനക്കാരായ ചെറുപ്പക്കാർ സംഘടിക്കുകയും ക്ഷേത്രത്തിലേക്ക് പ്രവേശിച്ച്കൊണ്ട് നിരോധനത്തെ ലംഘിക്കുകയും ചെയ്തു. ക്ഷേത്രപ്രവേശന സമരത്തിന് നെതൃത്വം നൽകിയവർ പി.എൻ. ഉണ്ണീരി. കെ. ഉണ്ണ്യേപൻ തുടങ്ങിയവരായിരുന്നു. ഇക്കാലങ്ങളിൽ അവതരിപ്പിക്കപ്പെട്ട നാടകങ്ങളും നാടൻ കലാരൂപങ്ങളും അനാചാരത്തിനും, അന്ധവിശ്വാസത്തിനും എതിരെയുള്ള വെല്ലുവിളികളായിരുന്നു.

ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങൾ കുടിയൊഴിപ്പിക്കലിനെതിരെയും ജൻമി - ഗുണ്ടാ വിളയാട്ടത്തിനെതിരെയും അനേകം ചെറുത്തു നിൽപുകൾക്ക് വേദിയായിട്ടുണ്ട്. പൈക്കാടൻ മലമിച്ചഭൂമി ചൂണ്ടിക്കാണിക്കൽ സമരത്തിന്റെ ഭാഗമായി പി. എൻ. ഉണ്ണീരിയെപോലുള്ള തൊഴിലാളി നേതാക്കൾക്ക് ജയിൽ വാസം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഈ സമരവുമായി ബന്ധപ്പെട്ട് ആനയാം കുന്ന് കുമാരനെല്ലൂർ തുടങ്ങിയ പ്രദേശങ്ങളിൽ എകെ.ജി.കെ.പി.ആർ. ഗോപാലൻ തുടങ്ങിയ നേതാക്കൾ എത്തിച്ചേർന്നിരുന്നു.

1962ൽ സംയുക്ത കർഷക സമിതിയുടെ ആഭിമുഖ്യത്തിൽ "മേൽച്ചാർത്തി" നെതിരെ ആദിവാസികളുടെയും കർഷകരുടെയും ഭൂമി സംരക്ഷിക്കുന്നതിന് വേണ്ടിനടന്ന സമരവും അതിന്റെ വിജയവും എടുത്ത് പറയത്തക്കതാണ്. സമരത്തിന് വി. കെ. നാരായണൻ നായർ, മാത്തിൽ ചാത്തുക്കുട്ടി പി. എൻ ഉണ്ണീരി. അമ്മനൂർ ചാത്തു കുട്ടി. കട്ടറാത്ത് കുഞ്ഞഗസ്റ്റി, ഭഗവതിക്കാവു ചൈരൻ മുത്തൻ തുടങ്ങിയവർ നേതൃത്വം നൽകി.

ആര്യവൈദ്യരംഗത്ത് ഈ ഗ്രാമത്തിന് പുറത്തും പേരും പ്രശസ്തിയും നേടിയ വ്യക്തിയായിരുന്നു കോരുക്കുട്ടി വൈദ്യർ. ശിശുരോഗചികിത്സാരംഗത്ത് നൊട്ടൻ വൈദ്യർ തച്ചുശാസ്ത്ര രംഗത്തെ അതി കായനായിരുന്നു പറങ്ങോടനാശാരി. സംസ്കൃത വിദ്യാഭ്യാസരംഗത്ത് തിരുവാലൂർ ഇല്ലക്കാരും, ഔദ്യാഗിക രംഗത്ത് കുന്നാശ്ശേരി കുടുംബവും സ്തുത്യർഹമായസേവനം നൽകി. വലിയ മുക്കത്ത് ബീരാൻ കുട്ടിഹാജി, വയലിൽ മോയിഹാജി, എൻ. സി. കോയകുട്ടിഹാജി, തുടങ്ങിയ പ്രമുഖരും കായികരംഗത്ത് പുൽപറമ്പിൽ മോയിൻ, പി. മുഹമ്മദ്, എൻ.വി. അസ്സയിൻ തുടങ്ങിയവരും അനുസ്മരണീയരാണ്.

4.6.1975ലെ G.O.MS. 127/75 LAS SWD നമ്പ്ർ ഉത്തരവ് പ്രകാരം 4.10.1976 ഒക്ടോബറിൽ പഞ്ചായത്തിന്റെ ഭരണ നിർവ്വഹണത്തിനായി രൂപീകരിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് സമിതിയിലെ അംഗമായ ശ്രീ.കെ.പി. അബൂബക്കർ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡൻറായി സത്യപ്രതിജ്ഞ ചെയ്തു സ്ഥാനമേറ്റു. 1979ലെ തെരഞ്ഞെടുപ്പോടെയാണ് ആദ്യമായി പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി ഉണ്ടാവുന്നത്. പ്രസിഡൻറ് എൻ.എം. ഹുസൈൻ ഹാജിയും വൈസ് പ്രസിഡൻറ് പി. പി. ഗോപിനാഥ പിള്ളയുമായിരുന്നു.

1988 ലെ തെരഞ്ഞെടുപ്പിൽ മുക്കം മുഹമ്മദ് പ്രസിഡണ്ടും പി. എൻ. ഉണ്ണീരി വൈസു പ്രസിഡണ്ടുമായി പുതിയ ഭരണസമിതി അധികാരമേറ്റു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പി. കെ.ചന്ദ്രിക പ്രസിഡൻറും, ടി. വിശ്വനാഥൻ വൈസ് പ്രസിഡണ്ടുമായ ഭരണ സമിതിച്ചുമതലയേറ്റു.

ഇന്ന് നമ്മുടെ ഗ്രാമത്തിൽ അഞ്ച് എൽ.പി. സ്കൂൾ മൂന്ന് യു.പി. സ്കൂൾ, രണ്ട് ഹൈസ്കൂൾ, ഒരുപ്രൈമറി ഹെൽത്ത് സെൻറർ, നാലു സബ്സെൻററുകൾ ഒരു മൃഗാശുപത്രി, ഒരായുർവേദ ഡിസ്പെൻസറി, ഒരു ഹോമിയോ ഡിസ്പെൻസറി ഒരു കൃഷിഭവൻ അഞ്ച് ബ്രാഞ്ച് പോസ്റ്റാഫീസ് ഒമ്പത് സാംസ്കാരിക നിലയങ്ങൾ ഗതാഗത യോഗ്യമായ നിരവിധി റോഡുകൾ. കുറ്റ്യാറ - മലാംകുന്ന് ജലവിതരണ പദ്ധതി തുടങ്ങി നിരവധി സ്ഥാപനങ്ങളുണ്ട്. ഇ. എം. എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കേരളത്തിൽ അധികാരത്തിൽ വന്ന ആദ്യമന്ത്രി സഭയുടെപ്രധാന പരിഷ്കാരമായ കാർഷിക ബില്ല് ഭൂമിയുടെ ഉടമസ്ഥതാവകാശത്തിൽ കാര്യമായ മാറ്റങ്ങളുണ്ടാക്കി. ഭൂമിയുടെ യഥാർഥ അവകാശി കൃഷിക്കാരനായിമാറി. പഞ്ചായത്തിലെ 50%ഭൂമി ഇന്ന് ചെറുകിട കർഷകന്റെ കൈവശമാണ്.

പഴയ പ്രശ്നങ്ങൾ മാറിവന്നപ്പോൾ നമുക്ക് പരിഹരിക്കേണ്ട നിരവധി പുതിയ പ്രശ്നങ്ങൾ ഉയർന്നുവന്നു. ഇതിൽ പ്രധാനം ഭക്ഷ്യവിളവുകളുടെ ഉൽപാദനത്തിലുണ്ടായ ശോച്യാവസ്ഥ, താഴ്ന്നന ഉൽപാദന ക്ഷമത രൂക്ഷമായ തൊഴിലില്ലായ്മ. വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തുമുള്ള പോരായ്മ വീടുകൾ കക്കൂസുകൾ കുടിവെള്ളം എന്നിവയുടെ അപര്യാപ്തത. സ്ത്രീകളുടെ പൊതുരംഗത്തുള്ള അദൃശ്യത എന്നിവയാണ്.

കാരശ്ശേരി പഞ്ചായത്ത്



4 ഭൂപ്രകൃതി - ജനപ്രകൃതി ജല പ്രകൃതി

ഭൂപ്രകൃതി: ചാലിയാർ പുഴയുടെ പ്രധാന പോഷ കനദിയായ ഇരുവഞ്ഞിപ്പുഴ പഞ്ചായത്തിനു പടിഞ്ഞാറു ഭാഗത്തും വടക്കു പടിഞ്ഞാറു ഭാഗത്തും അതിർത്തികളി ടുന്ന ഒരു മലയോര പഞ്ചായത്താണ് കാരശ്ശേരി. പഞ്ചാ യത്തിന്റെ വടക്കു പടിഞ്ഞാറ് ഭാഗത്തുകൂടി ഒഴുകുന്ന ചെറുപുഴ, കാരമൂല, കല്ലുർ, കുടേങ്ങര മുക്ക് ഭാഗങ്ങളെ മെയിൻലാൻഡിൽനിന്നും വേറിട്ടു നിർത്തുന്നു. മണ്ടാം കടവ് പാലം വരുന്നതുവരെ ഈ പ്രദേശങ്ങൾ ഒരു തുരുത്തായി നിലനിന്നുപോന്നു.


പഞ്ചായത്തിന്റെ വടക്ക് തിരുവമ്പാടി, കൂടരഞ്ഞി പഞ്ചായത്തുകളും തെക്ക് കൊടിയത്തൂർ പഞ്ചായത്തും കിഴക്ക് കൊടിയത്തൂർ, ഊർങ്ങാട്ടിരി പഞ്ചായത്തുകളും പടിഞ്ഞാറ് ഇരുവഞ്ഞിപ്പുഴയും അതിർത്തികളിടുന്നു. 36.9 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പഞ്ചായത്തിന്റെ ചെരിവ് പൊതുവെ കിഴക്കുനിന്നും പടിഞ്ഞാറോട്ടാണ്.

ഭൂപ്രകൃതി അനുസരിച്ച് കാരശ്ശേരി പഞ്ചായത്തിനെ 6 മേഖലകളായി തിരിക്കാം.

1. പുഴ
2. തീരപ്രദേശം
3. മിതമായ ചെരിവ്
4. സമതലം
5. കുത്തനെ ചെരിവ്
6. ഉയർന്ന പ്രദേശം.


ഇവയിലോരോന്നിന്റേയും വിസ്തൃതി ചിത്രം 1 ൽ കാണിച്ചിരിക്കുന്നു.

1. പുഴ
2. തീരദേശം
3. സമതലം
4. കുത്തനെ ചെരിവ്
5. ഉയർന്ന പ്രദേശം



മൈസൂർമല, കൊളക്കാടൻ മല, കരിമ്പ് എന്നീ പൊക്കം കൂടിയ മലകളും കൂറെ പൊക്കം കുറഞ്ഞമലകളും സമതലങ്ങളും പുഴയോടുചേർന്ന തീരപ്രദേശങ്ങളും ചേർന്നതാണ് കാരശ്ശേരി പഞ്ചായത്ത്. സമുദ്രതിരപ്പിൽ നിന്നും 400 മീറ്ററിലേറെ ഉയരത്തിൽ കിടക്കുന്ന കൊളക്കാടൻ മലയാണ് ഉയരം കൂടിയ മല. മൊത്തം ഭൂവിസ്തൃതിയുടെ 45% വും ഉയർന്ന പ്രദേശങ്ങളാണ്. പൊതുവെ പഞ്ചായത്തിന്റെ കിഴക്ക് ഭാഗം വർധിച്ചതോതിൽ കുന്നിൽ പ്രദേശങ്ങളും പടിഞ്ഞാറ് ഇരുവഞ്ഞിപ്പുഴയോട് ചേർന്ന് യഥാക്രമം തീരപ്രദേശങ്ങളും സമതലങ്ങളുമാണ്. പഞ്ചായത്തിന്റെ മധ്യഭാഗം കിഴക്കുനിന്നും പടിഞ്ഞാറോട്ടേക്ക് നീണ്ടുകിടക്കുന്ന സമതലങ്ങളും അവയുടെ വടക്കും തെക്കും ഭാഗങ്ങൾ കുന്നുകളുമാണ്.

പഞ്ചായത്തിന്റെ ഭൂരിഭാഗം വരുന്ന ഉയർന്ന കുന്നിൽ പ്രദേശങ്ങളിൽ ലാറ്ററേറ്റ് മണ്ണ്, വനമണ്ണ് എന്നിവയും സമതലങ്ങളിലും തീരപ്രദേശങ്ങളിലും പശിമരാശി മണ്ണും എക്കൽമണ്ണും കണ്ടുവരുന്നു. ചിത്രം. 2 കാണുക.



ചിത്രം 2.

അവലംബം: റവന്യൂ രേഖകൾ, പഠന പര്യടനം

ജനപ്രകൃതി

1991ലെ കാനേഷുമാരി കണക്കനുസരിച്ച് കാരശ്ശേരി പഞ്ചായത്തിലെ ജനസംഖ്യ 23,659 ആയിരുന്നു. ഇതിൽ 11,663 പേർ പുരുഷന്മാരും 11,996 പേർ സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 333 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകൾ 4290 ആയിരുന്നു. അതായത് വീടൊന്നിനു ശരാശരി 5.51 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത കിലോമിറ്ററിനു 829 ആണ്. ആറുവയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 3702 ആണ്. ഇതിൽ ആൺകുട്ടികൾ 1836 ഉം പെൺകുട്ടികൾ 1866 ഉം ആയിരുന്നു. പട്ടികജാതി ജനസംഖ്യ 2578 ആണ്. പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 77% ആണ്. 80% പുരുഷന്മാരും 73% സ്ത്രീകളും സാക്ഷരരാണ്.

വിദ്യാഭ്യാസ നിലവാരത്തിൽ കോഴിക്കോട് ജില്ലയിൽ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് കാരശ്ശേരി. വിദ്യാലയങ്ങളിലെത്തുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടെങ്കിലും മെച്ചപ്പെട്ട പഠന നിലവാരം സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. ഇത് സഗൗരവം പരിഗണിക്കപ്പെടണം. 9 വിദ്യാലയങ്ങളിലും നല്ല ഒരു വിഭാഗം വിദ്യാർത്ഥികൾ നിരക്ഷരരാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സൗകര്യം നമ്മുടെ പഞ്ചായത്തിലെ സ്ക്കൂളുകളിലെങ്ങും ഏർപ്പെടുത്തിയിട്ടില്ല. വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കുക വഴി, അഭ്യസ്ത വിദ്യർക്കിടയിലെ തൊഴിലില്ലായ്മ ഗണ്യമായി കുറക്കാൻ കഴിയും.

ഭൂവിസ്തൃതിയുടെ 44% ഭാഗത്തും റബ്ബർ കൃഷി ചെയ്യുന്ന നമ്മുടെ പഞ്ചായത്തിൽ റബ്ബർ ടാപ്പിംഗും അനുബന്ധ പ്രവർത്തനങ്ങളും മുഖ്യതൊഴിലാണ്. കെട്ടിട നിർമ്മാണമാണ് രണ്ടാമത്തെ മുഖ്യതൊഴിൽ രംഗം. പരമ്പരാഗത തൊഴിലായ പനമ്പ് നെയ്ത്ത്, ബീഡി തെറുപ്പ്, കളിമൺ പാത്രനിർമ്മാണം എന്നീ രംഗങ്ങളിൽ നൈപുണ്യമുള്ള ചില കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിലുണ്ട്. പരമ്പരാഗത തൊഴിലിൽ നൈപുണ്യമുള്ളവരുടെ എണ്ണം അനുദിനം കുറഞ്ഞുവരുന്നു. പുതിയ തലമുറ ഇതിലേക്ക് ആകൃഷ്ടരാവുന്നില്ല.

ജലപ്രകൃതി

കേരളത്തിൽ ഒരു വർഷത്തിൽ ലഭിക്കുന്ന ശരാശരി 300 സെ.മി.ൽ. കവിഞ്ഞ മഴ, മലമ്പ്രദേശമായനമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്നു. ജൂൺ, ജൂലായ് മാസങ്ങളിൽ കനത്തമഴയും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നേരിയ മഴയും ലഭിക്കുന്നു.


പഞ്ചായത്തിന്റെ വടക്കും പടിഞ്ഞാറും ഭാഗങ്ങളിലൂടെ ഒഴുകുന്ന ഇരുവഞ്ഞിപ്പുഴയും കല്ലൂർ, കാരമൂല, കൂടേങ്ങരമുക്ക് ഭാഗങ്ങളെ സ്പർശിച്ചൊഴുകുന്ന ചെറുപുഴയും നമ്മുടെ പ്രധാന പുഴകളാണ്. എല്ലാതോടുകളും


തരുവികലും ഈ പുഴകളിൽ ചെന്നുചേരുന്നു. മൊത്തം തോടുകളുടെ ദൈർഘ്യം ഏകദേശം 115 കി.മി.വരും. മുണ്ടിത്തോട്, പാറത്തോട്, ഓടത്തെരുതോട് എന്നിവ പ്രധാനപ്പെട്ട തോടുകളിൽ ചിലതാണ്. ഇവയ്ക്കുപുറമെ 75 കുളങ്ങളും നമുക്കുണ്ട്. ഇവയാണ് ഈ പഞ്ചായത്തിലെ പ്രധാനജലസ്രോതസ്സുകൾ

പട്ടിക 3

പ്രധാനകുളങ്ങളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

നമ്പർ	കുളത്തിന്റെ പേര്	വാർഡ്	വില്ലേജ്
1	സർക്കാർ പറമ്പ് കുളം	10	കക്കാട്
2	ഒറുക്കുണ്ട് കുളം	9	കക്കാട്
3	വല്ലത്തായ് ഹരിജൻ കോളനി കുളം	4	കുമാരനെല്ലൂർ
4	കപ്പാല വയലിലെ കുളം	4	"
5	മൈസൂർമല ഗിരിജൻ കോളനികുളം	11	"
6	കൊളയത്തുവയൽകുളം	7	"





സാമൂഹിക സാമ്പത്തിക മേഖലകൾ

II ൭ II

കാരശ്ശേരി പഞ്ചായത്ത്



5.3 കൃഷിയും ജലസേചനവും

കുമാരനെല്ലൂർ, കക്കാട് എന്നീ വില്ലേജുകളും കൊടിയത്തൂർ വില്ലേജിന്റെ കാൽഭാഗവും ചേർന്നതാണ് കാരശ്ശേരി പഞ്ചായത്ത്. ഈ പഞ്ചായത്തിൽ, കക്കാട് കാരശ്ശേരി, കുമാരനെല്ലൂർ ദേശങ്ങളിലെ പുഴയോരങ്ങളിലും താഴ്വാരങ്ങളിലും ആനയാംകുന്നിലെ പാതിരപ്പറ്റ വരെയും അള്ളിയിൽ വല്ലത്തായ്പാറ വരെയുമുള്ള പ്രദേശങ്ങളിലേ മുൻകാലത്ത് ജനവാസമുണ്ടായിരുന്നുള്ളൂ.

പൈക്കാടൻമല, തേക്കും കുറ്റി, മൈസൂർമല എന്നിവിടങ്ങളിലെ കാടുകളിൽ ഗിരിവർഗ്ഗക്കാരായ മുത്തൻമാർ (മുതുവൻമ്മാർ) ഇല്ലംകെട്ടി താമസിച്ചു. ബാക്കി ഭാഗം വനമായിരുന്നു. ജനവാസ കേന്ദ്രങ്ങളിലെ ഏതാനും ഹിന്ദു മുസ്ലിം ജൻമിമാരുടെ വയലുകളിലും പറമ്പുകളിലും ഭൂരിപക്ഷം ജനങ്ങളും പാട്ടക്കുടിയാൻമാരായി കഴിഞ്ഞുപോന്നു. പാട്ടം നെല്ലും പണവുമായി നിജപ്പെടുത്തിയിരുന്നു. ഒപ്പം ഓണത്തിനും പെരുനാളിനും കോഴി, നെയ്യ്, നേന്ത്രക്കുല മുതലായവ കുടിയാൻമാർ ജൻമിക്കു കാഴ്ച നല്കണമെന്നു വ്യവസ്ഥ ചെയ്തിരുന്നു. കുടിയാൻ നട്ടുവളർത്തിയതും അല്ലാത്തതുമായ മാവ്, പ്ലാവ് തുടങ്ങിയ മുറിച്ചെടുക്കാനുള്ള അവകാശം ജൻമിക്കായിരുന്നു. കാണച്ചാർത്തുകൾ, പണയച്ചാർത്തുകൾ, പാട്ടക്കുടിശ്ശിക എന്നിവയ്ക്കും മരം മുറിക്കൽ കുറ്റത്തിനും സ്വന്താവശ്യത്തിനും ജൻമിമാർ കുടിയാൻമാരെ ഒഴിപ്പിച്ചെടുത്തിരുന്നു. അടിയാൻമാർ ഭൂവുടമകളുടെയും കുടിയാൻമാരുടെയും കല്പനക്കു വിധേയമായി അവരുടെ പറമ്പുകളിലും പാടവക്കത്തും ചാളകെട്ടി താമസിച്ചിരുന്നു.

ഗിരിവർഗ്ഗക്കാർ കാടുകളിൽ അവർക്കു ഇഷ്ടപ്പെട്ടിടത്ത് ഇല്ലങ്ങൾ കെട്ടി താമസിക്കുകയും കൃഷി ചെയ്യുകയും ചെയ്തു പോന്നു. എന്നാൽ അവർ താമസിക്കുന്ന മലവാരത്തിന്റെ ജൻമിയുടെ ജോലികൾ ചെയ്യുന്നതിനു നിർബ്ബന്ധിക്കപ്പെട്ടിരുന്നു. കൃഷിചെയ്തും കാട്ടിൽ നിന്നും ശേഖരിച്ചുണ്ടാക്കിയ വിഭങ്ങളും, മലകയറി എത്തുന്ന 'കാവുണ്ട' കച്ചവടക്കാർക്കു കൈമാറി അവർ ഉപ്പ്, മുളക്, പുകല തുടങ്ങിയ ആവശ്യസാധനങ്ങൾ നേടിപ്പോന്നു.

1940 കളുടെ മധ്യംവരെ നെൽ കൃഷിയായിരുന്നു പ്രധാനം. നെൽകൃഷിയുമായി ബന്ധപ്പെട്ട ജോലികൾ ചെയ്ത് ജനങ്ങൾ ഉപജീവനം കഴിച്ചുവന്നു. വയലുകളിലും മലഞ്ചെരിവുകളിലെ വളക്കൂറുള്ള മണ്ണിലും നെൽകൃഷി ചെയ്തുപോന്നു. ഒരു പൂ കൃഷിമാത്രമാണ് ചെയ്തുപോന്നത്. കറുത്തു കുട്ടൻ, വെളുത്ത കുട്ടൻ, കല്ലുരുണി, തോട്ടച്ചീര, കൊളപ്പാല, കരിമുണ്ടകൻ, മുള്ളൻകുട്ടൻ തുടങ്ങിയ നാടൻ വിത്തുകളാണ് പ്രചാരത്തിലിരുന്നത്. പച്ചില വളമാണ് കൃഷിക്കുപയോഗിച്ചിരുന്നത്.

ചേന, ചേമ്പ്, കാവുത്ത് (കാച്ചിൽ) മധുരക്കിഴങ്ങ് കൂർക്കൽ, ചെറുകിഴങ്ങ് എന്നിയും വീട്ടു പറമ്പുകളിൽ കൃഷിചെയ്തിരുന്നു. മാവും പ്ലാവും തെങ്ങും പറങ്കിമാവും വെച്ചുപിടിപ്പിക്കുകയും വൻമരങ്ങളിൽ നാടൻ കുരുമുള കുവള്ളികൾ പിടിപ്പിക്കുകയും ചെയ്തു. പുഴംപാലികളിലും നെൽകൃഷിക്കു വെള്ളം കിട്ടാത്ത പൊയിലുകളിലുമാണ് കമുക് കൃഷി ചെയ്തിരുന്നത്. വീട്ടാവശ്യം കഴിഞ്ഞുള്ള കാരഷിക ഉൽപ്പന്നങ്ങൾ കാവുണ്ടക്കാർക്കോ മുക്കം ചന്തയിലോ വില്പന നടത്തി അത്യാവശ്യ സാധനങ്ങൾ വാങ്ങിയിരുന്നു. മുക്കം ചന്ത കഴിഞ്ഞാൽ കോഴിക്കോട്ടായിരുന്നു പ്രധാന വിപണന കേന്ദ്രം. ചെത്തു കടവു പുഴ കോഴിക്കോട് പട്ടണവുമായുള്ള ബന്ധത്തിനു തടസ്സങ്ങൾ സൃഷ്ടിച്ചു. തോണിയും കാളവണ്ടികളുമായിരുന്നു വ്യാപാരം നടത്താനുള്ള ഗതാഗത മാർഗങ്ങൾ.

ഒരു വിഭാഗം ആളുകൾ മലവാരങ്ങളുടെ ഉടമകളിൽ നിന്നു ശീട്ടു വാങ്ങി കാട്ടിൽ പോയി മുളയും മരവും വെട്ടി, പുഴ വഴി തെരപ്പൻ കെട്ടി കല്ലായിക്കൽ എത്തിച്ച് വില്പന നടത്തി നിത്യവൃത്തിക്കുള്ള പണം കണ്ടെത്തി. സാധാരണക്കാരന്റെ ജീവിത മാർഗ്ഗം,അവർ ഉല്പാദിപ്പിക്കുന്ന നെല്ലും നാളികേരവും ഭക്ഷ്യവിളകളും പുഴകളിൽ നിന്നും തോടുകളിൽ നിന്നും പിടിക്കുന്ന മത്സ്യവും കാട്ടിൽ

നിന്നും വേട്ടയാടിക്കിട്ടുന്ന മാംസവുമായിരുന്നു. അടിയാളന്മാർ അവർക്ക് ഭൂവുടമകളിൽ നിന്നു കൂലിയായി ലഭിക്കുന്ന നെല്ലും താള്, തകര, കറമൂസ, ചേനത്തണ്ട്, കൂവപ്പൊടി, പനമ്പൊടി, ഉണ്ണിക്കാമ്പ്, വാഴ കുടപ്പൻ (വാഴത്തട്ട), ഈന്ത് തുടങ്ങിയവ ആഹരിച്ചും ജീവിതം തള്ളി നീക്കി.

ജന്മി ഭൂവുടമ വർഗ്ഗങ്ങൾ പാട്ടനെല്ലും പണവും കാഴ്ചകളും, കാട്ടിൽ നിന്നും കുടിയാന്മാൻമാർ ശേഖരിക്കുന്ന വഹകളും 'ജന്മിഭോഗവും' തികയാതെ വന്നാൽ, കുടിയാൻമാരുടെ ഭൂമിയിലെ മരങ്ങളും വെട്ടിവിറ്റ് ആർഭാടമായി കഴിഞ്ഞുപോന്നു.

കാളപൂട്ടും പകലന്തിയോളം പണിയെടുക്കുന്ന അടിയാളരും പച്ചില, ചാണകം, ചാരം, പെട്ടി, പറ ഇതെല്ലാമായിരുന്നു അന്നത്തെ കാർഷിക മേഖല. കൃഷിയിറക്കുന്നതിനായി പാടങ്ങളൊരുക്കാൻ (ഊർച്ച) ഒരാഘോഷം തന്നെയായിരുന്നു. ഞാറ് പറിക്കലുംനടലും പുഴുവീശലും കളയെടുപ്പും കൊയ്തും അടിയാൻ സ്ത്രീകളാണ് ചെയ്തിരുന്നത്. കൂലിയായി ഇവർക്ക് നെല്ലാണ് കൊടുത്തിരുന്നത്. കൊയ്ത്തിൻെറയും മെതിയുടെയും കാലത്താണ് അടിയാളന്മാരുടെ അടപ്പുകളിൽ പതിവായി തീ പുകഞ്ഞിരുന്നത്.

പാടത്തെ കൃഷിയിറക്കു പണികൾ തീരുന്നതോടെ തുലാവർഷവും അവസാനിക്കാറാകും. വേനൽ കാലാരംഭത്തോടെ കൂപ്പുപണക്കുള്ള ഒരുക്കങ്ങൾ തുടങ്ങും. ഊടുപുര കെട്ടും റോഡുപണിയും കഴിയുന്നതോടെ മരംവെട്ട് തുടങ്ങുകയായി. മരം മുറിക്കൽ, തട്ടൽ, അട്ടിവെക്കൽ, ആനപ്പണി, ചുമടുകെട്ടൽ, മരംവലി, തെരപ്പൻ കെട്ട് തുടങ്ങിയ ജോലികളിൽ നാട്ടിലെ ആബാലവൃദ്ധം ജനങ്ങളും ഏർപ്പെട്ടിരുന്നു. മുറിച്ചിട്ട മരം കുന്നിൻ മുകളിൽ നിന്നും താഴ്വാരത്തിറക്കിയാൽ ആനവലിച്ച് റോഡരികിലുള്ള തടന്മേൽ എത്തിക്കും. ആദ്യകാലങ്ങളിൽ റോഡിലൂടെ പോത്തുകെട്ടിയും പിന്നീട് പോത്തുവണ്ടിയും മരംവലിച്ച് പുഴയോരത്ത് എത്തിച്ചുവന്നു. പുഴവഴി തെരപ്പൻകെട്ടി കോഴിക്കോട്ടെ കല്ലായിക്കൽ എത്തിച്ചു.

1940 കളായപ്പോഴേക്കും പോത്തുവണ്ടിക്കു പകരം വമ്പൻ കൂപ്പുമുതലാളിമാർ മരം ലോറിയിൽ കയറ്റി 'ചീപ്പാൻ കുഴിയിൽ' തട്ടി; കോഴിക്കോട്ട് എത്തിച്ചിരുന്നു. ആ കാലത്ത് ചീപ്പാൻ കുഴി 'ചെറു കല്ലായി' എന്നു വിശേഷിപ്പിച്ചിരുന്നു.

ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ പിയേഴ്സ് ലസ്ലി കമ്പനിക്കാർ തിരുവമ്പാടി, നീലേശ്വരം, അള്ളി റബ്ബർ തോട്ടങ്ങൾ സ്ഥാപിച്ചു. 1935നു ശേഷം തിരുവിതാംകൂറിൽ നിന്നും വന്ന കുടിയേറ്റക്കാർ, പീച്ചൻമല, കവളാറ എസ്റ്റേറുകൾ വച്ചുപിടിപ്പിച്ചു. 1944-45കാലത്ത് പഞ്ചാബികളുടെ പയനിയർ കമ്പനി സ്ഥപിച്ച പയനിയർ എസ്റ്റേറ്റായിരുന്നു ഇന്നത്തെ ഫാത്തിമാ എസ്റ്റേറ്റ്. 1960 കളിലാണ് ഈ നാട്ടുകാരായ കൊയപ്പത്തൊടി മുതലാളിമാർ കുന്തഞ്ചാരി, കെ.എം.എ. എസ്റ്റേറ്റുകൾ വച്ചുപിടിപ്പിച്ചത്.

194ൻ കളിലാണ് മുക്കത്തിനു കിഴക്കോട്ടുള്ള കുടിയേറ്റത്തിൻെറ ആരംഭം. മരംവെട്ടി ഒഴിഞ്ഞ കൂപ്പുനിലങ്ങൾ ഏക്രകണക്കിനു അളന്നുവാങ്ങി കുടിയേറ്റക്കാർ കൃഷിയും താമസവും തുടങ്ങി. തിരുവമ്പാടി, കൂടരഞ്ഞി, കൂമ്പാറ നിന്നും പടിഞ്ഞാറോട്ടേക്കുനീങ്ങിയ കുടിയേറ്റം 1950 കളോടെ കാരശ്ശേരി പഞ്ചായത്തിൽ പ്രവേശിച്ചു തുടങ്ങി. 1960 കളായപ്പോഴേക്കും തേക്കുംകുറ്റി മലവാരമാകെ കുടിയേറ്റക്കാർ താമസമാക്കി. ഇന്നു നമ്മുടെ പഞ്ചായത്തിലെ 40-45% വരുന്ന കർഷകർ കുടിയേറ്റക്കാരാണ്. മലമ്പനിയോടും കാട്ടുമൃഗങ്ങളോടും ഒട്ടൊക്കെ നാട്ടുമൃഗങ്ങളോടും പൊരുതി അവർ മലവാരങ്ങളിൽ കനകം വിളയിച്ചു.

കുടിയേറ്റക്കാരുടെ ത്യാഗപൂർണ്ണമായ പരിശ്രമവും തിരുവിതാംകൂർ മോഡൽ കൃഷിരീതിയും നമ്മുടെ നാടൻ കൃഷിക്കാരെ ആകർഷിച്ചു. മലഞ്ചെരിവുകളിൽ കുടിൽക്കെട്ടിത്താമസിച്ച് കാടുവെട്ടിച്ചുട്ട് നെല്ലും കപ്പയും പച്ചക്കറികളും വിളയിച്ച് ആറ്മാസം കൊണ്ടവർ ഭക്ഷ്യാവശ്യങ്ങൾക്കുള്ള വക കണ്ടെത്തി. തുടർന്ന് നാട്ടിലെ മലവാര ഉടമകളും അശാസ്ത്രീയമായെങ്കിലും കൂപ്പുവെട്ടി ഒഴിഞ്ഞ കറുത്തമണ്ണിൽ റബ്ബർ തോട്ടങ്ങൾ വച്ചു പിടിപ്പിച്ചു.

1956ൽ ഐക്യകേരളം നിലവിൽ വന്നു. പൊതുവെ മലബാറിലേക്കുള്ള കുടിയേറ്റം വർദ്ധിച്ചു. 1957ലെ സർക്കാറിൻെറ കുടയിറക്ക് നിരോധന പ്രഖ്യാപനം, ഉള്ള മണ്ണിൽ ഉറച്ചു നിൽക്കാൻ കുടിയാൻമാർക്കു ശക്തി നൽകി. പിന്നീട് വന്ന 1960കളിലെ'മേൽ ചാർത്ത് സമ്പ്രദായം' നമ്മുടെ പഞ്ചായത്തിലെ മൈസൂർ മലവാരത്തിലേക്കും കടന്നുവന്നു. മേൽ ചാർത്തിനെതിരായ ചെറുത്തുനില്പും പ്രക്ഷോഭങ്ങളും കുടിയാന്മാരുടെ കൈവശഭൂമി സംരക്ഷിക്കുകയും ഗിരിവർഗ്ഗക്കാരുടെ ഭൂമി അവർക്കായി മാറ്റിവെയ്ക്കപ്പെടുകയും ചെയ്തു.

1970കളിലെ ഭൂപരിഷ്ക്കരണ നിയമം ജന്മിത്വം അവസാനിപ്പിക്കുകയും കുടിയാനു ഭൂമിയുടെ ഉടമവകാശം നൽകുകയും ചെയ്തു. കൂട്ടുകുടുംബ വ്യവസ്ഥ

യുടെ തകർച്ചയും കുടിയാനു ഭൂമിയുടെ ഉടമവകാശം ലഭിച്ചതും ഭൂമിയുടെ തുണ്ടുവൽക്കരണത്തിലേക്കു നയിച്ചു. വിദ്യാഭ്യാസരംഗത്തെ മുന്നേറ്റം വിദ്യാസമ്പന്നരായ യുവാക്കളെ കാർഷിക മേഖലയിൽനിന്നും വിട്ടു നിർത്തി. പരമ്പരാഗതമായി കാർഷികവൃത്തിയിലേർപ്പെട്ടിരുന്നവർ ഉദ്യോഗസംവരണങ്ങളും മറ്റും വഴി ഇതരമേഖലകളിൽ ചേക്കേറി. കാർഷികവൃത്തി പൊതുവെ അനഭീക്ഷണീയമായി.

1970കളിൽ നെൽകൃഷിയിൽ ഏറെ മുന്നേറി. പട്ടാമ്പി നെല്ലുഗവേഷണ കേന്ദ്രത്തിൽ നിന്നും 1960കളോടെ, മേൽത്തരം നെൽവിത്തുകൾ കർഷകർക്കു കിട്ടിത്തുടങ്ങി. തുടർന്നു വന്ന അത്യുൽപാദനശേഷിയുള്ള നെൽവിത്തുകൾ നെൽകൃഷി രംഗത്ത്വിപ്ലവം സൃഷ്ടിച്ചു. എന്നാൽ 1980കളിൽ ഇതിനു തിരിച്ചിടിയുണ്ടായി. നെൽകൃഷിക്കു രോഗ കീടബാധയേറ്റതും കാർഷികജോലികൾക്കുണ്ടായ കൂലി, വില വർദ്ധനയും തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥയും നെൽകൃഷിയുടെ നട്ടെല്ലൊടിച്ചു. ഉൽപാദനം ഗണ്യമായി കുറഞ്ഞു. നെൽവയലുകൾ നികത്തി നാണ്യവിളകളിറക്കുകയോ കെട്ടിയങ്ങൾ പണിതുയർത്തുകയോ ചെയ്തു.

ഭൂപ്രകൃതി, കൃഷി

നമ്മുടെ പഞ്ചായത്തിന്റെ സിംഹഭാഗവും ഉയർന്ന കുന്നിൻ പ്രദേശങ്ങളാണ്. സമുദ്ര നിരപ്പിൽ നിന്നും 400 മീറ്ററിലേറെ ഉയരത്തിൽ നില്ക്കുന്ന കൊളക്കാടൻ മലയാണ് പൊക്കം കൂടിയ മല. ഈ പഞ്ചായത്തിലെ, സമുദ്രനിരപ്പിൽ നിന്നും 200 മീറ്ററിലേറെ ഉയരത്തിൽ നില്ക്കുന്ന കുന്നിൻ ചെരിവുകൾ റബർ കൃഷിക്കു അനുയോജ്യമായി കാണുന്നില്ല. കിഴക്കു നിന്നും പടിഞ്ഞാറോട്ട് ചെരിവോടു കൂടിയ ഭൂപ്രകൃതിയാണ് പഞ്ചായത്തിനുള്ളത്. മിക്ക തോടുകളും നീർച്ചാലുകളും പഞ്ചായത്തിന്റെവടക്കും പടിഞ്ഞാറും അതിർത്തിയിലൂടെ ഒഴുകുന്ന ഇരുവഞ്ഞിപ്പുഴയിലൊ, ചെറുപുഴയിലോ ചെന്നു പതിക്കുന്നു.

പഞ്ചായത്തിലെ മിക്ക കർഷകരും ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള നാമമാത്ര കർഷകരാണ്. പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ പകുതിയോളം 35 വൻകിട കർഷക മുതലാളിമാരുടെ കൈകളിലാണ്. ഇതു സംബന്ധിച്ച വിശദവിവരം പട്ടിക. 1ൽ കൊടുക്കുന്നു.

പട്ടിക. 1

നമ്പർ	ഭൂപരിധി	കുടുംബങ്ങൾ (എണ്ണം)
1	ഒരു ഹെക്ടറിൽ താഴെ	3780
2	ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിൽ	638
3.	5 ഹെക്ടറിനു മേൽ	35

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 36.90 ച.കി.മി. ആണ്. ഇതിൽ 3405 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്നു. ഇത് മൊത്തം വിസ്തൃതിയുടെ 92% വരും. ഇനി കൃഷിഭൂമിയുടെ വിസ്തൃതി നമുക്ക് വർദ്ധിപ്പിക്കാൻ കഴിയില്ല. പുഴ, തീരപ്രദേശം, മിതമായ ചെരിവ്, കുത്തനെ ചെരിവ്, ഉയർന്ന പ്രദേശം ഇങ്ങനെയാണ് ഭൂപ്രകൃതി. വിശദവിവരം ചുവടെ ചേർക്കുന്നു. പട്ടിക 2ൽ കാണുക.

പട്ടിക 2. ഭൂപ്രകൃതി (കൃഷിഭവൻ രേഖ)

നമ്പർ	ഭൂപ്രകൃതി (ഹെ)	വിസ്തൃതി (ഹെ)	ശതമാനം
1	സമതലം	560.88	15.2
2.	തീരപ്രദേശം	188.19	5.1
3.	മിതമായ ചെരിവ്	398.52	10.8
4.	കുത്തനെ ചെരിവ്	749.07	20.3
5.	ഉയർന്ന പ്രദേശം	1653.12	44.8
6.	പുഴ	140.22	3.8
	ആകെ	3690	100.0

ഉയർന്ന കുന്നിൻ പ്രദേശങ്ങളിൽ ലാറ്ററേറ്റ് മണ്ണും വനമണ്ണും ആണ് കണ്ടുവരുന്നത്. സമതലങ്ങളിലും തീരപ്രദേശങ്ങളിലും പശിമരാശി മണ്ണും, ഏക്കൽ മണ്ണും കണ്ടുവരുന്നു. മണ്ണിന്റെ ഗുണനിലവാരം താഴെ പറയും പ്രകാരമാണ്. പട്ടിക 3 കാണുക

പട്ടിക 3

നമ്പർ	മണ്ണ്	ശതമാനം
1	ലാറ്ററേറ്റ്	59
2	എക്കൽമണ്ണ്	6
3	വനമണ്ണ്	27
4	പശിമരാശി മണ്ണ്	8

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 45%ത്തോളം വരുന്ന ഉയർന്ന കുന്നിൻ പ്രദേശങ്ങളിൽ മണ്ണൊലിപ്പും കാറ്റ് ശല്യവും രൂക്ഷമാണ്. മൈസൂർ മല, കൊളക്കാടൻ മല, കരിമ്പ് പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയാൻ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഫലഭൂയിഷ്ടമായ മേൽമണ്ണ് താഴ്വാരങ്ങളിലേക്കും തോടുകളിലേക്കും ഒലിച്ചിറങ്ങുന്നു. ചെങ്കുത്തായ സ്ഥലങ്ങളിൽ മണ്ണിളക്കി കപ്പനടുന്നതു പോലുള്ള അശാസ്ത്രീയമായ കൃഷിരീതികളും കർഷകർ അവലംബിക്കുന്നുണ്ട്. ഇത് മണ്ണൊലിപ്പ് ത്വരിതപ്പെടുത്തുന്നു.

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ തെങ്ങും കമുകും റബറും പറങ്കിമാവും, ഇഞ്ചിയും മഞ്ഞളും കുരുമുളകും നാണ്യവിളകളായുംനെല്ല്, വാഴ, പൂള, പച്ചക്കറികൾ എന്നിവ ഭക്ഷ്യവിളകളായും കൃഷിചെയ്തുവരുന്നു. കൃഷി

ഭവൻ രേഖ അനുസരിച്ച് കൃഷിക്കായി ഭൂവിനിയോഗം താഴെ പറയും പ്രകാരമാണ്. പട്ടിക 4 കാണുക

പട്ടിക 4 ഭൂവിനിയോഗം കൃഷിഭവൻരേഖ

നമ്പർ	വിനിയോഗം	വിസ്തൃതി(ഹെ)	ശതമാനം
1	തെങ്ങ്	1050	28.45
2	റബ്ബർ	1591	43.11
3	കശുമാവ്	25	0.68
4	നെല്ല്	45	1.20
5	കമുക്	980	26.60
6	പുഴ, പാറ, റോഡ്	140	3.80
7	മിശ്രമരങ്ങൾ	129	3.50

നെൽകൃഷി

ഒരു കാലത്ത് പ്രധാന കൃഷിയായിരുന്ന നെൽകൃഷി, നാമമാത്ര കൃഷിയായി ചുരുങ്ങിയിരിക്കുന്നു.മൊത്തം വിസ്തൃതിയുടെ1.2% ഭാഗത്തു മാത്രമേ ഇന്നു നെൽകൃഷിയുള്ളൂ. ഈ നെൽവയലുകളെങ്കിലും വയലുകളായി നിലനിർത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ജ്യോതി,H-4,ചുവന്ന ത്രിവേണി, കൂട്ടുമുണ്ടുകൻ എന്നിവയാണ്നമ്മുടെ നാട്ടിലെ കർഷകർ ഉപയോഗിക്കുന്ന നെൽവിത്തുകൾ. കുഴൽപുഴു, ഇലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ, മുഞ്ഞ തുടങ്ങിയ കീടബാധയും പോളരോഗം, ബാസ്റ്റ് എന്നീ രോഗബാധയും നെൽകൃഷിയെ ബാധിക്കുന്നതായി കാണുന്നു.

ജലസേചന സൗകര്യക്കുറവും വയൽപ്പണിക്ക് തൊഴിലാളികളെ ലഭ്യമല്ലാത്തതും താങ്ങാനാവാത്ത കൃഷിച്ചെലവും പച്ചില വളഭൗർലഭ്യവും രാസവളത്തിന്റെ വിലവർധനയും ഉല്പന്നങ്ങളുടെ വിലയിടിവും നെൽകൃഷി രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്.

പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ രൂപീകരിക്കപ്പെട്ട നാല് പാടശേഖര സമിതികൾ പ്രവർത്തിച്ചു വരുന്നു. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. പട്ടിക 5,6 കാണുക.

പട്ടിക 5

നമ്പർ	പാടശേഖരത്തിന്റെ പേര്	രജി. നമ്പർ	അംഗങ്ങൾ	ഹെക്ടർ
1	കറുത്തപറമ്പ്	661/90	35	10
2	ആനയാംകുന്ന്	428/90	24	9
3	തേക്കുകുറ്റി	328/90	12	5
4	കക്കാട്	496/93	53	21

പട്ടിക 6 പാടശേഖരത്തിലെ വിളക്രമം

നമ്പർ	പാടശേഖരം	ഒന്നാം വിള	2ാം വിള	3ാം വിള
1	കക്കാട്	-	നെല്ല്	-
2	കറുത്തപറമ്പ്	നെല്ല്,വാഴ	നെല്ല്,വാഴ	-
3	ആനയാംകുന്ന്	വാഴ	നെല്ല്,വാഴ	പച്ചക്കറി

ഒന്നാംവിളക്കാലത്ത് വയലുകൾ വെള്ളപ്പൊക്കത്തിനടിയിൽപ്പെട്ടുപോകുന്നതിനാലും മൂന്നാംവിളയ്ക്കു വരൾച്ചകൊണ്ടും നെൽകൃഷി കാര്യമായി നടക്കുന്നില്ല. രണ്ടാം വിളവെടുപ്പ് കഴിഞ്ഞാൽ വയലുകളിൽ ഇടവിളയായി പയർ, കപ്പ, വാഴ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നു. പച്ചക്കറിക്കൃഷി വ്യാപനത്തിനു നമ്മുടെ പഞ്ചായത്തിൽ വൻ സാധ്യതകൾ ഉണ്ട്. ഇവ ഫലപ്രദമായി പ്രയോജനപ്പെടുത്തണം.

ഒരുകാലത്ത് നാമമാത്ര കൃഷിയായിരുന്നു കമുക് കൃഷി ഇന്നു പഞ്ചായത്തിലെ ഒരു മുഖ്യവിളയായി മാറിയിരിക്കുന്നു. അടക്കയ്ക്ക് ഉണ്ടായ വിലവർധനയും നല്ലയിനം കമുകിൻ തൈകളുടെ സുലഭതയും ഇതിനു കാരണമാവാം. കുരുമുളകു കൃഷിയെ വ്യാപകമായിബാധിച്ച ദ്രുതവാട്ടരോഗം കുരുമുളക് ഉദ്പാദനം ഗണ്യമായി കുറച്ചിരിക്കുന്നു. കുരുമുളക്കൃഷി ഇന്നു നാമമാത്രമാണ്. അടുത്തകാലം വരെ മുഖ്യകൃഷിയായിരുന്ന 'കറുത്ത പൊന്നിന്റെ' ഉദ്പാദനത്തിൽ വന്ന ഗണ്യമായ കുറവ് സഗൗരവം പരിശോധിക്കണം.പട്ടിക 7 കാണുക.

പട്ടിക 7 ഇടവിളകൾ (കൃഷിഭവൻ രേഖ)

നമ്പർ	വിള	വിസ്തീർണ്ണം(ഹെ)
1	പയർ	5
2	കപ്പ	15
3	പച്ചക്കറി	10
4	വാഴ	50
5	കുരുമുളക്	250
6	കമുക്	500
7	മറ്റ് ഇടവിളകൾ	25

നമ്മുടെ പഞ്ചായത്തിലെ മുഖ്യകൃഷി നാണ്യവിളയായ റബ്ബർ ആണ്. മൊത്തം വിസ്തൃതിയുടെ 43%ഭാഗത്തും റബ്ബർ കൃഷിചെയ്യുന്നു. റബ്ബറിനു മാർക്കറ്റിൽ കിട്ടുന്ന ഏറെക്കുറെ സ്ഥായിയായ ഉയർന്നവിലയും റബ്ബർ ബോർഡിന്റെ സാമ്പത്തിക സഹായവും ഇതിനു കാരണമാകാം. ഇണ്ടാമത്തെ മുഖ്യവിള തെങ്ങാണ്. കൂമ്പുചീയൽ, ജലസേചന സൗകര്യക്കുറവ് എന്നിവതെങ്ങിൻ കൃഷി നേരിടുന്ന ഭീഷണിയാണ്. നമ്മുടെ പഞ്ചായത്തിലെ ചിരസ്ഥായി വിള സമിതികൾ ഇവയാണ്. പട്ടിക 8 കാണുക.

പട്ടിക 8

നമ്പർ	പേര്	രജി.നമ്പർ	അംഗങ്ങൾ	ഉൾപ്പെട്ട പ്രദേശം
1	കേര വികസന സമിതി, കാരശ്ശേരി	615/94	525	പഞ്ചായത്ത് മുഴുവൻ
2	കുരുമുളക് വികസന സമിതി	231/94	292	പഞ്ചായത്ത് മുഴുവൻ
3	റബ്ബർ ഉല്പാദക സംഘം, വലിയപറമ്പ്	537.90	110	കക്കാട് വില്ലേജ് മുഴുവൻ
4	റബ്ബർ ഉല്പാദക സംഘം, മൈസൂർ മല		50	കുമാരനെല്ലൂർ വില്ലേജ്
5	റബ്ബർ ഉല്പാദക സംഘം, തേക്കുംകുറ്റി	330/88	55	കുമാരനെല്ലൂർ വില്ലേജ്

പച്ചക്കറി കൃഷി : പച്ചക്കറികൃഷി വികസിപ്പിക്കാനുള്ള വർധിച്ച സൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അനുകാലമായ കാലാവസ്ഥ, ഗുണമേന്മയേറിയ മണ്ണ്, വറ്റാത്ത നീരുറവഇവയെ പ്രയോജനപ്പെടുത്തി, പച്ചക്കറി വികസിപ്പിക്കാനാശ്യമായതു ചെയ്യണം. കഴുതച്ചക്ക,മാങ്ങ, വാഴപ്പഴം എന്നിവയുടെ ഉദ്പാദനവും വൻതോതിൽ സാധ്യതയുണ്ട്.

വളം

ആളുകളുടെ മുഖ്യതൊഴിൽ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളുമാണ് എങ്കിലും കാർഷിക ഉപകരണങ്ങളും കാർഷിക സാമഗ്രികളും ഇവടെ ലഭ്യമല്ല. ഒരു സഹകരണ വളം ഡിപ്പോ പോലും പഞ്ചായത്തിലില്ല. ഒരു സഹകരണ വളം ഡിപ്പോ സ്ഥാപിക്കുകയും എല്ലാ പ്രദേശത്തുകാർക്കും പ്രയോജനം കിട്ടത്തക്ക വിധം ശാഖകൾ തുറക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കണം. ജൈവവളത്തിന്റേറയും പച്ചില വളത്തിന്റേറയും ലഭ്യതക്കുറവുമൂലം രാസവളങ്ങളാണ് കൂടുതൽ ഉപയോഗിക്കുന്നത്. അശാസ്ത്രീയവും അമിതവുമായ രാസവളപ്രയോഗം കൃഷിച്ചെലവു വർധിക്കാനും പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കാനം കാരണമാകുന്നു. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം നടത്താൻ ആവശ്യമായ സംവിധാനം വേണം.

പഞ്ചായത്തിൽ കഴിഞ്ഞ മൂന്നു വർഷം നടത്തിയ വള വില്പന താഴെ പറയുംപ്രകാരമാണ്.

പട്ടിക 9 വളത്തിന്റെ ഉപയോഗം

വർഷം	നൈട്രജൻ (MT)	ഫോസ്ഫേറ്റ്(MT)	പൊട്ടാഷ്(MT)
1992-93	21.2	22.8	46.6
1993-94	26.5	28.5	58.5
1994-95	31.8	34.2	69.9

കീടനാശിനികൾ

നെല്ല്, പച്ചക്കറികൾ, റബ്ബർ എന്നിങ്ങനെ മിക്ക വിളകൾക്കും കീടനാശിനി ഉപയോഗിക്കുന്നുണ്ട്. ശാസ്ത്രീയമായി കീടനാശിനി പ്രയോഗിക്കുന്നതിനും ഉപയോഗിക്കുന്നതിനും കർഷകർക്കു പരിജ്ഞാനം നൽകണം.

കാർഷിക ഉപകരണങ്ങൾ : നമ്മുടെ പഞ്ചായത്തിൽ കാർഷിക രംഗത്തുള്ള യന്ത്രോപകരണങ്ങളുടെ എണ്ണം വളരെ പരിമിതമാണ്. ഏതാതനും റോക്ക് സ്പെയറുകൾ, നാപ്സ്റ്റിക് സ്പ്രെയറുകൾ എന്നിവയും 1 തെങ്ങുകയറ്റ യന്ത്രം, ഒരു മെതിയന്ത്രം എന്നിവയുമാണ് കാർഷിക യന്ത്രോപകരണങ്ങളായി നിലവിലുള്ളത്.

കൂലിനിരക്ക് : കാർഷിക മേഖലയിൽ പുരുഷനു 100 രൂപയും സ്ത്രീ തൊഴിലാളിക്ക് 70 രൂപയുമാണ് ശരാശരി ദിവസക്കൂലി. മുൻകാലങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട കൂലിനിരക്കുണ്ടായിട്ടും, കാർഷിക ജോലികളിൽ നൈപുണ്യമുള്ള തൊഴിലാളികളെ ലഭ്യമല്ലാത്ത അവസ്ഥയും നിലനിൽക്കുന്നു.

കാർഷിക വായ്പ

കാർഷിക വായ്പാ സൗകര്യം തീരെ കുറഞ്ഞ ഒരു പഞ്ചായത്താണ് നമ്മുടേത്. സൗത്ത് മലബാർഗ്രാമീൺ ബാങ്കിന്റെ ഒരു ശാഖ, കിഴക്കേ അറ്റത്ത് കിടക്കുന്ന മലയോര ഗ്രാമമായ മരഞ്ചാട്ടിയിൽ പ്രവർത്തിക്കുന്നു. ഈ ബാങ്കുമായി ബന്ധപ്പെടാനുള്ള വിഷമം മൂലം ഇതിന്റെ പ്രയോജനം ഭൂരിഭാഗം കർഷകർക്കും ലഭിക്കുന്നില്ല. 1996 ൽ നോർത്ത് കാരശ്ശേരി ജംഗ്ഷനിൽ പ്രവർത്തനമാരംഭിച്ച കാരശ്ശേരി - സഹകരണ ബാങ്കിന്റെ പ്രയോജനം കർഷകർക്കു വേണ്ടത്രലഭിച്ചു തുടങ്ങിയിട്ടില്ല. ബാങ്കുകൾ അനുവദിക്കുന്ന കാർഷിക വായ്പകൾ, മറ്റ് ആവശ്യങ്ങൾക്കാണ് പലപ്പോഴും കർഷകർ ചെലവഴിക്കുന്നത്.

ജലസേചനം

ജലസേചന സൗകര്യക്കുറവും മണ്ണൊലിപ്പും കർഷകർ അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നങ്ങളാണ്. പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് കർഷകർ കൃഷിയിറക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ്വരെ ലഭിക്കുന്ന കാലവർഷവും സപ്തംബർ മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന തുലാവർഷവുംമൂലം വർഷത്തിൽ ശരാശരി 201 സെ. മി. മഴ ഇവിടെ കിട്ടുന്നു.

പഞ്ചായത്തിൽ പണിപൂർത്തിയായതോ നടന്നു

Note: 201 cmമഴ എന്നത് ജില്ലാശരാശരി മഴയാണ്. മലയോരമായ നമ്മുടെ പഞ്ചായത്തിൽ സംസ്ഥാന ശരാശരിയായ 300 cmൽ കൂടുതൽ മഴപെയ്യുന്നു.

പട്ടിക 10

നമ്പർ	പ്രവർത്തിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് വിസ്തീർണ്ണം
1	തവനൂർ തോടിനു കുറുകെ ഒരു V.C.Bനിർമ്മിക്കൽ	28.2.90	30.3.91	15,000/	13.50
2.	ആനാംപറ്റയിൽ ഒരു VCB നിർമ്മാണം	6.5.93	31.8.94	2,00,000/-	20.03
3	മൈസൂർ മലയിൽ മറിയം കുഴിയിൽ ടാങ്ക് നിർമ്മാണം	18.3.94	75.94	1,80,000/-	17.60
		16.3.96	- 2,00,000/-	-	

കൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ പട്ടിക 10 കാണുക.

തോടുകളും കുളങ്ങളും

പഞ്ചായത്തിലെ മുഴുവൻ തോടുകളും നീർച്ചാലുകളും ഇരുവഞ്ഞിപ്പുഴയിലോ, ചെറുപുഴയിലോ ആണ് ചെന്നുപതിക്കുന്നത്. കാലവർഷത്തിൽ നിറഞ്ഞൊഴുകുന്ന തോടുകളും നീർച്ചാലുകളും മഴ അവസാനിക്കുന്നതോടെ വരണ്ടുണങ്ങുകയായി. എങ്കിലും വികസന സാധ്യതയുള്ള, ആണ്ടുമുഴുവൻ വെള്ളം ചുരത്തുന്ന ചില നീരുറവകൾ മൈസൂർ മലയിലും, ചിലഭാഗങ്ങളിലും ഉണ്ട്. അവയുടെ വികസന സാധ്യത പരിശോധിക്കണം.

പ്രധാന ജലാശയങ്ങളുടെ വിവരം പട്ടിക - 11,12 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 11 ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

നമ്പർ	ആസ്തികൾ	കി.മി.	എണ്ണം
1	ഇരുവഞ്ഞിപ്പുഴ	5.4	
2	ചെറുപുഴ	8.5	
3	തോട്/അരുവി	115	
4	കുളം		75
5	ജലസംഭരണം		
6	VCBതവനൂർ തോട് & ആനാംപറ്റ	2	

പട്ടിക 12 കുളം

നമ്പർ	കുളത്തിന്റെ പേര്	വാർഡ്
1	സർക്കാർ പറമ്പ് കുളം	10
2	ഒറുങ്കുണ്ട് കുളം	9
3	വല്ലത്തായ് ഹരിജൻ കോളനി കുളം	4
4	കപ്പാല് വയലിലെ കുളം	4
5	മൈസൂർ മല ഗിരിജൻ കോളനി	11
6	കോളത്തുവയൽ കുളം	7

മണ്ണ് ജല സംരക്ഷണം

മണ്ണു സംരക്ഷണവകുപ്പിന്റെ കീഴിൽ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ നടന്നിട്ടില്ല. മൈസൂർമല, കൊളക്കാടൻ മല, കരിമ്പ് ഭാഗത്ത് രൂക്ഷമായ തോതിലും മറ്റിടങ്ങളിൽ സാമാന്യമായും മണ്ണൊലിപ്പുണ്ട്. വരമ്പിടും കയ്യാല കെട്ടിയും മേൽമണ്ണ് സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ജനങ്ങളെ ബോധവത്ക്കരിക്കണം.

നമ്മുടെ പഞ്ചായത്തിൽ കുമാരനെല്ലൂർ വില്ലേജിൽ ചുണ്ടത്തുതം പൊയിൽ ഭാഗത്ത് റവന്യൂം സെറ്റിൽമെൻറ് രേഖയനുസരിച്ച് അൺസർവ്വേയിൽപ്പെട്ട 880.95 ഏക്കർ നിക്ഷിപ്ത വനഭൂമിയുണ്ട്. വ്യാപകമായ വനം കൈയേറ്റത്തിൽ വനഭൂമിയുടെ വിസ്തൃതി പത്തിലൊന്നായി ചുരുങ്ങിയിരിക്കുന്നു. ഇന്ന് നൂറ് ഏക്കറയോളംവനമേ പഞ്ചായത്തിലുള്ളൂ. ഇരുൾ, മരുത്, തേക്ക് തുടങ്ങി വൃക്ഷങ്ങളാണ് ഈ വനത്തിൽ കാണുന്നത്. വർധിച്ചതോതിലുള്ള വനം കൊള്ളയാൽ പ്രസ്തുത വനം, വനഭൂമിയായി മാത്രമായി മാറിയിരിക്കുന്നു. ഒരു പ്രദേശത്തിന്റെ കാലാവസ്ഥയേയും ജല ലഭ്യതയേയും സ്വാധീനിക്കുന്നതിൽ വനത്തിനു നിർണ്ണായകമായ പങ്കാണുള്ളത്. താമരശ്ശേരി ഫോറസ്റ്റ് റെയിൻജിൽ പെട്ട നമ്മുടെ പഞ്ചായത്തിലെ ഈ വനം സംരക്ഷിക്കേണ്ടതുണ്ട്.

നഴ്സറികൾ: സ്വകാര്യവ്യക്തികളുടെ ഒന്നോ രണ്ടോ നഴ്സറികളും വല്ലപ്പോഴും കൃഷിഭവൻ വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളുമാണ് കർഷകരുടെ ഏകാശ്രയം. പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ നഴ്സറികൾ തുടങ്ങി ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ യഥാസമയം ജനങ്ങൾക്കുകിട്ടാൻ വേണ്ട സംവിധാനമൊരുക്കണം.

കൃഷിഭവൻ : പരിമിതമായ പ്രദേശങ്ങളിലേ കൃഷിഭവന്റെ പ്രവർത്തനങ്ങൾ കിട്ടുന്നുള്ളൂ. കൃഷിഭവന്റെ പ്രവർത്തനം ഭൂരിഭാഗം പ്രദേശങ്ങളിലേക്കും കിട്ടത്തക്ക

വിധത്തിൽ സംവിധാനം കാണണം.

പ്രശ്നങ്ങൾ

1 ഒന്നാം വിളക്കാലത്ത് വയലുകൾ വെള്ളപ്പൊക്കത്തിനടിയിൽപ്പെട്ടുപോകുന്നതിനാലും മൂന്നാംവിള വരൾച്ചകൊണ്ടും നെൽകൃഷി കാര്യമായി നടക്കുന്നില്ല.

2. കുത്തനെയുള്ള ചെറിവുകളിലെ രൂക്ഷമായ മണ്ണൊലിപ്പ്

3. അശാസ്ത്രീയമായ മണൽ വാരൽമൂലം ജലവിതാനം താഴുന്നു. ഇത് ജലാശങ്ങളിലെ ജലനിരപ്പ്താഴാൻ കാരണമാകുന്നു.

4. നീർവാർച്ചാ സൗകര്യങ്ങളുടെ അപര്യാപ്തത

5 മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളം ചേർക്കുന്നതിനു സംവിധാനമില്ല.

6. നെൽവയലുകൾ മണ്ണിട്ടു നികത്തി നാണ്യവിളകൾക്കോ കെട്ടിട നിർമ്മാണത്തിനോ ഉപയോഗിക്കുന്നു.

7. കാർഷിക വിളകൾക്കു രോഗ, കീടബാധ വരുന്നു. ഇവയ്ക്കു ഫലപ്രദമായ പ്രതിവിധി ഇല്ല.

8. കാർഷിക ഉല്പന്നങ്ങൾക്കു വിപണനം, സംസ്കരണം, സംഭരണം സൗകര്യമില്ല.

9 ജൈവ വള ലഭ്യതക്കുറവ്

10. കാർഷിക മേഖലയിലേക്കുള്ള ഗതാഗത സൗകര്യക്കുറവ്.

11. കാർഷിക പദ്ധതികൾക്കു വൈദ്യുതി സൗകര്യം ഇല്ല.

12. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കിട്ടുന്നില്ല.

13. ശാസ്ത്രീയ കൃഷി രീതികളിലുള്ള അറിവില്ലായ്മയും വിമുഖതയും

14. കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ്

15. ഉയർന്ന കൂലി നിരക്കും കാർഷിക സാമഗ്രികളുടെ ഉയർന്ന വിലയും.

16. പുഴ, തോട് ഇവയുടെ ഓരങ്ങൾ ഇടിഞ്ഞ് നാശനഷ്ടങ്ങൾ വരുന്നു.

17. കൃഷിഭവൻ പ്രവർത്തനങ്ങൾ ഫലപ്രദമല്ല.

18. കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നു.

19. മൈസൂർ മലയിലെ ഭൂമിയുടെ ഉടമാവകാശം (പട്ടയം) ഇല്ലായ്മ.

20. കാർഷിക വിളകൾക്കുണ്ടാകുന്ന വിവിധ തരത്തിലുള്ള നാശനഷ്ടങ്ങൾ സഹായം ധനം വഴി നികത്തിക്കൊടുക്കുന്നില്ല.

21. കാർഷിക ഉപകരണങ്ങളുടെ ലഭ്യതക്കുറവ്.

22. കൂലി നിരക്കിലെ അശാസ്ത്രീയത.

23. വളം, കീടനാശിനി ഡിപ്പോകൾ ഇല്ല.

24. കാർഷിക വികസന സമിതികളുടെ പ്രവർത്തനം ഫലപ്രദമല്ല.

25. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ കിട്ടുന്നതിലുള്ള സാങ്കേതിക തടസ്സങ്ങൾ.

26. നീർത്തട വികസന പദ്ധതികൾ നടപ്പിലാക്കാത്തത്.

സാധ്യതകൾ

1 ലിഫ്റ്റ് ഇറിഗേഷൻ: ഇരുവഞ്ഞിപ്പുഴയിൽ ഒന്നാം വാർഡിലെ കുന്നത്തുപാലി, 8-ാം വാർഡിലെ നീരിലാക്കൽ കടവ്, 10-ാം വാർഡിലെ കോട്ടമുഴി, 9-ാം വാർഡിലെ ചീപ്പാൻ കുഴി എന്നിവിടങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം ഏർപ്പെടുത്തിയാൽ സമീപ പ്രദേശത്തുള്ള പറമ്പും നിലവും ജലസേചനയോഗ്യമാക്കാൻ പറ്റും.

2. തടണകൾ: ഇരുവഞ്ഞിപ്പുഴയിലും ചെറുപുഴയിലും തടയണകൾ നിർമ്മിച്ചാൽ ജലസേചന സൗകര്യം ലഭിക്കും.

രണ്ടാം വാർഡിലെ പെരിങ്ങംപുറത്ത് പാലക്കുളം, ആലഞ്ചേരി എന്നിവിടങ്ങളിലെ പ്രകൃതി ദത്ത ഉറവകൾക്കും 7-ാം വാർഡിലെ മുണ്ടയിൽ തോട്, പട്ടർചോല, 8-ാം വാർഡിലെ കൂടാം പൊയിൽ, ഓത്തെരു എന്നിവിടങ്ങളിലെ തോടുകൾക്കും തടയണകൾ നിർമ്മിച്ചാൽ ജലസേചനസൗകര്യം ലഭിക്കും.

3. കുളങ്ങൾ:- 3-ാം വാർഡിലെ കൽപ്പൂരിലെ രണ്ട് കുളങ്ങളും 4-ാം വാർഡിലെ വല്ലത്തായ്പാറ, തേക്കുംകുറ്റി എന്നിവിടങ്ങളിലെ നിലവിലുള്ള പൊതുകുളങ്ങളും 11-ാം വാർഡിലെ എളമ്പിലാശ്ശേരി, 6-ാം വാർഡിലെ ഓമച്ചാൽ, 8-ാം വാർഡിലെ കൂടാംപൊയിൽ, കൈതപ്പൊയിൽ (കോരൻകുണ്ട്) 10-ാം വാർഡിലെ സർക്കാർ പറമ്പ് കുളം എന്നീ കുളങ്ങൾ വികസിപ്പിച്ച് പമ്പ് സെറ്റുകളും ടാങ്കുകളും സ്ഥാപിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്താം.

4 10-ാം വാർഡിലെ തോണ്ടയിലും 4-ാം വാർഡിലെ കപ്പാലയിലും, 11-ാം വാർഡിലെ ചണ്ണങ്ങൽപൊയിലിലും പുതിയ കുളങ്ങൾ നിർമ്മിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ കഴിയും.

5. 7-ാം വാർഡിലെ കൊളമുണ്ടായി ,ആനയാമ്പറ്റ വയലിൽ പ്രവൃത്തി നിർത്തിവെച്ച ഒമെനർ ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കുക.

6. 9-ാം വാർഡിൽ എള്ളങ്ങൽ നിലവിലുള്ള ജലസേചന ടാങ്ക് ഉപയോഗക്ഷമമാക്കണം.

നിർദ്ദേശങ്ങൾ

7. ഏഴാം വാർഡിലെ ചെറുകുളം വയൽ, 3-ാം വാർഡിലെ കൽപൂർ വയൽ എന്നിവിടങ്ങളിൽ തോടുകൾ നിർമ്മിച്ച് നീർവാർച്ചാ സൗകര്യം ലഭ്യമാക്കുക.
8. 8-ാം വാർഡിലെ അല്ലിപ്പാടം വയലിന്റെ ഓരം, 4-ാം വാർഡിലെ പീച്ചാൻപൊയിൽ പുത്തൻപുര വയലിന്റെ ഓരം, 10-ാം വാർഡിലെ കക്കാടൻ പാടശേഖരത്തിന്റെ ഓരം ഇവിടങ്ങളിൽ തോടുകളിലെ സൈഡുകെട്ടി വയലിന്റെ സംരക്ഷണം ഉറപ്പുവരുത്തുക. ഇടിഞ്ഞ് തകരുന്ന പുഴയോരങ്ങൾ കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുക. കൽപ്പൂർ വയലിന്റെ ഓരം ഭിത്തി കെട്ടി സംരക്ഷിക്കുക.
9. കയ്യാലകൾ, വരമ്പുകൾ, നീർകുഴികൾ എന്നിവ നിർമ്മിച്ച് മണ്ണൊലിപ്പ് തടയാൻ കഴിയും.
10. ഔഷധ സസ്യങ്ങൾ, കൂൺ കൃഷി, പൂപ്പുകൃഷി, സെറികൾച്ചർ, എന്നിവ ഇടവിളയായി കൃഷിചെയ്യാൻ സാധ്യതകളുണ്ട്.
11. മഞ്ഞൾ, ഇഞ്ചി, കച്ചോലം, വാനില, ഗ്രാമ്പു, ജാതി, കറുവപ്പട്ട, ഏലം, വെറ്റില, പഴവർഗ്ഗങ്ങൾ എന്നിവയും ഇടവിളകളായി വികസിപ്പിക്കുന്നതിനു വൻസാധ്യതകളുണ്ട്.
12. ചെറുകിഴങ്ങ്, ചേന, ചേമ്പ്, ചക്കരച്ചീനി, കൂർക്കൽ തുടങ്ങിയവയുടെ വികസനത്തിനു സാധ്യതയുണ്ട്.
13. പുറമ്പോക്കു ഭൂമികളും മിച്ചഭൂമികളും കൃഷിയോഗ്യമായ തരിശ് ഭൂമികളും കൃഷിക്കുപയോഗപ്പെടുത്തുക.
14. കാട്ടുമൃഗങ്ങളുടെ കൃഷി നശീകരണം തടയാൻ സൗരോർജ വേലികൾ നിർമ്മിക്കുക.
15. പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ കീടനാശിനി, വള ഡിപ്പോകൾ ആരംഭിച്ച് വിതരണം ഉറപ്പുവരുത്തുക.
16. നീർത്തട വികസന പദ്ധതികൾ നടപ്പിലാക്കി ജലസേചനസൗകര്യം മെച്ചപ്പെടുത്തത്താം.

നിർദ്ദേശങ്ങൾ

1. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം വിപണനം എന്നിവയ്ക്കു വേണ്ടി ഒരു സഹകരണ മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിക്കുക.
2. ഗ്രൂപ്പ്ഫാമിംഗ് സമ്പ്രദായം ഫലപ്രദമാക്കി നിലവിലുള്ള വയലും നെൽകൃഷിയും നിലനിർത്തുക.
3. ഗ്രൂപ്പടിസ്ഥാനത്തിൽ പച്ചക്കറികൃഷി വികസിപ്പിക്കുക.
4. പച്ചില വളച്ചെടികളുടെ കൃഷിയും ജൈവാണു വള പ്രയോഗത്തിനും കമ്പോസ്റ്റുകുഴി നിർമ്മിക്കുന്നതിനും പ്രോത്സാഹനം നൽകുക.
5. കാർഷിക മേഖലയിലേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തുക
6. കൃഷിഭവൻ പ്രവർത്തനത്തിനു ജനകീയ പങ്കാളിത്തവും ആവശ്യമായ സൗകര്യങ്ങളും ലഭ്യമാക്കുക.
7. ഗുണമേന്മയുള്ള നഴീൽ വസ്തുക്കൾ കാലാകാലങ്ങളിൽ ലഭ്യമാക്കുന്നതിനു നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തണം.
8. മൈസൂർ മലയിലെ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച പ്രശ്നങ്ങൾക്കു പരിഹാരം കാണുക.
9. മണ്ണ് പരിശോധിച്ച് വളം ചേർക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം.
10. ശാസ്ത്രീയമായ കൃഷിരീതികളിൽ കർഷകർക്ക് അവബോധം നൽകാൻ സ്ഥിരമായ സംവിധാനം ഏർപ്പെടുത്തുക.
11. കാർഷിക ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
12. നെൽ വയലുകൾ മറ്റുകൃഷികൾക്കും കെട്ടിടങ്ങൾ പണിയുന്നതിനും ഉപയോഗിക്കുന്നത് കർശനമായി തടയുക.
13. കാർഷിക പദ്ധതികൾക്കുള്ള വൈദ്യുതി കണക്ഷനു പ്രഥമ പരിഗണന നൽകുക.
14. കാർഷിക വിളകൾക്കുള്ള നാശനഷ്ടങ്ങൾക്കു പൂർണ്ണപ്രതിഫലം ഉറപ്പുവരുത്തുക. ഇതിനായി സർക്കാർ ചെലവിൽ കാർഷിക വിള ഇൻഷൂറൻസ് സംരക്ഷണം ഉറപ്പാക്കുക.
15. പഞ്ചായത്തിന്റെ മുഴുവൻ ഭാഗത്തേക്കും കൃഷിഭവന്റെ പ്രയോജനം കിട്ടത്തക്കവിധം ഒരു സംവിധാനം കണ്ടെത്തുക.
16. യുവാക്കളെ കാർഷിക മേഖലയിൽ ഉറപ്പിച്ചു നിർത്തുന്നതിനു അവരെ ഗ്രൂപ്പടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ആവശ്യമായ പ്രോത്സാഹനവും സഹായവും നൽകുക.
17. നെൽകൃഷിയുടെ സബ്സിഡി വർദ്ധിപ്പിക്കുക.
18. വിവിധ കാർഷിക വികസന സമിതികളുടെ പ്രവർത്തനം ഏകീകരിച്ച് ഫലപ്രദമാക്കുക.
19. കാർഷിക വായ്പക്കുള്ള പലിശ നിരക്കു വെട്ടിക്കുറക്കുകയും വായ്പാ വ്യവസ്ഥകൾ ഉദാരമാക്കുകയും ചെയ്യുക.

കാർഷികരംഗം നാടിന്റെ നട്ടെല്ലാണ്. ഈ രംഗത്തെ പുരോഗതി നാടിനെ ഐശ്വര്യത്തിലേക്കു നയിക്കും. ഇല്ലവും വല്ലവും നിറഞ്ഞ, ഐശ്വര്യ സമൃദ്ധമായ ഒരു കാലം സമീപഭാവിയിൽ തന്നെനമുക്ക് കരഗതമാകുമെന്നു പ്രത്യാശിക്കുന്നു.

കാരശ്ശേരി പഞ്ചായത്ത്



5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണം

കുന്നും ചെരിവും സമതലങ്ങളും നിറഞ്ഞ നമ്മുടെ പഞ്ചായത്ത് കന്നുകാലി പരിപാലനത്തിനു അനുയോജ്യമാണ്. കാർഷിക വൃത്തിക്കാവശ്യമായ ജൈവവളവും ഭക്ഷ്യാവശ്യത്തിനു വേണ്ടപാലും പാലുല്പന്നങ്ങളും നല്കിപ്പോന്നതു കറവമാടുകളായിരുന്നു. വീടിനു മുമ്പിലെതൊഴുത്തും കറവപ്പശുവും ഐശ്വര്യത്തിന്റെ പ്രതീകമായി കരുതിപ്പോന്നു. ഇന്ദ്രന്റെ വളർത്തുമൃഗമാണല്ലോ നന്ദിനി. പശുവിന് ദിവ്യതയുടെ പരിവേഷം പോലും നല്കിപ്പോന്നു.

മുൻകാലങ്ങളിൽ തികച്ചും അശാസ്ത്രീയമായ പരിപാലനരീതികളാണ് അവലംബിച്ചിരുന്നുത്.നാടൻ കന്നുകാലികളെ മലമ്പ്രദേശങ്ങളിൽ കഴുത്തിൽ മണികെട്ടി തുറന്നു വിട്ടുപോന്നു. മാസങ്ങളോളം മേഞ്ഞുനടക്കുന്ന മാടുകളെ പ്രസവാനന്തരം ഉടമസ്ഥർ വീട്ടിലേക്കു പിടിച്ചുകൊണ്ടുവരികപതിവായിരുന്നു. കാലികളെ ഈ മേച്ചിലിനിടയിൽ പുലി തുടങ്ങിയ വന്യമൃഗങ്ങൾ അക്രമിക്കുന്നതും പതിവായിരുന്നു. കാലകൾക്കു ചികിത്സാ സൗകര്യ കുറവായ ആ കാലഘട്ടത്തിൽ രോഗങ്ങളും കുറവായിരുന്നു.

1945കളിൽ കേരളത്തിലെ തെക്കൻ ജില്ലകളിൽ നിന്നും ഈ പഞ്ചായത്തിന്റെ മലമ്പ്രദേശങ്ങളിലേക്കു വൻകുടിയേറ്റമുണ്ടായി. തത്ഫലമായി ഭൂമി റബ്ബർതോട്ടങ്ങളായി മാറി, കാലികൾക്കു മേച്ചിൽസ്ഥലങ്ങൾ ചുരുങ്ങി. അതോടെ കാലികളെ കെട്ടിയിട്ടുവളർത്താൻ തുടങ്ങി. കുടിയേറ്റക്കാർ തെക്കൻ ജില്ലകളിൽ നിന്നും മെച്ചപ്പെട്ട ഇനം കറവമാടുകളെ സ്വന്താവശ്യത്തിനായി ഇറക്കുമിത ചെയ്തു. കാലക്രമത്തിൽ മെച്ചപ്പെട്ടഇനം പശുക്കളെ നാട്ടുകാരായ കർഷകരും വളർത്തിതുടങ്ങി.

ഈ കാലയളവിൽ സർക്കാറിന്റെ പ്രജജന നയം രൂപം കൊണ്ടു. പഞ്ചായത്തിൽ സുലഭമായ പച്ചപ്പുല്ലിന്റെ ലഭ്യത പ്രയോജനപ്പെടത്തി കൂടുതൽ കർഷകർ കാലിവളർത്തലിലേക്കു ആകർഷിക്കപ്പെട്ടു. തുടർന്നു 1962ൽ അയൽ പഞ്ചായത്തിലെ മുക്കത്ത് ഒരു ക്ഷീര വ്യവസായ സഹകരണ സംഘം രൂപം കൊള്ളുകയും അവർ നമ്മുടെ പഞ്ചായത്തിന്റെ പലഭാഗങ്ങളിൽനിന്നും പാൽ സംഭരിക്കുകയും ചെയ്തു.

ഇന്നു പഞ്ചായത്തിൽ പാൽ സംഭരിക്കുന്നത് പ്രധാ

പട്ടിക - 1

നമ്പർ	സംഭരണ കേന്ദ്രം	ശേഖരിക്കുന്ന ശരാശരി പാൽ	ഉല്പാദക അംഗങ്ങൾ	സ്ഥാപിത വർഷം
1.	ക്ഷീരോല്പാദക സഹകരണ സംഘം, തേക്കുംകുറ്റി	263ലി	85	1981
2	കാരശ്ശേരി ക്ഷീരോല്പാദക സഹകരണ സംഘം കറുത്തപറമ്പ്	100ലി		1990
3	ക്ഷീരവ്യവസായ സഹകരണ സംഘം മുക്കം	200ലി		1962
4	മരഞ്ചാട്ടി പാൽ സംഭരണ സൊസൈറ്റി, മരഞ്ചാട്ടി	50ലി		1980
	ആകെ	613ലി		

നമായി 4 ഏജൻസികളാണ്. പട്ടിക. 1 കാണുക.

1991 ജനുവരിയിൽ നമ്മുടെ പഞ്ചായത്തിലെ തേക്കുംകുറ്റിയിൽ ഒരു ക്ഷീരോല്പാദിക സഹകരണ സംഘം രൂപം കൊണ്ടു. ആരംഭകാലത്ത് ദിനംപ്രതി ശരാശരി 100ലിറ്റർ പാൽഅവിടെ സംഭരിച്ചിരുന്നു. ഇപ്പോൾ ദിനം പ്രതി ശരാശരി 263 ലിറ്റർ പാലാണ് സംഭരിക്കുന്നത്. 1990 ജൂലായിൽ കറുത്തപറമ്പിൽ ആനന്ദ് മാതൃകാ ക്ഷീരോല്പാദക സഹകരണ സംഘം രൂപം കൊണ്ടു. ആരംഭത്തിൽ ദിനംപ്രതി ശരാശരി 500 ലിറ്റർ വരെ പാൽ സംഭരിച്ചിരുന്നിടത്ത് ശരാശരി 100 ലിറ്റർ പാലാണ് ഇന്നവിടെ സംഭരിക്കുന്നത്. നെല്ലിക്കാപറമ്പ്, വലിയപറമ്പ് പ്രദേശങ്ങളിൽനിന്നും മുക്കം ക്ഷീരവ്യവസായ സഹകരണ സംഘം ഇപ്പോഴും പാൽ സംഭരിക്കുകയും വില്പന നടത്തുകയും ചെയ്തു വരുന്നു. പഞ്ചായത്തിലെ പാലുപ്പാദനത്തിൽ വന്ന ഭീമമായ പിറകോട്ടടി ഗൗരവ പൂർവ്വം പരിഗണിക്കേണ്ടതാണ്. കാലിവളർത്തൽ ഉപജീവന മാർഗ്ഗമായി സ്വീകരിച്ച അനേകം കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. കാലിത്തീറ്റയുടെ വില വർധനയും കൃഷിഭൂമിയുടെ തുണ്ടുവല്ക്കരണവും കാലിരോഗ ബാധയും കാലിവളർത്തൽ ദുഷ്കരമാക്കി.

കാർഷികാവശ്യത്തിനു ഉഴവുകാളകളെ വളർത്തിയിരുന്നത് ഒരു കെട്ടുകഥയായി. നമ്മുടെ പഞ്ചായത്തിൽ വിരലിലെണ്ണാവുന്ന ഉഴവുകാളകളെ ഇന്നുള്ളൂ. കാർഷിക രംഗത്ത് യന്ത്രംവൽക്കരണം വന്നതും നെൽവയലുകൾ അനുദിനം ചുരുങ്ങിവരുന്നതും ഉഴവുകാളകളെ കൈയോഴിയാൻ പ്രേരകമായി. ഏതാനും വർഷങ്ങൾക്കു മുമ്പുവരെ നമ്മുടെ പഞ്ചായത്തിലെ കറുത്തപറമ്പിൽ 'കാളപൂട്ടു' മത്സരം നടന്നിരുന്നു. മികച്ചകാളകളേയും കന്നുകാലികർഷകനേയും കണ്ടെത്താനായി നടത്തിയ ആ മത്സരം അനേകം ആളുകളെ ആകർഷിച്ചിരുന്നു. ഒരു ഗതകാല സ്മരണയായി അത് മനസ്സിൽ തങ്ങി നിൽക്കും. ഇന്നു നമ്മുടെ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ ഇവയാണ്. (പട്ടിക2)

പട്ടിക -2

വളർത്തു മൃഗങ്ങളും പക്ഷികളും

ഇനം	എണ്ണം
പശു	4040
എരുമ	160
ആട്	2311
പന്നി	123
കോഴി	27,566
താറാവ്	395

പഞ്ചായത്തിലെ ഏക മൃഗാശുപത്രി തേക്കുംകുറ്റിയിലെ ക്ഷീരോല്പാദക സഹകരണ സംഘംവക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ 1,2,3,8,9,10,11 വാർഡുകൾക്കു ഈ മൃഗാസ്പത്രിയുടെ സേവനം ലഭിക്കുന്നില്ല. ഈ മൃഗാസ്പത്രി എല്ലാ വാർഡുകാർക്കും പ്രയോജനപ്പെടുന്ന സ്ഥലത്ത് സ്വന്തമായ കെട്ടിടം പണിയുകയും അതു വൈദ്യുതീകരിച്ച് ലാബറട്ടറി സൗകര്യം ഏർപ്പെടുത്തുകയും ചെയ്യേണ്ടത് അടിയന്തിര പ്രാധാന്യമർഹിക്കുന്നു.

1992 സപ്തംബറിൽ ഒരു കൃത്രിമ ബീജദാന കേന്ദ്രം കറുത്തപറമ്പിൽ തുറന്നുവെങ്കിലും ഇടക്കാലത്ത് ലൈവ് സ്റ്റോക്കു ഇൻസ്പക്ടറുടെ അഭാവം മൂലം പ്രവർത്തനരഹിതമായി. കുളമ്പുരോഗം, അകിടവീക്കം, ഉദര രോഗം എന്നിവ നമ്മുടെ പഞ്ചായത്തിലെ കാലികളിൽ കണ്ടുവരുന്ന പ്രധാന രോഗങ്ങളാണ്.

ശാസ്ത്രീയമായ കന്നുകാലി പരിപാലനത്തിൽ കർഷകർക്കു പരിശീലനം നല്കണം. രോഗപ്രതോരോധ മാർഗങ്ങൾ, ശുചിത്വപാലനം എന്നിവയിൽ അവബോധം സൃഷ്ടിച്ചെടുക്കണം.

നമ്മുടെ പഞ്ചായത്തിൽ ഇന്ന് 18 ബയോഗ്യാസ് പ്ലാൻറുകൾ ഉണ്ട്. പട്ടിക 3 കാണുക.

പട്ടിക -3

ബയോഗ്യാസ് പ്ലാൻറ്

സ്ഥാപിച്ച വർഷം	മോഡൽ(പേര്)	$3m^3$	ഇനം $4m^3$	$6m^3$	എണ്ണം
1983-84	ജനതാ മോഡൽ	2	2	-	4
1984-85	"	1	-	1	2
1985-86	"	-	3	-	3
1986-87	"	1	2	-	3
1987-88	ദീനബന്ധു	2	-	-	2
1989-90	"	1	-	-	1
1990-90	"	3	-	-	3
	ആകെ	10	7	1	18

തേനീച്ച വളർത്തൽ

ഭൂരിഭാഗം ഭൂപ്രദേശത്തും വ്യാപിച്ചു കിടക്കുന്ന റബ്ബർ തോട്ടങ്ങളും ഇതര തോട്ടങ്ങളും നമ്മുടെ പഞ്ചായത്തിനു തേനീച്ച വളർത്തലിനു യോജ്യമാക്കിത്തീർക്കുന്നു. 1960 കളിൽ ആരംഭിച്ച തേനീച്ചവളർത്തൽ 1970-'75ൽ ഒരു വൻ തൊഴിലായി വളർന്നു. ഏറെപ്പേർ ഈ രംഗത്തേക്കു ആകർഷിക്കപ്പെട്ടുയ 1990 കളുടെ ആദ്യത്തിൽ കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ തേനുൽപാദിപ്പിച്ചിരുന്നത് കാരശ്ശേരി പഞ്ചായത്തായിരുന്നു. 1991ൽ തേനീച്ചകൾക്കു വ്യാപകമായി രോഗബാധവന്നു. ഈച്ചകൾ കൂട്ടത്തോടെ ചത്തൊടുങ്ങി. 1996 ആയപ്പോഴേക്കുംരോഗം ഭേദപ്പെട്ടുവരുന്നുണ്ട്. ഇപ്പോൾ ഒഴിഞ്ഞ കൂടുകളുമായി കർഷകർ മെച്ചപ്പെട്ട ഈച്ചകൾക്കായി കാത്തിരിക്കുകയാണ്.

ആട്, കോഴി, താറാവ്

നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ആളുകളും നാമമാത്രഭൂമി കൈവശമുള്ളവരാണ്. ഇവർക്കു പശു, എരുമ, കാള എന്നിവ വളർത്തുന്നത് ദുഷ്കരമാണ്. ഇത്തരക്കാർക്കുപോലും പാലിനും ജൈവ വളർത്തലിനുമായി സ്വീകരിക്കാവുന്ന തൊഴിലാണ് ആടുവളർത്തൽ. നമ്മുടെ പഞ്ചായത്തിലെ ആടുവളർത്തലിനുള്ള വ്യാപകമായ സൗകര്യം ക്രിയാത്മകമായി പ്രയോജനപ്പെടുത്തേണ്ടതാണ്.

അടുത്തകാലത്തായി ഏറെപ്പേർ കോഴിവളർത്തു കേന്ദ്രങ്ങൾ ഉണ്ട്. വ്യാപകമായിവരുന്ന കോഴിവസന്തയും ഇതരരോഗങ്ങളും കർഷകരെ ഇതിൽ നിന്നും പിന്മാറ്റത്തിനു പ്രേരിപ്പിക്കുന്നുണ്ട്. രോഗപ്രതിരോഗമാർഗ്ഗങ്ങൾ വ്യാപകമാക്കി; ഈ പ്രശ്നം ഫലപ്രദമായി നേരിടേണ്ടതാണ്.

താറാവ്വളർത്തലിനു ഏറെ സാധ്യതയുണ്ട്. ശാസ്ത്രീയമായ ധാരണ താറാവ് വളർത്തൽ സംബന്ധിച്ച് ജനങ്ങളിലുണ്ടാക്കിയെടുക്കണം. മുയൽ, കാട തുടങ്ങിയവയും പരീക്ഷിക്കപ്പെടണം.

കന്നുകാലി പരിപാലനവുമായി ബന്ധപ്പെട്ട് 11 ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങൾ, സാധ്യതകൾ, നിർദ്ദേശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നവയാണ്.

പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലവർധയും ഗുണമേൻമയുള്ള കാലിത്തീറ്റയുടെ ലഭ്യതക്കുറവും.
2. മെച്ചപ്പെട്ട ആടുമാടുകന്നുകളെ കിട്ടാനില്ല.
3. മൃഗാസ്പത്രിയുടെ സേവനം ഭൂരിഭാഗം വാർഡുകളിലും കിട്ടുന്നില്ല.
4. മൃഗാസ്പത്രിയിൽ സ്ഥിരമായി ഡോക്ടറുടെ സേവനം കിട്ടുന്നില്ല. ആസ്പത്രിയിൽ വാഹനസൗകര്യ ഇല്ല.

5. ശാസ്ത്രീയമായ കന്നുകാലി പരിപാലന രീതികളെ കുറിച്ച് അജ്ഞത

6. കാലവളർത്തലിനു താല്പര്യമുള്ളവർക്കു ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പകിട്ടുന്നതിലുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ.

7. ശാസ്ത്രീയമായ അറവുശാലയുടെ അഭാവം

8. അലഞ്ഞു നടക്കുന്ന നായ്ക്കൾ

സാധ്യതകൾ

1. വാർഡുതലത്തിൽ മൃഗസംരക്ഷണ സമിതി രൂപീകരിക്കുക. പഞ്ചായത്തുതലത്തിൽ കോ- ഓഡിനേഷൻ കമ്മിറ്റി രൂപികരിക്കുക. ഈ സമിതിയുടെ പ്രവർത്തനങ്ങൾ ചുവടെ നിർദ്ദേശിക്കുന്നവയായിരിക്കണം.

a) കർഷകരുടെ ഇടയിൽ ശാസ്ത്രീയമായ പരിപാലനത്തെ കുറിച്ച് ബോധവൽക്കരണം നടത്തുക.

b) പഞ്ചായത്ത് പുറമ്പോക്കു ഭൂമിയിൽ തീറ്റപ്പുൽകൃഷി നടത്തി കർഷകർക്കു ന്യായമായി വിലയ്ക്കു വിതരണം ചെയ്യുക.

c) ധനകാര്യസ്ഥാപനങ്ങളിൽ നിന്നു അർഹതപ്പെട്ട വർക്കുള്ള ലോൺ ലഭ്യമാക്കിക്കൊടുക്കുക.

d) മെച്ചപ്പെട്ട ഇനം ആടുകൾ, പശുക്കൾ, കോഴി, താറാവ് എന്നിവ കർഷകർക്കു എത്തിക്കുക

e) വർഷത്തിലെരിക്കൽ കന്നുകാലി പ്രദർശനം നടത്തുകയും മികച്ച മൃഗപരിപാലകർക്കു പഞ്ചായത്തുതലത്തിൽ അവാർഡുകൾ ഏർപ്പെടുത്തുകയും ചെയ്യുക.

f) ന്യായമായ വിലയ്ക്കു കാലിത്തീറ്റ കർഷകർക്കു എത്തിച്ചുകൊടുക്കുക.

g) മത്സ്യക്കുഞ്ഞുങ്ങളെ കർഷകനു എത്തിക്കാൻ വേണ്ടതു ചെയ്യുക.

2. പ്രാദേശികമായി ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഒരു കാലിത്തീറ്റ മിക്സിംഗ് പ്ലാൻറ് സ്ഥാപിക്കാനുള്ള സാധ്യതയുണ്ട്.

3. വേണ്ട സഹായവും പ്രോത്സാഹനവും നൽകിയാൽ ആടുവളർത്തൽ വ്യാപകമാക്കാൻ സാധ്യത.

നിർദ്ദേശങ്ങളൾ

1. തീറ്റപ്പുൽ കൃഷിയുടെ വ്യാപനത്തിനു വേണ്ടതു ചെയ്യുക

2. വൈക്കോൽ സംമ്പുഷ്ടീകരണവും സൈലേജ് നിർമ്മാണവും സംബന്ധിച്ച് ബോധവൽക്കരണവും പരിശീലനവും നൽകുക.

3. കന്നുകുട്ടി പരിപാലന പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കുക

4. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശത്തേക്കും പ്രയോജനം കിട്ടത്തക്ക വിധത്തിൽ യോജിച്ച സ്ഥലത്ത് മൃഗാസ്പത്രിക്കു സ്വന്തമായ കെട്ടിടം പണിയുക. മൃഗാസ്പത്രി വൈദ്യുതീകരിച്ച് ലാബറട്ടറി സൗകര്യം ഏർപ്പെടുത്തുക.

5. കൃത്രിമ ബീജ സങ്കലനത്തിനുള്ള സൗകര്യം വർധിപ്പിക്കുക.

6. നിലവിലുള്ള പാൽവില വർദ്ധിപ്പിക്കാതെ സഹകരണ സംഘങ്ങൾ ലാഭവിഹിതം കുറച്ച്, ഉല്പാദനച്ചെലവിനു ആനുപാതികമായി വില ക്ഷീരകർഷകനു ലഭിക്കണം.

7. അറവിനുള്ള ഉരുവിന്റെ ആരോഗ്യനില പരിശോധിക്കാനും ശാസ്ത്രീയമായ അറവുശാല സ്ഥാപിക്കുനും സംവിധാനമൊരുക്കുക.

8. പ്രാദേശികമായി ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഒരു കാലിത്തീറ്റ മിക്സിംഗ് പ്ലാൻറ് സ്ഥാപിക്കുക.

9. അടുവളർത്തലിനു സാമ്പത്തിക സഹയവും പ്രോത്സാഹനവും നൽകുക.

10. സ്കൂൾ, പൗൾട്രി. ക്ലബ്ബ് രൂപീകരിച്ച് പഞ്ചായത്തിലെ യു.പി. ഹൈസ്കൂൾ വിദ്യാർത്ഥികൾക്കു കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

11. രോഗപ്രതിരോധ ശേഷിയുള്ള മെച്ചപ്പെട്ട ഇനം ഇറ്റാലിയൻ തേനീച്ചകളെ കൃഷിക്കാർക്കു എത്തിക്കാൻ സംവിധാനമൊരുക്കുക.

12. ഒരു കുടുംബത്തിലേക്കാവശ്യമായ മുട്ട, ഇറച്ചി എന്നിവ ലഭ്യമാക്കാൻ, കോഴികളെ പഞ്ചായത്ത് വിതരണം ചെയ്യുക.

13. പഞ്ചായത്തുതലത്തിൽ കന്നുകാലികളെ സൗജന്യ നിരക്കിൽ ഇൻഷൂർ ചെയ്യാനുള്ള ഏർപ്പാട് ചെയ്യുക.

14. കന്നുകാലിൾക്കുണ്ടാകുന്ന രോഗബാധ, ശാസ്ത്രീയമായ കന്നുകാലി പരിപാലന രീതി എന്നിവയിൽ കർഷകർക്കു ബോധവൽക്കരണം നടത്തുക.

15. വളർത്തുനായ്ക്കൾക്കു ലൈസൻസ് എടുക്കുന്നതു കർശനമാക്കുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും ചെയ്യുക.

16. മൃഗാശുപത്രി പ്രവർത്തന സമയം 2 മണി വരെയാക്കി പരിമിതപ്പെടുത്താതെ, പഴയതുപോലെ 5 മണിവരെയാക്കുക.

മത്സ്യബന്ധനം

കേരളത്തിന്റെ ഭൂമിശാസ്ത്ര തരം തിരിവിൽ ഇടനാട്ടിൽപ്പെട്ട കാരശ്ശേരി പഞ്ചായത്തുകാർക്കുകടൽ മത്സ്യബന്ധനം അന്യമാണ്. ഭൂരിഭാഗവും മലമ്പ്രദേശമായി പഞ്ചായത്തിനു, അശാസ്ത്രീയമെങ്കിലും ശുദ്ധജല മത്സ്യബന്ധനത്തിന്റേതായ ഒരു ഗതകാല ചരിത്രമുണ്ട്.

പഞ്ചായത്തിന്റെ വടക്കും പടിഞ്ഞാറും അതിർത്തിയുലൂടെ ഒഴുകുന്ന ഇരുവഞ്ഞിപ്പുഴയുംപാടവും തോടും നീർച്ചാലുകളും കുളങ്ങളും കൊണ്ടുള്ള സമ്പന്നതയും പ്രകൃതിയുടെ അനുഗ്രഹമാണ്. കാലവർഷത്തിന്റെ മുന്നോടയായെത്തുന്ന പുതുമഴയ്ക്കു 'ഏറ്റീൻ പിടുത്തം' ഇവിടെ പതിവായിരുന്നു. അർധരാത്രിപോലും വലയും ഒററലും ടോർച്ചുമായി തോട്ടിൽ നാട്ടുകാരെകൊണ്ട് നിറഞ്ഞിരുന്നു. ടോർച്ചിന്റെ വെട്ടത്തിൽ കത്തികൊണ്ട് മത്സ്യങ്ങളെ വെട്ടിപിടിക്കുന്നതിലും ചിലർ നിപുണരായിരുന്നു.

ഇരുവഞ്ഞിപ്പുഴയിലെ തിരുത പിടുത്തം ഗ്രാമത്തിലെ ഉത്സവം തന്നെയായിരുന്നു. ഇക്കാലത്ത് മത്സ്യബന്ധനത്തിൽ വിദഗ്ധരായ ഗ്രാമീണരിൽ ചിലർ വൻ പണക്കൊഴ്ത്ത് നടത്തിയിരുന്നു. കോമ്പലയിൽ കോർത്ത ശുദ്ധജല മത്സ്യങ്ങളെ കുറഞ്ഞവിലയ്ക്കു ആവശ്യക്കാർക്കു കിട്ടുമായിരുന്നു. ബ്രാൽ, മൊയ്ല്, പൂശാൻ, വരാൽ, തൊണ്ടത്തി, കരുതല, ചേർമീൻ, വാള കടുങ്ങാലിപരൽ, കോലി എന്നിവ അന്നു സുലഭമായിരുന്നു.

കാലവർഷത്തിന്റെയും തുലാവർഷത്തിന്റെയും സമൃദ്ധിയിൽ മൂന്നു നാലും പ്രാവശ്യം കയറിവരുന്ന കൊങ്ങൻവെള്ളം, ഉൾനാടൻ നീർച്ചാലുകളെ പോലും മത്സ്യസമൃദ്ധമാക്കിയിരുന്നു. മണ്ണിരയെകൊത്തി ചിരട്ടിയിലാക്കി ചൂണ്ടയിട്ടിരുന്നത് നാട്ടിൻ പുറങ്ങളിൽ ഒഴിവുസമയ വിനോദമായിരുന്നു.

നെൽവയലുകളിലെ കൊയ്ത്തുകാലം ഗ്രാമീണർക്കു ഉത്സവമായിരുന്നു. കൊത്തുകണ്ടത്തിൽമീൻ പിടിക്കാൻ കുട്ടികളും മുതിർന്നവരും ഒരു പോലെ എത്തി

കാലം മാറി. വയലുകളിൽ ജൈവ വളത്തിനും പച്ചില വളത്തിനും പകരം രാസവളവും കീടനാശിനിയും പ്രയോഗിച്ചു തുടങ്ങി. അനന്തരഫലമെന്നോണം ശുദ്ധജല മത്സ്യങ്ങളിൽ പലതിനും രോഗം വന്നു. ചിലതിനു വഗ്ശനാശം സംഭവിച്ചു. ചിലതു വംശ നാശത്തിന്റെ വക്കിലാണ്.

നെൽകൃഷി ലാഭകരമല്ലാതായതോടെ ചതുപ്പുകളും വയലുകളും മണ്ണിട്ടുമൂടി. അവിടങ്ങളിൽ കെട്ടിടങ്ങൾ ഉയർന്നുവന്നു. മണ്ണിൽ നീർവാർച്ച കുറഞ്ഞു അതോടെ ജലക്ഷാമമായി.

പഞ്ചായത്തിലെ 11 വാർഡുകളിലായി 75 കുളങ്ങൾ ഇന്നുണ്ട്, സൗകര്യപ്പെടുത്തിയാൽ ആണ്ടുമുഴുവൻ ഇവയിൽ വെള്ളം ലഭിക്കും. സ്വകാര്യവ്യക്തികളുടെയും പഞ്ചായത്തിന്റെയും കൈവശമുള്ള ഈ കുങ്ങൾ മത്സ്യകൃഷിക്കു അനുയോജ്യമാണ്.

സാധ്യതകൾ

1. ശുദ്ധജല മത്സ്യകൃഷി നടത്താൻ സാധ്യതയുള്ള കുളങ്ങൾ, ഇതര ജലസ്ത്രോതസ്സുകൾ എന്നിവ പഞ്ചായത്തിലുണ്ട്. ഇവിടെ ശുദ്ധജല മത്സ്യകൃഷി നടത്താൻ കർഷകർക്കു ബോധവൽക്കരണം നല്കണം. ആവശ്യമായ സഹായധനം, വിത്ത്, നല്കണം.

2. അലങ്കാര മത്സ്യകൃഷി നടത്താൻ സാധ്യതയുണ്ട്. തൊഴിൽ രഹിതരെ ഇതിലേക്കാകർഷിക്കാൻവേണ്ട പ്രോത്സാഹനം വേണം.


നിർദ്ദേശങ്ങൾ

1. ശുദ്ധജല മത്സ്യകൃഷി നടത്താനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും വിത്തും സഹായധനവും നല്കുക.

2. അലങ്കാര മത്സ്യകൃഷി സാധ്യതയെപ്പറ്റി തൊഴിൽ രഹിതരിൽ അവബോധം സൃഷ്ടിക്കുക. ആവശ്യമായതു ചെയ്തു കൊടുക്കുക.

3. മേൽത്തരം മത്സ്യ കുഞ്ഞുങ്ങളെ ലഭ്യമാക്കുക.

4. പുഴകളിലും തോടുകളിലും നഞ്ച് കലക്കിയും കോട്ട പൊട്ടിച്ചും മത്സ്യം പിടിക്കുന്നത് തടയുക.



കാരശ്ശേരി പഞ്ചായത്ത്



5.3 വിദ്യാഭ്യാസം

കോഴിക്കോട് ജില്ലയുടെ കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഒരു മലയോര പ്രദേശമാണ് കാരശ്ശേരി പഞ്ചായത്ത്. ഭൂമിശാസ്ത്രപരമായ പ്രശ്നങ്ങൾ വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സമായിരുന്നെങ്കിലും 1920 കൾക്ക് മുമ്പ് തന്നെ ഇരുവഴിഞ്ഞിപ്പുഴയുടെ ഈ തീരം അറിവിന്റെ ആദ്യാക്ഷരങ്ങൾ കുറിക്കാൻ തുടങ്ങിയിരുന്നു.

കാരശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ ഹൃദയഭാഗമായ ആനയാംകുന്നിൽ കോരുകുട്ടി വൈദ്യർ അറിവിന്റെ ആദ്യാക്ഷരങ്ങൾ വിജയദശമി നാളിൽ കുരുന്നുകൾക്ക് പകർന്നു കൊടുത്തിരുന്നു. 1924 ൽ ആദ്യത്തെ വിദ്യാഭ്യാസ കേന്ദ്രത്തിന് ആനയാംകുന്നിൽ തുടക്കമിട്ടു. വയലിൽ മോയി ഹാജിയുടെ പരിശ്രമഫലമായാണ് ഒരു ഗവ. എൽ.പി.സ്കൂൾ ആനയാം കുന്നിൽ സ്ഥാപിതമായത്. 1928 ൽ പാലക്കടവത്ത് അച്യുതന്റെ ശ്രമഫലമായി മറ്റൊരു ഗവ.എൽ.പി.സ്കൂൾ കുമാരനെല്ലൂരിലെ വാര്യത്ത് ഒരു വീട്ടിൽ ആരംഭിച്ചു. 1946 ൽ കാരശ്ശേരിയിൽ ഒരു യു.പി.സ്കൂൾ ആരംഭിച്ച

ജനാബ്. സി.പി.കുഞ്ഞാ സ്വാതന്ത്ര്യസമരസേനാനിയും, ദേശ വിദ്യാഭ്യാസ മന്ത്രിയും ആയ അബ ദിന്റെ സ്മാരകമായി കാരമൂലയിൽ യൽ യു.പി.സ്കൂൾ സ്ഥാപിച്ചത്. കുന്നിൽ സ്ഥാപിതമായ വയലിൽ റിയൽ ഹൈസ്കൂൾ ആണ് പഞ്ച ഹൈസ്കൂൾ. ഇന്ന് ഈ പഞ്ചായ യങ്ങൾ ഉണ്ട്.

കോഴിക്കോട് വിദ്യാഭ്യാസ ജി ഉപജില്ലയിലാണ് കാരശ്ശേരി പഞ്ച സ്കൂളുകളും രണ്ട് ഹൈസ്കൂളുക യത്തരീ 9 വിദ്യാലയങ്ങൾഉണ്ട്. ഇ അൺ എയിഡഡ് സ്കൂളാണ്. മ ളും, 159 അധ്യാപകരുമാണ് പഞ്ചാ

പട്ടിക I.A

വിദ്യാർത്ഥികൾ - അധ്യാപകർ

നമ്പർ	സ്കൂൾ		മാനേജ മെൻറ്	വിദ്യാർത്ഥികൾ			അധ്യാപകർ			Schoo
				ആൺ	പെൺ	ആകെ	പു	സ്ത്രീ	ആകെ	
1.	മേരിഗിരി ഹൈസ്കൂൾ മരഞ്ചാട്ടി		എയിഡഡ്	112	104	216	9	5	14	2.03 Ac
2.	വി.എം.എച്ച്.എം.ഹൈസ്കൂൾ	U.P	"	436	406	842	15	9	24	3 ഏക്ക
	ആനയാംകുന്ന്	H.S	"	497	517	1014	17	24	41	
3.	ആസാദ് മെമ്മോറിയൽ യു.പി.സ്കൂൾ കുമാരനെല്ലൂർ		"	120	126	246	4	8	12	1.05 ഏ
4.	ഐ.ഐ.എ.യു.പി.സ്കൂൾ	L.P	"	178	172	350	8	1	9	1ഏക്കർ
	കാരശ്ശേരി	U.P		159	164	323	11	0	11	
5.	ഗവ.എൽ.പി.സ്കൂൾ കുമാരനെല്ലൂർ		ഗവ.	218	165	383	9	2	11	30 സെ
6.	ഗവ.എൽ.പി.സ്കൂൾ കക്കാട്		"	93	75	168	5	1	6	വാടകക
7	ഗവ.എൽ.പി.സ്കൂൾ ആനയാംകുന്ന്		"	300	291	591	9	6	15	50 സെ
8	എഫ്.എം.എൽ.പി.സ്കൂൾ തേക്കുകുറ്റി		എയിഡഡ്	192	182	374	4	8	12	1.5 ഏക്ക
9.	സി.എച്ച്.മെമ്മോറിയൽ എൽ.പി.സ്കൂൾ നെല്ലിക്കാപ്പറമ്പ്		കേന്ദ്ര ഗവ. അംഗീകൃതം	52	46	98	3	1	4	വാടകക
	Total			2357	2248	4605	94	65	159	

ഇതിൽ 94 പേർ പുരുഷന്മാരും, 65 പേർ സ്ത്രീകളുമാണ് അധ്യാപികയായി ഒരാൾ മാത്രം ഉള്ള 3 സ്ക്കൂളുകൾ പഞ്ചായത്തിൽ ഉണ്ട്. ഇത് മൂന്നും L.P. സ്ക്കൂളാണ്. മൊത്തം കുട്ടികളിൽ 48.8% വിദ്യാർത്ഥിനികളാണ്. L.P. വിഭാഗത്തിൽ ആണ് പെൺകുട്ടികളുടെ കുറവ് കൂടുതൽ കാണുന്നത്.

ഇതിന് പുറമെ ധാരാളം കുട്ടികൾ സമീപ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്.

പട്ടിക I.B

L.P, U.P, H.S. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

ആകെ വിദ്യാർത്ഥികൾ	L.P.			U.P.			H.S		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
4605	1033	931	47.4	715	696	49.32	609	621	50.48

L.P. വിഭാഗത്തിൽ 12.67 ശതമാനവും, U.P വിഭാഗത്തിൽ 13.6 ശതമാനവും, H.S.വിഭാഗത്തിൽ 12.27 ശതമാനവും, പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികളാണ്. പഞ്ചായത്തിൽ മൊത്തം 12.85 ശതമാനം വിദ്യാർത്ഥികൾ പട്ടികജാതി/പട്ടിക വർഗ വിദ്യാർത്ഥികളാണ്.

പട്ടിക I.C

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

	L.P.			U.P.			H.S	
ആകെ	SC/ST	%	ആരെ	SC/ST	%	ആകെ	SC/ST	%
1964	249	12.67	1411	192	13.60	1230	151	12.27
							ആകെ	12.85

സാമ്പത്തിക-സാമൂഹിക കാരണങ്ങളാൽ വിദ്യാർത്ഥികൾ ഇടക്ക് വെച്ച് പഠനം നിർത്തുന്നുണ്ട്. 1995-96 വിദ്യാഭ്യാസ വർഷത്തിൽ "കൊഴിഞ്ഞുപോയ"വരുടെ വിവരം പട്ടിക I.D യിൽ കൊടുത്തിട്ടുണ്ട്.

പട്ടിക I.D

SC/ST			മറ്റുള്ളവർ			
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
11	8	19	69	59	128	
				ആകെ	147	

ആകെയുള്ള വിദ്യാലയങ്ങളിൽ 3 എണ്ണം മാത്രമാണ് സർക്കാർ മേഖലയിലുള്ളത്. ഇത് മൂന്നും എൽ.പി.വിദ്യാലയങ്ങളാണ്. മൊത്തം അധ്യാപകരിൽ 20.12 ശതമാനവും, വിദ്യാർത്ഥികളിൽ 24.79 ശതമാനവും ഇവയിലാണ്.

പട്ടിക II

ഗവ. സ്കൂളിലെ അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും കണക്ക്

ആകെ അധ്യാപകർ	ഗവ. വിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം	ഗവ. അധ്യാപകരുടെ ശതമാനം	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ. സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം	ശതമാനം
159	32	20.12	4605	1142	24.79

ഭൂരിഭാഗം രക്ഷിതാക്കളും, കുട്ടികളെ പൊതു വിദ്യാലയങ്ങളിലാണ് അയക്കുന്നത്. എങ്കിലും വിദൂരങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് അയ്ക്കുന്നവരും വിരളമല്ല. ഇവരിൽപലരും വിദ്യാസമ്പന്നരാണ്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മെച്ചപ്പെട്ട ബോധനനിലവാരമാണ് എന്ന ധാരണയാവാം ഇതിന് കാരണം. സമീപപ്രദേശങ്ങളിലെ സ്കൂളുകളിൽ കുട്ടികൾ കുറയാൻ ഇത് ഒരു കാരണമായിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠന നിലവാരം ഉയർത്തിയാൽ ഇതിന് പരിഹാരമായേക്കും.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ, മറ്റു സാങ്കേതിക സ്ഥാപനങ്ങളോ പഞ്ചായത്തിൽ ഇല്ല. S.S.L.C.ക്ക് ശേഷം കുട്ടികൾ ഉപരി പഠനത്തിന് പ്രധാനമായും ആശ്രയിക്കുന്നത് സമീപ പഞ്ചായത്തിലെ കോളേജായ **M.A.M.O. College**നെയാണ്. ഇവിടെ പ്രീഡിഗ്രി, ഡിഗ്രി കോഴ്സുകൾ നടത്തപ്പെടുന്നു. പഞ്ചായത്തിലെ S.S.L.C വിജയ ശതമാനം പൊതുവെ തൃപ്തികരമല്ല. വിജയിക്കുന്നവരിൽ തന്നെ വളരെ ചെറിയ ഒരു ശതമാനം പേർ മാത്രമാണ് അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ പ്രവേശനം നേടാൻ യോഗ്യത നേടുന്നത്. ബഹുഭൂരിഭാഗം കുട്ടികളും. ഉപരിപഠനത്തിന് പാരലൽ കോളേജുകളെയാണ് ആശ്രയിക്കുന്നത്. ആവശ്യമായ പഠനസാമഗ്രികളും, കെട്ടിട സൗകര്യങ്ങളുമുള്ള ഒരു പാരലൽ കോളേജുപോലും പഞ്ചായത്തിൽഇല്ല. ഉള്ളവ തന്നെ കാര്യമായി വിദ്യാർത്ഥികൾക്ക് ട്യൂഷൻ നല്കുന്ന സ്ഥാപനങ്ങൾ മാത്രമാണ്. പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളിലും V.H.S.C/പ്ലസ്ടു, കോഴ്സ് ഇല്ല. പഞ്ചായത്തിൽ രണ്ട്വർഷം മുമ്പ് ആരംഭിച്ച "കമ്യൂണിറ്റി പോളിടെക്നിക്ക് എക്സ്റ്റൻഷൻ സെന്റർ" വനിതകൾക്ക് ടൈലറിംഗിലും, എംബ്രോയിഡറിയിലും, പരിശീലനം നല്കി വരുന്നു. ഒരു വർഷം 40പേർക്ക് ഇവിടെ പരിശീലനം ലഭിക്കുന്നുണ്ട്. മറ്റു സാങ്കേതിക പരിശീലന സ്ഥാപനങ്ങളൊന്നുംതന്നെ ഈ പഞ്ചായത്തിൽ ഇല്ല.

മൂന്ന് വയസ്സിനും 5 വയസ്സിനും താഴെയുള്ള കുട്ടികളിൽ അധികവും, സാമൂഹിക ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻ വാടികളിലാണ് പോകുന്നത്. മൊത്തം 23659 ജനസംഖ്യകളുള്ള ഈ പഞ്ചായത്തിൽ 11 അംഗൻവാടികൾ മാത്രമേ ഉള്ളൂ. 1000 പേർക്ക് ഒന്ന്എന്ന തോതിൽ 12 അംഗൻവാടികൾ കൂടി അനുവദിക്കപ്പെടേണ്ടതാണ്. പഞ്ചായത്തിൽ രണ്ട് നഴ്സറി സ്കൂളുകളേ ഉള്ളൂ. അതിൽ ഒന്ന് പഞ്ചായത്ത് നേരിട്ടു നടത്തുന്ന കളരിക്കണ്ടിയിലും,മറ്റൊന്ന് 10-ാം വാർഡിലെ കെ.പി.ആർ. സ്മാരക വായനശാല നടത്തുന്നതുമാണ്.

പഞ്ചായത്തിലെ സമീപ പ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം നഴ്സറികളിൽ കുട്ടികളെ അയക്കുന്നവരും ഉണ്ട്. ഈ നഴ്സറികളിൽ മിക്കതിലും ബോധനം മാതൃഭാഷയിൽ തന്നെയാണ് എന്നാണ്, അറിയുന്നത്. രക്ഷിതാക്കളെ ആകർഷിക്കാൻ മാത്രമാണ് മിക്ക വിദ്യാലയങ്ങളും, ഇംഗ്ലീഷ് മീഡിയം എന്ന പേര് സ്വീകരിക്കുന്നത്. കനത്ത ഫീസും ഇവർ ഈടാക്കുന്നുണ്ട്.

96 ജൂണിൽ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളേയും സംയോജിപ്പിച്ച് ഒരു വിദ്യാഭ്യാസ കോംപ്ലക്സ് പ്രവർത്തനം തുടങ്ങി. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകീകരിച്ചു ചിട്ടപ്പെടുത്തൽ,പഠന നിലവാരം ഉയർത്തൽ, ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ, എന്നിവ ലക്ഷ്യമായിരുന്നു;എങ്കിലും കോംപ്ലക്സിന്റെ പ്രവർത്തനങ്ങൾ വേണ്ടത്ര കാര്യക്ഷമമാക്കാൻ കഴിഞ്ഞില്ല. ബഹുഭൂരിഭാഗം വിദ്യാലയങ്ങളും, സ്വകാര്യമേഖലയിലാണ്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വേണ്ട കൂട്ടായ ശ്രമം, പി.ടി.എ.യുടെ സഹായത്തോടെ ചില സ്കൂളുകളിലെങ്കിലും, നടന്നു, വരുന്നു എന്നത് ആശാവഹമായ കാര്യമാണ്.

സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നല്കാൻ ചില സ്കൂളുകളിൽ സ്ഥിരം സംവിധാനങ്ങളുണ്ട് കാരശ്ശേരി സ്കൂളിലെ എ.കെ.അബ്ദുറഹിമാൻ കുട്ടി സ്മാരക എൻഡോവ്മെൻറ്, പി.ശിവദാസൻ ആചാരി സ്മാരക എൻഡോവ്മെൻറ്, ആസാദ് യു.പി. സ്കൂളിലെ മറിയം ടീച്ചർ എൻഡോവ്മെൻറ് എന്നിവ പ്രത്യേകം സ്മരണീയമാണ്.

11 ഗ്രാമസഭകളിലും, വിദ്യാഭ്യാസം സജീവമായ ചർച്ചക്ക് വിഷയീഭവിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ, പഠനനിലവാരം, പാഠ പുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം, എന്നിവയെല്ലാം ചർച്ച ചെയ്യപ്പെട്ടു.

ഒരു വിദ്യാലയത്തിന്റെ പഠനനിലവാരവുമായി

അഭേദ്യമായി ബന്ധപ്പെട്ടതാണ്, അവിടത്തെ അക്കാദമിക്ക് സൗകര്യങ്ങൾ. പഠിക്കുമ്പോൾ പഠിക്കുക, കളിക്കുമ്പോൾ കളിക്കുക, എന്ന രീതിവിട്ട്, പഠനത്തോടൊപ്പം കളിയും, കളിയോടൊപ്പം പഠനവുമാണല്ലൊ, ആധുനിക പഠന രീതി. ഇതിന് പര്യാപ്തമാകും വിധം ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യശ്രാവ്യ ഉപകരണങ്ങൾ ഫർണീച്ചറുകൾ തുടങ്ങിയവ ഒരു വിദ്യാലയത്തിൽ അത്യാന്താപേക്ഷിതമാണ്. വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങളുടെ പരിമിതി വെളിപ്പെടുത്തുന്ന വസ്തുതകൾ പട്ടിക III ൽ കൊടുത്തിട്ടുണ്ട് (റിപ്പോർട്ടിന്റെ അവസാന ഭാഗം കാണുക)

പരിമിതമായ ലാബോറട്ടറി സൗകര്യം പോലും, വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല എന്നത് ഖേദകരമാണ്.

വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസ മേഖലയുടെഏറ്റവും വലിയ പോരായ്മ തന്നെയാണ്. എന്നാൽ പഞ്ചായത്തിലെ സ്ഥിതി ശരാശരിക്ക് മുകളിലാണ്. ഓലഷെഡ്ഡിൽ പ്രവർത്തിക്കുന്ന ക്ലാസ്മുറികൾ ഒരു സ്ക്കൂളിലും ഇല്ല. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം തുടങ്ങിയവയുടെ ലഭ്യത പട്ടിക IVൽകൊടുത്തിട്ടുണ്ട് (റിപ്പോർട്ടിന്റെ അവസാന ഭാഗം കാണുക)

5 സ്ക്കൂളുകളിൽ വൈദ്യുതി ഇല്ല. പഞ്ചായത്തിലെ സ്ക്കൂളുകളിലെ പഠനനിലവാരംപൊതുവെ മോശമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 95-96 വർഷത്തെ പാദ വാർഷിക പരീക്ഷയിൽ 3 മുതൽ 10-ാം ക്ലാസ് വരെയുള്ള കുട്ടികൾ നേടിയ മാർക്ക് പരിശോധിച്ചാൽ ദയനീയമായ ചിത്രമാണ് ലഭിക്കുന്നത്. എൽ.പി.വിഭാഗത്തിൽ 64% കുട്ടികൾ 40% മാർക്കിന് താഴെയാണ്. യു.പി.വിഭാഗത്തിൽ ഇത് 79 ശതമാനവും, ഹൈസ്ക്കൂളുകളിൽ 72 ശതമാനമാണ്. S.S.L.C വിജയ ശതമാനവും പൊതുവെ തൃപ്തികരമല്ല. മേരിഗിരി ഹൈസ്ക്കൂളിൽ 88% വും, ആനയാംകുന്ന് ഹൈസ്ക്കൂളിൽ 39 ശതമാനവുമാണ് വിജയം.

പട്ടിക V (റിപ്പോർട്ടിന്റെ അവസാന ഭാഗം കാണുക)

പഞ്ചായത്തിലെ 6, 11 വാർഡുകളിൽ പെട്ട മൈസൂർ മലയിലെ വിദ്യാർത്ഥികൾ ആശ്രയിക്കുന്നത്. 5 കി.മി. അകലെയുള്ള ആനയാംകുന്ന് ഗവ.എൽ.പി.സ്ക്കൂളിനെയാണ്. ഇവിടെ ഒരു ട്രൈബൽസ്ക്കൂൾ ആരംഭിക്കേണ്ടതുണ്ട്. ഇതിന് വേണ്ട സ്ഥലം തദ്ദേശവാസിയായ ഡി.റ്റി. ഡിക്രൂസ് സംഭാവന ചെയ്യുകയും, വിദ്യാഭ്യാസ അധികൃതർ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

വിദ്യാർത്ഥി സമരങ്ങളൊ അധ്യാപക സമരങ്ങളൊ ഈ പഞ്ചായത്തിലെ സ്ക്കൂളുകളെ കാര്യമായി ബാധിക്കാറില്ല. എന്നിട്ടും പഠന നിലവാരം മോശമാകാനുള്ള കാരണം വിലയിരുത്തേണ്ടിയിരിക്കുന്നു. പാഠ്യപദ്ധതി പരിഷ്ക്കരിക്കുമ്പോൾ അധ്യാപകർക്ക് വേണ്ട കൈപ്പുസ്തകം ലഭ്യമാവാറില്ല എന്നത് ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെട്ടിരുന്നു. പ്രൈമറി സ്ക്കൂളുകളിലെ പ്രധാന അധ്യാപകരുടെ ജോലി ഭാരം, ഹൈസ്ക്കൂൾ അധ്യാപകർക്ക് ഇൻസർവീസ് കോഴ്സിനുള്ള സംവിധാനം ഇല്ലായ്മ, എല്ലാറ്റിനുമുപരി പാഠ പുസ്തകങ്ങളുടെ ലഭ്യതയിലുള്ള കാലതാമസം എന്നിവ അടിയന്തിര ശ്രദ്ധ പതിയേണ്ട മേഖലകളാണ്.

പാഠ്യേതര പ്രവർത്തനങ്ങളിലും പഞ്ചായത്തിലെ സ്ക്കൂളുകളുടെ നിലവാരം തൃപ്തികരമല്ല. പഞ്ചായത്തിലെ ഒരു ഹൈസ്ക്കൂൾ മാത്രമാണ് ജില്ലാതലത്തിൽ കലാമത്സരങ്ങൾക്ക് സമ്മാനം വാങ്ങിയിട്ടുള്ളത്. കളിക്കാൻ വേണ്ട സൗകര്യം മിക്ക സ്ക്കൂളുകളിലും വേണ്ടത്ര ഇല്ല. അധ്യാപകരും, രക്ഷിതാക്കളും, എയിഡഡ് സ്ക്കൂൾ മാനേജരും ബഹുജനങ്ങളും എല്ലാം അടങ്ങിയ ഒരു പുതിയ കൂട്ടായ്മ വളർത്തിയെടുത്ത്കൊണ്ട് ഇത്തരം അസൗകര്യങ്ങൾക്കും നിലവാരത്തകർച്ചക്കും പരിഹാരം കാണേണ്ടിയിരിക്കുന്നു.

ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ:

- രണ്ടാം വാർഡിലെ 3 ഏക്കർ മിച്ചഭൂമിയിൽ ജൂനിയർ ടെക്നിക്കൽ ഹൈസ്ക്കൂൾ സ്ഥാപിക്കുക.
- കുമാരനെല്ലൂർ ഗവ: എൽ.പി.സ്കൂളിന് ക്ലാസ്റൂം, സ്റ്റേജ്, ചുറ്റുമതിൽ നിർമ്മിക്കുക.
- തിരുവമ്പാടി എസ്റ്റേറ്റ് നോർത്ത് കാരശ്ശേരി പൈക്കാടൻമല- 9-ാം വാർഡ് എന്നിവിടങ്ങളിൽപ്രൈമറി സ്ക്കൂൾ സ്ഥാപിക്കുക.
- മൈസൂർ മലയിൽ ട്രൈബൽ സ്ക്കൂൾ സ്ഥാപിക്കുക.
- കക്കാട് ഗവ: സ്ക്കൂൾ, തേക്കുംകുറ്റി എൽ.പി.സ്ക്കൂൾ എന്നിവ യു.പി.സ്ക്കൂൾ ആയി ഉയർത്തുക. ആനയാംകുന്ന് ഹൈസ്ക്കൂൾ ഹയർ സെക്കൻഡറി സ്ക്കൂൾ ആയി ഉയർത്തുക.
- ആനയാംകുന്ന് ഗവ: എൽ.പി.സ്ക്കൂളിന് രണ്ട് ക്ലാസ്റൂം, ചുറ്റുമതിൽ, കഞ്ഞിപ്പുര, എന്നിവ നിർമ്മിക്കുക. സ്റ്റേജ് കം ക്ലാസ്റൂമിന്റെ മേൽകൂര കോൺക്രീറ്റ് ചെയ്യുക.
- കാരശ്ശേരി യു.പി.സ്ക്കൂളിൽ ചുറ്റുമതിൽ, മൂത്രപ്പുര, കക്കൂസ് എന്നിവ നിർമ്മിക്കുക.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകപരിഹാര ബോധനം നടത്തുക.

  പഞ്ചായത്തിലെ സ്ക്കൂൾ കുട്ടികൾക്ക് കലാകായിക മത്സരങ്ങൾ നടത്തുക.

  വൈദ്യുതി ലഭിച്ചിട്ടില്ലാത്ത സ്കൂളുകൾക്ക് വൈദ്യുതി എത്തിക്കാൻ നടപടി സ്വീകരിക്കുക
- കുമാരനെല്ലൂർ ആസാദ് യു.പി.സ്ക്കൂളിൽ ചുറ്റുമതിൽ, മൂത്രപ്പുര എന്നിവ നിർമ്മിക്കുക.

- ചാംസാഗ്രാൻറ്, മുസ്ലിം ഗേൾസ് സ്കോളർഷിപ്പ്, വികലാംഗ സ്കോളർഷിപ്പ്, ഉച്ചഭക്ഷണത്തിനുള്ള സാമ്പത്തിക സഹായം തുടങ്ങിയവ യഥാസമയം നൽകുക.
- എൽ.പി.സ്കൂളിൽ പ്രീ പ്രൈമറി സ്കൂൾ സ്ഥാപിക്കുക.
- C.H.M.A.L.P സ്കൂൾ, നെല്ലിക്കാംപറമ്പിലെ അധ്യാപകരുടെ ശമ്പളം, ഉച്ചക്കഞ്ഞി എന്നിവ ലഭ്യമാക്കുക.

റവന്യൂ വരുമാനത്തിന്റെ 30% ൽ അധികവും വിദ്യാഭ്യാസത്തിനാണ് ചിലവഴിക്കുന്നത്. അതിന് അനുസരിച്ചുള്ള ഗുണം ഈ രംഗത്ത് നമുക്ക് കിട്ടുന്നില്ല. പഞ്ചായത്തിലെ 75% കുട്ടികൾക്കും 40%മാർക്ക് വാങ്ങാൻ കഴിയുന്നില്ല. പത്താം ക്ലാസ് കഴിയുന്ന കുട്ടികൾക്ക് പോലും മാതൃഭാഷ തെറ്റുകൂടാതെ കൈകാര്യം ചെയ്യാനാവുന്നില്ല. വ്യത്യസ്ത അനുപാതത്തിലാണെങ്കിലും അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സർക്കാർ എന്നിവർ ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തേ പറ്റൂ.

പൂർണമല്ലെങ്കിലും വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്താൻ ചില നിർദ്ദേശങ്ങൾ നമുക്ക് ചർച്ചചെയ്യാം.

സ്കൂൾ കോംപ്ലക്സ്

സ്കൂൾ കോംപ്ലക്സ് രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനത്തിൽഒട്ടും പുരോഗതിയില്ല. സിലബസ്-പാഠപുസ്തകങ്ങൾ എന്നിവ ചർച്ച ചെയ്യുക, മാതൃകാ ക്ലാസ്സുകൾ നടത്തുക, ടീച്ചിംഗ് എയ്ഡ് നിർമ്മിക്കുക, ലാബ്-ലൈബ്രറി എന്നിവ മറ്റു സ്കൂളുകളുമായി പങ്ക് വെക്കുക, തുടങ്ങിയ പ്രവർത്തനങ്ങൾ കോംപ്ലക്സു മുഖേന ചെയ്യാവുന്നതാണ്.

ബോധനരീതി പരിഷ്ക്കരിക്കൽ:

ക്ലാസ് മുറിയിൽ അധ്യാപകനെ കേന്ദ്രീകരിച്ചാണ് പഠനം നടക്കുന്നത്. ഇത് മൂലം വിദ്യാർത്ഥികൾക്ക് വിരസത അനുഭവപ്പെടുന്നു. ഇത് മാറ്റി പഠിതാക്കളെ കേന്ദ്രീകരിച്ചുള്ള ബോധനരീതി നടപ്പിൽ വരുത്തേണ്ടതാണ്.

പഠനം മാതൃഭാഷയിൽ:

പ്രൈമറി തലത്തിലെങ്കിലും പഠനം പൂർണ്ണമായും മാതൃഭാഷയിൽ ആയിരിക്കേണ്ടതാണ്. തെറ്റുകൂടാതെ മാതൃഭാഷയിൽ എഴുതാനും ആശയം അവതരിപ്പിക്കാനും പ്രാപ്തി ഉണ്ടാക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസമാണ് ഈ രംഗത്ത് വേണ്ടത് അതോടൊപ്പം പ്രൈമറി തലത്തിൽ മാതൃഭാഷാ പഠനം നിർബന്ധമാക്കുകയും വേണം.

മാതൃസംഗം - അധ്യാപക രക്ഷാകർതൃ സമിതി:

ഈ സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. മാതൃസംഗമങ്ങൾ ചേരുന്നത് ക്ലാസ് അടിസ്ഥാനത്തിലായാൽ കൂടുതൽ ഗുണകരമായിരിക്കും.

സൂപ്പർവിഷന്റെ അപര്യാപ്തത:

മേലധികാരികളുടെ പരിശോധന നാമമാത്രമായിരിക്കുന്നു. സ്ക്കൂളുകളുടെ പ്രവർത്തനം സമഗ്രമായി പരിശോധിക്കേണ്ടതാണ്. മേലധികാരികൾ ഇതിന് പ്രത്യേകം സമയം കണ്ടെത്തേണ്ടതുമാണ്.

പാഠ്യേതര പ്രവർത്തനങ്ങൾ:

കലാകായിക രംഗങ്ങളിൽ കൂടുതൽ പരിശീലനം നൽകേണ്ടതാണ്. സ്ക്കൂൾ പ്രവർത്തനസമയത്തിന്ശേഷവും അവധിക്കാലവും ഇതിന് പ്രത്യേകമായി ഉപയോഗിക്കാവുന്നതാണ്. ചുറ്റുപാടുകളെകുറിച്ച് അറിയാനും പഠിക്കാനും അവസരങ്ങൾ സൃഷ്ടിക്കണം. ഇതിന് പഠനയാത്രകൾ സംഘടിപ്പിക്കാവുന്നതാണ്. സ്ക്കൂൾ ക്ലബുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

മൂല്യനിർണയത്തിലെ അപര്യാപ്തത

ഇന്നത്തെ മൂല്യനിർണയ രീതി കുട്ടികളുടെ ഓർമശക്തി പരിശോധിക്കാൻ മാത്രമുള്ളതാണ്. വിചികം-ലിഖിതം നിർവ്വഹണം എന്നീ മേഖലകളെ ഉൾക്കൊള്ളിക്കുന്ന രീതിയിലാവണം മൂല്യനിർണ്ണയം.

അധ്യാപകർക്കുള്ള പരിശീലനം

പ്രൈമറി തലത്തിൽ കുറച്ച് പേർക്ക് മാത്രമേ ഇന്ന് പരിശീലനം കിട്ടുന്നുള്ളു. ഹൈസ്ക്കൂൾ അധ്യാപകർക്ക് ഇതിനുള്ള അവസരം വിരളമാണ്. ആധുനിക രീതിയിലുള്ള ബോധനരീതി എല്ലാ അധ്യാപകർക്കും ലഭ്യമാക്കാൻ പഞ്ചായത്ത് തലത്തിൽ പഠന കളരികൾ സംഘടിപ്പിക്കേണ്ടതാണ്.

പാഠപുസ്തകവും കൈപ്പുസ്തകവും:

വർഷാരംഭത്തിൽ തന്നെ പാഠം പുസ്തകങ്ങളും അധ്യാപകർക്കുള്ള കൈപ്പുസ്തകങ്ങളും എത്തിക്കേണ്ടതാണ്. അർദ്ധവാർഷിക സമയത്തിനുശേഷം പോലും ഇത് കിട്ടാത്ത അവസ്ഥയാണ് ഇന്നുള്ളത്.

സാധ്യായ ദിവസങ്ങൾ

പരീക്ഷ, കലാകായിക ശാസ്ത്രമേള തുടങ്ങിയവ സാധ്യായ ദിവസങ്ങളുടെ എണ്ണം കുറക്കുന്നു. നിസ്സാരകാര്യങ്ങൾക്ക് പോലും സർക്കാർ അവധി പ്രഖ്യാപിക്കുന്നത് കൊണ്ട് സാധ്യായ ദിവസങ്ങളുടെ എണ്ണം വീണ്ടും കുറയുന്നു. ഇത് പരിഹരിക്കേണ്ടതാണ്.

ഭൗതിക സാഹചര്യങ്ങൾ:

കെട്ടിടം, ഫർണിച്ചർ, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം ലാബ്, ലൈബ്രറി, കുടിവെള്ളം എന്നീ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

മലയാളം മീഡിയം സ്ക്കൂളുകളിലെ ഇംഗ്ലീഷ് പഠനം:

മലയാളം മീഡിയം സ്ക്കൂളുകളിലെ ഇംഗ്ലീഷ്പഠനത്തിന്റെറ നിലവാരം മെച്ചപ്പെടുത്തേണ്ടതാണ്. ഇതിനായി ഇംഗ്ലീഷ് ബിരുദധാരികളെ ഹൈസ്ക്കൂളുകളിൽ അധ്യാപനത്തിന് നിയമിക്കണം.

* **പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപെട്ട കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിന്പ്രത്യേക പരിശീലനം ആവശ്യമാണ്. ഇതിന് തദ്ദേശവാസികളായ വിദ്യാസമ്പന്നരെ കണ്ടെത്തി ഉപയോഗപ്പെടുത്തണം.**


* **പ്രാഥമിക വിദ്യാലയത്തിലെ സിലബസു പുനരവലോകനം ചെയ്യുകയും ആവശ്യമായ മാറ്റം വരുത്തുകയും ചെയ്യുക:**

ഒന്നാം തരത്തിലെ പല പാഠഭാഗങ്ങളും തെക്കൻ ജില്ലകളിലെ പ്രാദേശിക ഭാഷകളിൽ തയ്യാറാക്കപ്പെട്ടതാണ്. വളരെക്കാലമായി ഈ പുസ്തകം കേരളത്തിലെ മുഴുവൻ കുട്ടികളെയും അടിച്ചേല്പിച്ചു കൊണ്ടിരിക്കയാണ്. ഇത് പഠനരംഗത്ത് വിദ്യാർത്ഥികളിൽ ഏറെ ആശയകുഴപ്പം സൃഷ്ടിക്കാൻ കാരണമാവുന്നുണ്ട്. ആയതിനാൽ പ്രാഥമികതലത്തിൽ ബോധനത്തിനുപയോഗിക്കുന്ന പദങ്ങളും വാക്കുകളും അതാത് പ്രാദേശിക ഭാഷകളിലും വാക്കുകളിലും സ്ഥലപ്പേരുകളിലുമായി പാഠപുസ്തകങ്ങൾ ക്രമീകരിക്കപ്പെടുന്നത് ഈ പ്രദേശങ്ങളിലെ വിദ്യാഭ്യാസ പുരോഗതിക്ക് ഗണ്യമായ തീതിയിൽ ഗുണം ചെയ്യും.


* മദ്രസാ പഠനം പൊതു വിദ്യാഭ്യാസത്തെ ബാധിക്കും വിധം നടത്തപ്പെടുന്നതായി ഗ്രാമസഭകളിൽ അഭിപ്രായം പൊങ്ങിവരികയുണ്ടായി. പൊതു വിദ്യാഭ്യാസവും മദ്രസാ പഠനവും സമരസപ്പെടുത്തികൊണ്ട് പോവുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ കമ്മിറ്റികളുടെയും മതസംഘടനകളുമായും ആലോചിച്ച് ഒരു ശാസ്ത്രീയ സംവിധാനം കാണേടതുണ്ടെന്ന് മനസ്സിലാവുന്നു. ഇതിന് ഗ്രാമസഭകളുടെ ചർച്ചകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

* അധ്യാപകരെ പരിശീലിപ്പിക്കാനും നിയമിക്കാനുമുള്ള അധികാരം ഗ്രാമപഞ്ചായത്തിന് വിടുക:- പഞ്ചായത്തിന്റെറ പരിധിയിൽപെടുന്ന വിദ്യാലയങ്ങളിൽ ആവശ്യമായ അധ്യാപകരെ പരിശീലനത്തിന് വിടാനും അവരെ നിയമിക്കാനും ഉള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് വിടുന്നത് ഈ രംഗത്തെ അഴിമതിയും സ്വജനപക്ഷപാതവും തടയാനും തൊഴിലില്ലാത്ത പ്രൊഫഷനലുകളുടെ പെരുപ്പത്തെ തടയാനും സഹായിക്കും.

പട്ടിക V



മേരിഗിരി ഹൈസ്കൂൾ, മരഞ്ചാട്ടി



ആനയാംകുന്ന് ഹൈസ്കൂൾ

പട്ടിക III

കാരശ്ശേരി ഗ്രാമപഞ്ചായത്ത് അക്കാദമിക് സൗകര്യങ്ങൾ

	സ്ക്കൂളിന്റെ പേര്	ലൈബ്രറി	ലബോറട്ടറി	പഠനോപകരണങ്ങൾ	ദൃശ്യ-ശ്രാവ്യ ഉപകരണങ്ങളുടെ എണ്ണം								ബ്ലാക്ക് ബോർഡ്		95-96ൽ ലഭിച്ച അധ്യയന വർഷം	സ്കൂളിലൂടെ നടക്കാറുള്ള അധ്യയന ദിവസങ്ങൾ	പ്രത്യേക പൊതുജനാവശ്യങ്ങൾക്കുള്ള സൗകര്യം		
					റേഡിയോ	ടേപ്പ് റിക്കോർഡർ	ടി.വി.സെറ്റ്	വി.സി.ആർ വി.സി.പി	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ഓവർ ഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളത	നിലവിലുള്ളത					
1.	ഗവ.എൽ.പി.എസ്.കുമാരനെല്ലൂർ	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	11	5	187	ഇല്ല	1	സജീവം	ഉണ്ട്
2	ആസാദ് മെമ്മോറിയിൽ യു.പി.സ്ക്കൂൾ	ഉണ്ട്	ഉണ്ട്	വേണ്ടത്ര ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	8	8	195	ഇല്ല	5	ഉണ്ട്	ഉണ്ട്
3.	മേരിഗിരി ഹൈസ്ക്കൂൾ മരച്ചാട്ടി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	7	7	182	2	3	സജീവം	ഉണ്ട്
4.	ഗവ.എൽ.പി.സ്കൂൾആനയാംകുന്ന്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	14	12	185	ഇല്ല	7	സജീവമല	ഉണ്ട്
5.	I.I.A.യു.പി.സ്ക്കൂൾ കാരശ്ശേരി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	15	15	185	ഇല്ല	ഇല്ല	സജീവമല	ഉണ്ട്
6.	ഗവ.എൽ.പി. സ്ക്കൂൾ കക്കാട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	5	184	ഇല്ല	ഇല്ല	സജീവം	ഉണ്ട്
7.	സി.എച്ച്.എം.എൽ.പി.സ്കൂൾ നെല്ലാക്കാ പറമ്പ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	4	156	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
8.	വി.യം.എച്ച്.എം. ഹൈസ്ക്കൂൾ ആനയാംകുന്ന്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	187½	ഇല്ല	5	ഭാഗികം	ഭാഗികം
9.	F.M.L.P.സ്കൂൾ തേക്കുംകുറ്റി	ഉണ്ട്	ഇല്ല	ഉണ്ട്			ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	187	ഇല്ല		ഉണ്ട്	ഉണ്ട്

പട്ടിക IV

ഭൗതിക സൗകര്യങ്ങളുടെ വിവരം

സ്ക്കൂളിന്റെ പേര്	അംഗീകൃത ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങളുടെ എണ്ണം			മുറികളുടെ എണ്ണം			അധ്യാപകരുടെ മുറികളുടെ എണ്ണം	അധ്യാപകരുടെ കെട്ടിട/മുറി നിർമ്മിക്കാനുള്ള സ്ഥലം	മിനിമം ഉണ്ടായിരിക്കേണ്ട കെട്ടിടങ്ങൾ	മിനിമം ഉണ്ടായിരിക്കേണ്ട കെട്ടിടങ്ങൾക്ക് പുറമേ സ്വന്തമായി കെട്ടിടങ്ങൾക്ക് പ്രത്യേകമായി	മിനിമം ഇനി അവശ്യമുള്ളത്	നിലവിലുള്ള കക്കൂസുകളുടെ എണ്ണം	പ്രത്യേകശ്രദ്ധയുള്ള കക്കൂസുകൾ	കുടിവെള്ളത്തിന്റെ സംവിധാനം	വൈദ്യുതി	പാചകമുറി	സ്റ്റാഫ് റൂം	ഫർണ്ണിച്ചറുകൾ മതിയാകും/ഇല്ല	ഇനി അവശ്യപ്പെടുന്ന എണ്ണം				
		സ്ഥിരം	അർദ്ധ സ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധ സ്ഥിരം	താൽക്കാലികം												ഡസ്ക്	ബഞ്ച്	മേശ	കസേര	ഓഫീസ് ഫർണിച്ചർ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
1 G.L.P.Sകുമാരനെല്ലൂർ	11	2	-	-	11	-	-	-	ഉണ്ട്	2	10	-	1	-	ഉണ്ട്	ഇല്ല	-	ഇല്ല	ഇല്ല	15	15	4	8	അലമാര 2
2 ആസാദ് യു.പി.സ്ക്കൂൾ, കുമാരനല്ലൂർ	7	1	1	-	4	5	-	-	-	1	4	1	1	-	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	-	-	-	4	6	അലമാര 2
3. മേരിഗിരി ഹൈസ്ക്കൂൾ മരഞ്ചാട്ടി	7	3	-	-	10	-	-	-	-	2	4	-	1	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	10	10	5	5	കസേര 5
4 G.L.P.S.ആനയാംകുന്ന്	14	1	4	-	6	8	-	2	ഉണ്ട്	2	20	-	2	-	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	-	40	30	10	10	കസേര 2
5 V.M.H.M ഹൈസ്ക്കൂൾ, ആനയാംകുന്ന്	43	4	-	-	50	-	-	-	ഉണ്ട്	2	24	2	2	2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	മതിയാകും	-	-	-	-	-
6 I.I.A.U.P.സ്ക്കൂൾ, കാരശ്ശേരി	15	4	4	-	8	7	-	-	ഉണ്ട്	2	8	4	1	-	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	തികയും	-	-	-	-	
7 C.H.M.A.L.P.S നെല്ലിക്കാപറമ്പ്	3	-	-	2	-	-	3	-	-	ഇല്ല	-	-	-	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-	-	-	-	-	
8 G.L.P.S കക്കാട്	5	2	-	-	5	-	-	-	-	1	-	6	1	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-	30	വേണ്ട	3	2	അലമാര 2, മേശ 2, കസേര 2
9 F.M.L.P.S തേക്കുംകുറ്റി	11	3	-	-	13	-	-	-	ഉണ്ട്	2	4	2	2	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	മതിയാകും	-	-	-	ഇല്ല	-

കാരശ്ശേരി പഞ്ചായത്ത്



5.4 കുടിവെള്ളം,പൊതുജനാരോഗ്യം, പരിസരശുചിത്വം

കുടിവെള്ളം

കാരശ്ശേരി ഗ്രാമപഞ്ചായത്തിൽ 30% ആളുകൾക്കേ കുടിവെള്ളത്തിന് സ്വന്തമായി കിണറുള്ളൂ. 40% ആളുകൾ മറ്റുള്ളവരുടെ കിണറുകളും 30% ആളുകൾ നീരുറവകളും പൊതു ടാപ്പുകളും പൊതു കിണറുകളും ആശ്രയിക്കുന്നു. കേരളാ വാട്ടർ അതോറിറ്റിയുടെ ഒരു ശുദ്ധജല പദ്ധതി മാത്രമാണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്തിലെ 40% പ്രദേശങ്ങളും ജലക്ഷാമം അനുഭവപ്പെടുന്നവയാണ്. ജല ലഭ്യമല്ലാത്ത കുന്നിൻ പ്രദേശങ്ങൾ, പ്രകൃതി ദത്ത ജലം ഉപയോഗപ്പെടുത്തുന്നതിലുള്ള പോരായ്മകൾ, നിലവിലുള്ള പദ്ധതിയുടെ കാര്യക്ഷമതയില്ലായ്മ, അനുയോജ്യമായ സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിലുള്ള വിമുഖത എന്നിവയാണ് ഇതിനുള്ള പ്രധാന കാരണങ്ങൾ.

പഞ്ചായത്തിൽ ആകെ 18 പൊതു ടാപ്പുകളാണ് ഉള്ളത്. പൊതു കിണറുകളേയും കുഴൽ കിണറുകളേയും സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

പൊതു കിണറുകൾ		ആകെ	കുഴൽ കിണറുകൾ		
വെള്ളമുള്ളവ	വെള്ളമില്ലാത്തവ		വെള്ളമുള്ളത്	വെള്ളമില്ലാത്തവ	ആകെ
28	18	46	4	4	8

കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളും-പരിഹാര മാർഗങ്ങളും :-

വാർഡ്	പ്രശ്നമേഖലകൾ	പരിഹാര മാർഗങ്ങൾ
I	കുന്നത്ത്, നെല്ലിക്കുത്ത്,തടപ്പറമ്പ്	a. ഇരുവഴിഞ്ഞിപ്പുഴക്കരയിൽ കുളം കുഴിച്ച് തടപ്പറമ്പിൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തുക.
II	അത്തായക്കുന്ന്,എസ്റ്റേറ്റ് ഗേറ്റ്,അമ്പലകുന്ന്	a.അത്തായക്കുന്നിൽ നിലവിലുള്ള ജലവിതരണം കാര്യക്ഷമമാക്കുക. b. KWA യുടെ പൈപ്പ് ലൈൻ എസ്റ്റേറ്റ് ഗേറ്റുവരെയും കാര്യാലയത്തിലെ പാറക്കൽ വീടുവരേയും നീട്ടുക. c. കുന്നേരിയിലുള്ള പൈപ്പ്ലൈൻ അമ്പലക്കുന്ന് വരെ നീട്ടുക.
III	കൽപ്പൂര്,മാങ്കുന്ന്,പൂഴിയോറ,കാരാട് കോളനി	a.പൂഴിയോറയിലെ പ്രകൃതിദത്ത ജലസ്രോതസ്സ് വികസിപ്പിക്കുക.b. K.W.A യുടെ പൈപ്പ് ലൈൻ കൽപ്പൂര്,പൂഴിയോറ,മാങ്കുന്ന് ഭാഗങ്ങളിലേക്ക് നീട്ടുക. c. കാരാട്ട് കോളനിയിൽ കിണർ കുഴിക്കുക.

IV	വല്ലത്തായ്പ്പാറ,കപ്പാല,കപ്പാലകുന്ന് എടത്തും പുറായ് കോളനി, കോലോത്തുംകടവ്	**a.** വല്ലത്തായ് പാറയ്ക്കു സമീപം കുഴിച്ച കുളത്തിൽ നിന്നും എടത്തും പുറായ് കോളനിയുടെ ഭാഗത്ത് ടാങ്ക് കെട്ടി ജലവിതരണം നടത്തുക. **b.** കപ്പാലയിൽ കുളം നിർമിച്ച് കപ്പാലക്കുന്നത്ത് ടാങ്ക്കെട്ടി ജലവിതരണം നടത്തുക. **c.** കോലോത്തും കടവിൽ കൂടരഞ്ഞി പഞ്ചായത്തിലെ **KWA** യുടെ പൈപ്പുലൈൻ ഈ പ്രദേശത്തേക്കു കൂടി നീട്ടുക. **d.** ചെറുപുഴയ്ക്കടുത്ത് കുളം കുഴിച്ച് വല്ലത്തായ് പാറയിൽ ടാങ്ക് നിർമ്മിച്ച് ജല വിതരണം നടത്തിയാൽ വാർഡിന്റെ മുഴുവൻ ജലക്ഷാമം പരിഹരിക്കാം.
V	ചുണ്ടത്തും പൊയിൽ,കരിമ്പ്,കുന്തൻചാരി, മൈസൂർപ്പറ്റ,തേക്കും കാട്, ചാത്തൻ ചിറകോളനി	**a.** കരിമ്പ് ഭാഗത്തുള്ള പ്രകൃതിജലം താഴ്ന്ന പ്രദേശങ്ങളിലേക്ക് വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തണം. **b.** കുന്തൻചാരി പ്രദേശത്ത് പൊതുകിണർ നിർമ്മിക്കുക. **C.**മൈസൂർ പറ്റ പ്രദേശത്ത് പൊതുകിണർ നിർമ്മിക്കുകയോ തോട്ടക്കാട് പ്രദേശത്തെ പ്രകൃതിജലം മൈസൂർ പറ്റയിലേക്ക് എത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക. **d.** തേക്കിൻകാട് നിലവിലുള്ള ജല വിതരണ പദ്ധതി കാര്യക്ഷമമാക്കുക. **e.**ചാത്തൻ ചിറയിലെ പഞ്ചായത്തു കിണർ അഭിവൃദ്ധിപ്പെടുത്തുക. **f.**തോട്ടക്കാടിലെ പഞ്ചായത്തു കിണർ പണി പൂർത്തിയാക്കുക.
VI	പടിഞ്ഞാറേച്ചേരി പതിനെട്ടാം പടി നാരകത്തൊടി തേക്കുംകുറ്റി,ഊരാളിക്കുന്ന്	കൊളക്കാടൻ മലയിലുള്ള കൂറപ്പൊയിൽ കൃഷ്ണൻ നായരുടെ സ്വകാര്യ സ്ഥലത്ത് കുളം നിർമ്മിച്ച് ജലവിതരണം നടത്തുക. വരിയ്ക്കാക്കൽ പ്രദേശത്ത് കുളംകുഴിച്ച് പൈപ്പ് ലൈൻ വഴി ജലവിതരണം നടത്തുക. കാർഷിക തൊഴിൽദാന പദ്ധതി അനുസരിച്ച് നടപ്പിലാക്കുന്ന പദ്ധതിയുടെ പണി പൂർത്തീകരിക്കുക ബ്ലോക്ക് സ്കീമിൽ നിർമ്മിച്ച കിണറിൽനിന്നും ഊരാളിക്കുന്നിൽ ടാങ്ക് നിർമ്മിച്ച് ജല വിതരണം നടത്തുക.
VII	എതിർപാറ,മാന്ദ്ര,കരീറ്റിപുറം,പുതിയോട്ടിൽ കോളനി,കുറ്റപ്പാറ പട്ടികജാതി കോളനി, ബംഗ്ലാവിൻ തടം,മംഗലാട്ടു പുറം,കളരിക്കണ്ടി, മുരിങ്ങം പുറായ്, പാറശ്ശേരിപ്പുറായ് അംഗൻവാടി	**a.** എതിർപാറയിൽ ടാങ്ക് നിർമ്മിച്ച് ചെറുപുഴയ്ക്കടുത്ത് കിണർ നിർമ്മിച്ച് ജലവിതരണം നടത്തുക. **b.** കുറ്റപ്പാറ പദ്ധതി കാര്യക്ഷമമാക്കി പൈപ്പ് ലൈൻ നീട്ടി പ്രശ്നം പരിഹരിക്കാം.
VIII	**പട്ടർച്ചോലമുണ്ടയിൽ കോളറക്കുന്ന്, കനകക്കുന്ന്,** തലക്കുത്ത് പുൽപ്പറമ്പ്, എടച്ചേരിപ്പൊലി കണ്ടംകുളം, ഓടത്തെരുവ് കൂടാംപൊയിൽ, തണ്ണീർപൊയിൽ	**a.**പട്ടർച്ചോല പ്രകൃതി ദത്ത ജലസ്രോതസ്സിൽ നിന്നുള്ള ജലവിതരണം വിപുലപ്പെടുത്തുക.**b.**കൈതപ്പൊയിൽ കുളം നിർമ്മിച്ച് കൊളോറക്കുന്നിൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം

		നടത്തുക. c. KWAയുടെ പൈപ്പ് ലൈൻ എടച്ചേരി പ്പാലി വരേയും കുണ്ടംകുളം വരേയും തണ്ണീർപ്പൊ യിൽ വരേയും നീട്ടുക. d. പ്രകൃതി ദത്ത ജലം ഉപയോഗിച്ച് ഓടത്തെരുവ്, കൂടാംപൊയിൽ ഭാഗത്ത് ജലക്ഷാമം പരിഹരിക്കുക..
IX	നാഗേരിക്കുന്ന് കോളനി, പെരിലക്കാട് കോളനി, നൂറോട്ട് കോളനി, എള്ളുങ്ങൽ കോളനി, വലി യപറമ്പ ലക്ഷം വീട് കോളനി വേനപ്പാറ, കോളനി, കളത്തിങ്ങൽ തെയ്യത്തുംകാവ്, കുവ്വപ്പറമ്പ്, പാലക്കുന്ന്	a. ഇരുവഴിഞ്ഞിപ്പുഴയുടെ അടിയയെക്കൽ കടവിൽ കിണർ കുഴിച്ച് നാഗേരിക്കുന്നിലോ പെരിലക്കാട് കോളനിയിലോ ടാങ്ക് കെട്ടി ജലവിതരണം നടത്തു ക. നൂറോട് ഭാഗത്ത് നിലവിലുള്ള പഞ്ചായത്തു ടാങ്കുകൾ വിപുലപ്പെടുത്തി പ്രകൃതി ദത്ത ജലം ഉപയോഗിച്ച് പ്രശ്നം പരിഹരിക്കാം. തെയ്യത്തും കാവ്, കൂടാംപൊയിൽ,പാലക്കുന്ന് ഭാഗങ്ങളിൽ നിലവിലുള്ള ടാങ്കുകൾ വിപുല പ്പെടുത്തി ജലവിതരണം നടത്തുക. പെരിലക്കാട് കോളനിയിൽ കുഴൽക്കിണർ കുഴിക്കുക. കുവ്വപ്പറമ്പ് പ്രകൃദി ദത്ത ജലം ഉപയോഗപ്പെടുത്തുക
X	കക്കാടിന്റെ പടിഞ്ഞാറു ഭാഗം, കുയ്യിൽ ഭാഗം, തെയ്യത്തും കാവ്	a.ഇരുവഴിഞ്ഞിപ്പുഴ വക്കിൽ കിണർ കുഴിച്ച് വല്ല രിക്കോടിൽ ടാങ്ക് നിർമിച്ച് ജലവിതരണം നടത്തി യാൽ വാർഡു മുഴുവൻ ജലമെത്തിക്കാം. b.സർക്കാർ പറമ്പിലെ നിലവിലുള്ള കുളത്തിൽ നിന്നും മാടകശ്ശേരി നിലവിലുള്ള കുളം വിപു ലീകരിച്ചും തലക്കുളം, പുന്നമണ്ണ് ഭാഗങ്ങളിൽ പുതിയ കുളങ്ങൾ നിർമിച്ചും തൊട്ടടുത്ത കുന്നിൻ പ്രദേശങ്ങളിൽ ടാങ്ക് നിർമിച്ച് ജലവിതരണം നടത്തുക. c. തെയ്യത്തും കാവിലെ പ്രകൃതി ദത്ത ജലം ഉപയോഗപ്പെടുത്തുക.
XI	മലാംകുന്ന്,എടലമ്പാട്ട് കോളനി, ചണ്ണങ്ങൽ കോളനി, വരിയ്ക്കൽ, ഭഗവ തിക്കാവ്, മറിയം കുഴി, മായങ്ങൽ കോളനികൾ	a. കണ്ണാട്ടു കുഴി പ്രദേശത്തെ പ്രകൃതി ദത്തജലം സംഭരിച്ച് മലാംകുന്ന്, എടലം പാട്ട്, പാലക്കാം പൊയിൽ, പുള്ളിപ്പൊയിൽ പ്രദേശങ്ങളിലെ പ്രശ്നം പരിഹരിക്കാം. b.മൈസൂർ മലയിൽ നില വിലുള്ള കുളം അഭിവൃദ്ധിപ്പെടുത്തിയും ചണ്ണങ്ങൽ കോളനിയിൽ പുതിയ കുളം നിർമിച്ച് നിലിവി ലുള്ള ടാങ്കിൽ സംഭരിച്ച് വിതരണം ചെയ്യുക. മായങ്ങൽ കോളനിയിലെ പ്രകൃതിജലം ഉപയോ ഗിച്ച് അവിടത്തെ പ്രശ്നം പരിഹരിക്കാം.

ചെറുകിട ശുദ്ധജല പദ്ധതികൾ

അതതു വാർഡുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഓരോ വാർഡിൽ നിന്നുംചെറുതും വലുതുമായ ധാരാളം ജല വിതരണ പദ്ധതികൾക്കുള്ള നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.എന്നാൽ ഇവയിൽ ഒന്നിലധികം വാർഡുകൾക്ക് ഉപകാര പ്രദമാവുന്ന ഏതാനും ചെറുകിട ജല സേചന പദ്ധതികൾക്കുള്ള നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. തടപ്പറമ്പ് മിനി ശുദ്ധജല പദ്ധതി :

പാലക്കടവത്ത് പുഴയിൽ കിണർ കുഴിച്ച് തടപ്പറമ്പിൽ ടാങ്ക് സ്ഥാപിച്ച് ജലം സംഭരിച്ചാൽ 1,2,3 വാർഡുകളിലെ ശുദ്ധ ജല ക്ഷാമം പൂർണ്ണമായി പരിഹരിക്കാൻ സാധിക്കും.

2. കപ്പാല ശുദ്ധജല പദ്ധതി :

വല്ലത്തായ് പുഴയിൽ കിണർ കുഴിച്ച് കപ്പാലക്കുന്നത് ടാങ്ക് സ്ഥാപിച്ചാൽ 4,5,6 വാർഡുകളിലെബഹുഭൂരിഭാഗം പ്രദേശങ്ങളിലേയും കുടിവെള്ള ക്ഷാമം പരിഹരിക്കാം.

3. കക്കാട് ശുദ്ധജല വിതരണ പദ്ധതി :

മാളിയേക്കൽ കടവിൽ കിണർ കുഴിച്ച് വല്ലരിക്കൊട്ടുമ്മൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തിയാൽ 9, 10 വാർഡുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാം.

4. പ്രകൃതിദത്ത ജല വിതരണ പദ്ധതി

കണ്ണാട്ടുകുഴി, മൈസൂർ മല ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ സുലഭമായി കിട്ടുന്ന പ്രകൃതി ജലം സംഭരിച്ച് പൈപ്പ് ലൈൻ മാത്രം ഉപയോഗിച്ച് 11-ാം വാർഡിന്റെ വിവിധ പ്രദേശങ്ങളിലും,6-ാം വാർഡിന്റെയും 7-ാം വാർഡിന്റെയും ചില ഭാഗങ്ങളിലും ശുദ്ധ ജല വിതരണം നടത്തുന്നതിന് പരിപാടി ഉണ്ടായാൽ ആദായകരമായി ജല വിതരണം നടത്താം.

5. നിലവിലുള്ള കുറ്റ്യപ്പാറ, മലാംകുന്ന് ശുദ്ധ ജല പദ്ധതി

മോട്ടോറിന്റെ കപ്പാസിറ്റി വർദ്ധിപ്പിച്ച് വിപുലപ്പെടുത്തുകയും ജല വിതരണം 7,8,11 വാർഡുകളിൽ കേന്ദ്രീകരിക്കുകയും ചെയ്താൽ നിലവിലുള്ള പോരായ്മ പരിഹരിക്കുവാൻ കഴിയും.

പൊതു നിർദ്ദേശങ്ങൾ

a. കുന്നിൽ പ്രദേശങ്ങളിൽ നിന്നുള്ള മഴവെള്ളത്തിന്റെ കുത്തിയൊഴുക്ക് തടയുന്നതിന് ഇടവരമ്പ് നിർമ്മിക്കുക.

b. ജലവിതാനം ഉയർത്തുന്നതിനും ജലനഷ്ടം തടയുന്നതിനും വേണ്ടി പറമ്പുകളിൽ കുഴികൾകുഴിച്ച് മഴവെള്ളം സംഭരിക്കുക.

c. മേൽ പരിപാടികൾക്ക് വേണ്ടിയുള്ള ബോധവൽക്കരണം നടത്തുക.

ആരോഗ്യം

1974 ന് മുമ്പ് വരെ കാരശ്ശേരി ഗ്രാമപഞ്ചായത്തിൽ ആധികാരികമായി ചികിത്സാ സ്ഥാപനങ്ങൾഒന്നും തന്നെ ഉണ്ടായിരുന്നില്ല. പാരമ്പര്യ വൈദ്യ കുടുംബങ്ങളെയും കിലോമീറ്ററുകളോളം ദൂരമുള്ള സ്ഥാപനങ്ങളെയും ആശ്രയിച്ചാണ് ചികിത്സ നടന്നിരുന്നത് വൈദ്യ ശാസ്ത്ര രംഗത്ത്വമ്പിച്ച മുന്നേറ്റമുണ്ടായിട്ടുള്ള ഈ കാലഘട്ടത്തിൽ പോലും അന്ധവിശ്വാസ ജഡിലമായപ്രാകൃത ചികിത്സാ രീതികൾ നടന്നു വരുന്നു.

1974-ലാണ് കാരശ്ശേരിയിൽ ഒരു ഗവ: ആയുർവേദ ഡിസ്പെൻസറി ആരംഭിച്ചത്. 1978-ൽ കാരമൂലയിൽ ഗവ: ഹോമിയോ ഡിസ്പെൻസറിയും 1990-ൽ തേക്കും കുറ്റിയിൽ ഒരു ഗവ:പ്രൈമറി ഹെൽത്ത് സെൻററും സ്ഥാപിക്കുകയുണ്ടായി. പ്രൈമറി ഹെൽത്ത് സെൻററിന്റെകീഴിൽ പഞ്ചായത്തിൽ ഇപ്പോൾ നാല് കുടുംബക്ഷേമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ആരോഗ്യരംഗത്ത് കാര്യമായ നേട്ടമുണ്ടാക്കുവാൻ സാധിച്ചിട്ടില്ല.

1995-96 വർഷത്തിൽ 450 ഓളം ജലജന്യരോഗങ്ങളും, 850 ഓളം വായുജന്യ രോഗങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രാണി ജന്യരോഗം വളരെ കൂടുതലാണ്.കഴിഞ്ഞ വർഷം കേരളത്തിൽ മലമ്പനി കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടത് ഈ പഞ്ചായത്തിലായിരുന്നു. എന്നാൽ രണ്ട്മാസത്തെ തീവ്രപ്രവർത്തനംകൊണ്ടാണ് രോഗ വ്യാപനം തടയാൻ സാധിച്ചത്. പഞ്ചായത്തിൽ കുഷ്ഠ രോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്നവർ 5 പേരും ക്ഷയരോഗം ബാധിച്ചവർ ഇരുപത്തിമൂന്ന് പേരുമാണ് തലാസീമിയഎന്ന മെഡിറ്ററേനിയൻ രക്ത രോഗമുള്ള രണ്ട് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ ജനനനിരക്ക് 19 ഉം മരണ നിരക്ക് 6.1 ഉം ആണ്. ശരാശരി കുടുംബ വലിപ്പം 5 മാത്രമാണ്.

പഞ്ചായത്തിൽ കിടത്തി ചികിത്സിക്കാൻ സൗകര്യങ്ങളുള്ള ആസ്പത്രികളില്ലാത്തത് കൊണ്ട് രോഗികൾക്ക് വിഷമം നേരിടേണ്ടി വരുന്നു. ഇപ്പോൾ കിടത്തി

ചികിത്സിക്കാൻ സൗകര്യമുള്ള ആസ്പത്രി ശരാശരി 9 കിലോമീറ്റർ അകലെയാണ് സ്ഥിതി ചെയ്യുന്നത്. വിദഗ്ദ ചികിത്സക്കായി35 കിലോമീറ്ററോളം ദൂരം യാത്ര ചെയ്യണം. നിലവിലുള്ള ആയുർവ്വേദ ഡിസ്പെൻസറി,പ്രൈമറി ഹെൽത്ത് സെൻറർ, ഹോമിയോ ഡിസ്പെൻസറി എന്നിവ ചുരുങ്ങിയത് 10 കിടക്കളെങ്കിലും ഉള്ള ആസ്പത്രിയാക്കി ഉയർത്തേണ്ടതുണ്ട്. പ്രൈമറി ഹെൽത്ത് സെൻറിൽ മുഴുവൻ സമയം ഡോക്ടറുടെ സേവനം ലഭ്യമാക്കണം. ഇപ്പോൾ ഹെൽത്ത് സെൻററിൽ 3 ഒഴിവുകൾ നികത്തപ്പെടാനുണ്ട്. അത് നികത്തപ്പെടുകയും കെട്ടിടംപണി പൂർത്തിയാക്കുകയും സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയുകയും ചെയ്യേണ്ടതാണ്.

ആരോഗ്യ സ്ഥാപനങ്ങൾ സ്ഥിതി വിവരങ്ങളും ആവശ്യങ്ങളും

വാർഡ്	പൊതു സ്ഥാപനങ്ങൾ	സ്വകര്യ സ്ഥാപനങ്ങൾ	പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
1	കുടുംബ ക്ഷേമ കേന്ദ്രം,കുമാരനെല്ലൂർ	മർമ്മ ചികിത്സാ കേന്ദ്രം	പ്രവർത്തനം ഏറെകുറേ തൃപ്തികരമാണ്	ആഴ്ചയിൽ ഒരിക്കലെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കണം
2	ആരോഗ്യ സ്ഥാപനങ്ങൾ ഇല്ല			ഒന്നാം വാർഡിലെ കുടുംബ ക്ഷേമ കേന്ദ്രം വിപുലപ്പെടുത്തിയാൽ ഈ പ്രദേശത്ത്കാർക്ക് കൂടി ഉപകാരപ്പെടും.
3	ഗവ:ഹോമിയോ ഡിസ്പെൻസറി, കാരമൂല	ആയുർവേദ ചികിത്സാലയം	വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യമില്ല	വൈദ്യുതി, കുടിവെള്ളം ചുറ്റുമതിൽ എന്നിവ ലഭ്യമാക്കുകയും കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടാക്കുകയും വേണം.
4	പ്രൈമറി ഹെൽത്ത് സെൻറർ തേക്കുംകുറ്റി		ആവശ്യമായ ജീവനക്കാരില്ല. കെട്ടിടം പണി പൂർത്തിയായിട്ടില്ല	ജീവനക്കാരുടെ ഒഴിവ് നികത്തണം കെട്ടിടംപണി എത്രയും പെട്ടെന്ന് പൂർത്തിയാക്കുക. കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. ഡോക്ടറുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കണം സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കണം.
5	ആരോഗ്യ സ്ഥാപനങ്ങൾ ഇല്ല			നാലാം വാർഡിലെ പ്രൈമറി ഹെൽത്ത് സെൻറർ വിപുലപ്പെടുത്തുകയും യാത്രാ സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.

				ചുണ്ടത്തും പൊയിൽ കേന്ദ്രീകരിച്ച് ഒരു കുടുംബ ക്ഷേമ കേന്ദ്രം ആരംഭിക്കുക.
6	കുടുംബ ക്ഷേമ കേന്ദ്രം തേക്കുംകുറ്റി		കുടിവെള്ളസൗകര്യം ലഭ്യമല്ല	കുടിവെള്ളം ലഭ്യമാക്കണം. പ്രൈമറി ഹെൽത്ത് സെൻററുമായി ബന്ധപ്പെടാൻ യാത്രാ സൗകര്യം മെച്ചപ്പെടുത്തുക.
7	ആരോഗ്യ സ്ഥാപനങ്ങൾ ഇല്ല	ആയുർവ്വേദ ചികിത്സാലയം		ആനയാം കുന്ന് കേന്ദ്രമായി കുടുംബ ക്ഷേമ കേന്ദ്രം ആരംഭിക്കണം.
8	ആരോഗ്യ സ്ഥാപനങ്ങൾ ഇല്ല			ആരോഗ്യ പ്രവർത്തകരുടെ സേവനം കാര്യക്ഷമമാക്കണം,കുടുംബ ക്ഷേമ കേന്ദ്രം സ്ഥാപിക്കുക.
9	ഗവ: ആയുർവ്വേദ ഡിസ്പെൻസറി കാരശ്ശേരി		കുടിവെള്ളത്തിന് കുഴൽ കിണർ ഉണ്ടെങ്കിലും പ്രവർത്തനയോഗ്യമല്ല. വൈദ്യുതി ലഭ്യമല്ല	കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആസ്പത്രിയായി ഉയർത്തണം. ആസ്പത്രിക്കുള്ള സ്ഥലം ലഭ്യമാക്കണം. കുടിവെള്ളവും, വൈദ്യുതിയും എത്തിക്കണം.
10	കുടുംബക്ഷേമ ഉപകേന്ദ്രം. സർക്കാർ പറമ്പ്	ഹോമിയോ ക്ലിനിക്ക്	വൈദ്യുതി ലഭ്യമല്ലാത്തത് കൊണ്ട് പ്രവർത്തിക്കുന്നില്ല	വൈദ്യുതി ലഭ്യമാക്കി സബ്സെൻറർ പ്രവർത്തനം തുടങ്ങണം.ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കണം.
11	കുടുംബ ക്ഷേമ കേന്ദ്രം മൈസൂർ മല		കുടുംബകേന്ദ്രം ഉണ്ടെങ്കിലും സ്ഥലവും കൈട്ടിടവും ലഭ്യമല്ല	സബ്ബ് സെൻററിന് സ്ഥലവും കെട്ടിടവും എത്രയും പെട്ടെന്ന് ലഭ്യമാക്കണം

പഞ്ചായത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ മൊത്തം 22 ജീവനക്കാരാണ് ഉള്ളത്. ആരോഗ്യ കേന്ദ്രങ്ങളിൽ മരുന്നിന്റെ കാട്ട വർദ്ധിപ്പിക്കണം. ആസ്പത്രിക്ക് ആവശ്യമായ ഫർണീച്ചറുകളും ഉപകരണങ്ങളും അനുവദിക്കാൻ സത്വര നടപടികൾ സ്വീകരിക്കണം.

ഈ നൂറ്റാണ്ടിന്റെ ശാപമായ എയ്ഡ്സ് രോഗത്തെ കുറിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടതാണ്.ആസ്പത്രികളിൽ സ്റ്റെറിലൈസ് ചെയ്ത ഉപകരണങ്ങളും ഡിസ്പോസിബിൾസിറിഞ്ച് തുടങ്ങിയവ മാത്രമേ ഉപയോഗക്കുന്നുള്ളൂ എന്നു ഉറപ്പു വരുത്തണം. വേശ്യാവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരെ പുനരധിവസിപ്പിക്കുകയും വിദേശങ്ങളിൽ നിന്ന്വരുന്ന വരെ ശരിയായ മെഡിക്കൽ പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്. നേത്രദാനത്തിന്റെറയും രക്ത ദാനത്തിന്റെറയും പ്രാധാന്യത്തെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്. നിലവിലുള്ള ബ്ലഡ് ടൊണേഴ്സ് ഫോറങ്ങളെ ഉപയോഗപ്പെടുത്തിയും, മറ്റു സ്ഥലങ്ങളിൽ രൂപീകരിച്ചും പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും രക്ത ഗ്രൂപ്പ് നിർണ്ണയിക്കുകയും ചെയ്യേണ്ടതാണ്. ഗ്രൂപ്പ് വെളിപ്പെടുത്തുന്നതിന് ഒരു ഡയരക്ട്രി പ്രസിദ്ധീകരിച്ച് പഞ്ചായത്ത് ആഫീസ്, ആസ്പത്രികിൾ, സന്നദ്ധസംഘടന ഓഫീസുകൾ എന്നിവിടങ്ങളിൽ സൂക്ഷിക്കേണ്ടതാണ്. ഇത്തരത്തിലുള്ള ഒരു രക്ത ഗ്രൂപ്പ് ഡയരക്ടറി കാരശ്ശേരി കൾച്ചർ അസോസിയേഷൻ എന്ന സംഘടന കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ചത് ശ്രദ്ധേയമാണ്. പേ വിഷബാധ തടയാൻ വളർത്തു നായ്ക്കൾക്ക് ലൈസൻസും, പ്രതിരോധ കുത്തിവെപ്പും നിർബന്ധമാക്കണം. അലഞ്ഞു തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കാൻ സത്വര നടപ്പടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചയാത്ത് തലത്തിൽ ഔഷധത്തോട്ടം വെച്ച് പിടിപ്പിക്കുകയും ആദിവാസി മേഖലകളിലും കോളനികളിലും ആഴ്ചയിൽ ഒരുദിവസമെങ്കിലും ചികിത്സാ സൗകര്യം ലഭ്യമാക്കേണ്ടതാണ്. വർദ്ധിച്ചു വരുന്ന മദ്യത്തിന്റെറയും-മയക്കുമരുന്നിന്റെറയും പുകയിലയുടെയും ഉപയോഗത്തിനെതിരെ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. മദ്യത്തിനും മയക്കു മരുന്നിനും അടിമകളായവരെ ചികിത്സിക്കാൻ പഞ്ചായത്ത് തലത്തിൽ കൗൺസലിംങ്ങ് സെൻറർ സ്ഥാപിക്കേണ്ടതാണ്.പോളിയോ നിർമ്മാർജ്ജനത്തിനുവേണ്ടി ഇന്ന് നടക്കുന്ന പ്രവർത്തനങ്ങൾ കുറെ കൂടി വ്യാപകമായി നടത്തപ്പെടണം. പോഷകാഹാര കുറവ് മൂലമുണ്ടാകുന്ന രോഗങ്ങൾക്കെതിരെ പ്രചരണങ്ങൾ സംഘടിപ്പിക്കണം. ദൈനം ദിന ഭക്ഷണത്തിൽ പച്ചിലക്കറികളുടെയും പച്ചക്കറികളുടെയും പ്രാധ്യാനത്തെ കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

കക്കൂസ്

പൊതു ജനാരോഗ്യ രംഗത്ത് കുടിവെള്ളത്തോടൊപ്പം പ്രാധാന്യമർഹിക്കുന്നതാണ് ശുചിത്വം.ഇതിൽ കക്കൂസ്കളുടെ ഉപയോഗം പ്രധാന്യമർഹിക്കുന്നു. പഞ്ചായത്തിൽ 32.5 % വീടുകളിൽ കക്കൂസുകളില്ല അത് കൊണ്ട് തന്നെ നിരവധി പകർച്ച വ്യാധികൾക്ക് കാരണമാവുന്നു. മലയോര മേഖലകളിലും കോളനികളിലുമാണ് ഇത് കൂടുതൽ പ്രകടമാകുന്നത്. കക്കൂസ് നിർമ്മാണ രംഗത്ത് ഉണ്ടാകുന്ന പ്രശ്നങ്ങളെ കുറിച്ച് ഗ്രാമ സഭകളിൽ നിന്ന് വന്ന ചർച്ചകളിൽ ഉരുതിരിഞ്ഞ നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും താഴെ ചേർക്കുന്നു.

പ്രയാസങ്ങൾക്കുള്ള കാരണം	പരിഹാര മാഗ്ഗങ്ങൾ
1. സാമ്പത്തിക പിന്നോക്ക അവസ്ഥ	സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയിലൂടെ സാമ്പത്തിക സഹായം ലഭ്യമാക്കുക.
2. സ്ഥല പരിമിതി (കോളനിയിലും മറ്റ് ജന നിബിഡ പ്രദേശങ്ങളിലും)	പൊതുവായ സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കുക. സന്നദ്ധ സംഘടനകലുടെ സഹകരണത്തോടെയും മേൽ നോട്ടത്തിലും പൊതു സ്ഥലങ്ങളിൽ പൊതു കക്കൂസുകൾ നിർമ്മിക്കുക.
3. ആവശ്യകതയെ കുറിച്ചുള്ള അജ്ഞത	ആരോഗ്യ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.


പരിസര ശുചിത്വം

മലയോര പ്രദേശമായ കാരശ്ശേരി ഗ്രാമ പഞ്ചായത്തിൽ ഗുരുതരമായ തോതിൽ പരിസര മലിനീകരണ പ്രശ്നമില്ലെങ്കിലും റബ്ബർ അധിഷ്ഠിത തൊഴിൽ കേന്ദ്രവുമായി ബന്ധപ്പെട്ടും കരിങ്കൽ ക്വാറികളും, ക്രഷറുകളുമായി ബന്ധപ്പെട്ട് അടുത്ത കാലത്തായി പരിസര മലിനീകരണ പ്രശ്നങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. കഴിഞ്ഞരണ്ട് വർഷത്തിനിടയിൽ വായു ജന്യരോഗങ്ങൾ 45.2% വർദ്ധിച്ചു വരുന്നതായി ദിതിയ വിവരകണക്കുകളിൽ നിന്നും മനസ്സിലാക്കാം. പരിസര ശുചിത്വവുമായി ബന്ധപ്പെട്ട് വാർഡ് ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്ന നിർദ്ദേശങ്ങൾ


1. കാലിക്കറ്റ് എസ്റ്റേറ്റിലെ ഫാക്ടറികളിൽ നിന്ന് മലിനജലം ചെറുപുഴയിലേക്ക് ഒഴുക്കുന്നത് തടയുന്നതിന് നടപടികൾ സ്വീകരിക്കുക.
2. പന്നിമുക്കിലെ അസോസിയേറ്റഡ് ലാറ്റക്സിലെ മലിനജലം തോട്ടിലേക്ക് ഒഴുക്കുന്നും, വായു മലിനീകരണവും തടയുക.
3. പഞ്ചായത്തിൽ വർദ്ധിച്ചു കൊണ്ടിരിക്കുന്ന കരിങ്കൽ ക്വാറികളിൽ നിന്നും, ക്രഷറുകളിൽനിന്നും ഉയർന്നു വരുന്ന പാറപൊയിടുയെ വ്യാപനം നിയന്ത്രക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
4. തുറന്ന സ്ഥലങ്ങളിൽ മൃഗങ്ങളെ അറക്കുന്നതും മാംസ വിൽപനയും തടയുക.
5. പുഴയോരങ്ങളിൽ നടത്തുന്ന കൃഷിക്ക് ഉപയോഗിക്കുന്ന രാസവളപ്രയോഗവും, കീടനാശിനി ഉപയോഗവും ജലം മലിനമാക്കുന്നു. അത് കൊണ്ട് പുഴയോരങ്ങളിൽ നടത്തുന്ന കൃഷി തടയുക.
6. ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനം ഉപയോഗപ്പെടുത്തി അറവ് ശാലകൾ ഹോട്ടലുകൾ കൂൾബാറുകൾ എന്നിവ പരിശോധന നടത്തി നിയന്ത്രണങ്ങൾ പാലിക്കാത്തവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.
7. അങ്ങാടികൾ കേന്ദ്രീകരിച്ചുള്ള ചപ്പ് ചവറുകളും മറ്റും നിക്ഷേപിക്കുന്നതിനും നശിപ്പിക്കുനതിനും സൗകര്യ മേർപ്പെടുത്തുക.
8. ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് കവറുകളും മറ്റും പരിസരങ്ങളിൽ തള്ളുന്നതിനെതിരെ വ്യാപകമായ രീതിയിൽ പ്രചരണ പ്രവർത്തനങ്ങൾ നടത്തുക.
9. ജോലി ആവശ്യാർത്ഥം പുറം നാടുകളിൽ നിന്ന് വരുന്ന നാടോടികളെ വാടകയ്ക്ക് താമസിപ്പിക്കുന്ന കെട്ടി ഉടമകൾ അവർക്ക് വേണ്ട പ്രാധമിക സൗകര്യങ്ങൾ ലഭ്യമാക്കണം. അല്ലാത്തപക്ഷം അവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.
10. ആരോഗ്യ വകുപ്പിന്റെയും സന്നദ്ധ സംഘടനകളുടെയും ആഭിമുഖ്യത്തിൽ ആരോഗ്യ ബോധ വൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
11. റോഡുകളുമായി ബന്ധപ്പെട്ട ഓവു ചാലുകൾ വ്യത്തിയാക്കേണ്ടതാണ്. ഇല്ലാത്ത സ്ഥലങ്ങളിൽ ഓവുചാലുകൾ നിർമ്മിക്കുകയും വേണം.

ശ്മശാനം

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഗ്രാമസഭകളിൽ നിന്ന് പൊതു ശ്മശാനത്തിന്റെ ആവശ്യകത ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള കറുത്ത പറമ്പ് പൊതു ശ്മശാനം ഉപയോഗ ശൂന്യമാണ്. റോഡ് സൗകര്യ മേർപ്പെടുത്തി ഇത് ഉപയോഗ പ്രദമാക്കണം . റോഡ് സൗകര്യമേർപ്പെടുത്തി ഇത് ഉപയോഗപ്രദമാക്കുന്നതോടൊപ്പം പഞ്ചായത്തിലെ അനുയോജ്യമായ സ്ഥലങ്ങളിൽ പൊതു ശ്മശാനങ്ങൾ ഉണ്ടാകേണ്ടതാണ്.



കാരശ്ശേരി പഞ്ചായത്ത്



5-5 വ്യവസായം

വ്യവസായ മേഖലയിൽ പിന്നോക്കം നില്കുന്ന പഞ്ചായത്താണ് കാരശ്ശേരി. ഭൂരിഭാഗം ജനങ്ങളും ദരിദ്രരായ തിനാൽ പഞ്ചായത്തിന് വ്യാവസായികമായി ഉണരുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ പൊതു മേഖല യിലോ സഹകാര്യ മേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകളൊന്നുംതന്നെയില്ല. സഹകാര്യ മേഖലയിലെ ചെറു കിട യൂണിറ്റുകളിലും ഇടത്തരം യൂണിറ്റുകളിലുമായി രണ്ട് ക്രമ്പ് റബ്ബർ യൂണിറ്റുകൾ രണ്ടു സഹകര കേന്ദ്രംഒരു സഹകരണ ബാങ്ക് പുതുതായ കിയതടക്കം ഒമ്പത് സ്റ്റോൺ ക്രഷറുകൾഎ ലങ്ങളിലായി പ്രവർത്തിയ്ക്കുന്നു. ഈ പണ മേഖലകളിൽ 456 പേർ ജോലി ചെയ്യുന്നു 215 സ്ത്രീകൾ, വിവിധ യൂണിറ്റുകളിൽ തൊഴിലാളികളുടെ കണക്ക് പട്ടിക 1-ൽ കൊ

പട്ടിക 1

ചെറുകിട വ്യവസായ യൂണിറ്റുകൾ

ക്രമ നമ്പർ	ഇനം	ആകെ വ്യവായങ്ങൾ	പു.	സ്ത്രീ	ആകെ
1	നാളികേരം	5	05	05	10
2	തടിവ്യവസായം(സോമിൽ)	2	08	0	08
3	ഫ്ലോർമിൽ	10	10	0	10
4	ക്രംബ്	2	20	10	30
5	സിമൻറ് ബ്രിക്സ്	9	12	9	21
6	എഞ്ചിനീയറിംഗ്	2	10	0	10
7	ഇഷ്ടിക നിർമ്മാണം	1	02	0	02
8	ക്രഷർ	5	106	35	141
9	കൊപ്ര	10	05	50	55
10	മറ്റുള്ളവ	6	13	03	16

പരമ്പരാഗത കുടിൽ വ്യവസായ മേഖലയിൽ, മൺ പാത്ര നിർമ്മാണം കൊട്ട നിർമ്മാണം , പായനെയ്ത്ത് എന്നി വയാണ് പ്രധാനമായും നടക്കുന്നത്. വളരെ കുറഞ്ഞ കൂലി നിരക്കിൽ പ്രവർത്തിച്ചിട്ടു പോലും പരമ്പരാഗത വ്യവസാ യങ്ങൾ നഷ്ടത്തിലാണ്. ചെറുകിട വ്യവസായ യൂണിറ്റുക ളുടെ എണ്ണവും, തൊഴിലാളികളുടെ എണ്ണവും പട്ടിക 12-ൽ കൊടുത്തിരിയ്ക്കുന്നു.

വ്യവസായ മേഖലയിലെ സ്ത്രീ പ

മൊത്തം തൊഴിൽ സേനയിൽ പു ആധിപത്യമെങ്കിലും, വ്യവസായ തൊഴി കളാണ് കൂടുതൽ. ചെറുകിട മേഖലയിൽ

പട്ടിക .2

വ്യവസായ സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	ഇനം	എണ്ണം	മെമ്പർമാർ
1	പാൽ സഹകരണ സംഘം	2	908
2	സഹകരണ ബേങ്ക് 1	1	454
3	വനിതാ കൊപ്ര സംഭരണം	1	11
4	വനിതാ ജെല്ലി മേക്കിംഗ്	2	10

പരമ്പരാഗത മേഖലയിൽ സ്ത്രീകളുമാണ് കൂടുതലുള്ളത്.

പ്രശ്നങ്ങൾ

കക്കാട് മുതൽ ചുണ്ടത്തുംപോയിൽ വരെ നീണ്ടു കിടക്കുന്ന പഞ്ചായത്തിൽ വ്യവസായ വികസനത്തിനാവശ്യമായ വൈദ്യുതി വേണ്ട അളവിൽ ലഭ്യമല്ല. പലപ്പോഴും വോൾട്ടേജ് ക്ഷാമംകൊണ്ട് യൂണിറ്റുകൾ പ്രവർത്തിക്കാൻ കഴിയാതെ പോകുന്നു. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയാണ് മറ്റൊരു പ്രശ്നം. ഭൂ പ്രകൃതിയും വ്യവസായ വികസനത്തിന് വിഘാതമാവുന്നു. നാണ്യ വിളകളായ റബ്ബർ കമുക് എന്നിവയുടെ ഉത്പാദന കേന്ദ്രമായിട്ടുപോലും ഇവ ഉപയോഗിച്ചു കൊണ്ടുള്ള വ്യവസായ സ്ഥാപനങ്ങൾ ഇവിടെ വളർന്നു വന്നിട്ടില്ല. അസോസിയേറ്റഡ് ലാറ്റക്സ് കമ്പനിയും ജോസ്കോ റബ്ബർ കമ്പനിയും ഇതിനൊരപവാദമാണ്. വ്യാവസായിക വളർച്ചയ്ക്ക് അനുകൂല ഘടകമായ ഉയർന്ന സാക്ഷരത കൈവരിക്കാൻ ഈ അടുത്ത കാലത്തു മാത്രമേ സാധിച്ചിട്ടുള്ളൂ. വാർത്താ വിനിമയ സൗകര്യങ്ങൾ നാമമാത്രമായേ പഞ്ചായത്തിലുള്ളൂ .

പ്രധാന കാരണങ്ങൾ

1. മുഖ്യ കാർഷികോല്പന്നങ്ങളിൽ ഒന്നായ നാളികേരം വ്യവസായികാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുന്നില്ല.
2. സഹകരണ മേഖലയിൽ അനുഭവപ്പെടുന്ന സാമ്പത്തിക നഷ്ടം
3. പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും വൈദ്യുതി എത്തായ്ക വൈദ്യുതി ലഭ്യമായ പ്രദേശങ്ങളിൽ തന്നെ വോൾട്ടേജ് ക്ഷാമം, അതിലുപരി വൈദ്യുതി ലഭിക്കാനുള്ള സാങ്കേതിക ബുദ്ധിമുട്ട്
4. സാങ്കേതിക പരിജ്ഞാനമില്ലായ്മ
5. സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള (ലോണുൾപ്പെടെ) ബുദ്ധിമുട്ടുകളും, സാങ്കേതികതവും.
6. ഉല്പന്നങ്ങൾ വിപണനം നടത്താൻ നേരിടുന്ന പ്രയാസങ്ങൾ
7. പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ ലഭിക്കാനുള്ള പ്രയോഗിക ബുദ്ധിമുട്ട്
8. വനിതകൾക്ക് തൊഴിലവസര കുറവ്
9. സാങ്കേതിക പരിശീലനം നേടിയവരുടെ അപര്യാപ്തത.
10. വ്യവസായ സംരംഭകരുടെ അപര്യാപ്തത.
11. വ്യവസായ മേഖലകളുമായി സമ്പർക്കമില്ലായ്മ.
12. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവല്കരണ കുറവ്.

സാധ്യതകൾ

നാളികേരം, റബ്ബർ, അടയ്ക്ക,ചക്ക,കപ്പ,നേന്ത്രക്കായ എന്നിവയാണ് പഞ്ചായത്തിൽ വ്യവസായത്തിനാവശ്യമായി ലഭിയ്ക്കുന്ന പ്രധാന അസംസ്കൃത പദാർത്ഥങ്ങൾ. ചെങ്കല്ലുംപാറയും മണലും പരിസ്ഥിതിയ്ക്ക് ഭീഷണിയില്ലാത്ത രീതിയിൽ ഉപയോഗപ്പെടുത്തിയാൽ ആരംഗത്തുള്ള കുറേ വ്യവസായ സ്ഥാപനങ്ങളും ഒപ്പം തൊഴിലവസരങ്ങളും വർദ്ധിപ്പിക്കാവുന്നതാണ്.

തെങ്ങുകൃഷി വ്യാപകമായി നടക്കുന്ന ഒരു പഞ്ചായത്തായതുകൊണ്ടും, കൊപ്ര നിർമ്മാണത്തിലും സംഭരണത്തിനും സന്നദ്ധരായി വിവിധ വാർഡുകളിൽ നിന്നായി മുന്നോട്ടു വന്നതുകൊണ്ടും, എല്ലാ വാർഡുകളിലും കൊപ്ര നിർമ്മാണ സംഭരണ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. പഞ്ചായത്ത് കേന്ദ്രീകരിച്ചു കൊണ്ട് ഒരു നാളികേര കോപ്ലക്സ് സ്ഥാപിക്കുകയാണെങ്കിൽ അതുവഴി ഉല്പാദിപ്പിക്കപ്പെടുന്ന വെളിച്ചെണ്ണ, പിണ്ണാക്ക് എന്നിവക്ക് ഈ പഞ്ചായത്തിൽത്തന്നെ മാർക്കറ്റ് കണ്ടെത്താവുന്നതാണ്. വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു കൊപ്ര ഡ്രയർ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുന്നതിനും പഞ്ചായത്തിൽ സാധ്യതകളുണ്ട്. തൊണ്ടുപയോഗപ്പെടുത്തി യന്ത്രസഹായത്തോടെ

ചിരിനാര് ഉല്പാദിപ്പിക്കുവാനും അതുവഴി കയറുണ്ടാക്കുവാനുള്ള സാധ്യതകളുമുണ്ട്. വെളിച്ചെണ്ണ ഉപയോഗപ്പെടുത്തി സോപ്പു നിർമ്മാണ സാധ്യതകളും, തള്ളികളയാവുന്നതല്ല. ചിരട്ട ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കാനുള്ള സാങ്കേതികജ്ഞാനം ലഭ്യമാക്കിയാൽ ആരംഗത്തും വ്യവസായങ്ങൾ വളർന്നു വരാനുള്ള സാധ്യതകളുണ്ട്.

പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന ഒരസംസ്കൃത വസ്തുവാണ് റബ്ബർ. ഇവ ഉപയോഗപ്പെടുത്തി ചെരുപ്പിന്റെ സോൾ സ്ട്രാപ്പ് നിർമ്മാണ യൂണിറ്റും അടുത്ത കാലത്തായി ലാറ്റക്സ് യൂണിറ്റും ഈ പഞ്ചയാത്തിൽ വിജയകരമായി പ്രവർത്തിച്ചു വരുന്നുണ്ട്.അസംസ്കൃതറബ്ബർ ഉപയോഗിച്ച്, ബലൂൺ, റബ്ബർ ബാൻഡ്,ഗ്ലൗസ്,ഇലാസ്റ്റിക്ക് മുതലായവ നിർമ്മിക്കാനുള്ള സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുകയാണെങ്കിൽ അതുമായി ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ വിജയിക്കാൻ സാധ്യതയുണ്ട്.

ഈ പഞ്ചായത്തിൽ സുലഭമായി ലഭിയ്ക്കുന്ന മറ്റൊരു അസംസ്കൃത വസ്തുവാണ് അടയ്ക്ക. അടയ്ക്ക അസംസ്കൃത വസ്തുവായിട്ടുള്ള വ്യവസായങ്ങളിൽ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിലാണ് നടക്കുന്നത്. അടയ്ക്ക ഉപയോഗിച്ച് "റോജാപാക്ക് " പോലുള്ള ഉല്പനങ്ങൾ നിർമ്മിക്കുന്ന വ്യവസായത്തിന് ഈ പഞ്ചായത്തിന് വളരെയേറെ സാധ്യതകളുണ്ട്

ചക്ക,മാങ്ങ,നേന്ത്രക്കായ എന്നീ ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ചുള്ള ജാം പിക്കിൾസ് സ്ക്വാഷ്,ചിപ്സ്, എന്നിവ വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിനും (കുറഞ്ഞ ചെലവിൽ) വിപണനം നടത്തുന്നതിനും വളരെയേറെ സാധ്യതകളുണ്ട്.

കരിങ്കല്ല് ഉപയോഗിച്ച് കെട്ടിടം, റോഡ് തുടങ്ങിട വികസന പ്രവർത്തനങ്ങൾക്കാവശ്യമായ കരിങ്കൽ ഉല്പനങ്ങൾ നിർമ്മിക്കുന്ന ഒമ്പത് ക്രഷർ യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്നുണ്ട്. പുതുതായി ഏതാനും യൂണിറ്റുകൾ കൂടി പ്രവർത്തന സജ്ജമായിരിയ്ക്കുകയാണ്. ഈപഞ്ചായത്തിൽ എറ്റവും കൂടുതൽ വ്യവസായ യൂണിറ്റുകൾ ക്രഷർ യൂണിറ്റാകയാൽ അത് വളരെയധികം വിജയ സാധ്യതയുള്ളതാണ്. ഉയർന്ന വേതന വ്യവസ്ഥകൾ നിലിവിലുള്ളതിനാൽ ഈ രംഗത്തേയ്ക്ക് കൂടുതൽ തൊഴിലാളികൾ കടന്നു വരുന്നുണ്ട്. ഇതിനോടനുബന്ധിച്ച് പ്രത്യക്ഷമായും, പരോക്ഷമായും ഒരുപാടാളുകൾക്ക് തൊഴിൽ ലഭിയ്ക്കുന്നുണ്ട്.

തടിവ്യവസായ രംഗത്ത് വേരുറപ്പിച്ചിട്ടുള്ള രണ്ട് ഈർച്ചമില്ലുകൾ ഈ പഞ്ചായത്തിലുണ്ട് അതിനോടനുബന്ധിച്ച് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിയ്ക്കുന്ന ഏഴിൽപരം ഫർണിച്ചർ ഷാപ്പുകൾക്കു പുറമെ കൂടുതൽ ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ തുടങ്ങുവാൻ സാധ്യതയുണ്ട്.

സിമൻറ്, മണൽ എന്നിവ ഉപയോഗിച്ച് സിമന്റ് ഹോളോബ്രിക്സ് കട്ടിള, ജനൽ എന്നിവ നിർമ്മിയ്ക്കുന്ന യൂണിറ്റുകൾക്കും പഞ്ചായത്തിൽ സാധ്യതകൾ ഏറെയാണ്.

സ്വകാര്യ ബസ്സ് വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾ ഈ പഞ്ചായത്തിൽ ഏറെയാണ്. അവരിൽ പലരും മൂലധനത്തിന്റെ ഒരു നല്ല വിഹിതം വായ്പയായി ലഭിയ്ക്കുമെങ്കിൽ സഹകരണാടിസ്ഥാനത്തിൽ ഒരു ടൂറിസ്റ്റ് ബസ് വ്യവസായം ആരംഭിക്കാൻ സന്നദ്ധരായി മുന്നോട്ടു വന്നിട്ടുണ്ട്.

ധാരാളം ആളുകൾ കന്നുകാലികളെ വളർത്തുന്നതു കൊണ്ടും കാലിതീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തു സുലഭമായി ലഭിയ്ക്കുന്നതുകൊണ്ടും പഞ്ചായത്തിൽ ഒരു കാലിതീറ്റ നിർമ്മാണ യൂണിറ്റ് തുടങ്ങാവുന്നതാണ്.

മിനി വ്യവസായ എസ്റ്റേറ്റ്

വ്യവസായം തുടങ്ങാൻ സന്നദ്ധരായി പലരും മുന്നോട്ടു വരുന്നുണ്ടെങ്കിലും സൗകര്യപ്രദമായസ്ഥലം ലഭ്യമല്ലാത്തത് വ്യവസായങ്ങൾ തുടങ്ങുന്നതിന് പ്രതിബന്ധമായി നില്കുന്നു. ഇതിന് പരിഹാരമായി പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരുമിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കാനാവശ്യമായ സ്ഥലം (ചുരുങ്ങിയത് 5 ഏക്കർ) പഞ്ചായത്ത് സ്വന്തമാക്കി വ്യവസായ സംരഭകർക്ക് നല്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

1. വ്യവസായം തുടങ്ങാൻ താല്പര്യമുള്ളവരും സന്നദ്ധരുമായവരുടെ ഒരുപട്ടിക പഞ്ചായത്ത് തലത്തിൽ ശേഖരിയ്ക്കുകയും, അവർക്ക് താത്പര്യമുള്ള മേഖലകളിൽ ആവശ്യമായ പരിശീലനങ്ങൾ ബന്ധപ്പെട്ട ഏജൻസികൾ വഴി ചെയ്തു കൊടുക്കുക.
2. സെമിനാറുകളും ബോധവല്കരണവും നടത്തി കരകൗശല രംഗത്തേയ്ക്ക് ആളുകളെ ആകർഷിയ്ക്കുകയും അവർക്ക് ആവശ്യമായ പരിശീലനവും പ്രോത്സാഹനവും നല്കുക.
3. തയ്യൽ പരിശീലനം നേടിയ ധാരാളം വനിതകളുള്ള ഒരു പഞ്ചായത്തായതുകൊണ്ട് ഒരു റെഡിമെയ്ഡ് വ്യവസായ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ തുടങ്ങുന്നതിന് സാധ്യതകളുണ്ട്. അതുവിജയിക്കുന്നതിന് അതിന്റെ രത്തെന്ന സാധ്യതകളും നവീനരീതികളും ബോധ്യം വരുന്നതിനാവശ്യമായ പരിശീലനങ്ങൾ നടത്തേണ്ടതാണ്.
4. വ്യവസായ സംരംഭകർക്ക് അവർ തുടങ്ങാനുദ്ദേശിയ്ക്കുന്ന യൂണിറ്റിനെപറ്റിയുള്ള ആശങ്ക ദുരീകരിക്കാൻ വിജയകരമായി നടന്നു വരുന്ന വ്യവസായ സ്ഥാപനങ്ങളുടെ നടത്തിപ്പുകാരമായി ആശയ വിനിമയം നടത്താൻ സൗകര്യമുണ്ടാക്കണം. മറ്റ് വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്ത

നങ്ങൾ നേരിൽ കണ്ട് പഠിയ്ക്കുന്നതിനു വേണ്ടി പഠന യാത്രകൾ സംഘടിപ്പിയ്ക്കണം.

5. പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിയ്ക്കുന്ന മുഴുവൻ വ്യവ സായികളെയും പങ്കെടുപ്പിച്ചുകൊണ്ട് അവരുടെ വ്യവ സായം കൂടുതൽ ലാഭകരമാക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളിലെ വിദഗ്ദരെ ഉപയോ ഗിച്ച് അവർക്ക് ക്ലാസുകൾ നല്കേണ്ടതാണ്.

6. വ്യവസായ രംഗത്ത് കടന്നു വരുന്ന സംരംഭകൾക്ക്വൈദ്യുതി ഉറപ്പുവരുത്തന്നതിന് നിലിവിലുള്ള എല്ലാ വൈദ്യുതി ലൈനുകളുടെയും വോൾട്ടേജ് കമ്മി പരിഹരിക്കണം.

7. വ്യവസായ സംരഭകരെ നിരന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങുവാനും ലാഭകരമായി പ്രവർത്തിയ്ക്കുവാനും സാഹചര്യങ്ങൾ സൃഷ്ടിയ്ക്കു വാൻ ഒരു സ്ഥിരം മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കണം.

8. വ്യവസായ കേരള പ്രസിദ്ധീകരണം പഞ്ചായത്തിൽ വാങ്ങി വ്യവസായ സംരഭകർക്ക് ലഭ്യമാക്കേണ്ടതാണ് മേൽപറഞ്ഞ തൊഴിലാളികൾക്ക്പുറമെ ഓരോ കോറിയിലും ചുരുങ്ങിയിത് 6 സ്ത്രീ തൊഴിലാളികൾ വീതം ജല്ലി നിർമ്മാണത്തിൽ ഏർ പ്പെട്ടിട്ടുണ്ട്. അത് പോലെ ഈകോറികളോടനുബന്ധിച്ച് അനേകം ലോഡിംഗ് തൊഴിലാളികളും പ്രവർത്തിയ്ക്കുന്നു.

പട്ടിക 3

പരമ്പരാഗത കുടിൽ വ്യവസായങ്ങൾ തൊഴിലാളികളുടെ എണ്ണം

ക്രമ നമ്പർ	ഇനം	പുരുഷൻ	സ്ത്രീ	ആകെ
1	കൈതോല പായ	0	6	6
2	മൺപാത്രനിർമ്മാണം	2	1	3
3	കുട്ട നിർമ്മാണം	8	13	31
4	ബീഡിതെറുപ്പ്	5	0	5

പട്ടിക 4

ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ

വിഭാഗം	ക്രമ നമ്പർ	ഇനം
ജനറൽ എഞ്ചിനീയറിംഗ്	1	ശാസ്ത്രീയമായി കോഴി വളർത്തൽ
	2	ആധുനികരീതിയിലുള്ള ആയുർവേദ മരുന്ന് നിർമ്മാണം
	3	മരം ഫർണിച്ചർ
	4	ഹവായ് ചെരുപ്പ്
	5	അലങ്കാര പണിചെയ്ത മരം കൊണ്ടുള്ള വീട്
	6	ലിക്യുഡ് ഡിറ്റർജെൻറ്
	7	ഓട്ടോ ഇലക്ട്രിക് ഷോപ്പ്
	8	ഇലക്ട്രിക്കൽ ജനറൽ വർക് ഷോപ്പ്
	9	ജനറൽ എഞ്ചിനീയറിംഗ്
	10	ഇരുചക്രവാഹനങ്ങളുടെ വർക് ഷോപ്പ്
	11	നാല് ചക്രവാഹനങ്ങളുടെ വർക് ഷോപ്പ്
	12	എമർജൻസി ലാബ്
	13	സിന്തറ്റിക് വിനാഗിരി
	14	റെഡിമെയ്ഡ് വസ്ത്ര നിർമാണം
	15	ചിപ്സ്, മധുരപലഹാര നിർമ്മാണം (ചക്ക, നേന്ത്രക്കായ്, കപ്പ)
	16	റബ്ബർ ബാൻറ് നിർമാണം

പട്ടിക 5

ലഭ്യമായ അസംസ്കൃത വസ്തുതക്കൾ ഉപയോഗിച്ച് ആരംഭിക്കാൻ കഴിയുന്ന വ്യവസായങ്ങൾ


വിഭാഗം	ക്രമനമ്പർ	ഇനം
ജനറൽ എസ്.എസ്.ഐ.	1	ഹവായ് ചെരുപ്പ് നിർമാണം
	2	കൊപ്ര സംസ്കരണം
	3	അച്ചാർ നിർമ്മാണം
	4	തെങ്ങുകൊണ്ട് കെട്ടിട നിർമ്മാണം
	5	ചിരട്ട പൊടി
	6	തേങ്ങാ പൗഡറും ക്രീമും (തേങ്ങാപാൽ കുഴമ്പു രൂപത്തിൽ)
	7	തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയം
	8	കന്നുകാലി തീറ്റ
	9	സിമൻറ് ഇഷ്ടിക നിർമാണം
	10	സിമൻറ് ജനാല, വാതിൽ, കട്ടിൽ
	11	കരിങ്കല്ല് ഉടച്ച് ജില്ലിയാക്കൽ
	12	കറി പൗഡർ
	13	കിടക്ക നിർമാണം
	14	റെഡിമെയ്ഡ് വസ്ത്ര നിർമാണം
	15	അലക്ക് സോപ്പ്

പട്ടിക 6

നിലവിലുള്ള കരിങ്കൽ കോറികൾ

1.	ചുണ്ടത്തും പൊയിൽ	1	19
2.	കുഴിമറ്റത്തിൽ	1	8
3	ജോസ് നെടുങ്കനാൽ	1	8
4	പിയൂസ്	1	9
5	സമ്പത്ത്	1	16
6	50 ഏക്കർ	1	9
7	പട്ടാണി	1	9
8	ഇസ്മായിൽ	1	10
9	പാലിയിൽ	3	20
10	കക്കാട്	1	6
11	P.M.മുഹമ്മദ്	1	12
12	സലാം	1	12
13	നെല്ലികാപറമ്പ്	1	15
	ആകെ	15	153

കാരശ്ശേരി പഞ്ചായത്ത്



5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

കോഴിക്കോട് ജില്ലയുടെ കിഴിക്കൻ മലയോരങ്ങളുടെ താഴ്വരയിലുള്ള പ്രകൃതി മനോഹരമായ പ്രദേശമാണ് കാരശ്ശേരി പഞ്ചായത്ത്. കിഴക്ക് മലകളും പടിഞ്ഞാറ് പുഴകളും അതിരിടുന്ന ഈ പഞ്ചായത്ത് നിലവിൽ വന്നത് 1977 ലാണ്.

കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടവരാണ് ഭൂരിഭാഗം ജനങ്ങളും മലഞ്ചരക്കുകളും മറ്റു കാർഷിക ഉല്പന്നങ്ങളും ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ട്. ഗതാഗത യോഗ്യമായ റോഡുകൾനേരത്തെ ഇവിടെ ഉണ്ട്. നാടുവാഴി കുടുംബങ്ങളുടെ വകയായും മര വ്യവസായവുമായി ബന്ധപ്പെട്ടുമാണ് മിക്ക റോഡുകളുടെയും ഉൽഭവം. 1920 കളിൽ രൂപപ്പെട്ട ഗെയിറ്റും പടിമുക്കം റോഡാണ് പഞ്ചായത്തിലെ ആദ്യത്തെ റോഡ് എന്നാണ് നിഗമനം.

മുൻകാലങ്ങളിൽ ജലഗതാഗതമായിരുന്നു ഈ പഞ്ചായത്തിലുണ്ടായിരുന്നത്. തോണിമാർഗ്ഗമായിരുന്നു ജനങ്ങൾക്കാവശ്യമായ സാധനങ്ങൾ പീടികകളിൽ എത്തിച്ചിരുന്നത്.

എന്നാൽ തോണിക്കടത്തു ഇന്ന് അപൂർവമായിരിക്കയാണ്. പഞ്ചായത്തിലെ ഏക തോണികടത്ത് കക്കാടിനെ ചേന്ദമംഗലൂർമായി ബന്ധിപ്പിക്കാനുള്ളതാണ്.

പഞ്ചായത്തിൽ ഗതാഗതയോഗ്യമായി 141 കിലോമീറ്റർ റോഡുണ്ടെങ്കിലും ടാർ റോഡുകൾ 35.16 കിലോമീറ്ററേ വരൂ. മെറ്റൽ ചെയ്ത 4.300 കിലോമീറ്റർ റോഡുകൾ ടാറിംഗിനു കാത്തിരിക്കയാണ് പഞ്ചായത്തിൽ കൂടി സ്റ്റേറ്റ് ഹൈവേ (കൊയിലാണ്ടി-മുക്കം-എടവണ്ണറോഡ്) കടന്നുപോകുന്നുണ്ട്. 8,9,10 വാർഡുകളെ ഈ റോഡ് ബന്ധിപ്പിക്കുന്നു. ഈ റോഡ് 1970 കളിലാണ് രൂപപ്പെട്ടത്.

മിക്കവാർഡുകളിലും ഗതാഗതയോഗ്യമായ റോഡുകളുണ്ടെങ്കിലും ഇനിയും വളരെയധികം പുരോഗമിക്കേണ്ടതുണ്ട്. ഗ്രാമസഭകളിൽ ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉയർന്നുവരികയുണ്ടായി.

റോഡുകളും പൊതുവായ പ്രശ്നങ്ങളും

ചെമ്മണ്ണ് മാത്രമായി കിടക്കുന്ന നിരവധി റോഡുകൾ മോചനം കാത്തുകിടക്കുകയാണ്. പലപ്രദേശങ്ങളും റോഡ് മുഖേനെ പുറം ലോകവുമായി ബന്ധിപ്പിക്കേണ്ടതുണ്ട്.

അപകടകരമായ വളവുകൾ, റോഡുകളുടെ വീതിക്കുറവ്, കലുങ്കുകളുടെയും ഓവുചാലുകളുടെയും പോരായ്മ എന്നിവ പരിഹരിക്കപ്പെടേണ്ട പ്രധാന പ്രശ്നങ്ങളിൽ ഉൾപ്പെടുന്നു.

റോഡരികിലെ മരങ്ങൾ അശാസ്ത്രീയമായി മുറിച്ചു നീക്കുന്നത്കൊണ്ട് സമീപപ്രദേശങ്ങളിലുണ്ടാവുന്ന മണ്ണൊലിപ്പ് വലിയ പ്രശ്നം തന്നെയാണ്. ഇത് പരിഹരിക്കാൻ സന്നദ്ധസംഘടനകളുടെ സഹായത്തോടെ വൃക്ഷത്തൈകൾ വെച്ച് പിടിപ്പിക്കാൻ പദ്ധതിയുണ്ടാവേണ്ടതാണ്. റോഡ് പുറമ്പോക്ക് കയ്യേറ്റം നിരുത്സാഹപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ പല താഴ്ന്ന പ്രദേശങ്ങളിലും മൺറോഡുകളായി മാറിയ ഇടവഴികൾ, മഴവെള്ളം താഴ്ന്ന പാടശേഖരങ്ങളിലേക്ക് ഒഴുകുന്നതിനു സഹായകമായിരുന്നു. എന്നാൽ മൺറോഡുകളുടെ നിർമ്മാണ രീതി ഈ ഒഴുക്കിന് തടസ്സമായിട്ടുണ്ട്. വെള്ളത്തിന്റെ ഒഴുക്ക് തടയുന്നതിനോടൊപ്പം റോഡുകളിൽ നീർക്കെട്ടുകൾ ഉണ്ടായി ഗതാഗതയോഗ്യ മല്ലാതായിമാറുന്നു എന്നതാണിതിന്റെ പരിണിതഫലം.

മലഞ്ചരക്കുകൾ, കാർഷിക ഉല്പന്നങ്ങൾ എന്നിവ കൊണ്ടുപോകുന്നതിനും രോഗികളെ ആതുരാലയങ്ങളിൽ എത്തിക്കുന്നതിനും റോഡാണ് ഉപയോഗിക്കുന്നത്. റോഡിന്റെ അപര്യാപ്തത മലയോര മേഖലയുടെ തകർച്ചക്കേ സഹായിക്കൂ. കുന്നുകളും മലകളും നിറഞ്ഞ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ യാത്ര ദുർഘടമാണ്. കിലോമീറ്ററോളം കാൽനടയായിയാത്ര ചെയ്യേണ്ട

സ്ഥിതിയും പഞ്ചായത്തിലുണ്ട്. പൈക്കാടൻ മല, കൊളക്കാടൻ മല, മൈസൂർമല, കരിമ്പ് തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങളുടെ യാത്രാദുരിതം വിവരണാതീതമാണ്. വാഹന ഗതാഗതയോഗ്യമല്ലാത്ത ചെമ്മൺപാതകൾ നിരവധിയാണ്.

ടാർ റോഡുകൾ

പഞ്ചായത്തിന്റെ പല വാർഡുകളിലും ഒന്നിലധികം ടാർ റോഡുകളുണ്ടെങ്കിലും ടാർറോഡുകളില്ലാത്ത വാർഡുകളുണ്ട്. ബസ് ഗതാഗതമുള്ള ടാർറോഡുകൾക്ക് പോലും മതിയായ വീതിയില്ല. കാലാകാലങ്ങളിലുള്ള അറ്റകുറ്റ പണികളും നടക്കുന്നില്ല. വർഷകാലത്ത് മിക്ക റോഡുകളുടെയും അവസ്ഥ ശോചനീയമാണ്.

തേക്കും കുറ്റി- മരഞ്ചാട്ടി റോഡ് വർഷങ്ങൾക്ക് മുമ്പ് ടാർ ചെയ്തെങ്കിലും മതിയായ അറ്റകുറ്റ പണികൾ നടക്കാത്തതിനാൽ ഭാഗികമായി തകർന്നിരിക്കുകയാണ്. പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി വെച്ചു നോക്കുമ്പോൾ ഈ റോഡിന്റെ പ്രശ്നം പരിഹരിക്കാൻ പ്രയാസവുമാണ്. പൊതുമരാമത്ത് വകുപ്പ് ഈ റോഡ് ഏറ്റെടുത്താലേ പ്രശ്നത്തിനു പരിഹാരമാവൂ.

കറുത്തപറമ്പ് - മൂലിക്കാവ് റോഡ് ടാർ ചെയ്തിടുണ്ടെങ്കിലും പുനരുദ്ധാരണ പ്രവർത്തി നടക്കാത്തതിനാൽ ഗതാഗതയോഗ്യമല്ലാതായിരിക്കയാണ്.

മുക്കം-അരീക്കോട് റോഡിലെ ഓടത്തെരുവ് വളവ് വാഹനാപകടങ്ങളുടെ കേന്ദ്രമായി മാറിയിരിക്കയാണ്. നിരവധി ജീവനപഹരിച്ച വളവ് ഇല്ലാതാക്കാൻ അധികൃതർ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

തേക്കും കുറ്റി എൽ.പി. സ്ക്കൂൾ - വല്ലത്തായിപ്പാറ - കൂടരഞ്ഞി റോഡ് രണ്ട് കിലോ മീറ്റർ കൂടിടാർ ചെയ്താലേ ഗതാഗതം പൂർണ്ണമാകു.

കാരശ്ശേരി ജംഗ്ഷനിൽ നിന്നാരംഭിക്കുന്ന **എൻ.എം. ഇവയിൽ ഹാജി** റോഡ് വാഹനത്തിരക്കുള്ള റോഡാണ്. ഇത് വിപുലമാക്കുന്നതിന് അധികൃതർ പ്രത്യേകം ശ്രദ്ധിക്കണം.

പൈക്കാടൻ മലത്തോട്ടക്കാട് ഐ.എച്ച്.ഡി.പി.കോളനി - തോട്ടു മുക്കം റോഡിന്റെറയും ചുണ്ടളംപൊയിൽ - കരിമ്പ് - പീടികപ്പാറ റോഡിന്റെറയും അവശേഷിക്കുന്ന ടാറിംഗ് പ്രവർത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കാരശ്ശേരി, തിരുവമ്പാടി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തിരുവമ്പാടി മണ്ടാം കടവ് റോഡ് **PWD** ഏറ്റെടുത്ത് ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ചെങ്കിലും മൂന്നുകിലോ മീറ്റർ റോഡ് പ്രവർത്തി ഇനിയും ആരംഭിച്ചിട്ടില്ല. ഇതിനു പരിഹാരം കാണേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ടാർ റോഡുകൾ

ക്രമ നമ്പർ	പേര്	ഉടമസ്ഥത (കിലോമീറ്റർ)	ദൂരം മീറ്റർ	വീതി
1	മുക്കം-അരീക്കോട് റോഡ് (സ്റ്റേറ്റ് ഹൈവേ)	പി.ഡബ്ലിയു.ഡി	അഞ്ച്	-
2	മണ്ടാം കടവ്-കുമാരനെല്ലൂർ-തിരുവമ്പാടി എസ്റ്റേറ്റ്	"	മൂന്ന്	എട്ട്
3.	മുരിങ്ങംപുറായി (കാരമൂല ജംഗ്ഷൻ)-കോലോത്തുംകടവ്	"	അഞ്ച്	എട്ട്
4.	കാരശ്ശേരി ജംഗ്ഷൻ-മണ്ടാംകടവ്-കൂടരഞ്ഞി	"	മൂന്ന്	എട്ട്
5.	തേക്കുകുറ്റി എൽ.പി.സ്ക്കൂൾ-മരഞ്ചാട്ടി	പഞ്ചായത്ത്	അഞ്ച്	എട്ട്

6.	വി.എം.ഉണ്ണിമ്മോയി സാഹിബ് റോഡ് [കാരശ്ശേരി പഞ്ചായത്താഫീസ്-പറശ്ശേരി പുറായി]	പഞ്ചായത്ത്	ഒന്നര	എട്ട്
7.	എൻ.എം.ഇസയിൻഹാജി റോഡ് [കാരശ്ശേരി ജംഗ്ഷൻ-കൊടിയത്തൂർ]	പി.ഡബ്ല്യു.യു.ഡി	നാല്	എട്ട്
8.	പി.കെ.ആലിക്കുട്ടിമാസ്റ്റർ റോഡ് [കാരശ്ശേരി - കറുത്തപറമ്പ്]	പഞ്ചായത്ത്	ഒന്നര	ആറ്
9.	തോട്ടക്കാട്-മൈസൂർപറ്റ-തോടുമുക്കം	"	രണ്ടര	ഏഴ്
	(ഒരു കിലോമീറ്റർ ടാർ ചെയ്തു)			
10.	കുത്തപറമ്പ്-മൂലിക്കാവ്	"	മൂന്ന്	ഏഴ്
11.	കൊളമുണ്ടായി-വല്ലത്തായിപ്പാറ	"	രണ്ട്	എട്ട്
12.	ചുണ്ടത്തും പൊയിൽ-കരിമ്പ്	പഞ്ചായത്ത്	ഒന്ന് ആറ്	
13.	നെല്ലിക്കാപറമ്പ്-കൊടിയത്തൂർ	"	160 മീറ്റർഎട്ട്	
14.	മരഞ്ചാട്ടി-ചുണ്ടള്ളം പൊയിൽ	പി.ഡബ്ലിയു.ഡി.മൂന്ന്	എട്ട്	

ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

മെറ്റൽ ചെയ്ത റോഡുകളുടെ ശോചനീയാവസ്ഥ സൂചിപ്പിക്കുകയുണ്ടായി 3.300 കിലോ മീറ്റർ റോഡുകളാണു പഞ്ചായത്തി മെറ്റൽ ചെയ്ത റോഡുകളുള്ളത് ടാറിംഗിന് കാത്ത് കിടക്കുകയാണുമെറ്റൽ റോഡുകൾ

മെറ്റൽ റോഡുകളുടെ പട്ടിക താഴെ ചേർക്കുന്നു. ക്രമനമ്പർ, വാർഡ്, റോഡിന്റെ പേര്, ഉടമസ്ഥത, നീളം, വീതി എന്നിവയും കൊടുത്തിട്ടുണ്ട്.

ടാർചെയ്യേണ്ട മെറ്റൽ റോഡുകൾ

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ഉടമസ്ഥത	നീളം (കിലോമീറ്റർ)	വീതി (മീറ്റർ)
1	1	കുമാരനെല്ലൂർ - തടപ്പറമ്പ്	പഞ്ചായത്ത്	ഒന്ന്അഞ്ച്	
2	1	കുമാരനെല്ലൂർ - മുക്കം കടവ്	"	750 മീറ്റർഎട്ട്	
3	7	മുരിങ്ങംപുറായി - മലാം കുന്ന്	"	750 മീറ്റർഎട്ട്	
4	8	തണ്ണീർപൊയിൽ - പട്ടർചോല	"	ഒന്ന്	എട്ട്
5	9	കാരശ്ശേരി - നാഗേരിക്കുന്ന് ഐ			
		എച്ച്.ഡി.പി കോളനി	"	800മീറ്റർ അഞ്ച്	

മൺറോഡുകൾ

മൺറോഡുകൾ മെറ്റൽ ചെയ്ത് ടാറിംഗ് നടത്തണമെന്ന ആവശ്യം ശക്തിയായി പതിനൊന്നു വാർഡുകളിൽ നിന്നും ഉന്നയിക്കുകയുണ്ടായി. തീരെ ഗതാഗതയോഗ്യമല്ലാത്ത മൺറോഡുകളും പഞ്ചായത്തിൽ കാണാം. ചുരുങ്ങിയ അറ്റകുറ്റ പണികൾ കൊണ്ട് ഗതാഗതയോഗ്യമാക്കാൻ പറ്റുന്ന മൺറോഡുകളാണു മിക്കതും.

കോഴിക്കോട് മലപ്പുറം ജില്ലകളെ കൂട്ടിയോജിപ്പിക്കുന്നതും കാരശ്ശേരി, കൊടിയത്തൂർ പഞ്ചായത്തുകളിലൂടെ കടന്നുപോവുന്നതും മലയോരമേഖലയുടെ പുരോഗതിക്കുതകുന്നതുമായ ഫാത്തിമ - തോട്ടുമുക്കം റോഡ് പൊതുമരാമത്ത് ഏറ്റെടുക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽ ഉയരുകയുണ്ടായി.

വാർഡ് അടിസ്ഥാനത്തിലുള്ള മൺറോഡുകളുടെ പട്ടിക താഴെ ചേർക്കുന്നു.

മൺറോഡുകൾ

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം (കിലോമീറ്റർ)	വീതി (മീറ്റർ)
1	1	തിരുവമ്പാടി എസ്റ്റേറ്റ് ഗേറ്റ് - തൊണ്ടിമ്മൽ	ഒന്ന്	എട്ട്
2	1	കുമാരനെല്ലൂർ - തടപ്പറമ്പ് - അഗസ്ത്യൻ മൂഴി	ഒന്നര	മൂന്ന്
3	1	കുമാരനെല്ലൂർ - പാലി- തൊണ്ടിമ്മൽ	ഒന്ന്	അഞ്ച്
4	1	നെല്ലിക്കുത്ത് - തടപ്പറമ്പ്	300 മീറ്റർ	മൂന്ന്
5	2	ആലുള്ളക്കണ്ടി - അക്കരപറമ്പ് - എസ്റ്റേറ്റ് ഗേറ്റ്	ഒന്നര	നാല്
6	2	ചാപ്പിട്ട്കണ്ടി - കളരിക്കണ്ടി	ഒന്നര	നാല്
7	2	മംഗലാട്ട് പുറം - മാന്ത്ര	ഒന്നര	അഞ്ച്
8	3	കൽപുര് - അമ്പലം	ഒന്നര	നാല്
9	3	കൽപുര് - പൂഴിയോറ	ഒന്ന്	നാല്
10	3	കാരമൂല - വല്ലത്തായിപ്പാറ	.500 മീറ്റർആറ്	
11	3	കൈക്കോട്ടുപൊയിൽ - മാൻകുന്ന്	500മീറ്റർ	നാല്
12	4	വല്ലത്തായിപ്പാറ - പരതമ്മൽ	700 മീറ്റർമൂന്നര	
13	4	തേക്കും കുറ്റനി - കപ്പാല	രണ്ടര	എട്ട്
14	5	ചുണ്ടത്തുംപൊയിൽ - കരിമ്പ് - എടിപ്പാറ		
		(ഒരുകിലോമീറ്റർ ടാർ ചെയ്ത)	മൂന്ന്	എട്ട്
15	5	കരിമ്പ് - കൊടശ്ശേരികാവ്	ഒന്ന്	ആറ്
16	5	തോട്ടക്കാട്- തോട്ടുമുക്കം	രണ്ടര	ആറ്
		(ഒരു കിലോമീറ്റർ ടാർ ചെയ്തു)		
17	5	മരഞ്ചാട്ടി-കുന്നംചാരി	മൂന്നര	എട്ട്
18	5	തോട്ടക്കാട്-പൈക്കാടൻമല-കൊളക്കാടൻമല-	അഞ്ച്	നാല്
		ഫാത്തിമാ എസ്റ്റേറ്റ്-തോട്ടുമുക്കം റോഡ്		
19	6	കുരിശുപാര-ഫാത്തിമാ എസ്റ്റേറ്റ്-തോട്ടുമുക്കംറോഡ്	മൂന്ന്	മൂന്ന്

20	6	സണ്ണിപ്പടി-ഊരാളിക്കുന്ന്	രണ്ട്	ആറ്
21	6	തേക്കും കുറ്റി-കുറുഞ്ഞിപ്പാറ	ഒന്നര	മൂന്ന്
22	6	ഊരാളിക്കുന്ന്-കുരിശുപാറ-കൊളക്കാടൻമല	രണ്ട്	ആറ്
23	6	ഉരാളിക്കുന്ന്-കൊളക്കാടൻമല	നാല്	ആറ്
24	6	ഫാത്തിമ-തോട്ടുമുക്കം	എട്ട്	എട്ട്
25	7	പറശ്ശേരി പുറായി-ആനയാംകുന്നു ജി.എൽ.പി.	ഒന്ന്	നാല്
26	7	ആഞ്ഞാത്തൻകണ്ടി-ആനയാംപറ്റ	ഒന്ന്	നാല്
26	7	മോയില്ലത്ത് പാലം-മുക്കംകടവ്	200മീ.	ആറ്
27	7	മുരിങ്ങം പുറായി-മലാംകുന്ന്	രണ്ടര	ആറ്
28	7	പറശ്ശേരി പുറായി ഹൈസ്ക്കൂൾ റോഡ്	250മീ	ആറ്
28	7	ആനയാംകുന്ന്-എരേച്ചംതടം	750മീ.	നാല്
29	8	പട്ടർചോല-ഓടത്തെരു	ഒന്ന്	ആറ്
30	8	പട്ടർചോല-മുണ്ട	ഒന്ന്	ആറ്
31	8	മുക്കംപാലം-ചോണാട്	ഒന്ന്	ആറ്
32	8	കൊളോറമ്മൽ ഹരിജൻകോളനി	7മ	മൂന്ന്
33	8	മോയില്ലത്ത് പാലം-കണ്ടംകുളം	ഒന്ന്	നാല്
34	8	പുവത്തിങ്കൽ-എള്ളങ്ങൽ	ഒന്നര	ആറ്
35	9	കറുത്തപറമ്പ്-എള്ളങ്ങൽ-മായങ്ങൽ	മൂന്ന്	എട്ട്
36	9	ഓടത്തെരു-എള്ളങ്ങൽ ഹരിജൻ കോളനി	രണ്ട്	അഞ്ച്
37	9	കരിമ്പനക്കണ്ടി-ഒഴക്കുഴി-പാലക്കുന്നുമ്മൽ ഹരിജൻ കോളനി	ഒന്നര	നാല്
38	9	കരുവോട്ട്-നാഗേരിക്കുന്ന് ഹരിജൻകോളനി -വൈശ്യം പുറം	ഒന്ന്	നാല്
39	10	നെല്ലിക്കാപറമ്പ്-സർക്കാർപറമ്പ് ഹരിജൻ കോളനി	രണ്ടര	ആറ്
		ഹരിജൻകോളനി-ചാമക്കാലായി-മാളിയേക്കൽ		
40	10	ആദംപടി-വല്ലാറം	ഒന്നര	അഞ്ച്
41	10	തോണിച്ചാൽ-ആദംപടി	രണ്ട്	അഞ്ച്
42	10	കക്കാട് അങ്ങാടി-മാടകശ്ശേരി-വലിയപറമ്പ്	രണ്ട്	മൂന്ന്
43	10	വലിയപറമ്പ്-വല്ലരിക്കോട്-മാളിയേക്കൽ	രണ്ട്	ഏഴ്
44	10	മാടകശ്ശേരി കോളനി-കറുത്തപറമ്പ്	ഒന്ന്	അഞ്ച്

45	10	വലിയപറമ്പ്-തെ ണ്ട-തെയ്യത്തുംകാവ	മൂന്ന്	അഞ്ച്
46	10	സർക്കാർ പറമ്പ്-കുയ്യിൽ	രണ്ട്	ആറ്
47.	10	സർക്കാർ പറമ്പ്-തലക്കുളം	ഒന്നര	ആറ്
48	11	പാറത്തോട്-മായങ്ങൽ	ഒന്നര	നാല്
49	11	ഓടത്തെരു-പുവത്തിക്കൽ-മായങ്ങൽ	ആറ്	ആറ്
49	11	പാറത്തോട്-ഭഗവതിക്കാവ്	650മീറ്റർ	മൂന്ന്
51	11	പൊടുവണ്ണിക്കൽ-പാലക്കാംപൊയിൽ	ഒന്നര	ആറ്
52	11	മുരിങ്ങംപുറായി-എടലമ്പാട്ട് കോളനി	ഒന്ന്	ആറ്
53	11	മലാംകുന്ന്-പുവ്വത്തിങ്ങൽ	രണ്ടര	ആറ്

മൺറോഡുകളും റോഡാക്കി മാറ്റേണ്ട ഇടവഴികളും

ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗം ചെലവഴിക്കപ്പെടുന്നതും റോഡിനാണ്. ജനസഹകരണമാണ് ജനകീയാസൂത്രണത്തിന്റെ വിജയം. റോഡാക്കിമാറ്റണമെന്നു ആവശ്യപ്പെടുന്നവരിൽ മിക്കവാറും സറണ്ടർ ഫോറവുമായി സമീപിക്കുമ്പോൾ പിൻവലിയുന്നവരാണ്. മുഴുവൻ ഗ്രാമസഭകളിലും സജീവ ചർച്ച നടന്നത് റോഡിന്റെ ഗ്രൂപ്പിലായിരുന്നുവല്ലോ. എല്ലാവർക്കും വാഹനഗതാഗതയോഗ്യമായ റോഡാണ് ആവശ്യം. സ്ഥലം വിട്ടിക്കിട്ടിയാലേ അത് സാധ്യമാവു. വീതികൂട്ടാൻ സ്ഥലം കിട്ടാത്തതിനാൽ റോഡിനനുവദിച്ച വിഹിതം നഷ്ടപ്പെടുന്ന അവസ്ഥ പോലുമുണ്ട്. ഇടവഴി റോഡാക്കാനും റോഡ് വീതി കൂട്ടാനും സ്ത്രീകളടക്കമുള്ളവർ ഒന്നിച്ച് ഗ്രാമസഭയിൽ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

വികസനരേഖയിൽ ചെറിയ ഇടവഴിവരെ ഞങ്ങൾ കൊണ്ടുവരികയാണ്. സ്ഥലത്തിന്റെ കിട്ടായ്മക്ക് പരിഹാരം കാണാൻ റോഡ് വികസനസമിതിക്കാർ ശ്രമിച്ച് ഫലം കണ്ടെത്തിയാൽനമ്മുടെ പഞ്ചായത്തിന്റെ റോഡ് പ്രശ്നം പരിഹരിക്കാനാവും.

മൺറോഡുകളുടെയും റോഡാക്കി മാറ്റേണ്ട ഇടവഴികളുടെയും പട്ടികയാണ് താഴെ ചേർക്കുന്നത്.

മൺറോഡുകളും റോഡാക്കി മാറ്റേണ്ട ഇടവഴികളും

ക്രമ നമ്പർ	വാർഡ്	പേര്	ആവശ്യം	ദൂരം (കിലോമീറ്റർ)
1	1	തിരുവമ്പാടി എസ്റ്റേറ്റ്-തടപ്പറമ്പ് ഇടവഴി	റോഡ്	800മീറ്റർ
2	2	ചുണ്ടക്കമണ്ണ-സ്കൂൾകണ്ടി ഇടവഴി	"	250മീറ്റർ
3	2	തിരുവമ്പാടി എസ്റ്റേറ്റ് ഗേറ്റ്-കൽപൂര് ഇടവഴി	"	രണ്ട്
4	2	നെല്ലിക്കുത്ത്-അത്താഴക്കുന്ന് ഇടവഴി	"	200മീറ്റർ
5	2	ആലുള്ളക്കണ്ടി-പുഴിയോറ ഇടവഴി	"	200മീറ്റർ
6	2	താളിപ്പറമ്പ്-പുഴിയോറ ഇടവഴി	"	500മീറ്റർ
7	3	കൽപൂര്-അമ്പലം റോഡ്	ഗതാഗത യോഗ്യം	500മീറ്റർ
8	3	കൽപൂര്-മിച്ചഭൂമി	റോഡ്	500മീ
9	3	കാരമൂല-മാൻകുന്ന് ഇടവഴി	"	1.250കീ.മീ.

10	3	തോട്ടക്കടവ്-മാൻകുന്ന്	ഗതാഗതയോഗ്യം	750 മീ
11	3	കൈക്കോട്ടും പൊയിൽറോഡ്-മാൻകുന്ന് ഇടവഴി	"	ഒന്ന്
12	3	കൽപൂര്-പാറത്തൊടി ഇടവഴി	റോഡ്	750മീ
13	3	ചെറുശ്ശേരി ഇടവഴി	ഗതാഗതയോഗ്യം	500മീ
14	3	മാൻകുന്ന് ഇടവഴി	"	500മീ
15	3	കാരാട്ടുകോളനി	"	400മീ
16	4	മൂട്ടോളി-വല്ലത്തായിപ്പാറ	പുതിയ നിർമ്മാണം	750മീ
17	4	കുരിശുപാറ-പീച്ചാംപൊയിൽ കൊളമുണ്ടായി	പഞ്ചായത്ത് ഏറ്റെടുത്തു ഗതാഗതയോഗ്യം	ഒന്നര
18	4	പരത-ചാളക്കണ്ടി ഇടവഴി	റോഡ്	ഒന്ന്
19	4	വല്ലത്തായി-പീച്ചാംപൊയിൽ ഇടവഴി	"ഒന്ന്	
20	4	ആക്കോട്ടുചാലിൽ-കൊളമുണ്ടായി വീതികൂട്ടുക	600മീ	
21	4	വല്ലത്തായി-കണിച്ചിമ്മൽ മൂട്ടോളി-ഇടവഴി	റോഡ്	ഒന്ന്
22	4	വല്ലത്തായിപ്പാറ-പുത്തൻപുര	പുതിയനിർമ്മാണം	250മീ
23	4	കപ്പാലക്കുന്ന് ഇടവഴി	റോഡ്	100മീ
24	5	കൂട്ടക്കര-തൊണ്ണൂർ ഏക്കർ	പഞ്ചായത്ത് ഏറ്റെടത്തു. ഗതാഗതയോഗ്യം	ഒന്ന്
25	5	കരിമ്പ് ജംഗ്ഷൻ-ഈഞ്ഞാക്കണ്ടി	ഗതാഗതയോഗ്യം	ഒന്ന്
25	5	ചുണ്ടത്തും പൊയിൽ-സ്കൂൾറോഡ്	"	ഒന്ന്
26	6	ഫാത്തിമ-പന്നിമൂക്ക്	ഗതാഗതയോഗ്യം	300മീ
27	6	വാകയിൽ-കുറുഞ്ഞിപ്പാറ	"	രണ്ട്
28	6	പന്നിമൂക്ക്-പതിനെട്ടാം പടി	"	രണ്ട്
28	6	നാരകത്തൊടി ഇടവഴി	റോഡ്	അഞ്ചുറ്
29	7	കുറ്റിപ്പാറ ജംഗ്ഷൻ-കുറ്റിപ്പറമ്പ് കോളനി പുതിയ നിർമ്മാണം	250മീ	
29	7	കരീറ്റിപ്പുറം ഇടവഴി	"	300മീ
30	7	ബംഗ്ലാതടം-മുക്കംകടവ്	ഗതാഗതയോഗ്യം	മൂന്ന് മീ
31	7	കുറിയേടത്ത്-പുതിയോട്ടിൽ കോളനി	"	ഒന്ന്
32	7	കുറ്റിപ്പറമ്പ് ഇടവഴി	റോഡ്	500മീ

33	7	മംഗലാട്ടുപുറം-കുന്നുമ്മൽ ഇടവഴി	"	500മീ
34	8	ഓടകച്ചാൽ റോഡ്	ഗതാഗതയോഗ്യം	200മീ
34	8	പുളിച്ചിമാവിൻ ചുവട്-മുക്കംപാലം	"	200മീ
35	9	ഓവുങ്ങൽ-ഒതയത്തുംകാവ് ഇടവഴി	റോഡ്	250മീ
36	9	കിഴക്കുംപുറം ഇടവഴി ഗതാഗതയോഗ്യം	200മീ	
37	9	കിഴക്കയിൽ-പെരിക്കാട് കോളനി	"	200മീ
38	9	കളത്തിങ്ങൽ ഇടവഴി	"	200മീ
39	9	കാരശ്ശേരി എള്ളങ്ങൽ പൊതുശ്മശാനം റോഡ്	"	500മീ
40	9	കരുവോട്ട്-പെരിലക്കാട് കോളനി ഇടവഴിറോഡ്		200മീ
41	9	ചാരാളിക്കുന്ന്-പൂച്ചോത്തിപ്പൊയിൽ ഇടവഴി	"	250മീ
42	9	അഴകത്ത് പുറായി-അടിയിറക്കൽ ഇടവഴി	"	250മീ
43	9	ഓടത്തെരു-കെട്ടിൽ-വേനപ്പാറ കോളനി നിർമ്മാണം		300മീ
44	9	പാലക്കൽ-അടിയിറക്കൽ കടവ് ഇടവഴിറോഡ്		200മീ
45	9	വാപ്പാട്ടുപൊയിൽ-പൂഴിക്കുന്ന് ഇടവഴി	ഗതാഗതയോഗ്യം	മീ
46	10	നെല്ലിക്കാപറമ്പ്-തോണ്ട ഇടവഴി	പുതിയ നിർമ്മാണം	ഒന്നര
47	10	സർക്കാർ പറമ്പ്-കുറുപ്പൻകണ്ടി-കാരക്കുറ്റി	"	250മീ
48	10	കാളപ്പുറം-വല്ലരിക്കോട്	ഗതാഗതയോഗ്യം	400മീ
49	10	തലക്കുളം-കല്ലടയിൽ-കോട്ടമുഴി	"	750മീ
50	10	വലിയപറമ്പ്-കരിമ്പനക്കണ്ടി കോളനി-മാടകശ്ശേരി കോളനി	"	ഒന്ന്
51	11	മലാംകുന്ന്-എടലമ്പാട്ടു കോളനി	"	500മീ
52	11	കുറ്റിക്കാട്-പുള്ളിപ്പൊയിൽ	"	രണ്ട്
53	11	എളമ്പിലാശ്ശേരി കോളനി	"	750മീ
54	11	മൈസൂർ മല അംഗൻവാടി-മറിയംകുഴി	"	500മീ

തുക്കുപാലം

ജനങ്ങൾക്ക് സൗകര്യമാണു പ്രധാനം. റോഡില്ലാത്തിടത്തേക്ക് പാലം വഴി ബന്ധപ്പെടാവുന്നതാണല്ലോ. പഞ്ചായത്തിൽ മൂന്നു തൂക്ക് പാലങ്ങളാണുള്ളത്. കുമാരനെല്ലൂരിനെ മുക്കവുമായി ബന്ധിപ്പിക്കുന്നതാണു ഒന്നാമത്തെ തൂക്കുപാലം. ആനയാംകുന്ന്, പുതിയോട്ടിൽ കോളനി ഭാഗത്തെ മുക്കവുമായി ബന്ധപ്പെടുത്തുന്നതും തൂക്കുപാലം വഴിയാണ്. കൽപൂരിനെയും കവളോറ ഭാഗത്തെയും ബന്ധിപ്പിക്കുന്നത് തൂക്കുപാലമാണ്.

മൂന്നു തൂക്കുപാലങ്ങളും കോൺക്രീറ്റ് പാലങ്ങളാക്കണമെന്ന ആവശ്യം. ശക്തമായ നിലയിൽ ഗ്രാമസഭകളിൽ വരികയുണ്ടായി.

രണ്ട തൂക്കുപാലങ്ങളുടെ ആവശ്യകതയും ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ടു. ഒമ്പതാം വാർഡ് ഗ്രാമസഭയിൽ കാരശ്ശേരിയെ കച്ചേരിയുമായി ബന്ധിപ്പിക്കാൻ വൈശ്യം പുറത്ത് ഇരുവഴിഞ്ഞിപ്പുഴയിൽ തൂക്കുപാലം വേണമെന്നാ

വശ്യപ്പെട്ടിട്ടുണ്ട്. കക്കാട് ഗ്രാമസഭയിൽ കക്കാടിനെ ചേന്ദമംഗലൂരുമായി ബന്ധിപ്പിക്കാൻ കക്കാട് കടവിൽ ഇരുപഴിഞ്ഞിപ്പുഴയിൽ തൂക്കുപാലം വേണമെന്ന അഭിപ്രായമുണ്ടായി.

മൂന്നു പ്രധാനപാലങ്ങളാണു പഞ്ചായത്തിലുള്ളത്. മുക്കം-അരീക്കോട് റോഡിൽ മുക്കംപാലവും മുക്കം-കൂടരഞ്ഞി റോഡിൽ മണ്ടാം കടവ് പാലവും മുക്കം- വല്ലത്തായി-കൂടരഞ്ഞിറോഡിൽ കോലോത്തും കടവ് പാലവും.

ബസ്സർവ്വീസ്

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലൂടെ ബസ് ഗതാഗതമുണ്ട്. മുക്കം-തിരുവമ്പാടി എസ്റ്റേറ്റ്ഗെയ്റ്റ് റൂട്ടിൽ രണ്ടു ബസും മുക്കം-തോട്ടക്കാട് റൂട്ടിൽ രണ്ടു ബസും മുക്കം-കാരമൂല-കൂടരഞ്ഞി റൂട്ടിൽ 15 ബസ്സും മുക്കം ചെറുവാടി റൂട്ടിൽ 14 ബസും മുക്കം വല്ലത്തായിപ്പാറ റൂട്ടിൽ ഒരു ബസ്സും ഓടുന്നുണ്ട്. മുക്കം-അരീക്കോട് റൂട്ടിൽ (സ്റ്റേറ്റ് ഹൈവേ) നൂറിലധികം ബസ്സുകൾ ഓടുന്നു.

കോഴിക്കോട്-മുക്കം-കൂമ്പാറ റൂട്ടിലോടിയ കെ.എസ്. ആർ.ടി.സി.ബസ്സ് പുനരാരംഭിക്കണമെന്നും തിരുവമ്പാടി എസ്റ്റേറ്റ് ഗേറ്റ്-മുക്കം-കോഴിക്കോട് റൂട്ടിലും വല്ലത്തായി-മുക്കം കോഴിക്കോട്റൂട്ടിലും മുക്കം-കാരമൂല-കൂടരഞ്ഞി റൂട്ടിലും കെ.എസ്.ആർ.ടി.സി.ബസ്സ് വേണമെന്നും ഗ്രാമസഭകളിൽ ആവശ്യമുന്നയിച്ചിട്ടുണ്ട്.


പഞ്ചായത്തിലൂടെ നിരവധി ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെങ്കിലും ബസ് സ്റ്റേഷൻ ഇല്ല. പഞ്ചായത്തിനു വരുമാനമാകുന്ന വിധത്തിൽ ബസ് സ്റ്റേഷൻ നിർമ്മിക്കണം. ഇതിനു അനുയോജ്യമായ സ്ഥലം കണ്ടെത്തിയിരിക്കുന്നു.

ബസ്സുകളില്ലാത്തിടത്തേക്ക് ജീപ്പുകളാണ് ശരണം. ടാക്സി ജീപ്പുകളും ഓട്ടോറിക്ഷകളുമാണ് യാത്രക്കാർക്ക് ഉപകരിക്കാറ്. കൂടുതൽ ബസ് റൂട്ടുകളനുവദിച്ച് യാത്രാപ്രശ്നം പരിഹരിക്കണമെന്നു പതിനൊന്നു ഗ്രാമസഭകളും ആവശ്യപ്പെട്ടിട്ടുണ്ട്.

ജനപങ്കാളിത്തം

റോഡുകൾക്ക് ഫണ്ടുകൾ നീക്കി വെക്കാറുണ്ടെങ്കിലും പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും പരിഗണിക്കുമ്പോൾ ജനപങ്കാളിത്തം ഉറപ്പുവരുത്തിയാലേ റോഡിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമാവൂ.

റോഡുകളുടെ നിർമ്മാണത്തിലും വികസനത്തിലും ശ്രമദാനത്തിലൂടെ പങ്കാളികളാവാൻ ഗ്രാമസഭകൾ മുഖേനെ ജനങ്ങൾ സന്നദ്ധരായിരിക്കയാണ്. സ്ഥലം വിട്ടുകൊടുക്കാനും ജനപങ്കാളിത്തത്തിനും തയ്യാറായാൽ പഞ്ചായത്തിന്റെ മുഖഛായ മാറ്റാൻ കഴിയും.



ഊർജ്ജം

ഊർജ്ജം

കാരശ്ശേരി ഗ്രാമ പഞ്ചായത്തിലെ മുഖ്യമായ ഊർജ്ജ ശ്രോതസ്സ് K.S.E.B. വിതരണം ചെയ്യുന്ന വൈദ്യുതിയാണ്. പ്രകൃതി ദത്തമായ വെള്ളച്ചാട്ടങ്ങൾ കുറവാണെങ്കിലും ജലസേചനത്തിന് അനുയോജ്യമായ ഭൂഘടനയാണ് പഞ്ചായത്തിലുള്ളത് പലസ്ഥലങ്ങളിൽ നിന്നും മറ്റ് ഊർജ്ജത്തിന്റെ ആവശ്യമില്ലാതെ വെള്ളം താഴ്ഭാഗങ്ങളിലേയ്ക്ക് കുഴൽവഴി എത്തിക്കുന്നുണ്ട്. പാചക ആവശ്യത്തിന് മുഖ്യമായും വിറകുതന്നെയാണ് ഉപയോഗിക്കുന്നത്. പുതിയതരം പുകയില്ലാത്ത അടുപ്പ് ജനങ്ങളിൽ വിലിയ സ്വാധീനം ചെലുത്തി കാണുന്നില്ല. സൗരോർജം ഇവിടെ തീരെ അജ്ഞാതവുമാണ്.

1960- കളിലാണ് ഇവിടെ ആദ്യമായി വൈദ്യുതി കടന്നു വന്നത് ഇന്നും പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല. താമരശ്ശേരി സബ്സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതിയാണ് 10 വാർഡുകളിലും എത്തുന്നത്. ഒരു വാർഡിൽ മാത്രം കുളിമാട് അമ്പലപറമ്പP.H.D.സബ് സ്റ്റേഷനിൽ നിന്നും വൈദ്യുതി എത്തുന്നുണ്ട്. ആദ്യം പറഞ്ഞ പത്തു വാർഡുകളിലേയും വോൾട്ടേജ് നിലവാരം വളരെ പരിതാപകരമാണ്. സന്ധ്യയായാൽ മണ്ണെണ്ണ വിളക്കുകളെ ആശ്രയിക്കാതെ തരമില്ല. വോൾട്ടേജിനു വേണ്ടിയുള്ള ആവശ്യം എല്ലാ ഗ്രാമസഭകളിലും ഉയർന്നു വന്നിട്ടുണ്ട്. ഈ ആവശ്യം പരിഹരിക്കുന്നതിന് വൈദ്യുതി ബോർഡിന്റെഭാഗത്തു നിന്ന് കാര്യമായ നീക്കങ്ങളൊന്നും നടക്കുന്നില്ല. വോൾട്ടേജ് എറ്റവും കുറവുള്ള സ്ഥലങ്ങൾ കണ്ടെത്തി ആവശ്യമായ പരിഹാരങ്ങൾ തെയ്യാൻ അടിയന്തിരമായി സംവിധാനം ഉണ്ടാവേണ്ടതാണ്.

അഗസ്ത്യൻ മുഴിയിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള നിർദ്ദേശം വർഷങ്ങളായി തടസപ്പെട്ടു നില്ക്കുകയാണ്.യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട ഒരു പദ്ധതിയാണിത്.. ഈ പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലും വൈദ്യുതി വിതരണം നടത്തുന്ന മുക്കം ഇലക്ട്രിക് സെക്ഷന്റെ പരിധിയിൽ പ്പെട്ട ഏതാണ്ട് 8000 ത്തോളം വൈദ്യുതി ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. കൂടാതെ കുന്ദമംഗലം, താമരശ്ശേരി ഇലക്ട്രിക് സെക്ഷനുകൾക്കു കീഴിലെ 10,000 വൈദ്യുതി ഉപഭോക്താകൾക്ക് ഉയർന്ന വോൾട്ടേജ് ലഭിയ്ക്കുവാൻ ഇത് സഹായകമാകും. പ്രദേശത്തിന്റെ മൊത്തം വികസനത്തിന് അഗസ്ത്യൻ മുഴി സബ് സ്റ്റേഷൻ ഉടൻ പ്രാവർത്തിക മാകേണ്ടതാണ്. ഉള്ള ലൈനുകളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുവാനുള്ള നിരവധി ആവശ്യങ്ങൾ ഉയർന്നുവന്നിരിക്കുന്നു. ഈ പഞ്ചായത്തിൽ ഇപ്പോൾ ആകെ 127 തെരുവു വിളക്കുകൾ (ബൾബ്) മാത്രമാണുള്ളത്. ഇതിനു പഞ്ചായത്ത് 1345 രൂപ മാസംതോറും അടക്കുന്നുണ്ട്. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനും പല വാർഡുകളിൽ നിന്നും മുറവിളികളുണ്ട്. പഞ്ചായത്ത് അതിർത്തിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന ട്രാൻസ്ഫോർമറുകളുടെ വിവരണങ്ങൾ അടുത്ത പേജിൽ കൊടുക്കുന്നു. (പട്ടിക-1)

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.
2. നിലവിലുള്ള ഉപഭോക്താക്കൾക്ക് കിട്ടുന്ന വോൾട്ടേജ് നിശ്ചിത അളിവിലും വളരെ താഴെയാണ്.
3. വൈദ്യുതി കണക്ഷനുകൾ കിട്ടാൻ വളരെയധികം കാലതാമസം നേരിടുന്നു.
4. നിലവിലുള്ള ലൈനുകൾക്ക്കാലാ കാലങ്ങളിലെ മെയ്ൻറനൻസ് പ്രത്യേകിച്ചും മരചില്ലുകൾമുറിച്ചു മാറ്റുന്നത് നടക്കുന്നില്ല.
5. തെരുവു വിളക്കുകൾ ഉള്ളവ കത്തുന്നില്ല.
6. പല പ്രധാന നിരത്തുകളിലും തെരുവു വിളകുകളില്ല.
7. പഞ്ചായത്തിന്റെ 90% സ്ഥലങ്ങളിലും വൈദ്യുതി എത്തിയ്ക്കുന്ന താമരശ്ശേരി സബ് സ്റ്റേഷനിൽ നിന്നുള്ള 11K.V.ലൈൻ കേടായാൽ പകരം കൊടുക്കുവാൻ സംവിധാനങ്ങളില്ല.

പട്ടിക -1

ക്രമ നമ്പർ	കപ്പാസിറ്റി	പേര് /സ്ഥലം
1	100 KVA	തേക്കുംകുറ്റി
2	63 KVA	വല്ലത്തായ്പാറ
3	63 KVA	കാരമൂല
4	100 KVA	തിരുവമ്പാടി എസ്റ്റേറ്റ്
5	100 KVA	മലാംകുന്ന്
6	160 KVA	ആനയാം കുന്ന്
7	160 KVA	മുക്കം പാലം
8	100 KVA	ഓടത്തെരു
9	100 KVA	ലങ്കയിൽ ക്രഷർ
		(ചാർജ് ചെയ്തിട്ടുള്ള)
10	100 KVA	കാസിനോ No I കറുത്ത പറമ്പ്
11	100 KVA	കാസിനോ No I കറുത്ത പറമ്പ്
12	100 KVA	അൽഫാ ബ്രിയസ്, കാരശ്ശേരി
13	100 KVA	മാവായി നെല്ലിക്കാപറമ്പ്

8. മെറ്റീരിയൽസിന്റെ ക്ഷാമവും അനാവശ്യ നിയമ നൂലാമാലകളും കാരണം വൈദ്യുതീകരണ ജോലികൾക്ക് വളരെയധികം കാലതാമസം നേരിടുന്നു.

സാധ്യതകളും, പരിഹാര നിർദ്ദേശങ്ങളും

1. അഗസ്ത്യൻമുഴി സബ്സ്റ്റേഷൻ യാഥാർത്ഥ്യമാക്കുക.
2. സർവ്വീസ് ലൈൻ ഉപഭോക്താവ് സ്വന്തം ചിലവിൽ വലിക്കുകയാണെങ്കിൽ പുതിയ കണക്ഷൻ കിട്ടാനുള്ള കാലതാമസം ഒഴിവാക്കാവുന്നതാണ്.
3. നെല്ലിക്കാപറമ്പ് കറുത്തപറമ്പ് റോഡിൽ 1 .5 കിലോ മീറ്റർ 11.K.V. ലൈൻ വലിച്ചാൽ P.H.D ട്രാൻസ് ഫോർമറുമായോ തൃക്കളയൂർനിന്ന് പന്നിക്കോട്ടേയ്ക് 2 കിലോമീറ്റർ 11K.V.ലൈൻ വലിച്ചാൽ കിഴിശ്ശേരിയുമായോ ബന്ധിപ്പിക്കാവുന്നതാണ്.
4. മരച്ചില്ലുകൾ മുറിച്ചു മാറ്റുന്ന പ്രവൃത്തി ജനകീയ പങ്കാളിത്തത്തോടെ എല്ലാ വാർഡുകളിലും ചെയ്യേണ്ടതാണ്.
5. പഞ്ചായത്ത് വൈദ്യുതി ബോർഡുമായി കോർഡിനേഷൻ കമ്മറ്റികൾ നിലവിൽ വരേണ്ടതാണ്.
6. നിലവിലുള്ള ട്രാൻസ് ഫോർമറുകളുടെ ശേഷി കൂട്ടുക.

പുതിയ പദ്ധതികൾ

ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ള ആവശ്യങ്ങളെ അടിസ്ഥാനപ്പെടുത്തി പുതുതായി ഏറ്റെടുക്കേണ്ട പദ്ധതികൾ താഴെ കൊടുക്കുന്നു.

(A) ത്രിഫേസാക്കി മാറ്റേണ്ട സിങ്കിൾ ഫേസ് ലൈനുകൾ

1. മുക്കം പാലം ട്രാൻസ് ഫോർമറിൽനിന്നും V.N. ഉണ്ണിമോയിൻ സാഹിബ് റോഡുവഴി കണ്ടംകുളം വരെ പോകുന്ന ലൈൻ. ഇതേ ട്രാൻസ് ഫോർമറിൽ നിന്ന് കാരശ്ശേരി ഭാഗത്തേക്ക് പോകുന്നലൈൻ. ജംഗ്ഷൻ ടൗൺ, ആനയാം കുന്ന് റോഡുവഴി പോകുന്ന ലൈൻ.
2. മുരിങ്ങം പുറായി ഭാഗം
3. കക്കാട് മാളിയേക്കൽ ഭാഗത്തു നിന്നും കിഴക്കോട്ടു പോകുന്ന ലൈൻ.
4. നെല്ലിക്കാപറമ്പ് സർക്കാർ പറമ്പ് റോഡിലെ നിലവിലുള്ള ലൈൻ.
5. പറശ്ശേരി പുറായി മുക്കം കടവ്
6. കാരമൂല ട്രാൻസ് ഫോർമറിൽ നിന്ന് കുമാരനെല്ലൂർ ലൈനിൽ അക്കര പറമ്പ് താളിപറമ്പ്പോകുന്ന ലൈൻ

7. തിരുവമ്പാടി എസ്റ്റേറ്റ് തടപ്പറമ്പ് ഭാഗത്തേക്കുള്ളത് അടിയന്തിരമായും സ്ഥാപിക്കേണ്ട സ്ഥലങ്ങൾ.

B. അടിയന്തിരമായും ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1. കുമാരനെല്ലൂർ അങ്ങാടിക്കും എസ്റ്റേറ്റു ഗേറ്റിനും ഇടയ്ക്ക്.
2. നോർത്ത് കാരശ്ശേരി ജംഗ്ഷൻ
3. കാരശ്ശേരി ചീപ്പാൻ കുഴി
4. കക്കാട് അങ്ങാടിക്ക് സമീപം
5. പാറത്തോടങ്ങാടി.
6. ആനയാം കുന്ന് പമ്പ്ഹൗസ്
7. തോട്ടക്കാട്

(C) വൈദ്യുതീകരിക്കേണ്ട ഹരിജൻ,ഗിരിജൻ, മറ്റു കോളനികൾ

1.	തടപ്പറമ്പ് കോളനി	(വാർഡ് I)
2.	കാരാട്ട് കോളനി	(വാർഡ് III)
3.	ചാത്തൻചിറ കോളനി	(വാർഡ് - V)
4.	പൈക്കാടൻ മല ഗിരിവർഗ്ഗ കോളനി	(വാർഡ് V)
5.	പുതിയോട്ടിൽ കോളനി	(വാർഡ് VII)
6.	കൂവപാറ പട്ടികജാതി കോളനി	(വാർഡ് VII)
7.	കുറ്റിപ്പറമ്പ് 4 സെൻറ് കോളനി	(വാർഡ് VII)
8.	നാഗേരിക്കുന്ന് IHDP കോളനി	(വാർഡ് IX)
9.	പാലക്കുന്നുമ്മൽ ഹരിജൻ കോളനി	(വാർഡ് IX)
10.	നൂറോട്ട് ഹരിജൻ കോളനി	(വാർഡ് IX)
11.	എള്ളങ്ങൽ കോളനി	(വാർഡ് IX)
12.	സർക്കാർ പറമ്പ് കോളനി സബ് സെൻറർ	(വാർഡ് - IX)
13.	മുരിങ്ങം പറ്റ കോളനി	(വാർഡ് - X)
14.	കരിമ്പനക്കണ്ടി കോളനി	(വാർഡ് X)
15.	മാടകശ്ശേരി കോളനി	(വാർഡ് - X)
16.	തെയ്യത്തുംകാവ്, മോലിക്കാവ് ഗിരിവർഗ്ഗകോളനികൾ	(വാർഡ് X)
17.	എളമ്പിലാശ്ശേരി കോളനി	(വാർഡ് XI)
18	പരിക്കക്കൻ കോളനി	(വാർഡ് XI)
19.	ഭഗവതിക്കാവ് കിഴക്കെ ചണ്ണങ്ങൽ കോളനികൾ	(വാർഡ് IX)
20.	ഊരാളിക്കുന്നു ഗിരിജൻ കോളനി	(വാർഡ് VI)
21.	തേക്കും കുറ്റി ഗിരിജൻകോളനി	(വാർഡ് VI)
22.	വല്ലത്തായ് ഹരിജൻ കോളനി	(വാർഡ് IV)

പുതുതായി ലൈൻ വലിക്കേണ്ട സ്ഥലങ്ങൾ

വാർഡ്-1	തടപ്പറമ്പ് ഭാഗം പാലിയിൽ തൊണ്ടിമ്മൻ
വാർഡ്-2	മാന്ത്ര-കളരിക്കണ്ടി ഭാഗം
വാർഡ്-3	കല്ലൂരിൽ (1989ൽ MG വെച്ചത്) മാവണ്ണ ഭാഗം, ഹോമിയോ ആസ്പത്രി
വാർഡ്-4	പരത,കപ്പാല മൂട്ടോളി പ്രദേശങ്ങൾ പീച്ചാം പൊയിൻ വയ്യത്തായ് ഭാഗംലോല
വാർഡ്-5	തേക്കിൻ കാട് പ്രദേശം, കൊടിയത്തൂർ പഞ്ചായത്തിന്റെ 10-ാം വാർഡിന്നരികെ ഈഞ്ഞാങ്കണ്ടി പ്രദേശം.
വാർഡ്-6	പാടേരി പറമ്പ്, ഓമച്ചാൽ,ഊരാളിക്കുന്ന്, കൊളക്കാടൻ മല, കിഴക്കേഞ്ചേരി കോളനി
വാർഡ്-7	മാന്ത്ര-എതിർപാറ, കളിരക്കണ്ടി (മിനിമംഗ്യാരണ്ടിവെച്ചത്) കുറ്റിപ്പറമ്പ്
വാർഡ്-8	പട്ടർ ചോല-മുണ്ടയിൽ മലാംകുന്ന് പ്രദേശങ്ങൾ
വാർഡ്-9	അൽഫാമെറ്റൽസിന്റെ ട്രാൻസ്ഫോമറിൽ നിന്നു ലൈൻ വിലിച്ചുമുക്കം ചീപ്പാൻ കുഴിലൈനുമായി ബന്ധിപ്പിക്കുക (വോൾട്ടേജ് ഇമ്പ്രൂവ് മെൻറ്)

തെരുവ് വിളക്കുകൾ

തെരുവ് വിളക്കുകൾ സ്ഥാപിക്കുവാൻ 11 വാർഡുകളിൽ നിന്നും ശക്തിയായി ആവശ്യം ഉയർന്നിട്ടുണ്ട്. പ്രധാനപ്പെട്ട പല നിരത്തുകളിലും തെരുവു വിളക്കില്ല.

മറ്റു ഊർജ്ജ നിർദ്ദേശങ്ങൾ

1. പുകയില്ലാത്ത അടുപ്പുകൾ സബ്സിഡി നിരക്കിൽ സ്ഥാപിച്ചു കൊടുക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.
2. സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കണമെന്ന് 9,11 വാർഡുകളിലെ ഗ്രാമ സഭകളിൽ മല പ്രദേശങ്ങളിൽ താമസിക്കുന്നവർ ആവശ്യപ്പെട്ടിട്ടുണ്ട്.
3. ബയോഗ്യാസ്സ് പ്ലാൻറുകൾക്ക് ധനസഹായം നൽകുക.
4. പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ കൊളക്കാടൻ മലയിൽ കാറ്റാടി യന്ത്രം സ്ഥാപിച്ച്വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള സാദ്ധ്യതകൾ വിദഗ്ധരെ കൊണ്ട് പരിശോധിപ്പിക്കുക.

10-ാം വാർഡിലെ സർക്കാർ പറമ്പ് കോളനിയിൽ 3 വർഷം മുമ്പ് നിർമ്മാണം പൂർത്തിയാക്കിയആരോഗ്യ ഉപകേന്ദ്രം തുറന്ന് പ്രവർത്തനമാരംഭിക്കാത്തത് വൈദ്യുതി ലഭ്യമാക്കാത്തതുകൊണ്ടാണ്. വാർഡിലെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിനുദ്ദേശിച്ച് 2 ലക്ഷം രൂപ മുടക്കി സർക്കാർ പറമ്പ കോളനിയിൽ നിർമിച്ച കുളം പൂർണ്ണമായ രീതിയിൽ ഉപയോഗ യോഗ്യമാക്കണമെങ്കിലുംവൈദ്യുതി എത്തേണ്ടതുണ്ട്.

വിവിധ സാംസ്കാരിക നിലയങ്ങൾ ഹോമിയോ ഡിസ്പെൻസറി തുടങ്ങിയവ വൈദ്യുതി കണക്ഷൻ കാത്ത് കിടക്കുന്ന പഞ്ചായത്ത് വക സ്ഥാപനങ്ങളാണ്.

1996-97 വർഷത്തിൽ മുക്കം ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്ന പദ്ധതികൾ

കാരശ്ശേരി ഗ്രാമപഞ്ചായത്ത്

ക്രമ നമ്പർ	പദ്ധതിയുടെ പേരു വിവരം	എസ്റ്റിമേറ്റ് തുക	പ്രവൃത്തിയുടെ കപ്പാസിറ്റി	ഇപ്പോഴത്തെ അവസ്ഥ
1	ഓടത്തെരുവിലെ ലങ്ക ക്രഷർ യൂണിറ്റിന് വേണ്ടി ഉടമ എ.എൽ.പ്രേമരാജ് ക്രഷറിന് 504HPശേഷി വർധിപ്പിച്ച് വൈദ്യുതി നൽകുന്നതിന് ലൈൻ വലിക്കുന്ന ജോലി വേണ്ടി	95802	11 കെ.വി.ലൈൻ 560 മീ ട്രാൻസ്ഫോർമർ. 100 കെ.വി.എ.നമ്പർ I	പ്രവൃത്തി പൂർത്തിയായി പി.ടി.സി.സി.യുടെ അനുമതിക്ക് കൊടുത്തു. പി.ടി.സി.സി.യുടെഅനുമതിക്ക് കാത്തു കിടക്കുന്നു.
2	ഒ.വൈ.ഇ.സി പദ്ധതി പ്രകാരം ശ്രീ സാമിക്കുട്ടി മുതൽ 6 പേർക്ക് വീടിന് കണക്ഷൻ നല്കുന്നതിന് വേണ്ടി തൊമ്മൻകട-ഊരാളിക്കുന്ന് റോഡിലെ വൈദ്യുതി ലൈൻ നീട്ടുന്നതിനുള്ള ജോലി	24745	എൽ.ടി.എസ്.പി.ലൈൻ 215 മീ	പണിപൂർത്തീകരിച്ചു
3	ഒ.വൈ.ഇസി.പദ്ധതി പ്രകാരം ജോസഫിനും മറ്റുള്ളവർക്കും വീടിന് കണക്ഷൻ നല്കുന്നതിന്വേണ്ടി തേക്കും കുറ്റിയിലെ ഒ ാമച്ചാൽ റോഡിലെ വൈദ്യുതിലൈൻ നീട്ടുന്നതിനുള്ള ജോലി	49490	എൽ.ടി.എസ്.പി. ലൈൻ 480 മീ	കാല് കുഴിച്ചിടൽപണി പൂർത്തിയായി
4	വികസന പദ്ധതി അനുസരിച്ച് ശ്രീ. ത.സി ബാലകൃഷ്ണൻ നായർ മുതൽ 25 പേർക്ക് വീടിന്വൈദ്യുതി കണക്ഷൻ നല്കുന്നതിന് വല്ലത്തായ് പാറ, പരത റോഡിലെ വൈദ്യുതി ലൈൻ നീട്ടുന്ന ജോലി	29200	എൽ.ടി.3പി.ലൈൻ.650 മീ	ടെണ്ടർ കൊടുത്തു
5	കാരശ്ശേരി-ചീപ്പാൻകുഴി ഏരിയയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനുള്ള ജോലി LT 3 പിലൈൻ 200 മീ.	144140	11KV ലൈൻ 1.5 കി.മീ ട്രാൻസ് ഫോർമർ 63 KVA നമ്പർ	കാല് കുഴിച്ചിടൽ പൂർത്തിയായി. പ്രോപ്പർട്ടി ക്രോസിങ്ങിന്റെ കാര്യത്തിൽ കോടതിയുടെ ഇൻജക്ഷൻവന്നതിനാൽ ബാക്കിപണികൾ മുടങ്ങി കിടക്കുന്നു.

പട്ടിക 2

നിലവിലുള്ള ഉപഭോക്താക്കൾ

നമ്പർ	ഇനം	എണ്ണം
1	ഗാർഹികം	1261
2	വ്യാപാരം	265
3	വ്യവസായം	29
4	കാർഷികം	80

പട്ടിക.3

വൈദ്യുതീകരിച്ച ഹരിജൻ കോളനി

നമ്പർ	കോളനിയുടെ പേര്
1	കുവപ്പറ
2	എടലമ്പാട്
3	പട്ടർചോല

മാർക്കറ്റ്

മലയോര കാർഷിക മേഖലയായ കാരശ്ശേരി പഞ്ചായത്തിന് ഒരു വിപണന ചരിത്രമുണ്ട്. ആദ്യകാലത്ത് മുക്കം കാരശ്ശേരി പഞ്ചായത്തുകളുടെ പ്രധാന വിപണന കേന്ദ്രം കുമാരനെല്ലൂർ ആയിരുന്നു. തോണി വഴിയായിരുന്നു പ്രധാനമായും ചരക്കുകൈമാറ്റം നടന്നിരുന്നത്. തോണി മാർഗം കുമാരനെല്ലൂരെത്തിച്ച് തലചുമടുമായി ഉൾഗ്രാമങ്ങളിലെത്തിക്കുകയായിരുന്നുരീതി.

റോഡുകളും പാലങ്ങളും വന്നതോടെ ഗതാഗത സൗകര്യങ്ങൾ വർധിച്ചു. ഇതോടെ കാരശ്ശേരിയുടെ ക്രയവിക്രയ രീതിക്കും മാറ്റം സംഭവിച്ചു.

ഉൾഗ്രാമങ്ങളിലെ കാർഷികോൽപന്നങ്ങളായ നാണ്യവിളകൾക്കു പുറമെ കാട്ട് തടിയും പാഴ്മരങ്ങളും ഇവിടെ വിൽപനച്ചരക്കായി. കോഴിക്കാട് നഗരത്തിലേക്ക് ചെറുപുഴയിലൂടെയും ഇരവഞ്ഞിപുഴയിലൂടെയുമാണ് കാരശ്ശേരിക്കാർ നാണ്യവിളകൾ കോഴിക്കാട് കമ്പോളത്തിൽ എത്തിച്ചിരുന്നത്. തടികൾ ചങ്ങാടമാക്കി പ്രമുഖ തടി വ്യവസായ കേന്ദ്രമായ കല്ലായിലും എത്തിക്കുമായിരുന്നു. പഴമക്കാരുടെ മനസ്സിൽ ഇന്നും നിറഞ്ഞു നിൽക്കുന്നുണ്ട് - ആ നാളുകൾ. ഗോളിയോർ റെയോൺ സിന്റെ ആരംഭത്തോടെ തടി വ്യവസായം ചാലിയാറിന്റെ തീരത്തേക്ക് വ്യാപിച്ചു.

റോഡുകളുടെയും പാലത്തിന്റെയും വരവ് മലയുടെ മക്കൾക്കും പ്രകൃതിയോട് മല്ലടിച്ച് കനകം വിളയിച്ച കർഷകർക്കും സന്തോഷത്തിന്റെ നാളുകൾ സൃഷ്ടിച്ചു.

വർഷങ്ങൾ കടന്ന് പോയി കാരശ്ശേരിയിലും മാറ്റത്തിന്റെ കാറ്റു വീശി. എങ്കിലും നമ്മുടെ പഞ്ചായത്തിൽ കർഷകർ ഉൽപാദിപ്പിക്കുന്നത് വിറ്റഴിക്കാനും നമ്മൾക്കില്ലാത്തത് വാങ്ങുവാനും ഒരു മാർക്കറ്റ് എന്നത് സാക്ഷാൽക്കരിക്കപ്പെട്ടില്ല. നമുക്ക് സ്വന്തമായൊരു കമ്പോളമെന്നത് സാക്ഷാൽക്കരിക്കപ്പെടേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ പ്രധാന ഉൽപാദനം കാർഷിക വിളകളാണ്. ഇതിൽ പ്രധാനമായും നാണ്യവിളകളാണ്. നാണ്യവിളകളിൽ -റബ്ബറും ഇതിനു പുറമേ കുരുമുളകും അടക്കയും ഇഞ്ചിയും മറ്റും ഉൽപ്പാദിപ്പിക്കുന്നുണ്ട്.

നാണ്യവിളകളിൽ റബ്ബർ മാർക്കറ്റിങ്ങ് സൊസൈറ്റിയുടെ പ്രവർത്തനം പഞ്ചയത്തിൽ വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്. മറ്റു നാണ്യവിളകൾക്കും വിപണി കണ്ടെത്തേണ്ടിയിരിക്കുന്നു.

മുൻപ് മുക്കം ചന്തയായിരുന്നു നമ്മൾ ആശ്രയിച്ചിരുന്നത്. നാടും നഗരവും വളർന്നപ്പോൾ ഞായറാഴ്ച ചന്തകൾക്കും പ്രാധാന്യം കുറഞ്ഞു. കാരശ്ശേരിയിലെ പ്രധാന കേന്ദ്രത്തിൽ ആഴ്ച ചന്തകൾ ആരംഭിക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽ ഉയർന്ന് വന്നത് ശുഭോദർക്കമായ സംഗതിയാണ് കൂട്ടത്തിൽ മത്സ്യ മാംസ വിപണന കേന്ദ്രങ്ങളും ആരംഭിക്കാനാവും. ആവശ്യമായ സ്ഥലത്ത് ഇതിനായി സൗകര്യമുണ്ടാക്കണം. മത്സ്യ മാംസങ്ങളുടെ അവശിഷ്ടങ്ങൾ സംസ്ക്കരിക്കണമെന്ന ആവശ്യം പരിഹരിക്കണം. പൊതുഗ്രാമീണ ചന്തകൾ ആരംഭിക്കുക വഴി പഞ്ചായത്തിന് നല്ല വരുമാനം കണ്ടെത്താൻ കഴിയും.

കമ്പോളരംഗത്ത് ഇന്ന് നാം പ്രധാനമായും ആശ്രയിക്കുന്നത് മുക്കം ടൗണിനെയാണ്. അതിന് പുറമെ കോഴിക്കോട് പട്ടണത്തെയും ഇതിന്റെ പ്രധാനകാരണങ്ങളിലൊന്ന് നമുക്ക് സ്വന്തമായി വലിയ അങ്ങാടികളില്ലെന്നതാണ്.


പ്രശ്നങ്ങൾ

1. സ്വന്തമായ കമ്പോളമില്ല.
2. ആഴ്ച ചന്തകളില്ല
3. ക്രയ വിക്രയ രംഗത്തെ അമിത ആശ്രിതത്വം
4. റബ്ബർ മാർക്കറ്റിങ്ങ് സൊസൈറ്റിയുടെ പ്രവർത്തന രംഗത്തെ അപര്യാപ്തത
5. മറ്റ്നാണ്യ വിളകളുടെ ക്രയവിക്രയരംഗത്തുള്ള അപര്യാപ്തത.
6. മത്സ്യ മാംസ മാർക്കറ്റുകളുടെ അഭാവം.

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് കേന്ദ്രത്തിൽ ആഴ്ച ചന്ത ആരംഭിക്കുക.
2. റബർ മാർക്കറ്റിംങ്ങ് സൊസൈറ്റിയുടെ പ്രവർത്തനം വ്യാപിപ്പിക്കുക.
3. നാണ്യവിളകളുടെ വിപണനത്തിന് സഹകരണ മാർക്കറ്റിംങ്ങ് സൊസൈറ്റികൾ രൂപീകരിക്കുക. വില നിലവാരം ഉറപ്പ് വരുത്തുക.
4. മത്സ്യ മാംസ മാർക്കറ്റുകൾ പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിലും 3 വാർഡുകൾക്ക് ഒന്ന് എന്ന തോതിലും സ്ഥാപിക്കുക.
5. ചെറുകിട വ്യവസായ യൂണിറ്റുകളിലെ ഉൽപന്നങ്ങളുടെ വിലനിലവാരം ഉറപ്പാക്കാൻ സൊസൈറ്റികൾ രജിസ്റ്റർചെയ്യുകയും സംഭരണവും വിതരണവും നടത്തുകയും ചെയ്യുക

കാരശ്ശേരി പഞ്ചായത്ത്



5.7 ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ ഇടനില പുലർത്തുന്ന കാരശ്ശേരി പഞ്ചായത്ത്, കുമാരനെല്ലൂർ, കക്കാട് എന്നീ വില്ലേജുകൾ ഉൾപ്പെട്ടതാണ്. വളരെ പിന്നോക്കാ നിന്നിരുന്ന ഈപ്രദേശം പുതിയ പഞ്ചായത്ത് രൂപീകരണത്തോടുകൂടിയാണ് അല്പമെങ്കിലും പുരോഗതി നേടിയത്. വിദ്യാഭ്യാസ തൊഴിൽമേഖലകളിലുണ്ടായ വളർച്ചയും, ഗൾഫ് പണത്തിന്റെ സ്വാധീനവും ഭവന നിർമ്മാണ രംഗത്ത് പ്രകടമാണ്.

ടാപ്പിംഗ് തൊഴിലാളികളും, കർഷകത്തൊഴിലാളികളും മറ്റും കൂലിത്തൊഴിലാളികളുമാണ് പഞ്ചായത്തിൽ കൂടുതലും അതുകൊണ്ട് തന്നെ കുടിലുകളും, ഓലമേഞ്ഞതും, ഓടിട്ട് ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ ഭൂരിഭാഗവും.

ലഭ്യമായ കണക്കുകൾ പ്രകാരം പഞ്ചായത്തിലെ മൊത്തം 5298 വീടുകളിൽ 401 കോൺക്രീറ്റു വീടുകളും 2552 ഓടിട്ട വീടുകളും 1024 ഓലമേഞ്ഞ വീടുകളും 1321 കുടിലുകളുമാണ്.

ഭൂരിഭാഗം വീടുകളുടെയും തറ സിമൻറു ചെയ്തതാണ്. കോൺക്രീറ്റു വീടുകളുടെ ഭൂരിഭാഗവും മൊസൈക്ക് ചെയ്തതാണ്. അപൂർവമായി മാർബിളും കടപ്പയും ഉപയോഗിച്ചിട്ടുണ്ട്. ഓല, മേഞ്ഞ വീടുകളുടെ തറ ചാണകം മെഴുകിയതാണ്. മൊത്തം വീടുകളിൽ 2346 വീടുകൾക്ക് കക്കൂസ് ഇല്ല.

പട്ടിക 1

ക്രമ നമ്പർ	വാർഡ് നമ്പർ	ഓലമേഞ്ഞത്	ഓട്	കോൺക്രീറ്റ്	കുടിൽ	ആകെ
1	I	72	185	15	95	367
2	II	95	154	18	78	345
3	III	103	145	28	122	398
4	IV	115	185	22	135	457
5	V	103	203	38	115	459
6	VI	122	173	30	160	485
7	VII	85	202	54	109	450
8	VIII	62	289	61	82	494
9	IX	88	426	57	122	693
10	X	65	424	54	125	668
11	XI	114	166	24	178	482
ആകെ		1024	2552	401	1321	5298

1986-87 സാമ്പത്തിക വർഷം മുതൽ ഗ്രാമീണ തൊഴിൽഭദ്രതാ പദ്ധതി RLEGP, ദേശീയ തൊഴിൽദാന പദ്ധതിNREP എന്നിവയിലൂടെ ഗവൺമെൻറ് വീടില്ലാത്ത പട്ടികജാതി പട്ടിക വർഗ്ഗത്തിൽപെട്ടവർക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകിത്തുടങ്ങി. 1986-87 മുതൽ 1990-91 വരെ ഈ പഞ്ചായത്തിലെ 49 എസ്.സി., എസ്.ടി. കുടുംബങ്ങൾക്കു ആനുകൂല്യം ലഭിച്ചു.

1991-92 മുതൽ വിവിധ പദ്ധതികളിലായി വികസന ബ്ലോക്കും ഗ്രാമപഞ്ചായത്തും ചേർന്നു അനുവദിച്ച വീടുകളുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക. 2

ക്രമ നമ്പർ	വർഷം	JRY	IAY	MWS	ആകെ	SC	ST	Others
1	1991-92	-	-	8	8	8	-	-
2	1992-93	26	-	-	26	-	26	-
3	93-94	27	3	1	31	26	5	-
4	94-95	6	8	9	23	23	-	-
5	95-96	-	32	7	39	31	7	1
	ആകെ	59	43	25	,127	88	38	1

ഈ പഞ്ചായത്തിലെ നിവാസികൾക്ക് ഭവന നിർമ്മാണ വായ്പ നൽകുന്ന ഏജൻസികൾ ഒന്നും തന്നെയില്ല. കുടരഞ്ഞി ഹൗസിംഗ് സൊസൈറ്റി, മുക്കം കാർഷിക വികസന ബാങ്ക്, കോഴിക്കോട്ഹൗസിംഗ് ബോർഡ് എന്നിവയെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. വളരെ പരിമിതമായ ആൾക്കാർ മാത്രമേ സ്വന്തമായ പണം ഉപയോഗിച്ച് വീട് നിർമ്മാണം നടത്തുന്നുള്ളൂ.

ഭവന നിർമ്മാണ ചിലവ് കഴിഞ്ഞ 10 വർഷങ്ങളിലായി മൂന്ന് മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. 85-86 ൽമേസ്ത്രീ കൂലി 50 രൂപയായിരുന്നത് 150 രൂപയായും അവിദഗ്ധ തൊഴിലാളിയുടെ കൂലി 35 ൽ നിന്ന് 100-120 രൂപയായും വർധിച്ചിരിക്കുന്നു. അസംസ്കൃത വസ്തുക്കളായ സിമൻറ് കമ്പി, കല്ല്, മണൽ, ഓട്, മരം എന്നിവയുടെ വില വർദ്ധനവ് നാല് ഇരട്ടിയോളമായിട്ടുണ്ട്. വീട് നിർമ്മാണത്തിലെ ആഡംബരഭ്രമവും നിർമ്മാണ ചിലവിനുള്ള മറ്റൊരു കാരണമാണ്. വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യമാണ് ഭവനനിർമ്മാണ രംഗത്ത് അനുഭവപ്പെടുന്ന മറ്റൊരു പ്രശ്നം. തദ്ദേശീയരായ തൊഴിലാളികളുടെ അഭാവം നികത്തുന്നത് അയൽസംസ്ഥാനങ്ങളിലെ തൊഴിലാളികളാണ്.

വീടുനിർമ്മാണത്തിനാവശ്യമായ ചെങ്കല്ല്, ബോളർ, മെറ്റൽ, ഹോളോബ്രിക്സ്, മണൽ തുടങ്ങിയ വസ്തുക്കൾ പഞ്ചായത്തിൽ പൊതുവെ ലഭ്യമാണ്. എന്നാൽ ദുർബല വിഭാഗങ്ങൾക്ക് വീട് വെക്കാനാവശ്യമായ സ്ഥലം ഇല്ലായ്കയും ഉള്ളവക്ക് സ്ഥലത്തിന് മതിയായ കൈവശാവകാശ രേഖയില്ലായ്കയും മറ്റൊരു പ്രശ്നമാണ്.

കൃഷിയിടങ്ങൾ, റോഡ് വക്കത്തുള്ള കുളങ്ങൾ നീരുറവകൾ എന്നിവ നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നത് ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പഞ്ചായത്തിലെ ലക്ഷംവീട് കോളനികൾ, 4 സെൻറ് കോളനികൾ, ഹരിജൻ, ഗിരിജൻ കോളനികൾ എന്നിവയിലെ താമസക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെയില്ല. ലക്ഷം വീടുകൾ റിപ്പയർ നടത്താത്തതുകാരണം പൊളിഞ്ഞു തുടങ്ങിയിരിക്കുന്നു. നാല് സെൻറു കോളനിയിലെ വീടുകൾ മിക്കവയും കുടിലുകൾ തന്നെയാണ്. പലർക്കും പട്ടയം അനുവദിച്ചുകിട്ടിയിട്ടില്ല. വെള്ളം,വെളിച്ചം, വഴി, കക്കൂസ് എന്നിവ മിക്ക കോളനിയിലുമില്ല. പുറമ്പോക്കിൽ കുടിൽ കെട്ടിതാമസിക്കുന്നവരും പഞ്ചായത്തിലുണ്ട്.

സർക്കാർ നടപ്പാക്കുന്ന ഭവനനിർമ്മാണ പദ്ധതി ദുർബ്ബല വിഭാഗങ്ങളെ മാത്രം ലക്ഷ്യം വെച്ചുള്ളതാണ്. ഇതും പരിമിതമായ കുടുംബങ്ങൾക്കേ ലഭിക്കുന്നുള്ളൂ. ജനസംഖ്യയിൽനല്ലൊരു ശതമാനം വരുന്ന ഇടത്തരം കുടും

ബങ്ങളെ സംബന്ധിച്ചേടത്തോളം "തലചായ്ക്കാനൊരിടം" വലിയൊരു സാമൂഹ്യ പ്രശ്നം തന്നെയാണ്.

പരിഹാര നിർദ്ദേശങ്ങൾ

1. കോളനി നിവാസികളുടെ ഭൂമി അളന്നു തിട്ടപ്പെടുത്തി പട്ടയം നൽകുക. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക.
2. ദുർബല വിഭാഗങ്ങൾക്ക് വീട് നിർമ്മാണത്തിനു പലിശ രഹിത വായ്പയും സബ്സിഡിയും അനുവദിക്കുക.
3. സ്വന്തമായ ഭൂമി ഇല്ലാത്തവർക്ക്, ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും വായ്പ അനുവദിക്കുക.
4. ഇടത്തരം കുടുംബങ്ങൾക്ക് വീടു നിർമ്മിക്കുന്നതിനു ചിരുങ്ങിയ പലിശയ്ക്ക് ദീർഘകാലവായ്പ അനുവദിക്കുക.
5. വായ്പാ ചട്ടങ്ങൾ ലഘൂകരിക്കുക.
6. പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കുകയും അസംസ്കൃത വസ്തുക്കളായ സിമൻറ്, കമ്പി മുതലായവ സൊസൈറ്റി മുഖേന ന്യായവിലക്ക് ലഭ്യമാക്കുകയും ചെയ്യുക.
7. പ്രോവിഡണ്ട് ഫണ്ടിൽ അംഗത്വമുള്ള തോട്ടം തൊഴിലാളികൾക്ക് കുറഞ്ഞ പലിശനിരക്കിൽലോൺ ലഭ്യമാക്കുക
8. വിവിധ ഏജൻസികൾ നൽകുന്ന ഭവനനിർമ്മാണ വായ്പാഫോറങ്ങൾ പഞ്ചായത്ത് മുഖാന്തിരം വിതരണം ചെയ്യുകയും, ലോണുകൾ ആനുപാതികമായി വിതരണം ചെയ്യുകയും ചെയ്യുക.
9. ദേശസാൽകൃത ബാങ്കുകളിലൂടെ സാധാരണക്കാർക്ക് ഭവന നിർമ്മാത്തിനും, റിപ്പയറിംഗിനുംവായ്പ ലഭ്യമാക്കുക.
10. മിച്ചഭൂമി, പുറമ്പോക്ക് ഭൂമി തുടങ്ങിയവ വീട് നിർമ്മിക്കുന്നതിനായി ദുർബ്ബല വിഭാഗങ്ങൾക്കായി പതിച്ചു നൽകുകയും, വീട് വെക്കുന്നതിനു വായ്പ അനുവദിക്കുകയും ചെയ്യുക.
11. നിർമ്മാണ ചിലവ് 10 ലക്ഷത്തിൽ കൂടുതൽ വരുന്ന വീടുകൾക്ക് 15% സർചാർജ്ജ് ഏർപ്പെടുത്തുക.
12. പഞ്ചായത്തിലെ ഭവന നിർമ്മാണരംഗത്ത് "നിർമ്മിതി കേന്ദ്ര" ങ്ങളുടെ സഹായവും സേവനവും ലഭ്യമാക്കുക.
13. ഭവന നിർമ്മാണരംഗത്ത് സന്നദ്ധസംഘടനകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക.
14. ദുർബ്ബല വിഭാഗങ്ങൾക്ക് നൽകുന്ന ഭവനനിർമ്മാണ വായ്പയും ഗ്രാൻറും ആനുപാതികമായി വർധിപ്പിക്കുക.
15. കോളനി സമ്പ്രദായം ഉയർത്തുന്ന പാർപ്പിട സാമൂഹിക പ്രശ്നങ്ങൾ വളരെ ഗുരുതരമായതിനാൽ, ഈ സമ്പ്രദായം നിരുത്സാഹപ്പെടുത്തുകയും പകരം 5 സെൻറ് ഭൂമി സ്വന്തമായി ലഭ്യമാക്കാനും വീടു നിർമ്മിക്കുന്നതിനു ദുർബ്ബല വിഭാഗങ്ങൾക്ക് പണം, ഗ്രാൻറായോ, പലിശയില്ലാത്ത ദീർഘകാല വായ്പയായോ ലഭ്യമാക്കുക ഇങ്ങിനെ നല്കുന്നതുകക്ക് പരിധി നിർണ്ണയിക്കുക.
16. പഞ്ചായത്തിലെ ആയിരത്തോളം വരുന്ന ഓലമേഞ്ഞ വീടുകൾ ഓടാക്കി മാറ്റാനാവശ്യമായ പദ്ധതിക്കു അടിയന്തിരമായി രൂപം നൽകുക.
17. ഒരു പൗരൻെറ മൗലികാവകാശങ്ങളിൽ ഒന്നാണ് പാർപ്പിടം. സമൂഹത്തിൻെറ കെട്ടുറപ്പിനും ഉന്നമനത്തിനും ഉത്സാഹപൂർവ്വം പ്രവർത്തിക്കേണ്ട ജനവിഭാഗങ്ങളെ പാർപ്പിട പ്രശ്നം നിരാശരും, നിരാശ്രയരും ആക്കിക്കൂടാ എന്നതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.
17. വെള്ളപ്പൊക്കക്കെടുതികൾ അനുഭവിക്കുന്ന കോളനികൾക്ക് സംരക്ഷണ മതിൽ ഏർപ്പെടുത്തുക.
18. ലക്ഷം വീടുകളിലെ ഇരട്ടവീടുകളെ ഒറ്റവീടുകളാക്കി പുനർ നിർമ്മിക്കുക.
19. സ്ഥല ലഭ്യത പരിമിതമായത് കൊണ്ട് ഹൗസിങ്ങ് കോപ്ലക്സുകളും, ഫാമുകളും നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുക.
20. നാല് സെൻറ് കോളനികളിൽ താമസിക്കുന്നവർക്കെല്ലാം വീട് നിർമ്മിക്കാൻ സഹായധനം നൽകുക.
21. കോളനികൾക്ക് സ്ഥലം അനുവദിച്ച് കൊടുക്കുന്ന കൂട്ടത്തിൽ തന്നെ വിട് നിർമ്മിച്ച് കൊടുക്കാനുള്ള പദ്ധതികൾ ഉണ്ടാവണം.

സാമൂഹ്യക്ഷേമം

ദാരദ്ര നിർമ്മാർജ്ജന പരിപാടികൾ നടപ്പിലാക്കുക, തൊഴിലാളി വിഭാഗങ്ങളെ വിവിധ ക്ഷേമനിധികളിൽ ഉൾപ്പെടുത്തുക, ICDS പദ്ധതിയിലൂടെ ശിശു മരണം ഒഴിവാക്കുക, ആറുവയസ്സിന് താഴെയുള്ള കുട്ടികളുടെ വികസനം സാദ്ധ്യമാക്കുക തുടങ്ങിയവയാണ് സാമൂഹ്യക്ഷേമ പദ്ധതികളായി നിലവിലുള്ളത്.

തൊഴിലാളി, തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധിബോർഡ് വഴി തൊഴലാളികൾക്കുള്ള ക്ഷേമ നിധി നടപ്പാക്കുമ്പോൾ കേന്ദ്ര സംസ്ഥാന സർക്കാറുകളാണ് ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടയുടെ ചുക്കാൻ പിടിക്കുന്നത്.

പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വനിത വികസന കോർപ്പറേഷൻ, വികലാംഗ കോർപ്പറേഷൻ തുടങ്ങിയവയും സേവനരംഗത്തുണ്ടെങ്കിലും പഞ്ചായത്തിലെ ഭൂരിപക്ഷം പേർക്കും ഈ സ്ഥാപനങ്ങളുടെ സേവന രംഗങ്ങളെപ്പറ്റി യാതൊരു അറിവും ഇല്ല

കർഷകത്തൊഴിലാളികൾ, കയറ്റിറക്ക് ചുമട് തൊഴിലാളികൾ, ആർട്ടിസാൻസ്, മദ്യ വ്യവസായ തൊഴിലാളികൾ, തയ്യൽ, കൈവേല, ചെറുകിട വ്യാപാരം കൂടാതെ എസ്റ്റേറ്റ് തൊഴിലാളികൾ ഇവരാണ് പഞ്ചായത്തിലെ തൊഴിലാളി വിഭാഗങ്ങൾ. തൊഴിലുടമാവിഹിതം അടക്കുവാൻ അമാന്തം കാണിക്കുന്നത് കൊണ്ട് കർഷക തൊഴിലാളി ക്ഷേമ നിധി ഭംഗിയായി പ്രവർത്തിക്കുന്നു എന്നു പറഞ്ഞു കൂടാ. വ്യാപാരി ക്ഷേമനിധി കടലാസിൽ മാത്രമാണ് ക്ഷേമനിധികളിൽ അംഗത്വം എടുക്കാത്ത ധാരാളം അസംഘടിതരായ തൊഴിലാളികൾ പഞ്ചായത്തിൽ ഉണ്ട്.

വിവിധ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ തക്ക സമയത്ത് അർഹതപ്പെട്ടവർക്ക് ലഭ്യമാകുന്നില്ല എന്നുള്ളതാണ് അടിയന്തിര പ്രാധാന്യമുള്ള പ്രശ്നം. വിവിധ വകുപ്പുകളുടെകീഴിൽ കാരശ്ശേരി പഞ്ചായത്തിൽ നടപ്പിലാക്കിയ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ വിവരണം താഴെ ചേർക്കുന്നു.

IRDP:-സ്വയം തൊഴിൽ കണ്ടെത്തുന്നതിനു വേണ്ടി ബാങ്കു വായ്പ നല്കുകുയും സബ്സിഡിയും ലഭ്യമാക്കി കുടുംബ വരുമാനം വർധിപ്പിക്കുക എന്നാതാണ്IRDP പദ്ധതിയുടെ ലക്ഷ്യം . ഈ പഞ്ചായത്തിൽ 92ലും 95 ലും നടത്തിയ സർവ്വെ പ്രകാരം ദാരിദ്ര്യരേഖക്കു താഴെയായി 352പട്ടിക ജാതി കുടുബങ്ങളും 100 ആദിവാസ കുടുംബങ്ങളും 2250 ഇതര വിഭാഗങ്ങളുംമായി മൊത്തം 2702 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്.

IRDP സർവെ സഹായ ലഭ്യതാ കണക്ക്

പട്ടിക No-1

വർഷം	എണ്ണം	സബ്സിഡി	വായ്പ	SC	ST	മറ്റുള്ളവർ
91-92	47	1,25,771	2,47510	17	8	22
92-93	47	1,21,383	1,56,025	12,	18	17
93-94	87	21,86,35	2,18,649	70	17	-
94-95	41	215,600	3,08,100	27	6	10
95-96	27	1,86,085	2,28,114	14	-	13
ആകെ	249	8,90,074	11,53,098	140	49	62

DWCRA സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടിപത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്നതൊഴിൽ സംരംഭമാണ് **DWCRA.**

മേൽ പറഞ്ഞ പദ്ധതികൾ പ്രകാരം സഹായം ലഭ്യമാക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ വളരെയധികം അനാസ്ഥ കാണിക്കുന്നുണ്ട്. ദാരിദ്ര്യ രേഖയുടെ വരുമാന

SL. No	യൂണിറ്റിന്റെ പേർ	ഉൽപന്നങ്ങൾ	ജീവനക്കാർ			
			SC	ST	Others	Total
1	ഗ്രാമീണ വനിതാ തൊഴിൽശാല വല്ലത്തായ് പാറ, വെളിച്ചെണ്ണ	മല്ലി, മഞ്ഞൾ പൊടി	5	-	7	12
2	തീരത്ത് ജല്ലി നിർമ്മാണ യൂണിറ്റ്	ജല്ലി	10	-		10
3	പൈക്കാടൻ മല ജല്ലി നിർമ്മാണ യൂണിറ്റ്	ജല്ലി -	-	11	-	11
4	സുമംഗലി ടൈലറിംഗ് യൂണിറ്റ്	വസ്ത്രങ്ങൾ	5	-		5

പരിധിയായി 11,000യ- രൂപ 20,000 രൂപയായെങ്കിലും വർദ്ധിപ്പിക്കുകയാണെങ്കിൽ കൂടുതൽ പേർക്ക് ഈ പദ്ധതിമൂലം സഹായം ലഭിക്കുന്നതാണ്.

DWCRA സ്കീം അനുസരിച്ചുള്ള യൂണിറ്റുകൾ എല്ലാ വാർഡിലും ആരംഭിക്കേണ്ടതാണ്. സ്ത്രീകളിൽ അതിനാവശ്യമായ ബോധവൽക്കരണം നടത്തേണ്ടതാണ്.IRDP കുടുബ സർവ്വേയിൽ ഉൾപ്പെടാത്തവരെ ഉൾകൊള്ളിക്കാൻശ്രമം നടത്തേണ്ടതാണ്.

ട്രൈസം

18 മുതൽ 35 വയസ്സു വരെയുള്ള യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം

ട്രൈസം-പരിശീലന ലഭ്യതാ പട്ടിക

SL. No	വർഷം	SC	ST	Others		Total
				Men	Ladies	
1	87-88 to 90-91	5	-	6	5	11
2	91-92 to 95-96	2	1	9	8	12
	ആകെ	7	1	15	13	23

പഞ്ചായത്തിൽ ഒമാത്തം 23 പേരെയാണ് ട്രൈസം പദ്ധതിപ്രകാരം പരിശീലത്തിനയച്ചത്. അവരിൽ ടി.വി. മെക്കാനിസം 4, പ്രിൻറിംഗ് 2, ഓട്ടോ മെക്കാനിക്ക് 2,ക്ലോക്ക് റിപ്പയർ 4, കൊപ്ര സംസ്കരണം 11, എന്നിങ്ങനെയാണ്. ഇങ്ങനെ പരിശീലനം ലഭിക്കുന്ന വർക്കു യോഗ്യതയുടെ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ലാഎന്നത് പദ്ധതിയുടെ പോരായ്മയാണ്.

നിർദ്ദേശങ്ങൾ:-

ഓരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശീലന നൽകാൻ ശ്രദ്ധിക്കണം നമ്മുടെ പഞ്ചായത്തിൽ പരിശീലനം നൽകാൻ കനിയുന്ന ഒന്നാണ് ടാപ്പിംഗ് പരിശീലനം

ടൂൾകിറ്റ്:-

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ നൽകുന്ന പദ്ധതിയാണ് ടൂൾ കിറ്റ്.

നമ്മുടെ പഞ്ചായത്തിൽ ഈ പദ്ധതി പ്രകാരം 15 പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്. 2000 രൂപയുടെ തൊഴിലുപകരണങ്ങളാണ് ഇതു പ്രകാരം നൽകുന്നത്. ഇതിൽ 200രൂപ ഗുണ ഭോക്താവിന്റെ വിഹിതവും ബാക്കി ഗവൺമെൻറ് ഗ്രാൻറുമാണ്.

CRSP:- ദാരിദ്ര രേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് CRSP. 2500 രൂപ മുതൽ മുടക്കുള്ള ഒരു കക്കൂസിനു 2000 രൂപ ഗവൺമെൻറ് ഗ്രാൻറും500 രൂപ ഗുണഭോക്താവിന്റെ വിഹിതവുമാണ്.

Sl No	വർഷം	സഹായംലഭിച്ച കുടുംബങ്ങൾ ബ്ലോക്ക്				
		SC	ST	Others	Total	ഗ്രാമപഞ്ചായത്ത് വക
1	91-92	9-		11	20	80
2	92-93	20-	-		20	65
3	93-94	7	4	10	21	161
4	94-95	25	4	4	33	79
5	95-96	19-		3	22	. -
	ആകെ	80	8	28	116	385

2500 രൂപമുതൽ മുടക്കുള്ള ഒരു കക്കൂസിന് രണ്ട് പിറ്റ് ഉണ്ടാക്കിയാലേ പണം ലഭിക്കുകയുള്ളൂ വെന്ന് ബ്ലോക്ക് അധികൃതർ നിർബ്ബന്ധം പിടിക്കുന്നത് കൊണ്ട് പലപ്പോഴും നിർമ്മാണം പൂർത്തീകരിക്കാതെ പോകുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഇനിയും കക്കൂസ് ആവശ്യമുള്ളവരായി 1353 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്.

നിർദ്ദേശം:-

രണ്ട് പിറ്റ് എന്ന നിർബ്ബന്ധം ഒഴിവാക്കുകയും സംഖ്യ വർധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

വിവിധ പെൻഷനുകളെ സംബന്ധിച്ച്

കർഷക തൊഴിലാളി പെൻഷൻ :- പഞ്ചായത്തിലെ കുമാരനെല്ലൂർ കക്കാട് വില്ലേജുകൾ മുഖേനയാണ് പെൻഷൻഅപേക്ഷ സ്വീകരിക്കുന്നത്. ഇതിൽ കുമാരനെല്ലൂർ വില്ലേജിൽ ഇപ്പോൾ 460 പേർക്ക് കർഷക തൊഴിലാളി പെൻഷൻ നൽകി വരുന്നു.കക്കാട് വില്ലേജിൽ 248 പേർക്ക് പെൻഷൻ നൽകി വരുന്നു.

കുമാരനെല്ലൂർ		കക്കാട്	
വർഷം	എണ്ണം	വർഷം	എണ്ണം
92-93	479	92-93	278
93-94	479	93-94	265
94-95	462	94-95	252
95-96	460	95-96	248

അനർഹരായ ധാരാളം പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. അർഹരായ യഥാർത്ഥ കർഷക തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുന്നുമില്ല. ഗുണഭോക്താക്കളുടെ എണ്ണം കുറഞ്ഞു വരികയുമാണ്.

നിർദ്ദേശം :-

ഗ്രാമ പഞ്ചായത്തിടസ്ഥാനത്തിൽ രൂപീകരിക്കുന്ന ജനകീയ കമ്മിറ്റികളായിരിക്കണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

തൊഴിലില്ലായ്മാ വേതനം

നമ്മുടെ പഞ്ചായത്തിൽ മൊത്തം 220 പേർക്കാണ് വേതനം ലഭിക്കുന്നത്. ഇപ്പോൾ നൽകി വരുന്ന 70 രൂപ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. ഗുണഭോക്താക്കളെ പഞ്ചായത്തടിസ്ഥാനത്തിൽ രീപൂകരിക്കുന്ന ജനകീയ കമ്മിറ്റികൾ തിരഞ്ഞെടുക്കേണ്ടതാണ്.

വിധവാ പെൻഷൻ

കാരശ്ശേരി പഞ്ചായത്തിൽ 200 പേർക്കാണ് പെൻഷൻലഭിച്ചു വരുന്നത്. KDP 1960 ലെ പെൻഷൻ റൂൾ അനുസരിച്ച് പ്രായപൂർത്തിയായ ആൺമക്കളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കുന്നില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

വികലാംഗ പെൻഷൻ :-

പഞ്ചായത്തിൽ 56 പേർക്കാണ് ഈ പെൻഷൻ ലഭിക്കുന്നത്. വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് ലഭിക്കാൻഗുണ ഭോക്താക്കൾ വിഷമിക്കുന്നുണ്ട്. ആയതിന്റെ നടപടി ക്രമങ്ങൾ ലഘൂകരിക്കേണ്ടതാണ്.

ക്ഷയരോഗി പെൻഷൻ:-

പഞ്ചായത്തിൽ 15 പേർക്കാണ് T.B. പെൻഷൻ ലഭിക്കുന്നത്.

വാർദ്ധക്യ കാല പെൻഷൻ:

പഞ്ചായത്തിൽ 10 പേർക്കാണ് വാർദ്ധക്യകാല പെൻഷൻ നൽകി വരുന്നത്.

ക്ഷേമ നിധികൾ :-

കെട്ടിട നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ധരും അല്ലാത്തവരുമായ ധാരാളം തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. വളരെ കുറച്ചു പേർ മാത്രമേ ക്ഷേമ നിധിയിൽ അംഗങ്ങളായിട്ടുള്ളൂ. കഠിനാദ്ധ്വാനം ചെയ്യുന്ന ഇവരുടെ പെൻഷൻ പ്രായം 55 ആക്കി ചുരുക്കണം

തയ്യൽ, ബാർബർ, മരം കയറ്റ തൊഴിലാളികൾ എന്നിവരാണ്നമ്മുടെ പഞ്ചായത്തിൽ ക്ഷേമ നിധിയിൽ അംഗങ്ങളാകേണ്ട വിഭാഗം. അസംഘടിതരായ ഇത്തരം വിഭാഗങ്ങളെ ക്ഷേമ നിധിയിൽ അംഗങ്ങളാക്കാൻ ശ്രമിക്കണം

വിവിധ സാമൂഹ്യ ക്ഷേമ നിധികളെക്കുറിച്ചും സംസ്ഥാനസാമൂഹ്യ ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളെ കുറിച്ചും പഞ്ചായത്തിലെ ജനങ്ങൾക്ക് അജ്ഞരാണ്. അവരെ ബോധവൽക്കരിക്കാൻ ഓരോ വാർഡിലും പഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിൽ പ്രത്യേക സെൽ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

അങ്കൺ വാടികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനംകാഴ്ച വെക്കുന്ന അങ്കൺ വാടികൾ നമ്മുടെ പഞ്ചായത്തിൽ 11 എണ്ണമാണ് ഉള്ളത്. 3,6,8 എന്നീ വാർഡുകളിൽ അങ്കൺവാടികൾഇല്ല. നമ്മുടെ പഞ്ചായത്തിന്റെ യും വാർഡുകളുടെയും ഭൂമിശാസ്ത്രപരമായ കിടപ്പ് കൊണ്ട് തന്നെ ശിശുക്കളെ അങ്കൺവാടികളിലെത്തിക്കാൻ പല രക്ഷിതാക്കൾക്കും കഴിയുന്നില്ല. അങ്കൺവാടികളിലെ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം കുട്ടികളിലും രക്ഷിതാക്കളിലും ജീവനക്കാരിലും അസന്തുഷ്ടി ഉണ്ടാക്കുന്നു. വേണ്ടത്ര കളി സ്ഥലമില്ലാത്തതും കളിപ്പാടങ്ങൾ ഇല്ലാത്തതും വലിയ പ്രശ്നം തന്നെയാണ്.

മൂന്നു വയസ്സിനും ആറു വയസ്സിനും ഇടയ്ക്കുള്ള കുട്ടികൾക്ക് അനൗപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസം പോഷകാഹാര വിതരണം, പ്രതിരോധ കുത്തി വെയ്പ് എന്നിവയാണ് അങ്കൺ വാടികൾ മുഖാന്തിരം പ്രധാനമായും ഇപ്പോൾ നടന്നു വരുന്നത്.വർക്കർ, ഹെൽപർ എന്നീ രണ്ട് തസ്തികകളാണ്ഇപ്പോൾ അങ്കൺ വാടിയിലുള്ളത്. രാവിലെ 9 മുതൽ 3 .5വരെ ജോലി ചെയ്യുന്ന ഇവർക്ക് നൽകി വരുന്ന ഹോണറേറിയം തീരെ അപര്യാപ്തമാണ്.

നമ്മുടെ പഞ്ചായത്തിലെ 11 അങ്കൺ വാടികളിൽ 9 എണ്ണത്തിനാണ് സൗകര്യമുള്ളത്. അങ്കൺവാടികൾക്ക് 3 സെൻറ് സ്ഥലമാണ് ഇപ്പോഴുള്ളത്. ഇതിൽ കെട്ടിടവും കക്കൂസ് സൗകര്യവും ഒഴിച്ചാൽ ആവശ്യമായ കളിസ്ഥലം ലഭിക്കുന്നില്ല.മിക്ക അങ്കൺവാടികളിലും കുടിവെള്ള സൗകര്യമില്ല.

നിർദ്ദേശങ്ങൾ

1. XI-ാം വാർഡിലെ കേന്ദ്രം നമ്പർ 128 അങ്കൺ വാടിക്ക് കെട്ടിടം നിർമ്മിക്കുക.
2. അങ്കൺ വാടി ആരംഭിക്കാൻ 5 സെൻറ് ഭൂമിയെങ്കിലും ലഭ്യമാക്കുക.
3. ദശലക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കൺവാടികൾക്ക്കിണർ കുഴിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കുക.
4. കക്കൂസ് ഇല്ലാത്ത അങ്കൺ വാടികൾക്ക് കക്കൂസ് നിർമ്മിക്കുക.
5. പഞ്ചായത്തിലെ എസ്റ്റേറ്റ് ഗേറ്റ് ,അത്തായകുന്ന്, കൽപൂര്,തേക്കിൻ കാട്, 6-ാം വാർഡ് തേക്കുംകുറ്റി ട്രൈബൽ കോളനി,10-ാം വാർഡിൽ തടായി പറമ്പ്, മാടകശ്ശേരി, കരിമ്പനക്കണ്ടി സർക്കാർ പറമ്പ്, 9-ാം വാർഡിലെ വേനപ്പാറ കോളനി, 8-ാം വാർഡിലെ ചോണാട്ട് കണ്ടം കുളം പളൂർമല എള്ളുങ്ങൽഎന്നീ സ്ഥലങ്ങളിൽ പുതിയ അങ്കൺവാടികൾ ആരംഭിക്കുക.

ക്രമ നമ്പർ	വാർഡ്	എണ്ണം	അങ്കൺ വാടി നമ്പർ	കുട്ടികളുടെ എണ്ണം	കെട്ടിടം ഉള്ളത്	കെട്ടിടം ഇല്ലാത്തത്	സ്ഥലം ഉള്ളത്	കളിസ്ഥലം ഉള്ളത്	കളിസ്ഥലം ഇല്ലാത്തത്
1	I	1	31	50	1	-	✓	-	1
2	II	1	32	45	1	-	✓	-	1
3	III	-	ഇല്ല			-	-	-	-
4	IV	2	34, 35	30, 25	2	-	✓	-	2
5	V	1	130	25	1		✓	1	
6	VI	-	ഇല്ല						
7	VII	1	30	40	1	-	✓		1
8	VIII	-	ഇല്ല	-					
-9	IX	2	27 28	30 30	2	-	✓		2
10	X	1	29	60	1				1
11	XI	2	33 28	25 35	1	1, No.128	✓		2
	ആകെ	11		395	10	1	11	1	10

നിർദ്ദേശങ്ങൾ

6. നിലവിലുള്ള 11 അങ്കൺ വാടികളിലും പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കുകയും കളിപ്പാട്ടങ്ങൾ എത്തിച്ചു കൊടുക്കുകയും ചെയ്യുക.

7. ഹരിജൻ കുട്ടികൾക്കു മാത്രമായി പോഷകാഹാര വിതരണം നൽകുന്നത് മറ്റു കുട്ടികൾക്ക് സാമൂഹിക മാനസിക വിഷമങ്ങൾ ഉണ്ടാക്കുമെന്നതിനാൽ എല്ലാ കുട്ടികൾക്കുമായി പോഷകാഹാര വിതരണം നടത്തുക.

8. അങ്കൺവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും താൽക്കാലിക ജീവനക്കാരെ സ്ഥിര പ്പെടുത്തുകയും ചെയ്യുക.

പൊതു വിതരണ കേന്ദ്രം (റേഷൻ ഷാപ്പ്)

നമ്മുടെ പഞ്ചായത്തിൽ 11 റേഷൻ ഷാപ്പുകളിലായി 4420 കാർഡുടമകളുണ്ട്. ഇതിൽ വൈദ്യുതീകരിച്ച വീടുകൾ 1219ആണ്. ഒരു മാസത്തെ വിതരണത്തിനായി 1981.36 കിൻറൽഅരിയും 136.63 കിൻറൽ പഞ്ചസാരയും 16788 ലിറ്റർ മണ്ണെണ്ണയും ആവശ്യമാണ്. (മണ്ണെണ്ണ പെർമിറ്റ് കൂടാതെ)ഗോതമ്പ് ഉപഭോഗം പൊതുവെ കുറവാണ്.

സാധാരണക്കാർക്ക് പരാതിയില്ലാ ഒരു മേഖലയായ പൊതു വിതരണ കേന്ദ്രത്തെ 1966 ലെ റേഷൻഷാപ്പ് ആക്ട് പ്രാകരമുള്ള " റേഷൻ ഷാപ്പ് എന്നാക്കി തന്നെ മാറ്റണം. പഞ്ചായത്തിലെ റേഷൻ ഷാപ്പുകളുടെ അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കണം. ഓരോ ആഴ്ചയിലും വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ അളവും വിലയും പഞ്ചായത്തിൽ ലഭ്യമാക്കണം. പഞ്ചായത്തിൽ കുമാരനെല്ലൂർ വില്ലേജിൽ ഒരു മാവേലി സ്റ്റോർ ആരംഭിക്കണം. പഞ്ചായത്തിന്റെ ഉപഭോക്തൃ സംരക്ഷണ സമിതി രൂപവൽകരിക്കുകയും ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

ഇപ്പോൾ പൊതു വിതരണ കേന്ദ്രങ്ങളിലൂടെ വില്പന നടത്തിവരുന്ന അരി, പഞ്ചസാര, ഗോതമ്പ്, മണ്ണെണ്ണ എന്നിവയ്ക്ക്പുറമെ ജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങളും,ഈ കേന്ദ്രങ്ങളിലൂടെ ന്യായമായ വിലക്ക് ഉനങ്ങൾക്ക് ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാകണം

പൊതു നിർദ്ദേശങ്ങൾ

1. 60 വയസ്സ് പൂർത്തിയായ എല്ലാവർക്കും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കുക.

2. പെൻഷൻ തുക വർദ്ധിപ്പിക്കുകയും യഥാസമയം വിതരണം ചെയ്യുകയും ചെയ്യുക.

3. വിവിധ പെൻഷനുകൾക്ക് അപേക്ഷ സ്വീകരിക്കുന്ന കേന്ദ്രംഗ്രാമ പഞ്ചായത്തുകളായിരിക്കണം.


4. പഞ്ചായത്തിൽ ഒന്നോ രണ്ടോ സ്ഥലത്ത് വൃദ്ധ സദനം ആരംഭിക്കുക.

5. പഞ്ചായത്തിലെ തിരുവമ്പാടി, കലിക്കറ്റ് എസ്റ്റേറ്റുക ളിൽനിന്നും ഒന്നോ രണ്ടോ ഏക്കർ ഭൂമി ലഭ്യമാക്കി പൊതു ശ്മശാനം ഉണ്ടാക്കുക. പഞ്ചായത്തിലെ തെക്ക് കിഴക്കേ ഭാഗത്ത് മറ്റൊരു ശ്മശാനം ഉണ്ടാക്കുക.

6. സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന്റെ പദ്ധതി കൾ പഞ്ചായത്തിൽ വ്യാപകമായി നടപ്പിലാക്കുന്ന തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

7. വ്യാജ ചാരായ നിർമ്മാണവും വിറ്റഴിക്കലും തടയുന്ന തിന് കർശനമായ നടപടികൾ സ്വീകരിക്കുക. സന്നദ്ധ സംഘടനകളുടെ സഹായം ഈ കാര്യത്തിൽ ഉപയോ ഗപ്പെടുത്താവുന്നതാണ്.

8. 9-ാം വാർഡിലെ കറുത്ത പറമ്പിൽ പുതിയ റേഷൻ ഷോപ്പ് ആരംഭിക്കുക.



കാരശ്ശേരി പഞ്ചായത്ത്



5-8 സംസ്കാരം, കല, കായികം

പ്രകൃതി കനിഞ്ഞരുളിയ ഇരുവഴിഞ്ഞിപ്പുഴയും ചെറു പുഴയും തഴുകിയൊഴുകുന്ന കാരശ്ശേരി ഗ്രാമപഞ്ചായത്ത് സഹ്യപർവ്വതത്തിന്റെ താഴ്വാരത്തിൽ കോഴിക്കോട് ജില്ലയിൽ മലപ്പുറം ജില്ലയോട് തൊട്ടുരുമ്മിക്കിടക്കുന്നു. കുന്നുകളും മലകളും നിറഞ്ഞ പ്രകൃതിരമണീയമായ ഈ പഞ്ചായത്ത് ഇരുപത്തഞ്ചിലേറെ സിനിമകൾക്ക് ലൊക്കേഷനായിട്ടുണ്ട്.

മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരൻ എസ്.കെ. പൊറ്റെക്കാട് വന്ന് താമസിച്ച് രചിച്ച 'നാടൻ പ്രേമ'ത്തിലൂടെയാണ് ഈ ഗ്രാമം പുറം ലോകമറിയുന്നത്. മാളുവും ഇക്കോരനും നമ്മുടെസ്വന്തം ഇതിഹാസത്തിലെ നായികാനായകൻമാർ.

എല്ലാ മതവിഭാഗങ്ങളും സാഹോദര്യത്തോടെ ജീവിക്കുന്ന ഈ ഗ്രാമത്തിൽ കൂടുതൽ മുസ്ലീം ജനവിഭാഗമാണ്. നല്ലൊരു ശതമാനം ഹിന്ദുക്കളും കുടിയേറ്റ മേഖലയിൽ കൃസ്ത്യാനികളുമാണുള്ളത്. കിഴക്കൻ മലയോര പ്രദേശങ്ങളിൽ മലമുതുവാൻമാർ എന്ന ആദിവാസി വർഗ്ഗം ജീവിക്കുന്നു. എല്ലാ മതവിഭാഗങ്ങളും തങ്ങളുടെ ഉത്സവങ്ങളും ആഘോഷങ്ങളും അതത് കാലങ്ങളിൽ ആഘോഷിച്ചുവരുന്നു.

ജന്മിമാരുടെ പാനകളിയായിരുന്നുആദ്യകാലത്ത് ഇവിടുത്തെ മുഖ്യ കലാരൂപം. അടിയാൻമാരുടെ കലയായ വട്ടക്കളി, കോൽക്കളി, പലിശമുട്ടുകളി തുടങ്ങിയ വയും തെയ്യംതിറകൾ, ഗുളികൻ കെട്ട്, കടവത്ത്വരിക്കള, പ്രേതവരിക്കള, പുള്ളുവൻ പാട്ട്, തെയ്യാട്ട്, പേനത്തറ മുതലായ കലാരൂപങ്ങളും ഇവിടെ പ്രചരിച്ചിരുന്നു.

ഇപ്പോഴത്തെ അള്ളി പ്രദേശത്ത് അള്ളിയിലിടത്ത് ഒരു പരദേശി ബ്രാഹ്മണനെ ബലി കൊടുത്ത് രക്തത്തിലുറപ്പിച്ച അള്ളീലിടം നട ഇപ്പോഴും ഇളകാതെ നിൽക്കുന്നത് ദുഃഖസത്യം തന്നെ.

1950-ൽ തമിഴ് നാടകത്തിന്റെ കുപ്പായം പിടിച്ച് രചിക്കപ്പെട്ട 'അല്ലിഅർജ്ജുന' എന്ന നാടകത്തിലൂടെ ഈ ഗ്രാമത്തിന് സ്വന്തമായ ഒരു നാടകകൃത്ത് ജനിച്ചു. ഇപ്പോഴും കാരശ്ശേരിയുടെ സാംസ്കാരിക രംഗത്തുള്ള കെ. ഉണ്ണ്യേപ്പനായിരുന്നു അത്. കെ.ടി.ജി വാര്യർ പ്രസിഡണ്ടും കെ. ശ്രീധരൻ സെക്രട്ടറിയുമായി രൂപം കൊണ്ട കുമാരനെല്ലൂർ ഉദയകലാസമിതിഈ ഗ്രാമത്തിലെ ആദ്യത്തെ കലാസമിതിയായിരുന്നു. ഇവർ പതിനാറ് അമേചർ നാടകങ്ങൾ അവതരിപ്പിച്ചിരുന്നു എന്നത് പുതിയ തലമുറയ്ക്ക് അറിയാത്തതാണ്.

1957-ൽ ആദ്യമായി ഒരു വായനശാല രൂപം കൊണ്ടു. പേര് യുവജനവായനശാല, കുമാരനെല്ലൂർ. അഞ്ചുവർഷം ഈ വായനശാല നിലനിന്നു. 1961-ൽ ആനയാംകുന്ന് കേന്ദ്രമായി വി. എൻ കുഞ്ഞാലി പ്രസിഡണ്ടും എം.കെ. ചാത്തുകുട്ടി സെക്രട്ടറിയുമായി നാഷണൽ ലൈബ്രറി രൂപീകരിക്കപ്പെട്ടു. ഒറ്റപ്പെട്ട കലാ കായിക പരിപാടികൾക്ക് ഐകരൂപ്യം ഉണ്ടാക്കിയത് നാഷണൽ ലൈബ്രറി പ്രർവത്തകരാണ്. നാഷണൽ ലൈബ്രറി 1964-ൽ നിർമ്മിച്ച പൊതുസ്റ്റേജ് ഇന്നും നിലനിൽക്കുന്നു. ഈ വേദിയിൽ വി. കെ. നാരായണൻ നായരും, പി. മാധവൻ നായരും, കെ.എസ്, രാമകൃഷ്ണൻ നായരും, കെ.എസ് ഗോപിയും പി.പി. ഗോപിനാഥ പിള്ളയും പഞ്ചവടിവാസുവും വിൽപ്പാട്ട്, ഓട്ടൻതുള്ളൽ തുടങ്ങിയ പരിപാടികളും നിരവധി നാടകങ്ങളും അവതരിപ്പിച്ചിരുന്നു. പി. കെ.സീത, ഒ.സി, നാരായണൻ നായർ, കെ. എം സെയ്ത്, പി.കെ. ആലിഅഹമ്മദ് എന്നിവരും അള്ളി സ്വദേശികളായ സബാസ്റ്റ്യൻ കുരിശിങ്കൽ, പാപ്പച്ചൻ തുടങ്ങിയവരും നാടകാഭിനയ രംഗത്ത് ജ്വലിച്ചുനിന്നവരായിരുന്നു. കഥാ പ്രസംഗമെന്ന ജനകീയ കല ഈ ഗ്രാമത്തിന് പരിചയപ്പെടുത്തിയത് അന്തരിച്ച കെ.എം. സെയ്താണ്.

ആദിവാസികളുടെ തെറയാട്ടം, മുടിയാട്ടം തുടങ്ങിയ നൃത്തരൂപങ്ങൾ മറ്റുജനവിഭാഗത്തിന് നേരം പോക്കായി

10. പൊതു പരിപാടികളിൽ സ്ത്രീകൾക്ക് കൂടുതൽ അവ സരങ്ങൾ നൽകുക. മഹിളാ സംഘടനകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
11. മദ്യത്തിനും മയക്കുമരുന്നിനും മറ്റ് അനാശാസ്യ പ്രവർത്തനങ്ങൾക്കും എതിരെ ബോധവൽക്കരണം നടത്തുക.
12. സമാന്തര സനിമകൾ പ്രദർശിപ്പിക്കുന്നതിന് ഫിലിം സൊസൈറ്റിയും വീഡിയോ ക്ലബ്ബുകളും സ്ഥാപിക്കു ക.
13. ഉചിതമായ സ്ഥലത്ത് കമ്മ്യൂണിറ്റിഹാൾ സ്ഥാപിക്കു ക.
14. സന്നദ്ധ സംഘടനകളെ പങ്കെടുപ്പിച്ച് സാക്ഷരതാ - തുടർ വിദ്യാഭ്യാസ പരിപാടി ഊർജ്ജിതപ്പെടുത്തു കയും അനൗപചാരിക വിദ്യാഭ്യാസത്തിന് പ്രോത്സാ ഹനം നൽകുകയും ചെയ്യുക.
15. ഉപകാരപ്രദമായ സ്ലങ്ങളിൽ ടി.വി.സെറ്റ് സ്ഥാപിക്കു ക.
16. പുറമ്പോക്ക് സ്ഥലം പ്രയോജനപ്പെടുത്തി ഓപ്പൺ സ്റ്റേജുകളും മിനിസ്റ്റേഡിയങ്ങളും നിർമ്മിക്കുക.
17. നിലവിലുള്ള സാംസ്കാരിക നിലയങ്ങളിൽ ഫർണി ച്ചർ സൗകര്യം വർദ്ധിപ്പിക്കുക.
18. കേരളോത്സവം പരിപാടികൾ ജനപങ്കാളിത്തത ത്താടെ നടത്തുക.
19. കലാകായികരംഗത്ത് അഭിരുചിയുള്ള ദരിദ്ര വിദ്യാർത് ഥികൾക്ക് പ്രോത്സാഹനം നൽകുക.
20. പഞ്ചായത്ത് തലത്തിൽ കേന്ദ്രീകൃത സ്വാഭാവമുള്ള കാലാ-കായിക സാംസ്കാരിക സംഘടനകൾക്ക് രൂപം നൽകി കാലകായിക - സാംസ്കാരികരംഗം നവീക രിക്കുക.

കേന്ദ്രീകൃത കാല-കായിക-സാംസ്കാരിക സംഘടനയുടെ പൊതു സ്വഭാവം

(1) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കലാ-കായിക-സാംസ്കാരിക -വനിതാ സംഘടനകളുടെ ഐക്യനിര സൃഷ്ടിക്കുക.

(2) സംഘടനകളെ കേന്ദ്രസംഘടനയുമായി അഫിലി യേറ്റ് ചെയ്യിച്ച് അവയുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് വിശകലനം ചെയ്യുകയും ഏറ്റവും നല്ല സംഘടനക്ക് അവാർഡ് നൽകുകയും ചെയ്യുക.

(3) അംഗ സംഘടനകൾക്ക് പത്രങ്ങൾ, മറ്റ് ആനുകാലി കങ്ങൾ എന്നിവ വരുത്തുന്നതിന് സാമ്പത്തിക സഹാ യത്തിന് ധനസമിതിയോട് ശുപാർശ ചെയ്യുക.

(4) വായനശാലകളും ഗ്രന്ഥശാലകളും ഇല്ലാത്ത പ്രദേ ശങ്ങളിൽ സർവ്വേ നടത്തി ആവശ്യമെങ്കിൽഅവ സംഘടിപ്പിക്കുന്നതിന് ശ്രമം നടത്തുക.

(5) വിദ്യാർത്ഥികളിലെ ചിത്രരചനാ പാടവം വളർത്തുന്ന തിന് പരിശീലനകളരികളും ചിത്രകാരൻമാരെ പ്രോത് സാഹിപ്പിക്കുന്നതിന് കേമ്പുകളും സംഘടിപ്പിക്കുക.

(6) കയ്യെഴുത്ത് മാസികകൾക്ക് പ്രോത്സാഹനം നൽകുക.

(7) ചെറുപ്രായത്തിൽത്തന്നെ കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് ഹ്രസ്വകാല - ദീർഘകാല കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക.

(8) അംഗകായിക സംഘടനകൾക്ക് സ്പോർട്സ് ഉപക രണങ്ങൾ വിതരണം ചെയ്യുക.

(9) കേരളോത്സവം തുടങ്ങിയ പഞ്ചായത്ത് തല മത്സ രങ്ങൾ ഏറ്റെടുത്ത് കാര്യക്ഷമമായി നടത്തുക.

(10) പഞ്ചായത്തിന് പുറത്തുള്ള മത്സരങ്ങളെകുറിച്ച് വിവ രങ്ങൾ ശേഖരിക്കുകയും അവയിൽ പ്രതിഭകളെ പങ്കെ ടുപ്പിക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്യുക.

(11) സമാന്തര സനിമകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഫിലിം സൊസൈറ്റിസ്ഥാപിക്കുകയും വീഡിയോക്ല ബ്ബുകൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.

(12) പെൺകുട്ടികൾക്കും വനിതകൾക്കും കായിക പരി ശീലനം നൽകുന്നതിനുള്ള സമിതി രൂപീകരിക്കുക.

(13) നാലുവർഷത്തിലൊരിക്കൽ 'കുട്ടികളുടെ ഒളിമ്പിക്സ് സംഘടിപ്പിക്കുക.

(14) പഞ്ചായത്തിൽ ഒരു കാലാ കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന് നേതൃത്വം നൽകുക.

കേരളത്തിലെ സാംസ്കാരിക രംഗത്തിന് ഉണ്ടാ യിട്ടുള്ള മൂല്യച്യുതി കാരശ്ശേരിയിലും പ്രതിഫലിച്ചിട്ടുണ്ട്. സ്കൂട്ടർ കുടുംബങ്ങളായി പിരിഞ്ഞപ്പോൾ ബന്ധങ്ങൾ പരസ്പരം മറന്നു. ബഹുജന മാധ്യമങ്ങളായ സിനിമകളും ടി.വി.യും ഹൃദയ നവീകരണത്തിന് പ്രവർത്തിക്കേണ്ടതി നുപകരം മനുഷ്യമനസ്സുകളെ മലീമസപ്പെടുത്തുന്നതായ പ്പോൾ നമ്മുടെകണ്ണും കാതും മനസ്സും കെട്ടു. പത്രങ്ങളിൽ പലപ്പോഴും വായിക്കുന്നത് അനാശാസ്യവും വൃത്തികേ ടുകളുമായപ്പോൾ സാക്ഷര കേരളം പ്രതികരണശേഷി പോലും നഷ്ടപ്പെട്ടവരായി. കൂട്ടത്തിൽ കാരശ്ശേരി ഗ്രാമത്തിലെ യുവജനതയും.

ദുരയും മത്സരവും ജീവിതവ്രതമാക്കിയ ഒരു ജനത വളർന്നു വലുതാകുന്നിടത്തോളം കാലം അമൂല്യമെന്ന് കുരുതുന്ന സാംസ്കാരിക ബോധത്തിന് ച്യുതിസംഭവിച്ചു കൊണ്ടേയിരിക്കും. പ്രജ്ഞക്കു മേലുള്ള സാങ്കേതിക വിദ്യ യുടെ അധീശത്വത്തിനെതിരെ സാംസ്കാരികമായ പ്രധി രോധ നിരകെട്ടിപ്പടുക്കാതെ മറ്റുമാർഗ്ഗമൊന്നുമില്ല.

നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

ക്രമ നമ്പർ	പേരും വിലാസവും	സ്ഥാപിച്ച വർഷം	കെട്ടിട വിവരം	അഫിലിയേഷൻ	നിലവിൽ മെമ്പർമാർ	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ വിതരണം	കീഴിൽ പ്രവർത്തിക്കുന്ന വിവരം	സർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ടോ	ആനുകാലികങ്ങളുടെ എണ്ണം	മറ്റഭിപ്രായം
1.	നാഷണൽ ലൈബ്രറി. ആനയറംകുന്ന്	1961	സ്വന്തം ഗ്രേഡ് - F	KGS	136	1250	260	വായനശാല	ഉണ്ട്	8	'സപര്യ' കണ്ടെത്തുന്നു മാസിക പ്രസിദ്ധീകരിക്കുക
2	യുവശക്തി വല്ലത്തായ്പാറ	1972	പഞ്ചായത്ത് സാംസ്കാരിക നിലയം	-	105	605	110	വായനശാല	ഇല്ല	6	
3	പ്രിയദർശിനി വല്ലത്തായ്പാറ		വാടക		95	560	40		ഇല്ല	3	
4	ജനകീയ ഗ്രന്ഥാലയം കാരയ്ക്കോട്	1982	വാടക	-	117	1062	250	വായനശാല	ഇല്ല	4	
5	എൻ.എം. ഹുസയിൻഹാജി ലൈബ്രറി	1993	സ്വന്തം	-	112	542	82	വായനശാല	ഇല്ല	6	
6	S.S.F ലൈബ്രറി കാരയ്ക്കോട്	1989	സ.സ്ഥം	-	100	450	70	-	ഇല്ല	4	
7	ഇസ്ലാമിക് സ്റ്റഡി സെന്റർ	1990	മസ്ജിദിൽ	-	25	250	50	-	ഇല്ല	-	
8	S.S.F ലൈബ്രറി വലിയപറമ്പ്	1990	വാടക	-	150	150	150	-	ഇല്ല	2	
9	K.P.R സ്മാരക ലൈബ്രറി	1992	സ.സ്ഥം	-	175	825	230	വായനശാല	ഇല്ല	21	
10	S.S.F ലൈബ്രറി കക്കാട്	1980	വാടക	-	125	325	130	-	ഇല്ല	3	
11	ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയം കുമരനെല്ലൂർ	സാംസ്കാരിക നിലയം	പഞ്ചായത്ത് വക		28	1001	28			5	

വായന ശാലകൾ മാത്രമുള്ളവ

പഞ്ചായത്ത് വക 8 സാംസ്കാരിക നിലയങ്ങൾ, പൊതുജന വായനശാല നെല്ലിക്കാപറമ്പ്,പുലരി കളരിക്കണ്ടി, മുസ്ലിം ആനയാംകുന്ന്, കൽപ്പൂർ വായനശാല, SYS വായനശാല, കരയ്ക്കോട്,CH സ്മാരക വായന ശാല കാരയ്ക്കോട് കൾച്ചറൽ അസോസിയേഷൻ വായനശാല കാരയ്ക്കോട്

കലാ-കായിക സമിതികൾ

ക്രമ നമ്പർ	പേര്	ഏത് സ്ഥാപനത്തോട് അഫിലിയേറ്റ് ചെയ്തത്.	കെട്ടിട വിവരം	ധനസഹായ വിവരം	മുഖ്യപ്രവർത്തനങ്ങൾ
1	ടഗാസ്ക് എസ്റ്റേറ്റ് ഗേറ്റ്		വാടക	ഇല്ല	കലാ-കായിക-സാംസ്കാരികം
2	കല കുമാരനെല്ലൂർ		ഇല്ല	"	"
3	ജൻറിൻ തടപ്പറമ്പ്		ഇല്ല	"	"
4	ഉപാസന കാരമൂല	വാടക	"	"	
5	സർഗ്ഗം കാരമൂല	വാടക	"	"	
6	റഡ്സ്റ്റാർ കൽപ്പൂര്	ഇല്ല	"	"	
7	പുലരി കളരിക്കണ്ടി		"	"	"
8	കലാകേന്ദ്ര കളരിക്കണ്ടി		"	"	"
9	N.R.Cആനയാംകുന്ന്	KGS	സ്വന്തം	"	"
10	രചന ആനയാംകുന്ന്		ഇല്ല	"	"
11	FRCപാറത്തോട്	സ്വന്തം	"	"	
12	NYKമൈസൂർമല	NYK	സ്വന്തം	"	"
13	സർഗ്ഗ മലാംകുന്ന്		ഇല്ല	"	"
14	സ്റ്റാർ പാറത്തോട്		ഇല്ല	"	"
15	TYBAതേക്കം കുറ്റി		ഇല്ല	"	
16	NYK തേക്കും കുറ്റി	NYK	ഇല്ല	"	"
17	ഫ്ലാഷ്തേക്കും കുറ്റി		ഇല്ല	"	"
18	ശ്രുതി തോട്ടക്കാട്		ഇല്ല	"	"
19	പ്രിയദർശിനി വല്ലത്തായ്പാറ	NYKവാടക	"	"	
20	യൂക്കോ മരഞ്ചാടി	KVAവാടക	"	"	
21	നെഹ്റു ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് ചുണ്ടത്തും പൊയിൽ	NYK	വാടക	"	"
22	യംഗ്മെൻസ് തോട്ടക്കാട്		ഇല്ല	"	"
23	ഓസ്കാർ ചോണാട്		ഇല്ല	"	"
24	ഇരുവഴിഞ്ഞി സ്പോർട്സ് ക്ലബ് കാരശ്ശേരി	ഇല്ല	"	"	
25	ആശ്രമം കറുത്ത പറമ്പ്	വാടക	"	"	
26	വികാസ് കറുത്ത പറമ്പ്	NYK	ഇല്ല	"	"
27	യുവപ്രതിഭ കറുത്തപറമ്പ്	KVA	ഇല്ല	"	"
28	പ്രതിഭ കക്കാട്		ഇല്ല	"	"
29	ഇൻകിലാബ് കക്കാട്		ഇല്ല	"	"
30	ആലയം വലിയ പറമ്പ്	NYK	വാടക	ഇല്ല	കലാ-കായിക-സാംസ്കാരികം.
31	പ്രിയദർശിനി കാരമൂല		ഇല്ല	"	"
32	ലയൺസ് ക്ലബ്ബ് നെല്ലിക്കാപറമ്പ്		വാടക	ഇല്ല	"
33	യുഗധ്വനി കാരശ്ശേരി		വാടക	ഇല്ല	"

കാരശ്ശേരി പഞ്ചായത്ത്



5-9

വനിത

കാരശ്ശേരി പഞ്ചായത്തിലെ ജനസംഖ്യയുടെ ഭൂരിഭാഗവും സ്ത്രീകളാണ്. കാർഷികമേഖലയായഈ പഞ്ചായത്തിൽ കർഷകത്തൊഴിലാളികളായ സ്തീകളാണധികവും.

മുൻകാലങ്ങളിൽ ജൻമികുടിയാൻ വേർതിരിവ് ഒട്ടേറെ അനുഭവപ്പെട്ടിരുന്ന ഈ പഞ്ചായത്തിൽ അതിനെത്തിരെ സമരങ്ങൾ സംഘടിപ്പിച്ച പുരോഗമന പ്രസ്ഥാനങ്ങളുടെ പിന്നിൽ ഒട്ടേറെ സ്ത്രീകളും അണിനിരന്നിരുന്നു. തൂങ്ങലിൽ നാരായണിയമ്മ, മാടാമ്പുറത്ത് ചിരുത, തുടങ്ങിയവർഈ സമരങ്ങളിൽ മുൻപന്തിയിലുണ്ടായിരുന്നവരാണ്. അത്തരം സാമൂഹ്യ പരിഷ്ക്കരണ സമരങ്ങൾക്കു ശേഷം പൊതുകാര്യങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറഞ്ഞുവരുന്നഒരു പ്രവണതയാണ് കണ്ടുവരുന്നത്. എങ്കിലും ഭരണ സംവിധാനത്തിലും മറ്റും സ്ത്രീകൾക്ക് സംവരണം ഉണ്ടായതിനു ശേഷം പൊതു സാമൂഹ്യരംഗങ്ങളിൽ സ്ത്രീകൾ വളരെയധികം മുന്നോട്ട് വന്നിട്ടുണ്ട്.

1991 ലെ സെൻസസ് പ്രകാരം കാരശ്ശേരി പഞ്ചായത്തിലെ ജനസംഖ്യ 23569 ആണ്. ഇതിൽ 11996 സ്ത്രീകൾ ഉണ്ട്. എങ്കിലും വിദ്യാഭ്യാസകാര്യങ്ങളിൽ സ്ത്രീകൾ വളരെ പിന്നിലാണ്. മുസ്ലീം സ്ത്രീകൾ പൊതുവെ മതപരമായ പഠനങ്ങൾക്കു പരിയായി സ്ക്കൂൾ വിദ്യാഭ്യാസകാര്യങ്ങളിൽ പിന്നിട്ടുനിന്നിരുന്നു. എങ്കിലും 1952 - 74ൽ ഐ.ഐ.എ.എൽ.പി. സ്ക്കൂളിൽ അദ്ധ്യാപികയായിരുന്ന കുഞ്ഞിപാത്തുമ്മ അക്കാലഘട്ടങ്ങളിൽ എടുത്തുപറയാവുന്ന ഒരു മാതൃകയാണ്. കാരശ്ശേരി പഞ്ചായത്തിലെ വനിതാ ഐ.എ.എസ്. കാരിയായ ലിഡ ജേക്കാബ്ബ് വിദ്യാഭ്യാസകാര്യങ്ങളിൽ സ്ത്രീകൾക്കൊരു മാതൃകയാണ്.

1970 കൾക്കുശേഷം വിദ്യാഭ്യാസകാര്യങ്ങളിൽ സ്ത്രീകൾ മുന്നോട്ടുവന്നിട്ടുണ്ട്. ബിരുദധാരികളായ യുവതികളുടെ എണ്ണം വർദ്ധിച്ചുവരുന്ന ഈ പഞ്ചായത്തിൽ അവരുടെ വിദ്യാഭ്യാസയോഗ്യതക്കും, പരിചയസമ്പത്തിനും അനുസരിച്ചുള്ള തൊഴിൽ മേഖലകൾ കണ്ടെത്തുവാൻ യുവതികളിൽ ബോധവൽക്കരണം നടത്തേണ്ടതുണ്ട്. പൊതുരംഗത്ത് സ്ത്രീകളുടെ പങ്ക് വളരെ കുറവാണ്. ഏതാനും മഹിളാസമാജങ്ങൾ സജീവമായി പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ അവയുടെ പ്രവർത്തനങ്ങൾ ഏകദേശം നിർജ്ജീവമായ അവസ്ഥയിലാണ്. വനിതകളുടേതുമാത്രമായ മൂന്ന് **DWCRA**യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം ചെറിയ യൂണിറ്റുകൾ സംഘടിപ്പിക്കുന്നതിൽ സ്ത്രീകൾ താൽപര്യം കാണിക്കുന്നു എന്നത് വളരെ സ്വാഗതാർഹമാണ്.

സ്ത്രീകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

തൊഴിലില്ലായ്മ സ്ത്രീകൾക്കിടിയിലെ പ്രധാന പ്രശ്നമാണ്. ഉള്ള തൊഴിൽ മേഖലയിൽ കണ്ടുവരുന്ന കൂലിനിരക്കിലെ വിവേചനം സ്ത്രീകളെ തൊഴിൽ മേഖലയിൽ നിന്നും അകറ്റി നർത്തുന്നു.

പട്ടികനോക്കുക

തൊഴിൽ മേഖല	സ്ത്രീകൾ	പുരുഷൻ**മാർ**
കർഷകതൊഴിലാളി	40-50	90-110
നിർമാണതൊഴിലാളി	60-70	100-150

ചെയ്യുന്ന ജോലിക്കുള്ള അംഗീകാരം ലഭിക്കായ്കയാണ് സ്ത്രീകൾ നേരിടുന്ന മറ്റൊരു പ്രശ്നം. സാമൂഹ്യ പരിഷ്ക്കരണ പ്രവർത്തനങ്ങളിൽ പുരുഷൻമാർ സ്ത്രീകളെ അകറ്റി നിർത്തുന്നു. സ്ത്രീധനവുമായി ബന്ധപ്പെട്ട പീഢനങ്ങളും, കുടുംബങ്ങളിലുണ്ടാകുന്ന സാമ്പത്തിക പ്രശ്നങ്ങളുമാണ് സ്ത്രീകളെ നേരിടുന്ന മറ്റൊരു പ്രശ്നം.

തൊഴിൽ ചെയ്യുവാനുള്ള താൽപര്യമുണ്ടെങ്കിലും അതിനുള്ള സാദ്ധ്യതകളും, വിഭവങ്ങളും കണ്ടെത്തുവാനുള്ള സ്ത്രീകലുടെ പരിചയക്കുറവ് സ്ത്രീകളെ സ്വയം തൊഴിൽ മേഖലയിൽനിന്ന് അകറ്റിനിർത്തുന്നു. പൊതു

രംഗങ്ങളുമായി ബന്ധപ്പെടുന്ന സ്ത്രീകൾക്ക് സമൂഹം നൽകുന്ന മോശമായ സ്ഥാനം സ്ത്രീകളെ പൊതു പ്രവർത്തനങ്ങളിൽ നിന്നും അകറ്റി നിർത്തുന്നു.

സ്ത്രീകളുടെ പ്രശ്നങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം.

1. സ്ത്രീകൾക്കിടയിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ.
2. ചെയ്യുന്ന തൊഴിലിനുതന്നെ അംഗീകാരം ലഭിക്കായ്മ.
3. ചെയ്യുന്ന ജോലികളിൽ കൂലിനിരക്കിനു വ്യാത്യാസം.
4. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ സ്ത്രീകൾക്കുള്ള പരിചയക്കുറവ്.
5. സ്ത്രീകൾക്ക് അവകാശങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ.

തൊഴിലിനോട് താൽപര്യമുള്ളവരും അനഭവ സമ്പന്നരുമായുള്ള ഒട്ടനവധി സ്ത്രീകൾ രൂക്ഷമായ തൊഴിലില്ലായ്മ നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ പഞ്ചായത്തിൽ ലഭ്യമായിരിക്കുന്ന സ്ഥലസൗകര്യവും വിഭവങ്ങളും, മനുഷ്യപ്രയത്നവും ഉപയോഗപ്പെടുത്തി സ്വയം തൊഴിൽ രൂപത്തിലും, സഹകരണ സംഘങ്ങളിലൂടെയും, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾ ഉയർന്നു വരേണ്ടതുണ്ട്.

പഞ്ചായത്തിൽ കാർഷിക ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന 2017-ൽ പരം സ്ത്രീകളുണ്ട്. സ്ത്രീകളിൽ 66 പേർ വിദ്യാഭ്യാസമേഖലയിലും 48 പേർ മറ്റ് മേഖലകളിലും ജോലിചെയ്യുന്നു. പഞ്ചായത്ത് ബോർഡ് അംഗങ്ങളിൽ 4 പേർ സ്ത്രീകളാണ്. പ്രസിഡണ്ട് ഇതിൽ ഉൾപ്പെടുന്നു. ബ്ലോക്ക് പഞ്ചായത്തിൽ വനിത പ്രാതിനിധ്യമാണ്.

കാരശ്ശേരി പഞ്ചായത്തിലെ സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന വനിതകളെ സംഘടിപ്പിച്ച് വനിതാസഹകരണ സംഘം സ്ഥാപിക്കുക. സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനും, ഗവൺമെൻറ് പക്ഷത്തു നിന്നുള്ള സഹായങ്ങൾ വിവിധ വനിതാസംഘങ്ങൾക്ക് എത്തിച്ചുകൊടുക്കുവാനും ഇത്തരം സഹകരണ സംഘങ്ങൾ സജ്ജമായിരിക്കണം.
2. മരഞ്ചാട്ടി ഖാദിബോർഡ് വക ഒഴിഞ്ഞുകിടക്കുന്ന കെട്ടിടം ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന നൂൽനൂൽപ് കേന്ദ്രം, നെയ്ത്ത് കേന്ദ്രംഎന്നിവ സ്ഥാപിക്കുക.
3. സ്ത്രീകൾക്ക് തയ്യൽ പരിശീലനം ലഭിക്കുന്നതിന് പോളിടെക്നിക്കിൻെറ സഹായത്തോടുകൂടി, കൂടുതൽ തയ്യൽ കേന്ദ്രങ്ങൾ തുടങ്ങുക.

   വാർഡ്തലത്തിൽ റെഡിമെയ്ഡ് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുകയും, ഉൽപ്പന്നങ്ങൾ സഹകരണസംഘങ്ങൾ വഴി വിപണനം നടത്തുകയും ചെയ്യുക.
4. കാരശ്ശേരി പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന ചക്ക, മാങ്ങ, കപ്പ, കശുമാങ്ങ തുടങ്ങിയ വസ്തുക്കൾ ഉപയോഗപ്പെടുത്തി അച്ചാർ, ജാം, ചിപ്സ്, സ്ക്വാഷ് തുടങ്ങിയവയുടെ ഉൽപാദനം നടത്തിയും ഈ പഞ്ചായത്തിലെ വനിതാ തൊഴിൽ പ്രശ്നത്തിന് ഏറെക്കുറെ പരിഹാരം ഉണ്ടാക്കാൻ സാധിക്കും. 4-ാം വാർഡിലെ മൂട്ടോളി പുറമ്പോക്കിൽ പഞ്ചായത്തുവക ഒഴിഞ്ഞ ഒരു കെട്ടിടമുണ്ട് ആ കെട്ടിടം മേൽ പറഞ്ഞ യൂണിറ്റിനുവേണ്ടി ഉപയോഗിക്കാം.
5. കൃഷിഭവൻെറ സഹായത്തോടെ പച്ചക്കറികൃഷി നടപ്പിലാക്കാനുള്ള പദ്ധതികൾ ആരംഭിക്കുക.ഈ പഞ്ചായത്തിലെ 10-ാം വാർഡിലെ മാളിയേക്കലിൽ, പച്ചക്കറികൃഷിക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്ന മൂന്ന് ഏക്കറോളം സ്ഥലമുണ്ട്. ഗ്രൂപ്പ് ഫാം അടിസ്ഥാനത്തിൽഈ സ്ഥലം പച്ചക്കറികൃഷിക്ക് ഉപയോഗപ്പടുത്തുകയാണെങ്കിൽ ആ ഭാഗത്തുള്ള വനിതകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാകും. മാത്രമല്ല പഞ്ചായത്തിൽ കുറഞ്ഞ വിലക്ക് പച്ചക്കറി വിതരണം നടത്തുവാനും കഴിയും
6. ചിരട്ട ഉപയോഗിച്ച് കരകൗശലവസ്തുക്കൾ ഉണ്ടാക്കാനുള്ള യൂണിറ്റുകൾ സ്ഥാപിക്കുവാൻ സാമ്പത്തിക സഹായം നൽകുക.
7. കാരശ്ശേരി പഞ്ചായത്തിലെ ഏക പ്രമുഖ വ്യവസായമായ **Associate latex India [Pvt. LTD]**എന്ന സ്ഥാപനം ഇപ്പോൾ ചെയ്യുന്നത് റബ്ബർ പാലിനുള്ളിലെ കണ്ടൻസ് 30% എന്നത് 60% ആക്കിമാറ്റി കയറ്റുമതി ചെയ്യുകയാണ്. ഇത് ഉപയോഗപ്പെടുത്തിയാൽ നിരവധി കുടുംബങ്ങൾക്ക്തൊഴിൽ സാദ്ധ്യതകളുണ്ടാകും. ഈ അസംസ്കൃതവസ്തു ഉപയോഗിച്ച് റബ്ബർ ബാൻഡുകൾ. വിവിധയിനം ഗ്ലൗസ്സുകൾ, നിപ്പിൾസ്, ബ്രഷ് മുതലായവ ഉണ്ടാക്കാം. ഈ വ്യവസായം സഹകാര്യമേഖലയിലാണെങ്കിലും ഇതിനെയൊരു മാതൃവ്യവസായമായി പരിഗണിച്ചാൽ വനിതാ തൊഴിൽ രംഗത്തെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാം.
8. വിവിധ വാർഡുകളിൽ, താൽപര്യമുള്ള സ്ത്രീകൾക്ക്

കോഴി, ആട് എന്നിവ വളർത്തുവാനുള്ള സൗകര്യങ്ങൾ നൽകണം. സഹകരണാടിസ്ഥാനത്തിലോ, കുടുംബങ്ങൾക്കോ ആദായകരമായ രീതിയിൽ കോഴിവളർത്തുവാൻ സാധിക്കും. പഞ്ചായത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന കോഴിവസന്ത, കോഴിവസൂരി എന്നീ പകർച്ചവ്യാധികൾക്കെതിരെ കുത്തിവെയ്പ് നടത്തുവാനുള്ള ക്യാമ്പുകൾ പഞ്ചായത്തിൽ നാലോ, അഞ്ചോ സ്ഥലങ്ങളിൽ സംഘടിപ്പിക്കണം.

9. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ലഭ്യമാകുന്ന വിഭവങ്ങൾ സമാഹരിച്ച് പായണെയ്ത്ത് യൂണിറ്റുകൾ സ്ഥാപിക്കുകയാണെങ്കിൽ പരിചയസമ്പന്നരായ ഒട്ടനവധി സ്ത്രീകൾക്ക് തൊഴിൽ നൽകുവാൻ കഴിയും.

10. ഈ പഞ്ചായത്തിലെ ആദിവാസിയുവതികളെ സംഘടിപ്പിച്ച്, മതിയായ തൊഴിൽ പരിശീലനം നൽകുകയാണെങ്കിൽ, സമൂഹത്തിൽ നിന്നും ഒറ്റപ്പെടുകയിരുന്ന ഇവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് ഉയർത്തിക്കൊണ്ടുവരുവാൻ സാധിക്കും.

11. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ സ്ത്രീകൾക്കുള്ള പരിചയക്കുറവ് പരിഹരിക്കുന്നതിനുവേണ്ടി വനിതകൾക്കായി പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ഓരോ ഗ്രന്ഥാലയം സ്ഥാപിക്കുക. ഗവൺമെന്റ് തലത്തിൽനിന്നും ലഭ്യമാകുന്ന സാമ്പത്തികാനുകൂല്യങ്ങൾ എന്തെല്ലാമെന്ന് മനസ്സിലാക്കുന്നതിനുള്ള പ്രസിദ്ധീകരണങ്ങൾ ഗ്രന്ഥശാലകളിൽ എത്തിക്കണം. അതായത് മേഖലകളിൽ പരിചയസമ്പന്നരായ ഉദ്യോഗസ്ഥൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് പഠനക്ലാസ്സുകൾ സംഘടിപ്പിച്ച് സർക്കാരിൽ നിന്നും വനിതകൾക്ക് ലഭ്യമാക്കുന്ന സാമ്പത്തിക സഹായങ്ങളെക്കുറിച്ചും സ്വയം തൊഴിൽ പദ്ധതികളെക്കുറിച്ചും ബോധവൽക്കരണം നടത്തണം.

12. വനിതകളുടെ ഉന്നമനത്തിനായി പഞ്ചായത്തടിസ്ഥാനത്തിൽ വനിതാസെൽ രൂപീകരിച്ച് സ്ത്രീകൾക്ക് സമൂഹത്തിലുള്ള അവകാശങ്ങളെക്കുറിച്ചും, സ്ത്രീകൾ സമൂഹത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന പീഢനങ്ങളിൽ നിന്നുള്ള മോചനമാർഗ്ഗങ്ങളെക്കുറിച്ചും ബോധവൽക്കരണക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിക്കുക.

മറ്റ് നിർദ്ദേശങ്ങൾ

1. പഞ്ചായത്തടിസ്ഥാനത്തിൽ വനിതാസഹകരണ സംഘങ്ങളുടെ കീഴിൽ കൺസ്യൂമർ സ്റ്റോറുകൾ സ്ഥാപിക്കുകയാണെങ്കിൽ അതുവഴി ഏതാനും യുവതികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും, ചുരുങ്ങിയ വിലക്ക് നിത്യോപയോഗസാധനങ്ങൾ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുവാനും സാധിക്കും.

2. പഞ്ചായത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന വ്യാജവാറ്റ് തടയുന്നതിനുവേണ്ടി പ്രത്യേകവനിതാ സ്കാഡുകൾ രൂപീകരിക്കുക. ഇതുവഴി സ്ത്രീകൾ നേരിടുന്ന വലിയൊരു സാമൂഹ്യവിപത്തിന് അറുതി കാണുവാൻ കഴിയും.

3. സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടി പഞ്ചായത്തുതലത്തിൽ പുരരാരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

സ്ത്രീകൾ സമൂഹത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന പീഢനങ്ങൾക്കും, പിന്നോക്കാവസ്ഥക്കുംഅറുതി വരുത്തുവാൻ സർക്കാറിന്റെയും സന്നദ്ധസംഘടനകളുടെയും പുരോഗമന പ്രസ്ഥാനങ്ങളുടെയും സജീവ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്.



യുടെ പരിധി ഇന്നുള്ളതിൽ നിന്ന് വർദ്ധിപ്പിക്കുക.

6. അർഹതപ്പെട്ട വ്യക്തികൾക്ക് അംഗത്വം ലഭിക്കുന്നില്ല എന്ന ആരോപണം ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നതിന്റെ അടിസ്ഥാനത്തിൽ അർഹരായ എല്ലാ വർക്കും അംഗത്വം ഉറപ്പ് വരുത്തണം.

7. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ കാരശ്ശേരി പഞ്ചായത്തിലെ പാടശേഖരങ്ങൾ തോട്ടങ്ങളായി മാറുന്ന അവസ്ഥയാണ് ഉള്ളത്. സർക്കാറിൽ നിന്നും നെൽകൃഷിക്ക് നല്കിവരുന്ന സബ്സിഡി വർദ്ധിപ്പിക്കണം. മേത്തരം വിത്ത്, വളം, കീടനാശിനി, ട്രാക്റ്റർ, ഡ്രില്ലർ, കൊയ്ത്തു-മെതിയന്ത്രങ്ങൾ എന്നിവ ലഭ്യമാക്കണം. പാടശേഖരങ്ങൾ കേന്ദ്രീകരിച്ചു ഗ്രൂപ്പ്ഫാമിംഗ് സഹകരണ സംഘങ്ങൾ രൂപീകരിക്കണം. പഞ്ചായത്തിൽ 5-ഓളം സംഘങ്ങൾ രൂപികരിക്കാവുന്നതാണ്.

8. ദീർഘകാല വായ്പകൾ നല്കി വരുന്ന കാർഷിക വികസന ബേങ്കുകൾ വായ്പാ വിതരണക്രമം ലളിതവൽക്കരിക്കണം. വായ്പാ മേളകൾ നടത്തി ബേങ്കിന്റെ പ്രവർത്തനം ജനകീയവൽകരിക്കണം.

ക്ഷീരോല്പാദക സഹകരണ സംഘം

1 തേക്കും കുറ്റി ക്ഷീരോല്പാദക സഹകരണ സംഘം :- കാരശ്ശേരി ഗ്രാമ പഞ്ചായത്തിൽ 1961-ന്മുമ്പ് ക്ഷീരോല്പാദക സഹകരണസംഘം രൂപീകരിച്ചിരുന്നില്ല. ഈകാലഘട്ടങ്ങളിൽ പഞ്ചായത്തിലെ ക്ഷീരോല്പാദകർ മുക്കം ക്ഷീരോല്പാദക സഹകരണ സംഘത്തിനെയാണ് ആശ്രയിച്ചിരുന്നത്. 1961-ൽ പഞ്ചായത്തിലെ 4,5,6 വാർഡുകൾ ഉൾപ്പെടുത്തി കൊണ്ട് തേക്കുംകുറ്റി ക്ഷീരോല്പാദക സഹകരണ സംഘം രൂപീകരിച്ചു. സംഘത്തിൽ ഇപ്പോൾ 752 അംഗങ്ങളാണുള്ളത്. ഓരോ അംഗത്തിനും 10 രൂപ വീതം 7520 രൂപയാണ് സൊസൈറ്റിയുടെ മൂലധനം .അംഗങ്ങൾക്ക് കാലിത്തീറ്റ വിതരണം ചെയ്യാറുണ്ട്.

2. കാരശ്ശേരി ക്ഷീരോല്പാദക സഹകരണ സംഘം

പഞ്ചായത്തിലെ 9,10,11 വാർഡുകൾ ഉൾകൊള്ളുന്നതാണ് സംഘത്തിന്റെ പ്രവർത്തന പരിധി. 1990 ൽ ആണ് ഈ സ്ഥാപനം തുടങ്ങിയത്. ആകെ 107 അംഗങ്ങൾ ആണ് സംഘത്തിലുള്ളത്. 10രൂപ വീതം 1070 രൂപയാണ് പിരിഞ്ഞു കിട്ടിയ മൂലധനം. സർക്കാർ ഓഹരി ലഭിച്ചിട്ടില്ല. മേൽപറഞ്ഞ രണ്ട് സംഘങ്ങൾ പഞ്ചായത്തിൽ ഉണ്ടായിട്ടും പഞ്ചായത്തിലെ ജനങ്ങൾക്ക് ഇപ്പോഴും മുക്കം ക്ഷീരോല്പാദക സഹകരണ സംഘത്തെ ആശ്രയിക്കേണ്ടതായി വരുന്നു.

ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

നിർദ്ദേശങ്ങൾ

1. കാലിത്തീറ്റ വിതരണത്തിനു ഓരോ സംഘത്തിനും സംവിധാനം ഉണ്ടാക്കണം.

2. നല്ലയിനം കറവമാടുകൾ ലഭിക്കുന്നതിനുള്ള വായ്പകൾ അംഗങ്ങൾക്ക് ലഭ്യമാക്കണം.

3. കന്നു കാലികളുടെ സംരക്ഷണത്തിനായി മൃഗ സംരക്ഷണ ഉദ്യോഗസ്ഥന്മാരുടെ സേവനം തക്ക സമത്ത് ലഭ്യമാക്കണം.

4. പഞ്ചായത്ത് തലത്തിലും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ക്ഷീര വികസനത്തിന് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ ക്ഷീര സംഘങ്ങൾ മുഖേന ലഭ്യമാക്കണം.

5. കാരശ്ശേരി പഞ്ചായത്തിലെ 1,2,3 വാർഡുകൾ ഉൾപ്പെടുത്തിയും 7,8 വാർഡുകൾ ഉൾപ്പെടുത്തിയും രണ്ടു ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

6. പാൽ അനുബന്ധ ഉല്പന്ന യൂണിറ്റ് ആരംഭിക്കണം.

വനിത വ്യവസായ സഹകരണ സംഘങ്ങൾ

വല്ലത്തായ് പാറ വനിത വ്യവസായ സഹകരണ സംഘം

കാരശ്ശേരി പഞ്ചായത്തിലെ 4-ാം വാർഡ് കേന്ദ്രമാക്കിയിട്ടാണ് ഈ സംഘം പ്രവർത്തിക്കുന്നത്.കൊപ്ര സംസ്കരണം, വെളിച്ചെണ്ണ ഉല്പാദനം അരിയും ധാന്യങ്ങളും പൊടിച്ചു നല്കൽ എന്നിവയാണ് ഇവിടെ ചെയ്യുന്നത്. ഇത് മൂലം പ്രത്യക്ഷത്തിൽ 11 വനിതകൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട്.

തേജസ് ജല്ലി മേക്കേർസ് വനിത സഹകരണ സംഘം തോട്ടക്കാട്

പഞ്ചായത്തിലെ 5-ാം വാർഡിൽ തോട്ടക്കാട് എന്ന സ്ഥലത്ത് അഭ്യസ്ത വിദ്യരും തൊഴിലില്ലാത്തവരുമായ പതിനൊന്ന് പട്ടിക വർഗ്ഗക്കാരായ വനിതകളുടെ ശ്രമഫലമായി പ്രവർത്തനം ആരംഭിച്ചത്. ആരംഭത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലുംഇപ്പോൾ സ്ഥാപനം

പ്രവർത്തന രഹിതമാണ്.

കീരത്ത് ജല്ലി മേക്കിംങ് വനിത സഹകരണസംഘം :-

7-ാം വാർഡിലെ തൊഴിൽ രഹിതരും ദുർബ്ബല വിഭാഗത്തിൽ പെട്ടവരുമായ 10 പട്ടിക ജാതിക്കാരായ വനിതകളുടെ സംഘമായി പ്രവർത്തിക്കുകയും, കൂടിതൽ വനിതകൾക്ക് തൊഴിൽ കിട്ടുവാൻ വേണ്ട ഊർജ്ജിതമായ ശ്രമം നടത്തിവരികയും ചെയ്യുന്നു.

ഖാദി-ഗ്രാമ വ്യവസായ സഹകരണ സംഘം

പ്രാരംഭത്തിൽ നന്നായി പ്രവർത്തിച്ചിരുന്ന പഞ്ചായത്തിലെ മരം ചാടി ആസ്ഥാനമായി പ്രവർത്തിച്ച സംഘത്തിൽ 50 ഓളം വനിത തൊഴിലാളികൾ ജോലി ചെയ്തിരുന്നു. പഞ്ചായത്തിലെ ഏക നൂൽ-നൂൽപ്പ് കേന്ദ്രമായിരുന്ന ഈ സ്ഥാപനം ഇന്ന് പ്രവർത്തന രഹിതമാണ്.

കൺസ്യൂമർ മേഖല

1. വി.എം.എച്ച്.എം ഹൈസ്കൂൾ സഹകരണസംഘം

ഈ സംഘം വഴി ഇപ്പോൾ പാഠ പുസ്തകങ്ങളും യൂണിഫോമും വിതരണം ചെയ്യുന്നു.ഇപ്പോൾ ഇത് കൈകാര്യം ചെയ്യുന്നത് ഒരു സ്ക്കൂൾ അധ്യാപകനാണ്.

മറ്റു നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് പഞ്ചായത്തിൽ രണ്ടോ, മൂന്നോ, സ്ഥലത്ത് കാർഷിക ഉല്പന്ന സംഭരണ വിതരണ സഹകരണസംഘം രൂപീകരിക്കേണ്ടതാണ്.

2. പഞ്ചായത്തിലെ രണ്ടോ, മൂന്നോ വാർഡുകൾ കേന്ദ്രമാക്കി ഉപഭോത്യ സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

3. നമ്മുടെ പഞ്ചായത്തിലെ പ്രധാന നാണ്യവിളയായ റബ്ബർ വിപണനം നടത്തുന്നതിന് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി ആരംഭിക്കേണ്ടതാണ്. റബ്ബർ ഉപയോഗിച്ചു കൊണ്ടു നിർമ്മിക്കാൻ കഴിയുന്ന ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

4. നാളികേരം ഉപയോഗിച്ചു കൊണ്ട് ആരംഭിക്കാൻ കഴിയുന്ന വ്യവസായിക യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.

5. സഹകരണാടിസ്ഥാനത്തിൽ സോപ്പ് നിർമ്മാണം ആരംഭിക്കണം.

6. സഹകരണാടിസ്ഥാനത്തിൽ സ്റ്റോൺ ക്രഷർ, ബ്രിക്സ് യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്. ഇത് ആരംഭിക്കുന്നത് മൂലം 200 ഓളം തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാൻ സാദ്ധ്യതയുണ്ട്.

7. സഹകരണാടിസ്ഥാനത്തിൽ ആയുർവ്വേദാസ്പത്രി ആരംഭിക്കേണ്ടതാണ്.

8. വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതിനായി റെഡി മെയ്ഡ് വസ്ത്ര യൂണിറ്റ്, കളിക്കോപ്പ് നിർമ്മാണ യൂണിറ്റ്, കുട, ബേഗ് നിർമ്മാണ യൂണിറ്റുകൾ എന്നിവ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.

9. സഹകരണാടിസ്ഥാനത്തിൽ സൂപ്പർ മാർക്കറ്റ് ആരംഭിക്കണം.

10. നിത്യോപയോഗ സാധനങ്ങളുടെ വിലകയറ്റം തടയുന്നതിന് ഒരു കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കണം.

11. വനിതാ ക്ഷേമത്തിനായി വനിതകൾക്കായുള്ള ഒരു വനിതാ മൾട്ടി കോ-ഓപ്പറേറ്റീവ്സൊസൈറ്റി രൂപീകരിക്കണം.

12. ഇൻറസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കണം.

13. പഞ്ചായത്തിൽ ഒരു സഹകരണ പ്രിൻറിംഗ് പ്രസ് ആരംഭിക്കണം

14. അടയ്ക്കാധിഷ്ഠിത വ്യവസായം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം പഞ്ചായത്തിലെപ്രധാന നാണ്യ വിളയായ അടയ്ക്ക ഉപയോഗിച്ച് റോജാപാക്ക്, തുടങ്ങിയ ഉല്പന്നങ്ങൾ ഉണ്ടാക്കുക.

15. സഹകരണാടിസ്ഥാനത്തിൽ ഒരു സഹകരണ ആർട്സ് കോളേജ് ആരംഭിക്കുക. 15 ഓളംപേർക്ക് നേരിട്ട് ജോലി ലഭിക്കും.

16. കോഴിവളർത്തൽ സഹകരണ സംഘം രൂപീകരിക്കണം.

17. സഹകരണാടിസ്ഥാനത്തിൽ നോട്ടുബുക്ക് നിർമ്മാണം, അച്ചാർ, കറിപൗഡർ, എന്നിവ ആരംഭിക്കണം

18.ലേബർ കോൺട്രാക്ട് സഹകരണ സംഘം ആരംഭിക്കണം. അസംഘടിത മേഖലയിൽ ജോലിചെയ്യുന്ന ധാരാളം തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

ഇവർക്ക് സ്ഥിരം തൊഴിൽ ലഭിക്കുന്നതിനും പഞ്ചായത്തിന്റെ ജോലികൾ ഈ സംഘത്തിന് ഏല്പിച്ചു കൊടുത്തു കൊണ്ടും പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

19. പഞ്ചായത്തിൽ ഹരിജൻ സഹകരണ സംഘം രൂപീകരിക്കണം. പട്ടിക ജാതിക്കാരുടെ ക്ഷേമത്തിനും, തൊഴിൽ നൽകുന്നതിനും ഇത് ഉപകരിക്കുന്നതാണ്.

20. സഹകരണാടിസ്ഥാനത്തിൽ ഡോർഡെലിവറി സിസ്റ്റം ആരംഭിക്കണം. ഓരോ വീട്ടിലും നിത്യോപയോഗ സാധനങ്ങളും മറ്റും എത്തിക്കുന്നതിനും അതു മൂലം പ്രത്യേകിച്ചും വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുന്നതാണ്. ഇതിന് ഉപഭോക്താക്കളിൽ നിന്ന് ഒരു ഡിപ്പോസിറ്റ് സ്വീകരിക്കാവുന്നതാണ്.

21. ഖാദി വ്യവസായ സഹകരണ സംഘം രൂപീകരിക്കണം.

22. ആനയാം കുന്ന് ഹൈസ്ക്കൂളിലെ സഹകരണ സംഘം വിപുലീകരിച്ച് ഒരു ജീവനക്കാരനെ നിയമിക്കണം.

23. ചികിരിനാര് ഉല്പാദന യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ രൂപികരിക്കുക.

പട്ടികജാതി സഹകരണ സംഘം

പഞ്ചായത്ത് അടിസ്ഥാനമാക്കി പട്ടികജാതിക്കാരുടെ ക്ഷേമത്തിനും അവർക്ക് തൊഴിൽ നൽകുന്നതിനും വേണ്ടി ഒരു പട്ടികജാതി സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

ലേബർ കോൺട്രാക്ട് സഹകരണ സംഘം

അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ പഞ്ചായത്തിലുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിനും പഞ്ചായത്ത് അടിസ്ഥാനത്തിൽ ലേബർകോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കേണ്ടതും പഞ്ചായത്തുകൾ നേരിട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതും, പഞ്ചായത്തിലെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താവുന്നതുമാണ്.

സഹകരണ ആർട്സ് കോളേജ്

പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സഹകരണ കോളേജ് ആരംഭിക്കുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിലെ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവതിയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കാൻ സാധിക്കും. സ്വകാര്യ വിദ്യാഭ്യാസ മാനേജ്മെന്റിന്റെ അമിത ലാഭം കൊയ്യാനുള്ളഎളുപ്പ മാർഗ്ഗത്തെ തടഞ്ഞു നിർത്താനും, വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നല്കുവാനും ഇതുമൂലം സാധിക്കും.

റബ്ബർ മാർക്കറ്റിംങ് സൊസൈറ്റി

പഞ്ചായത്തിലെ പ്രധാന നാണ്യവിളകളായ റബ്ബർ ക്ഷി ചെയ്യുന്ന കർഷകർക്ക് മാന്യമായ വില ലഭിക്കുന്നതിന് ഈ സൊസൈറ്റി രൂപീകരിച്ചാൽ സാധിക്കുന്നതാണ്. ഈ സൊസൈറ്റിയുടെകീഴിൽ ഒരു ലാറ്റക്സ് നിർമ്മാണ ശാല രൂപീകരിച്ചാൽ പഞ്ചായത്തിലെ കുറേപേർക്ക് തൊഴിൽ നല്കുവാനും അതുവഴി അവരുടെ ജീവിത നിലവാരം ഉയർത്തുവാനും സാധിക്കുന്നതാണ്.

കൊപ്ര ഡ്രൈയർ യൂണിറ്റ്

സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ കീഴിൽ ഒരു കൊപ്ര ഡ്രൈയർ യൂണിറ്റ് സ്ഥാപിക്കുകയാണെങ്കിൽ പ്രധാന്യ നാണ്യ വിളയായ നാളികേരത്തിന് പരമാവധി ലഭിക്കുന്നതിനും പഞ്ചായത്തിലെ നിരവധി പേർക്ക് തൊഴിൽ നല്കുവാനും സാധിക്കുന്നതാണ്.

തൊഴിൽ സാധ്യതകൾ

കാരശ്ശേരി സഹകരണ ബാങ്കിൽ 5 വർഷത്തിനുള്ളിൽ 6 ഓളം പുതിയ തസ്തികകൾ ഉണ്ടാകുന്നതാണ്. കൺസ്യൂമർ വിഭാഗത്തിൽ പ്രത്യക്ഷമായി 4-ഓളം തസ്തികകൾ ഉണ്ടാകും. ഗ്രൂപ്പ്ഫാമിംഗ് സഹകരണ സംഘം തുടങ്ങുന്നതുവഴി പത്തോളം പേർക്ക് ജോലി ലഭിക്കും. സോപ്പ് നിർമ്മാണ സഹകരണ സംഘം വഴി 5 പേർക്കും, മൂന്ന് കൊപ്രാ സംസ്ക്കരണ സംഘം വഴി 20ഓളം പേർക്കും തൊഴിൽ ലഭിക്കും. കോഴി വളർത്തൽ സഹകരണ സംഘം വഴി 5 പേർക്കുംതൊഴിൽ ലഭിക്കും.

നിലവിലുള്ള രണ്ട് ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ വഴിയും, ഇനി തുടങ്ങാനുദ്ദേശിക്കുന്ന രണ്ട സംഘങ്ങൾ വഴിയും 500 ഓളം പേർക്ക് തൊഴിൽ ലഭിക്കും. അനുബന്ധമായി 20 ഓളം പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്. കറവമാടുകളെ സംഘം വഴി വിതരണം ചെയ്ത് സംഘത്തിന്റെയും ഉപരിയായി സംഘാംഗങ്ങളുടെയും വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാവുന്നതുമാണ്.

നിർദ്ദേശിച്ച പട്ടികജാതി സഹകരണസംഘവും, ലേബർ കോൺട്രാക്ട് സഹകരണ സംഘവും, സഹകരണ ആർട്സ് കോളേജും, കൊപ്ര ട്രായർ സംഘവും, റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും ആരംഭിക്കുകയാണെങ്കിൽ ഏറ്റവും ചുരുങ്ങിയത് 500-ഓളം പേർക്ക് ഉപ

ജീവനമാർഗ്ഗം കണ്ടെത്താൻ കഴിയും. കാർഷികോല്പന്ന സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതുവഴി കർഷകർക്ക് മാന്യമായ വില ലഭിക്കുകയും 10-ഓളം പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്യും. സഹകരണാടിസ്ഥാനത്തിൽ സ്റ്റോൺ ക്രഷർ ആരംഭിക്കുന്നതു വഴി 150-ഓളം പേർക്ക് തൊഴിൽ ലഭിക്കും. വനിതാ മേഖലയിൽ സഹകരണ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതുമൂലം പഞ്ചായത്തിലെ വനിതാരംഗത്തുള്ള തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ കഴിയും. ഇതുമൂലം വനിതകൾക്ക് ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിക്കാൻ കഴിയും.

സഹകരണ രംഗത്തെ വളർച്ചക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ചുകൊണ്ട് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു "സഹകരണ സെൽ" രൂപീകരിക്കാവുന്നതും സഹകരണ സംഘങ്ങൾക്ക് ആവശ്യമായ വിദഗ്ദോപദേശങ്ങളും, നിർദ്ദേശങ്ങളും ഈ സെൽ മുഖേന നൽകാവുന്നതും സംഘങ്ങളുടെ പ്രവർത്തനത്തെ അവലോകനം ചെയ്യാവുന്നതുമാണ്.

സഹകരണ രംഗത്തെ മുരടിപ്പ് പരിഹരിക്കുന്നതിന് സഹകരണ വകുപ്പുദ്യോഗസ്ഥൻമാർ പഞ്ചായത്തു വകുപ്പുമായി ബന്ധപ്പെടുകയും, പഞ്ചായത്തുകളിലെ സഹകരണ സംഘങ്ങളിൽ ഇടക്കിടെ പരിശോധനകൾ നടത്തുകയും സഹായങ്ങൾ ചെയ്തു കൊടുക്കുകയും വേണം. സർക്കാർ ഭാഗത്തു നിന്നും ഈ മേഖല മെച്ചപ്പെടുത്തുന്നതിന് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കേണ്ടതാണ്. തൊഴിലാളികളുടെ കർമ്മശേഷി വർദ്ധിപ്പക്കുന്നതിന് പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. ഈ രംഗത്ത് അഴിമതിയും സ്വജന പക്ഷപാതവും അവസാനിപ്പിക്കുന്നതിന് സംഘടിതമായ നേതൃത്വം ഉയർന്നു വരേണ്ടതാണ്.

സഹകരണ രംഗത്തെ വിവിധ മേഖലകളിലെ വളർച്ചക്കാവശ്യമായി ഈ പഞ്ചായത്തിൽ ലക്ഷകണക്കിന് രൂപയുടെ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നുണ്ട്. ഇതിലൂടെയും തുക മുതൽ മുടക്കി 400പേർക്ക് പ്രത്യക്ഷമായും 600 പേർക്ക് പരോക്ഷമായും തൊഴിലും, പഞ്ചായത്തിലെ 3600 ഓളം കുടുംബങ്ങൾക്ക് സാമ്പത്തിക അഭിവൃദ്ധിയും ഉണ്ടാകുന്നതുമാണ്. മഹാത്മാ ഗാന്ധി വിഭാവനംചെയ്ത ഗ്രാമ സ്വരാജ് എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് ഒരു വലിയ പങ്ക് സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച വഴി സാധിക്കുന്നതാണ്.


ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 11 ഗ്രാമ സഭകൾ ചർച്ച ചെയ്ത് സമർപ്പിച്ച ഗ്രാമസഭാ റിപ്പോർട്ട് സ്ഥലത്തെ സഹകാരികളുമായി ചർച്ച ചെയ്ത് ക്രോഡീകരിച്ച് നിർദ്ദേശങ്ങളോടെ തയ്യാറാക്കിയിട്ടുള്ളതാണ്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുകവഴി കാരശ്ശേരി ഗ്രാമ പഞ്ചായത്തിലെ കാർഷിക തൊഴിൽ-സാമ്പത്തിക രംഗങ്ങളിൽ സമൂലമായ മാറ്റം വരുത്താൻ ഈ പഞ്ചായത്തിനെ സജ്ജമാക്കുന്നതുമാണ്.

ഗ്രാമങ്ങളുടെ സാമ്പത്തിക-സാമൂഹിക-സാംസ്ക്കാരിക വികസനത്തിന് നിർണ്ണായകമായ പങ്കു വഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ കാരശ്ശേരി പഞ്ചായത്തിൽ സഹകരണ രംഗത്ത് ഇതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈവികസന റിപ്പോർട്ട് ചർച്ചകൾക്കും, മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിക്കുന്നു.



കാരശ്ശേരി പഞ്ചായത്ത്



5-11 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

നെല്ലിൻ ചുവിട്ടിൽ മുളയ്ക്കുന്ന പാഴ്പുല്ലായി ഇന്നാട്ടിലെ അടിസ്ഥാനവർഗമായ ഹരിജനങ്ങളെ കണക്കാക്കിയിരുന്ന ഒരു ഗത കാല ചരിത്രമുണ്ട്. ജന്മിമാരുടെ പീഢനങ്ങളും താഡനങ്ങളും പേറിക്കൊണ്ടവർ ജീവിതം തള്ളി നീക്കി. സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെയും പുരോഗമനപ്രസ്ഥാനങ്ങളുടെയും ആവിർഭാവം ഇതിനു തടയിട്ടു. സാമൂഹിക ഉച്ച നീചത്വങ്ങൾക്കെതിരെയുള്ള ചെറുത്തു നില്പുകളും അവകാശസമരങ്ങളും ശക്തമായി. ചൂഷിതവർഗങ്ങൾ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങളുടെ ഫലമായി, ഈ വിഭാഗം സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് പതുക്കെയെങ്കിലും കടന്നുവന്നു കൊണ്ടിരിക്കുന്നു.

1970 കളിലെ ഭൂപരിഷ്കരണ നിയമം വഴി ലഭിച്ച കുടികിടപ്പവകാശവും മിച്ച ഭൂമിയുടെ വിതരണവും ഇവരെ സാമൂഹ്യ സാമ്പത്തിക മേഖലകളിലെ ഉന്നമനത്തിനു ഏറെ സഹായിച്ചിട്ടുണ്ട്. എങ്കിലും ഇവരുടെ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ മാറ്റിയെടുക്കാൻ പറ്റിയിട്ടില്ല.

ഒട്ടേറെ ഹരിജന ക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കുന്നുണ്ടെങ്കിലും അവയെല്ലാം എത്തേണ്ടിടത്ത് എത്താതെ നിരർത്ഥകമാവുന്നു. പദ്ധതികളെ കുറിച്ചുള്ള അജ്ഞതയും ദുഷ്കരമായ നിബന്ധനകളും ക്ഷേമ നടപടികൾ അവരിൽ എത്തിപ്പെടുന്നതിനു വിഘാതമാവുന്നു.

കോളനി നിവാസികളായ പട്ടിക ജാതി കുടുംബങ്ങൾക്കു സർക്കാർ നല്കിവരുന്ന സഹായങ്ങൾഒരു പരിധിവരെ പ്രയോജനപ്പെട്ടുന്നുവെങ്കിലും ഒറ്റപ്പെട്ട ഇടങ്ങളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്കു ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല.

ലഭ്യമായ കണക്കുകൾ പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യയായ 23659 പേരിൽ 11% പട്ടികജാതിയിൽ പ്പെട്ടവരാണ്. 15 അംഗീകൃത പട്ടികജാതി കോളനിയിലും അംഗീകാരത്തിനു സമർപ്പിച്ച ഒരു കോളനിയിലും മറ്റു കോളനിയിലുമായി ഇവർ താമസിക്കുന്നു.

വിദ്യാഭ്യാസം

ഒരു കാലഘട്ടത്തിൽ വിദ്യാഭ്യാസ മേഖലയിൽ നിന്നും ദ്രഷ്ട് കല്പിച്ച് അകറ്റി നിർത്തിയ ഈവിഭാഗം ഇന്നും വിദ്യാഭ്യാസ സാമൂഹ്യ രംഗത്ത് ഏറെ പിന്നിലാണ്. വളർന്നു വരുന്ന യുവ തലമുറ വിദ്യാഭ്യാസ രംഗത്തേക്കു നേരിയ തോതിൽ കടന്നു വരുന്നുണ്ടെങ്കിലും പഴയ തലമുറ നിരക്ഷരതയിലും അന്ധകാരത്തിലും കിടന്നുയലുന്നു.

നമ്മുടെ പഞ്ചായത്തിലെ 9 വിദ്യാലയങ്ങിലായി പഠിക്കുന്ന SC വിദ്യാർത്ഥികൾ മറ്റു വിദ്യാർത്ഥികളെ അപേക്ഷിച്ച് പഠനത്തിൽ വളരെ പിന്നോക്കരായിട്ടാണ് കണ്ടു വരുന്നത്. പഠനകാലത്തെ കൊഴിഞ്ഞും പോക്കും തോൽവിയും ഇവർക്കിടയിൽ കൂടുതലാണ്. സ്കൂൾ വിദ്യാഭ്യാസ കാലത്തും തുടർന്നും പഠനത്തിനായി സർക്കാർ നിർലോഭം സഹായ വർഷം പൊരിയുന്നെങ്കിലും പഠനരംഗത്ത് ഇവരെ കൈപിടിച്ചുയർത്താൻ കഴിയുന്നില്ല എന്നത് സഗൗരവം പരിഗണിക്കേണ്ടതുണ്ട്.

പഠനം തുടരുന്നതിനു തടസ്സമായി നിലനില്ക്കുന്ന അസൗകര്യങ്ങൾ, മാതാപിതാക്കളുടെ മദ്യപാനവും തത്ഫലമായി കുട്ടിക്കാലത്ത് കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടി വരുന്നതും ഇവരുടെ വിദ്യാഭ്യാസത്തിലെ പിന്നോക്കാവസ്ഥയ്ക്കു കാരണമാണ്.

പാർപ്പിടം

പട്ടികജാതി വിഭാഗക്കാരിൽ ഭൂരിഭാഗത്തിന്റെയും പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ സാധിച്ചിട്ടില്ല. സർക്കാർ ഏജൻസികൾ നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികളുടെ അനുരണങ്ങൾ നേരിയതോതിലാണെങ്കിലും അവരിൽ എത്തിച്ചേർന്നിട്ടുണ്ട്. പഴയ ചെറ്റക്കുടിലുകളുടെ സ്ഥാനത്ത്, സർക്കാർ സഹായത്താൽ ഓട് മേഞ്ഞ വീടുകൾ പൊങ്ങി വരുന്നുണ്ട്. എങ്കിലും ഇപ്പോഴും 30% ത്തിലേറെ പട്ടികജാതി കുടുംബങ്ങൾ ചോർന്നൊലിക്കുന്ന ചെറ്റക്കുടിലുകളിൽ താമസിക്കുന്നു. വീട് നിർമ്മിക്കാൻ അനുവദിക്കുന്ന തുക ഇന്നത്തെ സാഹചര്യത്തിൽ അപര്യാപ്തമാണ്. വീട് വെയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീട് വെയ്ക്കാൻ സ്ഥലവും ധനസഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചു കൊടുക്കണം. കക്കൂസുള്ളില്ലാത്ത ഓരോ വീട്ടിലും ഓരോ കക്കൂസ് എന്ന രീതിയിൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

നമ്മുടെ പഞ്ചായത്തിലെ 15 പട്ടിക ജാതി കോളനികളിലാണ് ഭൂരിഭാഗം പട്ടികജാതി കുടംബങ്ങളും താമസിക്കുന്നത്.

ഭൂരിഭാഗം പട്ടികജാതി കോളനികളും അടിസ്ഥാന ജീവിത സൗകര്യങ്ങൾ പോലും ഇല്ലാത്തവയാണ്. കൂവപ്പാറ, മലാംകുന്ന്, പട്ടർ ചോല, വല്ലത്തായ്പാറ എന്നീ കോളനികളാണ് ഭാഗികമായി വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ . ഹരിജൻ കോളനികളുടെ അടിസ്ഥാനജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

നമ്പർ	കോളനിയുടെ പേര്	വീടുകളുടെ എണ്ണം
1	തടപ്പറമ്പ്	12
2	വല്ലത്തായ് പാറ	13
3	കുവ്വപ്പാറ	20
4	പുതുയോട്ടിൽ	14
5	പട്ടർചോല	19
6	കൊളോറന്മൽ	11
7	നാഗേരിക്കുന്ന്	11
8	വാലക്കുന്ന്	12
9	എളളങ്ങൽ	16
10	വേനപ്പാറ	22
11	സർക്കാർ പറമ്പ്	24
12	തോണ്ടയിൽ	11
13	മലാംകുന്ന്	45
14	ചാലൂളിക്കുന്ന്	15
15	നൂറോട്ട്	12
16	മൈസൂർമല	അംഗീകരിക്കാത്തത്

പ്രശ്നങ്ങൾ, സാധ്യതകൾ

1. പട്ടികജാതി കോളനികളിലെ വൈദ്യുതീകരിക്കാത്ത വീടുകൾ മുഴുവൻ വൈദ്യുതീകരിക്കുക
2. വീടില്ലാത്തവർക്ക് മുഴുവൻ വീടുണ്ടാക്കാനുള്ള ധനസഹായം ലഭ്യമാക്കുക
3. പഞ്ചായത്തിൽ ഓരു ഹരിജൻ സഹകരണ സംഘം രൂപീകരിക്കുക
4. 3-ാം വാർഡിലെ മിച്ച ഭൂമിയിൽ താമസിക്കുന്നവരെയും പരിസര പ്രദേശത്തുള്ളവരെയും ഉൾപ്പെടുത്തി ഹരിജൻ കോളനി രൂപീകരിക്കുക.
5. പഞ്ചായത്തിലെ പട്ടികജാതി കോളനികളിലേക്കുള്ള റോഡുകൾ റിപ്പയർ ചെയ്യുകയും, ഗതാഗത യോഗ്യമാക്കുകയും ചെയ്യുക.
6. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായങ്ങൾ ലഭ്യമാക്കുക.
7. അംഗൻവാടി ഇല്ലാത്ത കോളനികളിൽ അംഗനവാടികൾ സ്ഥാപിക്കുകയും, നിലവിലുള്ള അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുക.
8. ഭൂമിയില്ലാത്തവർക്ക് മിച്ച ഭൂമി വിതരണം ചെയ്യുക.
9. കോളനികളിൽ വായനശാലകൾ സ്ഥാപിക്കുക.
10. കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക.
11. പഞ്ചായത്തിലെ പുറംമ്പോക്ക് ഭൂമി ഉപയോഗപ്പെടുത്തി ശ്മശാനം നിർമ്മിക്കുക.
12. കോളനികളിലെ താമസക്കാർക്ക് മുഴുവൻ കക്കൂസ് അനുവദിക്കുക.
13. കോളനികളിൽ പൊതു ശ്മശാനം നിർമ്മിക്കുക.
14. നാലുസെൻറ്, ലക്ഷംവീട് കോളനികളിലെ വീടുകൾ പുതുക്കിപണിയുന്നതിനും, പുതിയ വീടുകൾ നിർമ്മിക്കുന്നതിനും ധനസഹായം നല്കുക.
15. കരിങ്കൊറ്റി ശ്മശാനത്തിലേക്ക് റോഡുനിർമ്മിക്കുകയും, ശ്മശാനത്തിന് ചുറ്റുമതിൽ കെട്ടുകയും ചെയ്യുക.
16. കൃഷി ഭൂമി സംരക്ഷിക്കുന്നതിന് സാമ്പത്തിക സഹായം നല്കുകയും ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യുന്നതിന് മാർഗ്ഗ നിർദ്ദേശം നല്കുകയും ചെയ്യുക.
17. അംഗീകരാത്തിനായി സമർപ്പിച്ച 10-ാം വാർഡിലെ കൊത്തനാപറമ്പ്, കരിമ്പനക്കണ്ടി, മാടകശ്ശേരി പ്രദേശത്തെയും, 9-ാം വാർഡ് കുവ്വപ്പറമ്പത്ത് പ്രദേശത്തെയും 11-ാം വാർഡിലെ മൈസൂർമല കോളനിയേയും അടിയന്തിരമായി ഹരിജൻ കോളനികളായി പ്രഖ്യാപിക്കുക.

പട്ടിക വർഗ്ഗക്ഷേമം

നൂറ്റാണ്ടുകളായുള്ള വനാന്തരങ്ങളിലെ ജീവിതവും പൊതു ജീവിതത്തിൽ നിന്നുള്ള വിട്ടുനിൽപ്പും മൂലം ജീവിതത്തിന്റെ സമസ്ത മേഖലകളിലും പിൻത്തള്ളപ്പെട്ടു പോയവരാണ് പട്ടിക വർഗ്ഗകാർ. കാരശ്ശേരി പഞ്ചായത്തിലെ പട്ടിക വർഗ്ഗ വിഭാഗവും അതിൽനിന്ന് ഭിന്നമല്ല. ഇവരുടെസമഗ്ര വികസനത്തിനു വേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രയോഗിക രംഗത്തുണ്ടായ പാളിച്ചകളും മധ്യവർത്തികളുടെ ചൂഷണവും ലക്ഷ്യം അകലെയാക്കി. റോഡ്, വൈദ്യുതി, തുടങ്ങിയ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുമുള്ള ചിവിട്ടു പടിയായി ഉപയോഗപ്പെടുത്തുകയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഈ വിഭാഗങ്ങൾ കടന്നു വരുന്നത് തടയുകയും ചെയ്യുന്നതിനുള്ള ബോധപൂർവ്വമായ പ്രവർത്തനം ഗൗവരവ പൂർവ്വം കാണേണ്ടിയിരിക്കുന്നു.

ലഭ്യമായ കണക്കുകൾ പ്രകാരം 14 അംഗീകരിച്ച പട്ടിക വർഗ്ഗ കോളനിയിലും അംഗീകാരത്തിനുവേണ്ടി സമർപ്പിച്ച ഒരു കോളനിയിലുമായി ആകെ 491 പട്ടിക വർഗ്ഗക്കാർ നമ്മുടെ പഞ്ചായത്തിലുണ്ട്. അംഗങ്ങൾ ഉണ്ട്. ഇത് പഞ്ചായത്തിലെആകെ ജനസംഖ്യയുടെ 2.5% വരും

വിദ്യാഭ്യാസം

പട്ടിക വർഗ്ഗക്കാർക്കിടയിൽ വ്യാപകമായ തോതിൽ നിരക്ഷരത നിലനില്ക്കുന്നുണ്ട്. ഇവർ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തുടർന്നു പഠിയ്ക്കുന്നതിന് താത്പര്യം കാണിക്കുന്നില്ല. ഗിരിവർഗ്ഗ പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടിക വർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിന് കിലോമീറ്ററുകളോളം കാൽ നടയായി യാത്ര ചെയ്യേണ്ടി വരുന്നതും തൊഴിലില്ലായ്മയും പട്ടിണിയും ഇവരുടെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു.

തൊഴിൽ

പട്ടിക വർഗ്ഗങ്ങൾ താമസിച്ചു വരുന്ന ഗിരിപ്രദേശങ്ങളിൽ കുടിയേറ്റ കർഷകർ എത്തുന്നതിനുമുമ്പ് അവർ സ്വന്തമായി ഭക്ഷ്യ വസ്തുക്കൾ ഉണ്ടാക്കുകയും അവയുപയോഗിച്ച് ജീവിതം തള്ളിനീക്കുകയും ചെയ്തു.

പിന്നീട് കുടിയേറ്റ കർഷകർ എത്തുകയും വ്യാപകമായി നാണ്യ വിളകൾ ഉല്പാദിപ്പിക്കുകയും ചെയ്തതോടെ പട്ടിക വർഗ്ഗക്കാർ കൂലിപ്പണിയിൽ എർപ്പെടാൻ തുടങ്ങി.വളരെ തുച്ഛമായി കൂലി നല്കി ജൻമിമാർ അടിമ വേല ചെയ്യിക്കുകയായിരുന്നു ചെയ്തിരുന്നത്. വിദ്യാഭ്യാസമില്ലാത്ത അവസ്ഥ എല്ലാ മേഖലയിലും ജൻമിമാർ ചൂഷണം ചെയ്തിരുന്നു. ട്രൈബൽ ഡിപ്പാർട്ടുമെൻറിലെ ചില ഉദ്യോഗസ്ഥരും ഇതിൽനിന്നു ഭിന്നരല്ല.ഇന്ന് ഇക്കൂട്ടർ കൃഷിയും കൂലിപ്പണിയും ചെയ്ത് ജീവിക്കുന്നു. വിദ്യാഭ്യാസപരമായി പിന്നോക്കം നില്കുന്ന ഇക്കൂട്ടർക്ക് സർക്കാർ ഉദ്യോഗങ്ങളിലൊന്നും തന്നെ എത്തിപ്പെടാൻ സാധിച്ചിട്ടില്ല

അംഗീകൃത പട്ടിക വർഗ്ഗ കോളനികൾ

ക്രമ നമ്പർ	കോളനിയുടെ പേര്	കുടുംബങ്ങളുടെ എണ്ണം
1	എളമ്പിലാശ്ശേരി	13
2	തേക്കുംകുറ്റി	7
3	പൈക്കാടൻമല	39
4	ഊരാളികുന്ന്	10
5	ഭഗവതിക്കാവ്	5
6	ചണ്ണങ്കൽ	8
7	പന്നിക്കുഴി	1
8	മറിയംകുഴി	5
9	പുളിക്കൽ	4
10	മായങ്കൽ	9
11	പാലക്കുഴി	5
12	കണ്ടം പുലിക്കാവ്	3
13	തോണിച്ചാൽ	2
14	വരിക്കാക്കൽ	8
15	മൂരിക്കാവ്	8

പാർപ്പിടം

പാർപ്പിടം പ്രശ്നം പൂർണ്ണമായും പരിഹരിച്ച് കഴിഞ്ഞിട്ടില്ലെങ്കിലും സർക്കാർ നടപ്പാക്കുന്നവിവിധ പദ്ധതികൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പാർപ്പിട സൗകര്യം മെച്ചപ്പെടുത്താൻ വേണ്ടി കഴിഞ്ഞിട്ടുണ്ട്. വീട് നിർമ്മിക്കാൻ അനുവദിക്കുന്ന തുകയുടെ അപര്യാപ്തത പല വീടുകളും പൂർത്തീകരിക്കാതിരിക്കുന്നതിന് കാരണമായിട്ടുണ്ട്. ഒന്നിലധികം കുടുംബങ്ങൾ കൂട്ടുകുടംബമായി ഒരേ കുരക്കു കീഴിൽ താമസിക്കുന്ന രീതി, പുനരധിവാസ പദ്ധതികൾ ആവിഷ്കരിച്ച് പരിഹാരം കാണേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിന്റെ മലമ്പ്രദേശങ്ങളിലുള്ള 14 പട്ടികവർഗ്ഗ കോളനികളിലും പട്ടികവർഗ്ഗ കോളനിയായി അംഗീകരാം തേടിക്കൊണ്ടിരിക്കുന്ന മൂരിക്കാവ് കോളനിയിലുമാണ് ഭൂരിഭാഗം പട്ടിക വർഗക്കാരും താമസിക്കുന്നത്. പട്ടിക 2 കാണുക.

പട്ടിക വർഗ്ഗം പ്രശ്നങ്ങൾ, സാധ്യതകൾ

1. പട്ടിക വർഗ്ഗ കോളനികളിലേക്കുള്ള റോഡുകൾ ഗതാഗത യോഗ്യമാക്കുക.
2. കോളനികളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കുക.
3. വൈദ്യുതീകരിക്കാത്ത പട്ടിക വർഗ്ഗ കോളനികളിൽ മുഴുവൻ വൈദ്യുതീകരിക്കുക.
4. പട്ടിക വർഗ്ഗക്കാർക്ക് ലഭ്യമായ ആനുകൂല്യങ്ങളെ കുറിച്ച് അവരെ ബോധവാന്മാരാക്കുകയും, ആനുകൂല്യങ്ങൾ വാങ്ങിക്കൊടുക്കുകയും ചെയ്യുക.
5. ആദിവാസികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിശീലനം നല്കുകയും , സാമ്പത്തികസഹായം ലഭ്യമാക്കുകയും ചെയ്യുക.
6. കോളനികളിൽ മാസത്തിലൊരിക്കലെങ്കിലും മെഡിക്കൽ ക്യാബുകൾ നടത്തുകയും, അംഗനവാടികളിൽ കൂടി ഈ വിഭാഗത്തിൽപ്പെടവർക്ക് പോഷകാഹാരം വിതരണം ചെയ്യുകയും ചെയ്യുക.
7. കോളനികളിൽ ലൈബ്രറികൾ സ്ഥാപിക്കുക. ടി.വി. ലഭ്യമാക്കുക.
8. പഞ്ചായത്തിലെ സാക്ഷരതാ സമിതിയുടെ കീഴിൽ കോളനികളിൽ സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക
9. അംഗനവാടികളില്ലാത്ത കോളനികളിൽ അംഗനവാടികൾ സ്ഥാപിക്കുക.
10. കോളനിവാസികൾക്ക് ആടുവളർത്തൽ, പശുവളർത്തൽ എന്നിവയ്ക്ക് വായ്പ അനുവദിക്കുകയും, അതുമൂലം ഈ മേഖലയിൽ ഒട്ടനവധി ആളുകൾക്ക് തൊഴിൽ കണ്ടെത്താവുന്നതുമാണ്.
12. 1-95 ലക്ഷം രൂപ മുതൽ മുടക്കി മായങ്കൽ ഭാഗത്ത് വാട്ടർ അതോറിറ്റി നിർമ്മിച്ച വാട്ടർ ടാങ്ക് റിപ്പയർ ചെയ്താൽ മൈസൂർമല IHDP കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്.
13. ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമി തിരിച്ചു കിട്ടുന്നതിനുള്ള നടപടികൾ ഉണ്ടാവേണ്ടതാണ്.
15. മൈസൂർമല IHDPകോളനിയിൽ ഒരു ട്രൈബൽ സ്കൂൾ സ്ഥാപിച്ചാൽ ആദിവാസികളുടെ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ കഴിയും.
16. കോളനികളിലെ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക.
17. കോളനികളിൽ പൊതു ശ്മശാനം നിർമ്മിക്കുക.
19. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഭൂരഹിത-ഭവന രഹിത -പുനരധിവാസ പദ്ധതി നടപ്പിലാക്കുകയും, അതുമൂലം കോളനി നിവാസികൾക്ക് പാർപ്പിടം ലഭ്യമാക്കുകയും ചെയ്യുക.
20. കോളനി നിവാസികൾക്ക് മുഴുവൻ കക്കൂസ് നിർമ്മിച്ച് നൽകുക.
21. ആദിവാസി കോളനി കേന്ദ്രമാക്കി ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ ആരംഭിക്കുക.
22. മൈസൂർമല IHDP കോളനിയിലൂടെ കടന്നു പോകുന്നതും, രണ്ടു പഞ്ചായത്തുകളേയും,രണ്ടു ജില്ലകളേയും ബന്ധപ്പെടുത്തുന്നതുമായ ഫാത്തിമ എസ്റ്റേറ്റ്-തോട്ടുമക്കം റോഡ് ടാർ ചെയ്യുക.
24. പൈക്കാടൻ മല ആദിവാസി കോളനിയിൽ ഒരു ഏകാധ്യാപക വിദ്യാലയം സ്ഥാപിക്കുക.
25. താമരശ്ശേരി ട്രൈബൽ ആപ്പീസിന്റെ പ്രവർത്തനം കാരശ്ശേരി പഞ്ചായത്തിൽ വ്യാപിക്കുന്നതിനു വേണ്ടി, മാസത്തിൽ 4 ദിവസമെങ്കിലും പഞ്ചായത്തിൽ സിറ്റിങ്ങ് ഏർപ്പെടുത്തുക.
26. പഞ്ചായത്തിൽ ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക.
27. SSLC വരെയും, തുടർന്നും പഠനം നടത്തുന്നതിന് പ്രോത്സാഹനം നൽകാൻ ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്യേണ്ടതാണ്.
28. പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനമുണ്ടാക്കുകയും ചെയ്യുക.

കാരശ്ശേരി പഞ്ചായത്ത്



5.11 വിഭവസമാഹരണം

ഭൂരിഭാഗം കർഷകത്തൊഴിലാളികളും, ചെറുകിടകർഷകരും താമസിക്കുന്ന കാരശ്ശേരി പഞ്ചായത്തിൽ വികസന രംഗത്ത് നിരവധി പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ലഭ്യമായ വരുമാനം വളരെ പരിമിതവുമാണ്. പഞ്ചായത്തിന് പ്രതിവർഷം വിവിധയിനം നികുതികളിലായി ലഭിക്കുന്നതുക പഞ്ചായത്തിലെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളത്തിന് പോലും പര്യാപ്തമല്ല. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗം കെട്ടിടനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വിനോദ നികുതിഎന്നീ ഇനങ്ങളിൽ നിന്നുമാണ് ലഭിക്കുന്നത്. ഒമ്പതാം പഞ്ചവത്സരപദ്ധതി ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുമ്പോൾ ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാകുന്ന വിഹിതത്തോടൊപ്പം വിവിധ ഇനങ്ങളിൽ നിന്ന് ഗ്രാമപഞ്ചായത്തുകളും അവയുടെവിഭവം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. അദ്ധ്വാനശേഷിയുള്ള മനുഷ്യ സമ്പത്തുകൊണ്ട് സമ്പന്നമാണ് നമ്മുടെ പഞ്ചായത്ത്. സുലഭമായിട്ടുള്ള മനുഷ്യവിഭവം എത്രമാത്രം ഫലപ്രദമായി വിനിയോഗിക്കുവാൻ സാധിക്കുന്നവോ അത്രമാത്രം പുരോഗതി നമുക്ക് വികസനരംഗത്ത് കൈവരിക്കാൻ സാധിക്കും. പഞ്ചായത്തിന്റെ നിലവിലുള്ള വരുമാനം സംബന്ധിച്ചുള്ള വിശദ വിവരങ്ങളഘ പട്ടിക 1 ൽ ചേർത്തിരുക്കുന്നു.

വരുമാനത്തിന്റെ വ്യതിയാനം

പട്ടിക I

ക്രമ നമ്പർ	ഇനം	1991-92	1995-96	വ്യത്യാസം	ശതമാനം
1	കെട്ടിട നികുതി	51432.05	107630.65	56198.60	109.26
2	വിനോദ നികുതി		164799.60	164799.60	-
3	തൊഴിൽ നികുതി	55295.00	98920'00	43625.00	78.89
4	ലൈസൻസ് ഫീസ്	5203.00	9451.50	4248.50	81.64
5	മണൽ ലേലം	176470.00		176470.00-	
6	ഉപാധിരഹിത ഫണ്ട്	241920.00	374140.00	132220.00	54.65
7	കെട്ടിട നിർമ്മാണ ലൈസൻസ്സ്	4660.00	2106.25	- 2553.75	
8	ഗ്രാൻറുകൾ സംഭാവനകൾ	333524.00	397166.00	+ 63642.00	19.08
9	ജെ.ആർ.വൈ	370452.00	597200.00	+ 226748.00	61.20
10	വസ്തുകൈമാറ്റ നികുതി	132492.00	500176.00	+ 367684.00	277.51
	ആകെ	137448.00	2251590.00	880142.00	164.17
	ചെലവ് എസ്റ്റാബ്ലിഷ്മെൻറ്	148814.00	336252.05	187438.05	125.95
	തനത് വരുമാനം	425552.00	883084.00	457532.00	107.51

പഞ്ചയത്തിന്റെ തനത് വരുമാനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്ന വ്യവസായ സംരംഭങ്ങളോ, തൊഴിൽ സ്ഥാപനങ്ങളോ കാര്യമായി ഇല്ലാത്തതിനാൽ നിലവിലുള്ള ധനാഗമമാർഗ്ഗങ്ങൾ പരിപോഷിപ്പിക്കുന്നതിനും പുതുതായി വരുമാന സ്രോതസുകൾ കണ്ടെത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഇപ്പോൾ പഞ്ചായത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനം വളരെ പരിമിതമാണെന്ന കാര്യത്തിൽ സംശയമില്ല. നിലവിലുള്ള നികുതി പിരിവ് കുറ്റമറ്റതാകുന്നതോടൊപ്പം തന്നെ നികുതി നല്കുന്നത് സംബന്ധിച്ച് നികുതിദായകരിൽ ബോധവൽക്കരണം നടത്തേണ്ടതുമാണ്. നികുതി ഒരു ഭാരമാണ് എന്ന ധാരണ വരാത്തവിധം വരുമാനത്തിന്റെ ഒരു ചെറിയ ശതമാനംമാത്രമേ നികുതിയായി വരുന്നുള്ളുവെന്ന് ബോധ്യപ്പെടുന്നതിലൂടെ നികുതി കൊടുക്കുവാനുള്ള താല്പര്യം ജനങ്ങളിലുണ്ടാക്കുവാൻ സാധിക്കണം. വരുമാനമുള്ള മുഴുവൻ വ്യക്തികളിൽ നിന്നും നികുതി ഈടാക്കുന്നതോടൊപ്പം തന്നെ പഞ്ചായത്തിന്റെവരവ് ചെലവ് സംബന്ധിച്ച കാര്യങ്ങളും സുതാര്യമാവേണ്ടതുണ്ട്.

വിഭവസമാഹരണ മാർഗ്ഗങ്ങൾ

1. കെട്ടിട നികുതി

കെട്ടിട നികുതിയിനത്തിൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനം 107630 രൂപയാണ് പഞ്ചാത്തിൽ നിലവിലുള്ള കെട്ടിടങ്ങളുടെ സ്ഥിതി പരിശോധിക്കുമ്പോൾ ഇത്വളരെ കുറവാണെന്ന് കാണാവുന്നതാണ്. വാസ ഗൃഹങ്ങൾക്കും, വാടക കെട്ടിടങ്ങൾക്കും നികുതി നിർണ്ണയത്തിൽ ഒരേമാനദണ്ഡമാണ് സ്വീകരിച്ചുവരുന്നത്. വാസഗൃഹങ്ങൾക്ക് നിർമ്മാണചിലവിന്റെയും, തറ വിസ്തീർണ്ണത്തിന്റെയും അടിസ്ഥാനത്തിലും, വാടയ്ക്ക് കൊടുത്തിട്ടുള്ള കെട്ടിടങ്ങൾക്ക് യഥാർത്ഥ വാടകയുടെ അടിസ്ഥാനത്തിലുമായിരിക്കണംനികുതി ചുമത്തേണ്ടത്. ഇതിനോടൊപ്പംതന്നെ ദാരിദ്രരേഖക്ക് താഴെയുള്ള മുഴുവനാളുകളുടെയും വീട്ടുനികുതി ഒഴിവാക്കിക്കൊടുക്കാവുന്നതാണ്. നിലവിലുള്ള കെട്ടിടനികുതിയിൽ ഉള്ള അപാകതമേൽപ്പറഞ്ഞ മാനദണ്ഡമനുസരിച്ച് പുനപരിശോധിച്ച് 1997-98 മുതൽ നടപ്പിലാക്കിയാൽ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുവാൻ സാധിക്കുന്നതാണ്. അൺ-എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും, സമാന്തര വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും നികുതി ചുമത്താവുന്നതാണ്.

2. 1984 ലെ കേരള കെട്ടിട നിർമ്മാണ നിയമം

പഞ്ചായത്തിൽ ഇപ്പോൾ മുക്കം അരീക്കോട് റോഡിന്റെ ഇരുവശങ്ങളിലും 100 മീറ്ററിനുള്ളിൽ മാത്രമേ കെട്ടിടനിർമ്മാണ നിയമം ബാധകമാക്കിയിട്ടുള്ളൂ. പഞ്ചായത്ത്രാജ് നിയ പ്രകാരം പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് റോഡിൽ നിന്നും 3 മീറ്റർ ദൂരപരിധി നിർണ്ണയിക്കപ്പെട്ടിട്ടുണ്ടെങ്കിലും കെട്ടിടനിർമ്മാണത്തിന് മുൻകൂർ അനുമതി വാങ്ങേണ്ടതില്ലാത്തതിനാൽ ഈ വ്യവസ്ഥ കർശനമായി പാലിക്കുവാൻ സാധിക്കാത്ത അവസ്ഥ നിലവിലുണ്ട്. പഞ്ചായത്തിൽ മുഴുവൻ കേരള കെട്ടിട നിർമ്മാണ നിയമം ബാധകമാക്കിയാൽ പഞ്ചായത്ത് ചുരുങ്ങിയത് 1 ലക്ഷമെങ്കിലും ഈയിനത്തിൽ വരുമാനം ഉണ്ടാക്കാൻ സാധിക്കും.

3. തൊഴിൽ നികുതി

പഞ്ചായത്ത് വരുമാനത്തിന്റെ പ്രധാനപ്പെട്ട ഒരു സ്രോതസാണ് തൊഴിൽ നികുതി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ പഞ്ചായത്തിന് ലഭിച്ചത് 98920 രൂപയാണ്. പ്രധാനമായും സർക്കാർ ജീവനക്കാർ. അധ്യാപകർ, സ്വകാര്യമേഖലയിൽ ജോലിചെയ്യുന്നവർ, കച്ചവടക്കാർ എന്നിവരിൽ നിന്നുമാണ് തൊഴിൽ നികുതി ഈടാക്കിവരുന്നത്. കാർഷികതൊഴിൽ നികുതിയിനത്തിൽ നാമമാത്രമായ തുക മാത്രമേ പഞ്ചായത്തിന് ലഭിക്കുന്നുള്ളൂ. കാർഷികമേഖലയിൽ നിന്നും തൊഴിൽ നികുതിയിനത്തിൽ ന്യായമായ തുക ഈടാക്കുന്ന പക്ഷം പഞ്ചായത്തിന്റെ വരുമാനത്തിൽ കാര്യമായ മുന്നേറ്റം ഉണ്ടാകുവാൻ സാധിക്കുന്നതാണ്. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും, കച്ചവടങ്ങൾക്കും ചുമത്തിയിട്ടുള്ള തൊഴിൽ നികുതി തികച്ചും അപര്യാപ്തമാണ്. ശാസ്ത്രീയമായ രീതിയിൽ തൊഴിൽനികുതി പുനർനിർണ്ണയം ചെയ്യുകവഴി പഞ്ചായത്തിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാക്കുവാൻ സാധിക്കും. ഇതോടൊപ്പംവളരെ തുച്ഛമായ വേതനം വാങ്ങി സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്നവരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കുന്നത് നിർത്തലാക്കാവുന്നതുമാണ്.

4. പുറമ്പോക്ക് വരുമാനം

പഞ്ചായത്തിൽ 360 ഏക്കർ പുറമ്പോക്ക് ഭൂമിയാണുള്ളത്. ഇതിൽ ഭൂരിഭാഗവും ഇപ്പോൾസ്വകാര്യ വ്യക്തികൾ അനധികൃതമായി കൈവശം വെച്ചിരിക്കയാണ്. ഈ സ്ഥലങ്ങളിൽ മിക്കതിലും തെങ്ങ്, കവുങ്ങ്, റബ്ബർ

തുടങ്ങിയ നാണ്യവിളകൾ കൃഷി ചെയ്തിട്ടുമുണ്ട്. ഈ പുറമ്പോക്ക് ഭൂമി അനധികൃതമായി കൈവശം വെച്ചിരിക്കുന്നവരെ ഒഴിവാക്കി സ്ഥലംലീസിന് കൊടുക്കുകയാണെങ്കിൽ പഞ്ചായത്തിന് നല്ലൊരു തുക വരുമാനം ഉണ്ടാവുന്നതാണ്. പഞ്ചായത്തിന് വിവിധ പദ്ധതികൾക്കായി ഇതിൽ ആവശ്യമായ സ്ഥലം കണ്ടെത്തുവാനും സാധിക്കും.

5. ഭൂനികുതി

ഭൂനികുതിയിനത്തിൽ വില്ലേജിൽനിന്നും പിരിക്കുന്ന തുകയുടെ വിഹിതം പഞ്ചായത്തുകൾക്ക് ഇപ്പോൾ വീതിച്ചു നല്കി വരുന്നുണ്ട്. ഇപ്രകാരം ലഭ്യമാവുന്ന തുകയും ഇവിടെനിന്ന് സമാഹരിക്കപ്പെടുന്ന സംഖ്യയും തമ്മിൽ ബന്ധമില്ല. ഇതിന് പരിഹാരമായി ഭൂനികുതിയിനത്തിൽ വില്ലേജിൽനിന്നും സമാഹരിക്കുന്ന തുക അതത്ഗ്രാമ പഞ്ചായത്തുകളിൽ നേരിട്ട് അടയ്ക്കുന്നതിനുള്ള സംവിധാനം ഉണ്ടായാൽ പഞ്ചായത്തിന് അർഹമായ വിഹിതം കാലതാമസമെന്യേ ലഭിക്കുന്നതാണ്. ഒരു ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ളവരിൽ നിന്നും മുമ്പ് നിലവിലുണ്ടായിരുന്ന ലാൻഡ്സെസ്സ് പിരിക്കാവുന്നതാണ്.

6. കരിങ്കൽ ക്വാറികൾക്കും ക്രഷറുകൾക്കും നികുതി

കെട്ടിട നിർമ്മാണവും റോഡുകളുടെ പരിഷ്ക്കരണ പ്രവർത്തനങ്ങളും വ്യാപകമായതോടുകൂടി ഒട്ടേറെ പുതിയ കരിങ്കൽ ക്വാറികളും ക്രഷറുകളും പുതുതായി ആരംഭിക്കപ്പെട്ടിട്ടുണ്ട് പ്രതിദിനം ആറോളം ലോഡ് കരിങ്കല്ല് മെറ്റൽ തുടങ്ങിയവ പുറത്തേക്ക് പോകുന്നുണ്ട് എന്നാണ് ഏകദേശ വിവരം. ഇതിന്മേൽ ന്യായമായ തുക നികുതിയായി ചുമത്തുന്ന പക്ഷം പഞ്ചായത്തിന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുന്നതിന് സാധിക്കും. അതുപോലെ തന്നെ വ്യാപകമായ തോതിൽ ചെങ്കല്ല് വെട്ടുന്ന ക്വാറികളും ഇവിടെയുണ്ട് ഇവയ്ക്കും ന്യായമായതോതിൽ നികുതി ചുമത്തുവാൻ സാധിക്കും.

7. പരസ്യനികുതി:

ആധുനിക സമൂഹത്തിൽ നിർണ്ണായകമായ സ്വാധീനം പരസ്യങ്ങൾക്കുണ്ട്. പഞ്ചായത്തിൽ പ്രദർശിപ്പിക്കുന്ന മുഴുവൻ പരസ്യങ്ങൾക്കും പ്രചരണ പരിപാടികൾക്കും നികുതി ചുമത്തുക വഴി പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുവാനുള്ള സാധ്യതയുണ്ട്.

8. ദേശീയ സമ്പാദ്യ പദ്ധതി വിഹിതം

ജനങ്ങളിൽ സമ്പാദ്യശീലം വളർത്തി പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളെയും ദേശീയ സമ്പാദ്യ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്. നിലവിൽ ഇന്ദിരാവികാസ് പത്ര വഴി സമാഹരിക്കപ്പെടുന്ന തുകയുടെ 20% ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് ഗ്രാൻറായി നല്കപ്പെടുന്നുണ്ട്. ഇതിന് പകരം ദേശീയ സമ്പാദ്യ പദ്ധതിയിൽ പഞ്ചായത്തിൽനിന്ന് സമാഹരിക്കുന്ന ആകെ തുകയുടെ ന്യായമായ വിഹിതം പഞ്ചായത്തുകൾക്ക് ലഭ്യമാക്കണം. ഇതുവഴി പഞ്ചായത്തിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാക്കുവാൻ സാധിക്കുമെന്ന് മാത്രമല്ല തൊഴിൽ രഹിതരായ കുറച്ച് ചെറുപ്പക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും സാധ്യതയുണ്ട്. ഇക്കാര്യത്തിൽ നേതൃപരമായ പങ്ക് വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിക്കും.

9. കമ്മ്യൂണിറ്റി ഹാൾ & ഷോപ്പിംഗ് സെൻറർ

ഇപ്പോൾ പഞ്ചായത്തിന് വിട്ടുകിട്ടുന്നതിന് വേണ്ടി പൊതുമരാമത്ത് വകുപ്പിനോട് അപേക്ഷിച്ചിട്ടുള്ള മുക്കം-അരിക്കോട് റോഡിൽ പഞ്ചായത്ത് ഓഫീസിന് സമീപത്തുള്ള 65സെൻറ് സ്ഥലത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ സാധ്യതയുണ്ട്. പഞ്ചായത്തിന്റെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ഷോപ്പിംഗ് സെൻററുകൾ നിർമ്മിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാക്കുവാൻ സാധിക്കും.

10. ലേലം ഇനത്തിൽ വരവ്

ഇരവഴിഞ്ഞിപ്പുഴയിൽനിന്നും മണൽ ലേലം ഇനത്തിൽ 1991-92 സാമ്പത്തിക വർഷത്തിൽ 176470/- രൂപ പഞ്ചായത്തിന് ലഭിച്ചിരുന്നു. ലേലം തുടർന്നുള്ള വർഷങ്ങളിൽ ചില സാങ്കേതിക കാരണങ്ങളാൽ നടക്കാൻ കഴിയാതെ വരികയും അതുവഴി കഴിഞ്ഞ വർഷങ്ങളിൽ പഞ്ചായത്തിന് ലഭിക്കേണ്ടുന്ന വരുമാനം നഷ്ടമാവുകയും ചെയ്തു. ഇത്രകാലയളവിൽ അനധികൃതമായി മണൽ വാരുന്ന പ്രക്രിയ അനുസ്യൂതം നടന്നുവരികയുമാണ്. ഇതിന് അറുതി വരുത്തുന്നതിന് വേണ്ടി പൂർണ്ണമായും പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്ന രീതിയിൽ മണൽ ലേലം പുനരാരംഭിക്കാവുന്നതാണ്. ലേലം ചെയ്തുകൊടുക്കുന്നതോടൊപ്പം നിബന്ധനകൾ കർശനമായി പാലിക്കുന്നുവെന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്.

11. വിനോദനികുതി:

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു സിനിമാതിയേറ്ററിൽ നിന്നുമാണ് വിനോദ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാനം ലഭിച്ചുകൊണ്ടിരിക്കുന്നത് 1995-96 ൽവിനോദ നികുതി അധിക വിനോദനികുതി ഇനങ്ങളിൽ

ലഭിച്ച തുക 1,64,799/- രൂപയാണ്. വിനോദനികുതിയിനത്തിൽ കൂടുതൽ തുക നികുതി ശാസ്ത്രീയമായി പുനർനിർണ്ണയം ചെയ്യുന്നത് വഴി ലഭ്യമാക്കാവുന്നതാണ്.

12. ലൈസൻസ്ഫീസ്

ലൈസൻസ് ഫീസിനത്തിൽ 1995 - 96 ൽ പഞ്ചായത്തിന് ലഭിച്ച തുക 9451 രൂപാ 50 പൈസയാണ്. വിവിധ കച്ചവട വ്യവസായ യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന തുകതികച്ചും അപര്യാപ്തമാണ് കച്ചവട, വ്യവസായ സ്ഥാപനങ്ങളുടെ സ്വഭാവം അനുസരിച്ച് ശാസ്ത്രീയമായി ലൈസൻസ് ഫീസ് പുനർനിർണ്ണയം ചെയ്യേണ്ടതാണ് പഞ്ചായത്തിന് ഈയിനത്തിലുള്ള വരുമാനം ചുരുങ്ങിയത് 1/2 ലക്ഷം രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കാവുന്നതാണ്.

13. നിക്ഷേപ സമാഹരണം

പഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രത്യേക പദ്ധതികൾക്കായി പൊതുജനങ്ങളിൽനിന്നും നിക്ഷേപം സമാഹരിക്കുവാൻ പഞ്ചായത്തുകൾക്ക് സാധിക്കും. ഇത്തരത്തിൽ സമാഹരിക്കപ്പെടുന്ന തുക പ്രത്യുല്പാദനപരമായ മേഖലകളിൽ വിനിയോഗിക്കുക വഴി തുക യഥാസമയം തിരിച്ച് നല്കുന്നതിനും സാധിക്കുന്നതാണ്. കമ്മ്യൂണിറ്റി, ഹാൾ, ഷോപ്പിംഗ് സെൻറുകൾ, ബസ്സ്റ്റാൻറ്, ടാക്സിസ്റ്റാൻറ് തുടങ്ങിയവ ഇത്തരത്തിൽ നിർമ്മിക്കാവുന്നതാണ്.

14. ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം

പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന രണ്ട് ധനകാര്യ സ്ഥാപനങ്ങൾ മരഞ്ചാട്ടിയിൽ പ്രവർത്തിക്കുന്ന സൗത്ത് മലബാർ ഗ്രാമീണ ബാങ്കും, കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കുമാണ്. സർവ്വീസ് ബാങ്കിൻെറ പ്രവർത്തനം ഇനിയുംശൈശവ ദശ പിന്നിട്ടിട്ടില്ല. ഗ്രാമീണ ബാങ്കിൻെറ പ്രവർത്തനം തൃപ്തികരമാണ്. പഞ്ചായത്തിൻെറ വികസനത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ധനകാര്യസ്ഥാപനങ്ങൾ സഹായം ലഭ്യമാക്കണം. അതോടൊപ്പം തന്നെ സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളും വളർച്ചക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായകമായ നിലപാട് സ്വീകരിക്കേണ്ടതാണ്.

15. മനുഷ്യ വിഭവം

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യവിഭവമാണ്. വികസനപ്രവർത്തനങ്ങൾക്ക് ഇത് ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ സാധിച്ചാൽ വികസന പ്രവർത്തനത്തിൽ ഒരു കുതിച്ച് ചാട്ടം തന്നെ നടത്തുന്നതിന് നമുക്ക് സാധ്യമാവും. ഇപ്പോൾ പഞ്ചായത്ത്തലത്തിൽ ചെയ്തുവരുന്ന 5000/- രൂപായുടെ പെറ്റി വർക്കുകൾ കഴിവതും ഒഴിവാക്കേണ്ടതാണ്. വികസനപ്രവർത്തനങ്ങൾ കഴിയുന്നതും പ്രാദേശികമായി തന്നെ ബന്ധപ്പെട്ട കമ്മിറ്റികൾക്ക് വിട്ടുകൊടുത്തുകൊണ്ട് ഇടത്തട്ടുക്കാരെയും, കരാറുകാരെയും ഒഴിവാക്കുവാൻ സാധിക്കണം. സൗജന്യമായി മനുഷ്യാധ്വാനം വിട്ടുതരുന്നതിനുള്ള സന്നദ്ധത വിവിധ ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നിട്ടുള്ളത് ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കണം.

മുകളിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത് നിലവിലുള്ള സാഹചര്യത്തിൽ പഞ്ചായത്തിൻെറ പരിമിതമായ വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിനും അതുവഴി കൂടുതൽ ഫലപ്രദമായ രീതിയിൽ വികസനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ഉതകുന്ന നിർദ്ദേശങ്ങളാണ്. ഒമ്പതാം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം ഉറപ്പാക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഈപദ്ധതി വിജയകരമായി നടത്തുവാൻ സാധ്യമാവു.

ഉപസംഹാരം

20 വർഷത്തിന്റെ ഹ്രസ്വമായ തനത് ചരിത്രമുള്ള നമ്മുടെ ഗ്രാമം കഠിനമായ മനുഷ്യ പ്രയത്നത്തിലൂടെ വളരെയധികം മുന്നോട്ട് പോയിരിക്കുന്നു. തിരിഞ്ഞു നോക്കുമ്പോൾ നിരവധി മഹാരഥന്മാരുടെ പ്രവർത്തനങ്ങൾ ഇതിന് പിന്നിൽ കാണാനാകും. ഇവരെ നന്ദിപൂർവ്വം സ്മരിക്കുന്നു.

വർത്തമാന കാലത്തിന്റെ പ്രതീക്ഷയനുസരിച്ച് മുന്നേറുവാൻ നമുക്ക് തട്ടി നീക്കേണ്ട പ്രതിബന്ധങ്ങൾ ധാരാളമാണ്. വികസന കാര്യങ്ങൾക്ക് ദൂരേ കേന്ദ്രങ്ങളിൽ ഓച്ചാനിച്ചു നിൽക്കേണ്ട കാലം അവസാനിക്കുന്നു. ഇതൊരു പുതുയുഗ പിറവിയാണ്. ഇത് നമ്മുടെ ശോഭനമായ ഭാവിക്ക് വേണ്ടിയുള്ള കേളിക്കൊട്ടാണ്. ജനകീയ പ്രശ്നങ്ങൾ ഗ്രാമങ്ങിൽ വെച്ച് ചർച്ച ചെയ്യപ്പെട്ട് തീരുമാനമെടുക്കുന്ന "ഗ്രാമസ്വരാജ്" സങ്കല്പം യാഥാർത്ഥ്യമാകുകയാണ്.

സ്ഥായിയും നീതിപൂർവ്വകവും ധൃതഗതിയിലുള്ളതുമായ വികസനം അതായിരിക്കും ജനകീയ ആസൂത്രണ പരിപാടിയുടെ വിജയം. നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഇതിന്റെ പ്രവർത്തനങ്ങളുടെ തുടക്കം മുതൽ എല്ലാവരുടെയും സഹായങ്ങൾ ഞങ്ങൾക്ക് ഉണ്ടായിട്ടുണ്ട്. പൊതു പ്രവർത്തകർ, സാംസ്ക്കാരിക പ്രവർത്തകർ, അദ്ധ്യാപകർ, മറ്റ് ഉദ്യോഗസ്ഥന്മാർ ഇവരോടെല്ലാമുള്ള കടപ്പാടുകൾ വാക്കുകൾക്കതീതമാണ്.

ഗ്രാമസഭകളുടെ തുടക്കം മുതൽ വികസന റിപ്പോർട്ട് തയ്യാറാക്കുന്നത് വരേയുള്ള സമയബന്ധിതവും, പ്രയാസപൂർണ്ണവുമായ പ്രവർത്തനങ്ങൾ പ്രതീക്ഷിച്ചതിലെല്ലാമുപരി വിജയകരമായിരുന്നു.

സാമ്പത്തികമായി വളരെയേറെ പിന്നോക്കം നില്ക്കുന്ന നമ്മുടെ പഞ്ചായത്ത് പൂർണ്ണമായില്ലെങ്കിലും വളരെയേറെ വികസന പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ വർഷം തന്നെ തുടക്കം കുറിച്ചിട്ടുണ്ട്. ജെ. ആർ. വൈ ഫണ്ടും ഉപാധിരഹിത ഫണ്ടും ആണ്. ഇതിന് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ലഭ്യമാകുന്ന സാമ്പത്തിക സഹായത്തോടൊപ്പം, ജനപങ്കാളിത്തവും. വിഭവസമാഹരണവും കൂടിയായാൽ നമ്മുടെ പഞ്ചായത്തിന്റെ മുഖച്ഛായ മാറ്റത്തക്കവിധം മുന്നേറാൻ കഴിയും എന്ന കാര്യത്തിൽ സംശയമില്ല.

ഈ പുതിയ സംരംഭത്തിൽ എല്ലാവരുടെയും നിസ്സീമമായ സഹകരണം വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ഈ റിപ്പോർട്ടിൽ സമയക്കുറവു മൂലം സൂക്ഷ്മത വേണ്ടത്ര കൈവരിക്കാൻ സാധിച്ചിട്ടില്ല. പോരായ്മകൾ പരിഹരിക്കുന്നതിനുള്ള മൂർത്തമായ നിർദ്ദേശങ്ങൾ പ്രതീക്ഷിച്ചു കൊണ്ട്.

പി.കെ. ചന്ദ്രിക


പ്രസിഡണ്ട്

Printed at Ideal Printers for Indian Social Poster Offset Works, Thamarassery - 673 573


മൺ മറഞ്ഞ സാരഥികൾ



കെ. പി. അബൂബക്കർ സാഹിബ്
(കെ. പി. ആർ)



വി. എം. ഉണ്ണിമോയി സാഹിബ്



എൻ. എം. ഹുസൈൻ ഹാജി

"സ്വന്തം രാജ്യത്തിന്റെ നിർമ്മിതിയിൽ തങ്ങൾക്കും ഫലപ്രദമായൊരു പങ്കുണ്ടെന്ന് പരമ ദരിദ്രനുപോലും അനുഭവപ്പെടുന്നൊരു ഭാരതം, ഉയർന്ന വർഗ്ഗക്കാരോ താഴ്ന്ന വർഗ്ഗക്കാരോ ഇല്ലാത്തൊരു ഭാരതം, എല്ലാ സമുദായങ്ങളും പരിപൂർണ്ണ രഞ്ജിപ്പിൽ കഴിയുന്നൊരു ഭാരതം കെട്ടിപ്പടുക്കുന്നതിനു വേണ്ടി ഞാൻ പ്രവർത്തിക്കും"

– മഹാത്മാഗാന്ധി

